# ഭീരു ധീരനാകയോ?

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# ഭീരു ധീരനാകയോ?

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Don Bosco IGACT, Kochi - 28

●

Price: ` 80

●

All rights reserved with the publisher

# ആമുഖം

ആന്തരികരൂപാന്തരീകരണത്തിന്റെ നിസ്തുലപ്രതിഭാസമാണ് ക്രൈസ്തവ ജീവിതത്തിന്റെ മൂല്യം. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അത്ഭുതശക്തി മനുഷ്യഹൃദയങ്ങളെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു; കാട്ടാളത്തം പൂണ്ട മനുഷ്യനെ സംസ്ക്കാരസമ്പന്നനാക്കി മാറ്റുന്നു; കോപിഷ്ഠനായ മനുഷ്യനെ ശാന്തശീലനാക്കി മാറ്റുന്നു; സുവിശേഷത്തിന്റെ അത്ഭുതശക്തി അനേക ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഉണരുന്ന ആഫ്രിക്ക സാരമായ മാറ്റം നേടിയകാര്യം ഒരിക്കൽ ലോകമറിഞ്ഞു. ഇരുണ്ട ഭൂഖണ്ഡം വെളിച്ചത്തിന്റെ നാടായി മാറി. നരഭോജികളായിരുന്ന മനുഷ്യർ മനുഷ്യസ്നേഹികളായിത്തീർന്നു. ആഫ്രിക്കയിൽ വന്ന ഈ വലിയ രൂപാന്തരം നേരിട്ട് കാണാൻ ഇംഗ്ലണ്ടിൽ നിന്ന് ഒരു സത്യാന്വേഷിയായ മനുഷ്യൻ ആഫ്രിക്കയിലെത്തി, ഒരു നീഗ്രോകുടിലിൽ ചെന്നു. അവിടെ വൃദ്ധയായ ഒരു നീഗ്രോസ്ത്രീ ഇരുന്ന് കാര്യമായെന്തോ വായിക്കുകയായിരുന്നു. അദ്ദേഹം ആ സ്ത്രീയോട് ചോദിച്ചു: വല്ല്യമ്മേ, എന്താണ് വല്ല്യമ്മ വായിച്ചുകൊണ്ടിരിക്കുന്നത്? ആ സ്ത്രീ പറഞ്ഞു: ഇത് വിശുദ്ധ വേദപുസ്തകം. ഞാനിത് നിരന്തരം വായിച്ചുകൊണ്ടിരിക്കുന്നു.

അദ്ദേഹം ചോദിച്ചു: അപ്പോൾ നിങ്ങൾക്ക് സംസ്ക്കാരം ലഭിച്ചു എന്നു പറയുന്നതൊക്കെ വെറുതെയാണല്ലേ?

ആഫ്രിക്ക ഉണർന്നു എന്നു പറയുന്നത് വെറുതെ തന്നെ. ഇപ്പോഴും നിങ്ങൾ ഈ പഴഞ്ചൻ പുസ്തകം വായിക്കുകയാണോ? വല്ല്യമ്മ വിശ്വസിക്കുന്നുണ്ടോ ഒരു മത്സ്യം മനുഷ്യനെ വിഴുങ്ങിയെന്നും, ആ മനുഷ്യനെ മത്സ്യം കരയ്ക്ക് ഛർദ്ദിച്ചു എന്നും പിന്നീട് അയാൾ സുഖമായി നടന്ന് പ്രസംഗിച്ചുവെന്നും? വല്ല്യമ്മ പറഞ്ഞു: പിന്നല്ലേ? ഞാൻ നൂറു ശതമാനവും വിശ്വസിക്കുന്നു. അല്ല, ഒരു മനുഷ്യനെ ഒരു മത്സ്യം വിഴുങ്ങിയെന്നു പറയുന്നത് വല്ല്യമ്മ വിശ്വസിക്കുന്നുണ്ടോ? അയാൾ വീണ്ടും ചോദിച്ചു. വല്ല്യമ്മ പറഞ്ഞു: ഒരു കടലാനയെ മനുഷ്യൻ വിഴുങ്ങിയെന്നു വേദപുസ്തകത്തിൽ പറഞ്ഞാൽ ഞാൻ അതും വിശ്വസിക്കും.

അദ്ദേഹം പറഞ്ഞു: കഷ്ടം, ഞങ്ങൾ കേട്ടതു വെറുതെയായിപ്പോയി. നിങ്ങൾ ഉണർന്നു, സംസ്ക്കാരം വളർന്നു എന്നു കേട്ടതൊക്കെ വ്യർത്ഥമായിപ്പോയി. അല്പംപോലും സംസ്ക്കാരമോ പരിഷ്ക്കാരമോ നിങ്ങൾക്ക് കിട്ടിയിട്ടില്ല. വല്ല്യമ്മ ചാടിയെഴുന്നേറ്റു, അദ്ദേഹത്തിനു നേരെ വിരൽ ചൂണ്ടി: സായിപ്പേ, ഈ വേദപുസ്തകമല്ലായിരുന്നെങ്കിൽ ഇത്രയും സമയം നിങ്ങൾ സംസാരിക്കേണ്ടിവരില്ലായിരുന്നു. ഇതിനകം നിങ്ങളുടെ ശരീരം എന്റെ വറപ്പു ചട്ടിയിൽ കിടന്നു പൊരിഞ്ഞേനെ. ഞങ്ങൾ മനുഷ്യമാംസം തിന്നവരാണ്. ഞങ്ങളെ സ്നേഹിക്കാൻ പഠിപ്പിച്ചത് ഈ വേദപുസ്തകമാണ്. ഇതിനകത്ത് ക്രിസ്തുവാണുള്ളത്. ദൈവത്തിന്റെ പരിശുദ്ധാത്മാവാണുള്ളത്. കണ്ണുതുറന്നു കിട്ടിയാൽ നിങ്ങൾക്കു മനസ്സിലാകും ക്രിസ്തു ഇതിലുണ്ട് എന്ന്.

വേദപുസ്തകം ഇന്നും അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കാരണം, ഇത് വെറും പുസ്തകമല്ല, ദൈവത്തിന്റെ വചനമാണ്.

*“ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമു*

*ള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.” എബ്രായർ 4 : 12*

ഈ വചനത്തിന്റെ അത്ഭുതശക്തിയാണ് ക്രൂരപ്രകൃതിയുള്ളവരെ മനുഷ്യസ്നേഹികളാക്കി മാറ്റുന്നത്.

വിവാഹമോചനം നേടാൻ തീരുമാനിച്ചു വന്നവരെ വിവാഹമോചനം വേണ്ട എന്നുള്ള തീരുമാനത്തിലെത്തിച്ചത് വചനത്തിന്റെ അത്ഭുതശക്തിയാണ്. പിണങ്ങിപ്പിരിയാൻ വന്നവർ ഇരുകൈയും കൂട്ടിപ്പിടിച്ച് സന്തോഷോല്ലാസത്തോടെ നടന്നു പോകാനിടയാക്കുന്നത് ഈ വചനമാണ്. മാതാപിതാക്കളെ അനുസരിക്കാതെ കഞ്ചാവിനും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടു പോയവരെ സത്സ്വഭാവത്തിലേക്ക് മാറ്റുന്നതും ഈ വചനം തന്നെ. ഒരിക്കലും അടുക്കാൻ വയ്യ എന്നുള്ള തീരുമാനത്തിലെത്തിയിരുന്നവരെ ഉറ്റ സ്നേഹബന്ധത്തിലാക്കുന്നതും ഈ വചനത്തിന്റെ ശക്തി തന്നെ. വചനം രൂപാന്തരപ്പെടുത്തുന്നു! വചനം സ്വഭാവം മാറ്റുന്നു!

ഈ വചനമാണ് ഭീരുവായ ശീമോൻ പത്രോസിനെ ധൈര്യശാലിയാക്കി മാറ്റിയത്. Weak Peter, Rock Peter ആയി മാറി. ആർക്കും മാറാം, വിശ്വസിച്ചാൽ മാത്രം മതി. ക്രൂശിൽ ചൊരിഞ്ഞ രക്തത്തിന്റെ അത്ഭുതശക്തിയാൽ സ്വഭാവം രൂപാന്തരപ്പെടും! വരണ്ടുണങ്ങിയ ഹൃദയങ്ങളിൽ സ്നേഹത്തിന്റെ തേന്മഴ പൊഴിയും! ആ മഹാത്ഭുതം വർണ്ണിക്കാനാണ് ഞാൻ ഈ പുസ്തകമെഴുതിയത്. എന്റെ വായനക്കാരായ നിങ്ങളെല്ലാവരും ഈ അത്ഭുതരൂപാന്തരം അനുഭവിക്കാനിടയാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ രചനയിൽ അത്യധ്വാനം ചെയ്ത അനേകം സുമനസ്സുകളുണ്ട്. ക്രിസ്തുവിന്റെ നാമത്തിന്റെ മഹത്വത്തിനുവേണ്ടി അവർ ചെയ്ത നിസ്തുല സേവനത്തിന് ദൈവം അവർക്ക് പ്രതിഫലം നല്കട്ടെ. ഈ ഗ്രന്ഥം അനുശീലനം ചെയ്യുന്ന ഓരോരുത്തർക്കും അത്ഭുതകരമായ രൂപാന്തരം ലഭിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ ഈ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

എന്ന് നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ സാറ്.**

# ഒന്ന്

*"നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രോസിനോടും: അവൻ നിങ്ങൾക്കു മുമ്പെ ഗലീലയ്ക്കു പോകുന്നു എന്നു പറവിൻ; അവൻ നിങ്ങളോട് പറഞ്ഞതുപോലെ അവിടെ അവനെ കാണും എന്നു പറവിൻ എന്നുപറഞ്ഞു."*

*മർക്കൊസ് 16 : 7*

Regaining of St. Peter

കർത്താവായ യേശുക്രിസ്തുവിനെ ക്രൂശിച്ചതിനു ശേഷം ശിഷ്യന്മാരെല്ലാം ചിതറിപ്പോയി. എല്ലാവരും ഹൃദയം വാടിയവരായിത്തീർന്നു. മുഖം മ്ലാനമായിപ്പോയി. പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ടു.

കർത്താവ് അനേകം അത്ഭുതങ്ങൾ ചെയ്തു. അതുപോലെ ഇനിയും വലിയോരു മഹാത്ഭുതം നടക്കും. റോമൻ സീസറുടെ ഭരണാധികാരത്തിൽ നിന്ന് യഹൂദജാതിയെ വീണ്ടെടുക്കാൻ വന്ന വീണ്ടെടുപ്പുകാരനാണ് യേശു എന്നവർ വിചാരിച്ചിരുന്നു. പക്ഷേ, യേശുവിനെ ക്രൂശിച്ചപ്പോൾ പ്രതീക്ഷകളെല്ലാം അസ്തമിച്ചു.

ഗദ്സമൻതോട്ടത്തിൽ യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ തോട്ടത്തിന്റെ വാതിൽക്കൽ ശിഷ്യന്മാരുണ്ട്. അവരിൽ മൂന്ന് പേരെ – പത്രോസിനേയും യാക്കോബിനേയും യോഹന്നാനെയും – കർത്താവ് പ്രത്യേകിച്ച് വിളിച്ചുകൊണ്ടുപോയി: "നിങ്ങൾ ഇവിടെയിരുന്ന് പ്രാർത്ഥിപ്പിൻ" എന്ന് അവരോട്

പറഞ്ഞു.

കർത്താവ് ഏകനായി പിന്നേയും മുന്നോട്ടുപോയി നിലത്ത് കവിണ്ണുവീണുകിടന്ന് നിലവിളിയ്ക്കാൻ തുടങ്ങി: “പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്ന് നീക്കേണമേ.” കർത്താവ് തിരിച്ചുവരുമ്പോൾ ശിഷ്യന്മാർ ഗാഢമായി ഉറങ്ങുകയാണ്. അവർ ക്ഷീണിതരായിരുന്നു. ഒരു പക്ഷേ അവരുടെ ആത്മീയമായ ജാഗരണക്കുറവുകൊണ്ടാണോ? നമുക്കറിഞ്ഞുകൂടാ.

വരാൻപോകുന്ന അപകടത്തെക്കുറിച്ച് അവർക്കൊന്നും പിടികിട്ടിയില്ലെങ്കിലും മനസ്സാകെ അസ്വസ്ഥമായിരുന്നു. അവർ ഉറങ്ങിപ്പോയി.

കർത്താവ് പറഞ്ഞു: “ജഡം ബലഹീനമാണ്. ആത്മാവ് ഒരുക്കമുള്ളത്.” (മർക്കൊസ് 14 : 38) നിങ്ങൾ എന്റെകൂടെ ജാഗരിക്കേണ്ടതായിരുന്നു. ഞാൻ അനുഭവിക്കുന്ന യാതന നിസ്സാരമല്ല. എന്റെ ശരീരത്തിൽനിന്ന് വിയർപ്പുതുള്ളികൾ വരുന്നത് രക്തത്തുള്ളികളായാണ്. അത്രമാത്രം എന്റെ ശരീരം വലിഞ്ഞു മുറുകി, രക്തധമനികൾ പൊട്ടി ഞാൻ അവിടെക്കിടന്ന് കരയുകയായിരുന്നു.

എന്നോടുകൂടി പ്രാർത്ഥിക്കാനും കരയാനും നിങ്ങൾ വരുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. നിങ്ങൾ വന്നില്ല. വേദപുസ്തകത്തിൽ അങ്ങനെയൊന്നുമില്ല, ഞാൻ ഭാവനയിൽ കണ്ട് എഴുതുകയാണ്.

അതിനുമുൻപ് കർത്താവ് ശീമോൻ പത്രോസിനോട്: “ഇന്ന് രാത്രി കോഴികൂവും മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും” (മർക്കൊസ് 14 : 30) എന്ന് പറഞ്ഞിരുന്നു. എന്നാൽ “നിനക്കുവേണ്ടി മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല” (മർക്കൊസ് 14 : 31) എന്ന് ശീമോൻ കർത്താവിനോട് പറഞ്ഞു. വെറുതെ പറഞ്ഞതല്ല, ഉള്ളിൽ ആ ഉറപ്പുണ്ടായിരുന്നു. എന്നാൽ സന്ദർഭം വന്നപ്പോൾ ശീമോൻ പത്രോസ്,

കർത്താവിനെ തള്ളിപ്പറഞ്ഞു.

"ശീമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിന് കല്പന ചോദിച്ചു. എന്നാൽ ഞാൻ നിന്റെ വിശ്വാസം പോയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു." (ലൂക്കോസ് 22 : 31, 32) ഇങ്ങനെ കർത്താവ് ഏതാനും ദിവസം മുൻപ് മുന്നറിയിപ്പ് കൊടുത്തിരുന്നു. പക്ഷേ, പത്രോസ് അത് അവഗണിച്ചു.

പിന്നീട് പടയാളികളും യഹൂദമതമേധാവികളും കൂടി യേശുവിനെ പിടിച്ചു. റോമൻ പടയാളികൾ കർത്താവിന്റെ മുഖത്തേയ്ക്ക് തുപ്പി. കർത്താവിന്റെ കരണത്ത് അടിച്ചു. കർത്താവിനെ പരിഹസിച്ചു. എല്ലാം വേദനാകരമായ അനുഭവങ്ങളാണ്. പത്രോസ് ഇതെല്ലാം കണ്ടുകൊണ്ട് അവിടെ ഇരിക്കുന്നുണ്ട്.

പത്രോസ് അന്ന് രാത്രി മൂന്നുപ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞു: "ഇവനെ ഞാൻ അറിയുന്നില്ല." (ലൂക്കോസ് 22 : 57) കാരണം, യേശുവിനെ അറിയുന്നവനാണ് താൻ എന്ന് വന്നുപോയാൽ തന്നേയും പിടികൂടുമെന്ന് പത്രോസിന് ഭയമുണ്ടായി. തനിക്കും ഈ വലിയ കഷ്ടത വരുമെന്ന് ഭയപ്പെട്ടു. അതുകൊണ്ട് കർത്താവ് തന്ന വചനങ്ങളെല്ലാം മറന്നുപോയി.

പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞു, ശപിക്കുവാനും പ്രാകുവാനും തുടങ്ങി എന്നാണ് വേദപുസ്തകം പറയുന്നത്. മുന്നറിയിപ്പുകൾ അവഗണിച്ചു. വീഴ്ചയുടെ ഒന്നാമത്തെ കാരണം അതാണ്. കർത്താവ് നമുക്കോരോരുത്തർക്കും അനേകം മുന്നറിയിപ്പുകൾ തരുന്നുണ്ട്. കിട്ടുന്ന മുന്നറിയിപ്പുകളെ നാം അവഗണിച്ചാൽ അത് അപകടമാണ്. വരാൻപോകുന്ന നാശത്തെക്കുറിച്ച് ദൈവം മുന്നറിയിപ്പുകൾ തരുന്നുണ്ട്.

ഇന്നത്തെ നിലയിൽ ജീവിക്കുന്നുവെങ്കിൽ ദൈവരാജ്യത്തിൽ കടക്കുകയില്ല എന്ന് വ്യക്തമായി, കൃത്യമായി വചനത്തിൽക്കൂടി കർത്താവ് നമ്മോട് സംസാരിച്ചുകൊണ്ടി

രിക്കുന്നു. നാം ഒരുപക്ഷേ വചനം സംസാരിക്കുന്ന ഒരു മനുഷ്യനെയായിരിക്കും കണ്ടത്. പിന്നിൽ നിൽക്കുന്ന പരിശുദ്ധാത്മാവിനെ, പിന്നിൽ ഉയർന്നു നിൽക്കുന്ന ക്രിസ്തുവിനെ നാം കണ്ടില്ല. യേശുക്രിസ്തു ഓരോ അവസരത്തിലും നമുക്ക് മുന്നറിയിപ്പുകൾ തന്നുകൊണ്ടിരിക്കുന്നു.

വരാൻപോകുന്ന നാശം ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കുന്നു. അപകടം പതിയിരിക്കുന്നു, ഇന്നത്തെ സ്ഥിതിയിൽ പോയാൽ നിന്റെ കുടുംബം നശിച്ചുപോകും എന്ന് കർത്താവ് പറഞ്ഞുതരുന്നു. സ്വീകരിച്ചാൽ അനുഗ്രഹം, സ്വീകരിച്ചില്ലെങ്കിൽ നാശം. പത്രോസ് മുന്നറിയിപ്പുകളെ അവഗണിച്ചു എങ്കിലും താൻ കർത്താവിനെ തള്ളിപ്പറഞ്ഞല്ലോ എന്നോർത്ത് പിന്നീട് അനുതപിച്ചു.

> *"അപ്പോൾ അവൻ: ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പ്രാകുവാനും ആണയിടുവാനും തുടങ്ങി; ഉടനെ കോഴി കൂകി. എന്നാറെ: കോഴി കൂകുമ്മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്ന് യേശു പറഞ്ഞ വാക്ക് പത്രോസ് ഓർത്ത് പുറത്തുപോയി അതിദു:ഖത്തോടെ കരഞ്ഞു."*
>
> *മത്തായി 26 : 74, 75*

എനിക്ക് തെറ്റുപറ്റിപ്പോയല്ലോ, നല്ല വ്യക്തമായ സൂചനകൾ എനിക്ക് കർത്താവ് തന്നിരുന്നതാണല്ലോ. പക്ഷേ, ഞാൻ തള്ളിപ്പറഞ്ഞുപോയല്ലോ എന്നോർത്ത് പത്രോസ് അതിദു:ഖത്തോടെ പുറത്ത് പോയി കരഞ്ഞു.

വലിയ ദു:ഖം വന്നു. എന്നാൽ അപ്പോൾ യഥാസ്ഥാനപ്പെട്ടില്ല. കർത്താവിനെ ക്രൂശിച്ചതിനുശേഷം ശിഷ്യന്മാരെല്ലാവരും സെഹിയോൻമാളികയിൽ ഒരുമിച്ച് കൂടിയിരിക്കുകയാണ്. പത്ത് പേരേ അവിടെ ഉണ്ടായിരുന്നുള്ളൂ.

പത്രോസ് അവിടെ ഇല്ല. പാവം ശിഷ്യന്മാർക്ക് മനസ്സിലായില്ല പത്രോസ് എവിടെപ്പോയി എന്ന്. അപ്പോഴാണ് മഗ്ദലമ

റിയം ഓടി വരുന്നത്. അവൾ അകത്തേക്ക് ബദ്ധപ്പെട്ട് കടന്നിട്ട് പറഞ്ഞു: നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റു. ഞാൻ നേരിട്ട് കണ്ടതാണ്.

അപ്പോൾ ഒരു ഏങ്ങലടി കേൾക്കാം. സെഹിയോൻ മാളികയുടെ മുറിയ്ക്ക് പുറത്ത്, തല ചുവരിലേക്ക് ചാരി, ഞാൻ എന്റെ നാഥനെ തള്ളിപ്പറഞ്ഞുപോയല്ലോ എന്നുള്ള ദു:ഖംകൊണ്ട് ശീമോൻപത്രോസ് കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. എനിക്ക് ഈ കൂട്ടത്തിൽ കടന്നുവന്നിരിക്കാൻ യോഗ്യതയില്ല. അനുഗൃഹീതരായ ദൈവമക്കൾ അകത്തിരിക്കുന്നു. അവരാരും എന്നെപ്പോലെ ഈ ദുഷ്ടത ചെയ്തില്ലല്ലോ.

ഞാൻ മുന്നറിയിപ്പ് കിട്ടിയിട്ടും എന്റെ കർത്താവിനെ തള്ളിപ്പറഞ്ഞല്ലോ, എനിക്കിത് വന്നുപോയല്ലോ എന്നെല്ലാമുള്ള ദു:ഖത്തോടുകൂടി പത്രോസ് അകത്തേയ്ക്ക് കടക്കാൻ ഒരിക്കലും മനസ്സ് വരാതെ പുറത്ത് കരഞ്ഞുകൊണ്ടിരിക്കുകയാണ്.

> *“നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രോസിനോടും: അവൻ നിങ്ങൾക്കുമുമ്പേ ഗലീലയ്ക്ക് പോകുന്നു എന്നു പറവിൻ; അവൻ നിങ്ങളോട് പറഞ്ഞതുപോലെ അവിടെ അവനെ കാണും എന്ന് പറവിൻ എന്നുപറഞ്ഞു.”*
>
> *മർക്കൊസ് 16 : 7*

പത്രോസ് ദു:ഖിതനായി ഇരിക്കുകയാണ് എന്ന് കർത്താവിനറിയാം. നിരാശയോടെയിരിക്കുന്നവനെ ആശ്വസിപ്പിക്കാൻ കർത്താവ് പറയുകയാണ്: “നിങ്ങൾ പോയി ഞാൻ ജീവിച്ചിരിക്കുന്നുവെന്ന് എന്റെ ശിഷ്യന്മാരോടും പത്രോസിനോടും പറയുവിൻ”എന്ന്. അതിന് വേറെയും അർത്ഥമുണ്ട്. പത്രോസ് ഇപ്പോൾ ശിഷ്യന്മാരുടെ ഗണത്തിലില്ല. ശിഷ്യന്മാരുടെ ഗണത്തിൽ നിന്ന് പുറന്തള്ളപ്പെട്ടുപോയി. ഒരു കൃപയുണ്ടായിരുന്നു. ഒരു ശുശ്രൂഷ ഉണ്ടായിരുന്നു. അനുഗൃഹീത

മായ സഹവാസമുണ്ടായിരുന്നു. പക്ഷേ, ഇന്ന് ശിഷ്യന്മാരുടെ ഗണത്തിൽപ്പെടുന്നില്ല.

അതുകൊണ്ടാണ് പറഞ്ഞത്: "ശിഷ്യന്മാരോടും പത്രോസിനോടും ഞാൻ ജീവിച്ചിരിക്കുന്നു എന്ന് പറയുവിൻ." വാച്ച്മാൻനീ എന്നു പറയുന്ന അനുഗൃഹീതനായ ദൈവദാസൻ എഴുതിയ, 'Twelve baskets full' എന്ന പുസ്തകത്തിന്റെ ഒരു അദ്ധ്യായം, 'And Peter' എന്നാണ്. 'പത്രോസിനോടും!'

നമ്മുടെ ഓരോരുത്തരുടേയും വീഴ്ചയും താഴ്ചയും കർത്താവ് കാണുന്നു. പക്ഷേ, അവൻ നമ്മെ നിരസിക്കുന്നില്ല. ശപിച്ചു തള്ളുന്നില്ല. ഉപേക്ഷിച്ചു കളയുന്നില്ല. കർത്താവ് ഇറക്കിവിടുന്നവനല്ല, കൂട്ടിച്ചേർക്കുന്നവനാണ്. നമ്മുടെ ജീവിതത്തിൽ മുന്നറിയിപ്പുകൾ ഉണ്ടായിട്ടും തെറ്റുകൾ പറ്റി. വ്യക്തിപരമായ മുന്നറിയിപ്പുകൾ പലർക്കും കിട്ടിയിട്ടുണ്ട്. ദൈവാത്മാവ് നമ്മോടു സംസാരിച്ചിട്ടുണ്ട്. അനുഗൃഹീതമായ വാഗ്ദാനങ്ങൾ കർത്താവ് തന്നിട്ടുണ്ട്.

പക്ഷേ, ആ വാഗ്ദാനങ്ങൾ എവിടെ? ശീമോന് കിട്ടിയ വാഗ്ദാനം ശീമോൻ നഷ്ടപ്പെടുത്തിക്കളഞ്ഞു. "ബർയോനാ ശീമോനേ - യോഹന്നാന്റെ മകനായ ശീമോനേ - നീ ഭാഗ്യവാൻ, ജഡരക്തങ്ങളല്ല നിനക്കിത് വെളിപ്പെടുത്തിത്തന്നത്" (മത്തായി 16 : 17) എന്ന് കർത്താവ് പറഞ്ഞതാണ്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് പത്രോസ് ഏറ്റുപറഞ്ഞതാണ്. പക്ഷേ, ഒരു നിർണ്ണായകസമയം വന്നപ്പോൾ കിട്ടിയ അനുഗ്രഹങ്ങൾ മറന്നുപോയി. കിട്ടിയ വാഗ്ദത്തങ്ങൾ മറന്നുപോയി.

നമ്മെ ആശ്വസിപ്പിക്കുന്ന പരിശുദ്ധാത്മാവ് ഇന്നു നമ്മോട് പറയുന്നു: നീ എന്നെ തള്ളിപ്പറഞ്ഞവനാണെങ്കിലും ഞാൻ നിന്നെ സ്നേഹിക്കുന്നു. മോളേ, നീ എന്നെ ഉപേക്ഷിച്ചവളാണെങ്കിലും ഞാൻ നിന്നെ സ്നേഹിക്കുന്നു.

നീ തിരികെ വരാൻ, നിന്നെ പഴയസ്ഥാനത്തേയ്ക്ക്

ആക്കുവാൻ, ശിഷ്യന്മാരുടെ ഗണത്തിലേക്ക് ചേർക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതുവരെയുള്ള ജീവിതത്തിൽ നിനക്ക് നഷ്ടങ്ങളേറെ സംഭവിച്ചുപോയി.

പക്ഷേ, ഞാൻ നിന്നെ ഉപേക്ഷിക്കുന്നില്ല. എന്റെ ശിഷ്യ ന്മാരുടെ കൂടെ ചേർക്കാനാണ് ഞാൻ നിന്നെ വിളിക്കുന്നത്. നീ പുറംതള്ളപ്പെട്ടുപോയി എന്ന് നിനക്ക് തന്നെ തോന്നുന്നു. ആരും നിന്നെ തള്ളിക്കളഞ്ഞിട്ടില്ല. നീ സ്വയം പുറത്തായ താണ്. പക്ഷേ, നീ ഒരു കാര്യം അറിയൂ, ഞാൻ ഇപ്പോഴും നിന്നെ സ്നേഹിക്കുന്നു. ദൈവത്തിന്റെ അത്ഭുതകരമായ കാരുണ്യമാണ് നാം ഇവിടെ കാണുന്നത്.

*"അകൃത്യം ക്ഷമിക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോട് അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോട് സമനായ ദൈവം ആരുള്ളൂ? അവൻ എന്നേക്കും കോപം വച്ചുകൊള്ളുന്നില്ല; ദയയിലല്ലോ അവനു പ്രസാദമുള്ളത്. അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും."*

*മീഖാ 7 : 18, 19*

പ്രിയപ്പെട്ടവരേ, വീണ്ടും കരുണ കാണിക്കുന്നവനാണ് ദൈവം! യഥാസ്ഥാനപ്പെടുത്തുന്നവനാണ് ദൈവം! ജീവിത ത്തിൽ തെറ്റ് വന്നുപോയി. നീ ദൈവസന്നിധിയിൽ വേണ്ടതു പോലെ കരഞ്ഞിട്ടില്ല. നിന്റെ അനുതാപം ദൈവസന്നിധിയിൽ എത്തിയിട്ടില്ല. പക്ഷേ, ദൈവം നിന്നെ ഉപേക്ഷിക്കുന്നില്ല.

ദൈവം നമ്മെ തള്ളിക്കളയുന്നില്ല. വീണ്ടും നമ്മെ യഥാ സ്ഥാനപ്പെടുത്താൻ കർത്താവ് ആഗ്രഹിക്കുന്നു. നിങ്ങൾക്ക് യഥാസ്ഥാനപ്പെടാൻ ആഗ്രഹമുണ്ടോ? നഷ്ടപ്പെട്ടതെല്ലാം തിരികെത്തരാം എന്നുപറഞ്ഞ് കർത്താവ് നിങ്ങളുടെ അരിക ത്തേയ്ക്ക് വരുന്നു.

*"അവനോ: സ്ത്രീയേ, ഞാൻ അവനെ അറിയു ന്നില്ല എന്നു തള്ളിപ്പറഞ്ഞു. കുറഞ്ഞോന്നു കഴി*

*ഞ്ഞിട്ടു മറ്റൊരുവൻ അവനെ കണ്ടു: നീയും അവരുടെ കൂട്ടത്തിലുള്ളവൻ എന്നുപറഞ്ഞു; പത്രോസോ: മനുഷ്യാ, ഞാൻ അല്ല എന്നു പറഞ്ഞു. ഏകദേശം ഒരുമണിനേരം കഴിഞ്ഞാറെ വേറൊരുവൻ: ഇവനും അവനോടു കൂടെ ആയിരുന്നു സത്യം; ഇവൻ ഗലീലക്കാരനല്ലോ എന്നു നിഷ്ക്കർഷിച്ചു പറഞ്ഞു. മനുഷ്യാ, നീ പറയുന്നത് എനിക്കു തിരിയുന്നില്ല എന്നു പത്രോസ് പറഞ്ഞു. അവൻ സംസാരിക്കുമ്പോൾത്തന്നെ പെട്ടെന്ന് കോഴി കൂകി. അപ്പോൾ കർത്താവ് തിരിഞ്ഞു പത്രോസിനെ ഒന്നു നോക്കി: ഇന്ന് കോഴി കൂകും മുമ്പേ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്ന് കർത്താവ് തന്നോടു പറഞ്ഞ വാക്ക് പത്രോസ് ഓർത്തു പുറത്തിറങ്ങി അതിദു:ഖത്തോടെ കരഞ്ഞു."*

*ലൂക്കോസ് 22 : 57 – 62*

കർത്താവിനെ പടയാളികൾ വലിച്ചിഴച്ച് കൊണ്ടുപോകുന്നു. ശിഷ്യന്മാർ എല്ലാവരും അമ്പരപ്പിലാണ്. പത്രോസ് കുറച്ച് ദൂരെമാറി പിറകെ ചെല്ലുന്നുണ്ട്. ദൂരവേ പിൻചെന്നു എന്നാണ് വേദപുസ്തകം പറയുന്നത്. (മത്തായി 26 : 58)

അനേകം ദൈവമക്കളും ഇന്ന് ദൂരവേ പിൻചെല്ലുന്നവരാണ്. ചേർന്നുവരുന്നില്ല. പലതും അവർക്ക് ഇഷ്ടപ്പെടുന്നില്ല. പല കാര്യങ്ങളും അവരുടെ സ്വന്തം നീതിയ്ക്ക് ഒത്തവണ്ണമല്ല കൂട്ടായ്മയിലെ നടത്തിപ്പ്. പലതിലും ഉള്ളിൽ അവർക്ക് അഭിപ്രായവ്യത്യാസമുണ്ട്. പുറമെ ഒന്നും പറയുന്നില്ല എന്നുമാത്രം.

പത്രോസ് മൂന്ന് പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞു. അപ്പോൾ കോഴി കൂവി. അപ്പോൾ കർത്താവ് പത്രോസിനെ തിരിഞ്ഞ് ഒന്ന് നോക്കി. ആ നോട്ടത്തിൽ പത്രോസിന് എല്ലാം ഓർമ്മവന്നു. കർത്താവേ, നീ എന്നോട് പറഞ്ഞത് ഞാൻ ധിക്കരിച്ചുകളഞ്ഞല്ലോ. ദൈവമേ, ഞാൻ തള്ളിപ്പറഞ്ഞുപോയല്ലോ. പത്രോസ് ഓർത്തു. അതിദു:ഖത്തോടെ പുറത്തിറങ്ങി കരഞ്ഞു.

ആ മൂന്ന് ദിവസവും പത്രോസ് കരഞ്ഞ്കരഞ്ഞു കഴിഞ്ഞു. അവസാനം തന്റെ പേര് കർത്താവ് ഉച്ചരിച്ചു എന്ന് മഗ്ദലമറിയം പറഞ്ഞതു കേട്ടപ്പോൾ പത്രോസ് അല്പം ജാള്യതയോടെയാണെങ്കിലും അകത്തേക്ക് കയറി ഒരുമിച്ചിരുന്നു. യോഗ്യതയില്ല എന്നറിയാം. പക്ഷേ, പത്രോസ് ഓർത്തു: തന്റെ പേര് കർത്താവ് പറഞ്ഞല്ലോ. കർത്താവ് എന്നെ മറന്നില്ലല്ലോ.

യേശുക്രിസ്തു സ്നേഹം മാത്രമാണ്. അത് നിങ്ങളുടെ ഹൃദയത്തിൽ അടിവരയിട്ട് നിങ്ങൾ സ്വീകരിക്കുക. ഒരു പ്രതിഫലവും ഇച്ഛിക്കാത്ത സ്നേഹം! അതുകൊണ്ടല്ലേ ഇന്ന് നാം ജീവിക്കുന്നത്? അല്ലെങ്കിൽ എത്രപണ്ടേ നാം മണ്ണിനടിയിലാകുമായിരുന്നു! എത്രപണ്ടേ മരണം നമ്മെ വിഴുങ്ങിക്കളയുമായിരുന്നു! എത്രപണ്ടേ നാം അവശരും രോഗികളുമായി മാറുമായിരുന്നു! എല്ലാം ദൈവത്തിന്റെ കരുണ! ദൈവത്തിന്റെ കൃപ!

“സ്നേഹമാം നിന്നെ കണ്ടവൻ പിന്നെ സ്നേഹിക്കാതെ ജീവിക്കുമോ” എന്ന് പാട്ടുകാരൻ പാടി. യേശുക്രിസ്തുവിന്റെ സ്നേഹം! പത്രോസ് ആ കൂട്ടത്തിൽ കയറി ഇരുന്നു. കർത്താവ് ഉയിർത്തെഴുന്നേറ്റ മൂന്നാം ദിവസം. വാതിലും ജനലുമെല്ലാം അടച്ചിരിക്കുകയാണ്. അപ്പോൾ യേശുക്രിസ്തു വന്ന് അവരുടെ നടുവിൽ നിന്നു.

മരിച്ചുപോയി എന്ന് വിചാരിച്ചിരുന്ന യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് നമ്മുടെ അരികിലേക്ക് തന്നെ വന്നല്ലോ. ഈ കർത്തൃദിവസത്തിൽ കർത്താവ് നമ്മെത്തേടി വന്നല്ലോ. എല്ലാവർക്കും അത്ഭുതം! എല്ലാവരും ചാടി എഴുന്നേറ്റ് കൂപ്പുകൈകളോടെ നിന്നുകാണും.

എല്ലാവരും കർത്താവിന്റെ കാൽക്കൽ വീണു. ആ പാദത്തെ ചേർത്തുപിടിച്ച് ചുംബിച്ചു. അപ്പോൾ പത്രോസും ആ കൂട്ടത്തിലുണ്ട്. കർത്താവ്, നിങ്ങൾക്ക് സമാധാനം എന്ന് പറഞ്ഞു. പിന്നീട് കർത്താവ് അവരുടെമേൽ ഊതി. നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്നുപറഞ്ഞു.

*“ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം, നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്ത് യഹൂദന്മാരെ പേടിച്ചു വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നു കൊണ്ട്: നിങ്ങൾക്കു സമാധാനം എന്ന് അവരോട് പറഞ്ഞു. ഇത് പറഞ്ഞിട്ട് അവൻ കൈയും വിലാപ്പുറവും അവരെ കാണിച്ചു; കർത്താവിനെ കണ്ടിട്ട് ശിഷ്യന്മാർ സന്തോഷിച്ചു. യേശു പിന്നെയും അവരോട്: നിങ്ങൾക്ക് സമാധാനം; പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നുപറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോട്: പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്ന് പറഞ്ഞു.” യോഹന്നാൻ 20 : 19 – 23*

കർത്താവ് അവരോട് പറയുകയാണ്: “പരിശുദ്ധാത്മാവിനെ കൈക്കൊള്ളാതെ നിങ്ങൾക്ക് എന്റെ വേല ചെയ്യാൻ സാധിക്കുകയില്ല.” ദാനമായി കർത്താവ് അവരുടെ മേൽ ആത്മാവിനെ പകർന്നു. അവർ ആനന്ദത്തിന്റെ നിർവൃതിയിലാണ്ട് ദൈവത്തെ സ്തുതിച്ചു. പരിശുദ്ധാത്മാവിനെ കിട്ടി.

നാം എല്ലാവരും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നവരായിത്തീരണം. നമ്മുടെ ഉള്ളത്തിൽ പരിശുദ്ധാത്മാവ് വന്ന് നിറയണം. നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ പ്രാർത്ഥിക്കുന്നുവെങ്കിൽ, നിങ്ങൾ നിങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നുവെങ്കിൽ പരിശുദ്ധാത്മാവിനെ കിട്ടും.

പരിശുദ്ധാത്മാവ് ഒരു ദാനമാണ്. It is a free gift of God! ദൈവത്തിന്റെ സൗജന്യദാനം! ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിമൂന്ന് മെയ്മാസം പതിനൊന്നാം തീയതി വെള്ളി

യാഴ്ച രാവിലെ ഒൻപതുമണിയ്ക്ക് പരിശുദ്ധനായ ദൈവദാസൻ ഇവിടെയിരുന്ന് പ്രാർത്ഥിച്ചപ്പോൾ എനിക്ക് പരിശുദ്ധാത്മാവിനെ കിട്ടി. ഞാൻ ഈ ലോകത്തല്ല, അങ്ങ് ഉയർന്നുയർന്ന് പോകുന്നതുപോലെ. എവിടെയാണ് ഇരിക്കുന്നത് എന്നുപോലും ഞാൻ മറന്നുപോയി.

എന്റെ നെഞ്ചാകെ വീർത്തുവരുന്നതുപോലെ. ഒരു ശക്തി ഉള്ളംകാൽ മുതൽ നെറുകവരെ പായുന്നതുപോലെ എനിക്ക് തോന്നി.

അരൂപിയായ ദൈവാത്മാവ് ഈ സാധുമനുഷ്യന്റെ ഹൃദയത്തിലേക്ക് വന്നു. അന്ന് ആ ദൈവദാസൻ പറഞ്ഞു: "ഈ പ്രദേശം മുഴുവൻ മാലാഖമാരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്, ഈ പ്രദേശം മുഴുവൻ ഒട്ടേറെ ആളുകൾ തിങ്ങിക്കൂടിയിരിക്കുന്നത് ഞാൻ കാണുന്നു" എന്ന്. അന്ന് ഞങ്ങൾ പത്തുപന്ത്രണ്ടു പേരേ ഉള്ളു കൂട്ടായ്മയിൽ. വർഷങ്ങൾ കഴിഞ്ഞു. അന്ന് പറഞ്ഞ വാക്കുകൾ നിറവേറിക്കൊണ്ടിരിക്കുകയാണ്!

എനിക്ക് ദൈവത്തോട് നന്ദിയുണ്ട്. എന്റെ യേശുവിനോട് സ്നേഹമുണ്ട്. കർത്താവ് അർഹതയില്ലാത്ത അനുഗ്രഹങ്ങളാണ് തന്നത്. അപകർഷതാബോധംകൊണ്ട് തല കുനിഞ്ഞുപോയ ഈ സാധുമനുഷ്യനെ കർത്താവ് സന്ദർശിച്ചു. അതിനെത്തുടർന്നാണ് ഈ ദേശമെല്ലാം ഉണർന്നത്. ചുറ്റുപാടുമുള്ള പ്രദേശങ്ങളെല്ലാം ഉണർന്നു. പിന്നെപ്പിന്നെ അത് പരിസരങ്ങളിലേക്ക് വ്യാപിച്ചു. പ്രദേശങ്ങൾ പ്രദേശങ്ങൾ കർത്താവ് കൈയടക്കി. പരിശുദ്ധാത്മാവ് വ്യാപരിച്ചു.

ഇന്ന് ദൈവകൃപയാൽ ലോകത്തിന്റെ അഞ്ച് വൻകരകളിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നടക്കുന്നു. നാം എത്ര ഭാഗ്യശാലികളാണ്! ഇന്ന് നിങ്ങൾക്ക് വേണമോ ഈ പരിശുദ്ധാത്മാവിനെ? നിങ്ങളുടെ ഉള്ളത്തിലേയ്ക്ക് പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ നിങ്ങൾ ഒരുങ്ങിയോ?

പരിശുദ്ധാത്മാവേ, കടന്നുവരണമേ എന്ന് നിങ്ങൾ

പ്രാർത്ഥിക്കുമോ? പരിശുദ്ധാത്മാവ് കടന്നുവന്നാൽ ക്ഷീണ ങ്ങൾ തീർന്നുപോകും. നിങ്ങളുടെ വരൾച്ചകൾ മാറിപ്പോകും. കണ്ണീര് ധാരധാരയായി ഒഴുകാൻ തുടങ്ങും. ഹൃദയത്തിൽ നിന്ന് തീവ്രമായ പശ്ചാത്താപം ഉയർന്നുവരും.

വലിയ അനുതാപംകൊണ്ട് നിങ്ങളുടെ കണ്ണുകൾ നിറയും. ഹൃദയം തകർന്ന അനുഭവം നിങ്ങൾക്ക് ലഭിക്കും. കല്ലുപോലുള്ള ഹൃദയങ്ങളെല്ലാം തകരും. നിങ്ങളിൽ നിന്ന് മറ്റുള്ളവരിലേക്ക് സ്നേഹം മാത്രം ഒഴുകും.

നിങ്ങളുടെ കുടുംബങ്ങൾ സ്വസ്ഥത അനുഭവിക്കാൻ തുടങ്ങും. കുടുംബത്തിൽ ഐക്യം വരും. പിണങ്ങിപ്പോയവ രെല്ലാം ഇണങ്ങുന്നവരായിത്തീരും. ആരെല്ലാം അകന്നു പോയോ, അവരെല്ലാം അടുക്കലേക്ക് വരും. അല്ലെങ്കിൽ അവ രുടെ അടുക്കലേക്ക് ചെന്ന് നിങ്ങൾ മാപ്പ് പറയും.

നിങ്ങളുടെ ജീവിതമാകെ രൂപാന്തരപ്പെടും. പരിശുദ്ധാ ത്മാവ് വരിക എന്നുപറയുന്നത് ഒരു മഹാത്ഭുതമാണ്. പരിശു ദ്ധാത്മാവ് വന്നാൽ എല്ലാ അങ്കലാപ്പുകളും മാറും. പരീക്ഷാപേ ടികൾ മാറും. ദു:ഖങ്ങൾ മാറും. അസ്വസ്ഥതകൾ മാറും. നിങ്ങൾക്കൊരു സമാധാനം ലഭിക്കും.

ഈ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ നിങ്ങൾ നിങ്ങളെത്തന്നെ ഒരുക്കുമോ? അത് നമ്മുടെ മഹത്വത്തിന് വേണ്ടിയല്ല. നമ്മുടെ ആരുടേയും യോഗ്യത നോക്കിയല്ല. എല്ലാം കൃപ, എല്ലാം ദാനം. നിങ്ങൾക്ക് രക്ഷ അനുഭവമാകും. ഇന്ന് മരിച്ചാൽ നിങ്ങൾ ദൈവരാജ്യത്തിൽ ചെല്ലും. കർത്താ വിന്റെ രണ്ടാമത്തെ വരവിൽ വിശുദ്ധന്മാർ പറന്നുവരുന്ന ആ കൂട്ടത്തിൽ ഞാനും ഉണ്ടാകും എന്നുള്ള ഉറപ്പ് നിങ്ങൾക്ക് കിട്ടും. നിങ്ങളുടെ ഹൃദയം സന്തോഷംകൊണ്ട് നിറയും. നിങ്ങൾ കർത്താവിനെ സ്തുതിക്കാൻ തുടങ്ങും.

പത്രോസിനെ കർത്താവ് ആശയോടെ വിളിച്ച് വേർതിരി ച്ചതാണ്. കർത്താവ് പത്രോസിന്റെ പടകിൽ കയറി ജനത്തോട്

സംസാരിച്ചതാണ്. പത്രോസ് അന്ന് തല താഴ്ത്തി ഇരിക്കുക യായിരുന്നു. ശരീരം ക്ഷീണിച്ചു. ഒപ്പം മനസ്സും. കാരണം, രാത്രി മുഴുവൻ അദ്ധ്വാനിച്ചു ഒരു മീൻ പോലും കിട്ടിയില്ല. മീനെ വിറ്റുകിട്ടുന്ന പണംകൊണ്ട് വേണം അരി വാങ്ങിക്കു വാൻ. പക്ഷേ, അന്ന് പത്രോസിന് ഒന്നും കിട്ടിയില്ല.

എന്റെ പ്രിയ സ്നേഹിതാ, നീ അദ്ധ്വാനിച്ചിട്ട് ഒന്നും കിട്ടി യില്ല. ഇത്രയുംകാലം അദ്ധ്വാനിച്ചിട്ടും ഒരു സമാധാനം കിട്ടി യില്ല. നിന്റെ ഭാര്യ നിനക്ക് സമാധാനം തന്നില്ല. ഭർത്താവ് നിനക്ക് സ്വൈര്യം തന്നില്ല. നിന്റെ മക്കൾ നിനക്ക് സമാധാനം തന്നില്ല. നീ വിശ്വസിക്കൂ. നിനക്ക് ആരുമില്ല എന്ന് തോന്നി യാലും നിനക്കൊരു യേശു ഉണ്ട്. ആ യേശുവാണ് പടകിൽ നിൽക്കുന്നത്. ഇന്ന് നിങ്ങളുടെ പടക് യേശുവിന് കൊടു ക്കാമോ?

കർത്താവേ, മീനുളുമ്പ് നാറുന്ന ഈ പടക് ഞാനിതാ നിനക്ക് വിട്ടുതരുന്നു. നീ ഇതിൽ കയറിനിന്ന് നിന്റെ ജന ത്തോട് സംസാരിച്ചുകൊള്ളുക. നീ സംസാരിക്കുമ്പോൾ എനിക്കും ധൈര്യമാകും. നീ ഈ പടകിലേക്ക് കയറി വരിക. നിങ്ങൾ പ്രാർത്ഥിക്കൂ പ്രിയമുള്ളവരേ.

കർത്താവ് ജനത്തോട് സംസാരിച്ചുകഴിഞ്ഞു. പത്രോസ് ദു:ഖിതനായി ഇരിക്കുകയാണ്. വചനം കേട്ടത് മനസ്സിലുണ്ട്. അപ്പോൾ ഒരു സമാധാനം കിട്ടി. എങ്കിലും പ്രശ്നത്തിന് പരി ഹാരമായില്ലല്ലോ.

അപ്പോഴാണ് കർത്താവ് പറഞ്ഞത്: “പടകിന്റെ വലത്തു ഭാഗത്ത് വല വീശുവിൻ.” പത്രോസ് ഒന്നും എതിർത്തു പറ ഞ്ഞില്ല. സ്രഷ്ടാവിന്റെ സ്വരം കേട്ട് അനേകം മത്സ്യങ്ങൾ പടകിന്റെ വലത്തുഭാഗത്ത് വന്നുകൂടിയിരിക്കുകയാണ്. പ്രിയപ്പെട്ടവരേ, സ്രഷ്ടാവിന്റെ സ്വരം കേട്ടാൽ സൃഷ്ടി ഒരുമിച്ച് കൂടും. സംഭവിച്ചതെന്താണ്? വല വീശി. പടക് മീൻകൊണ്ട് നിറഞ്ഞു. ഒരു പൊടിമീൻ പോലും കിട്ടാത്ത ആ

രാത്രി യേശു വന്ന് സംസാരിച്ചപ്പോൾ പടക് നിറഞ്ഞു.

മൂന്നര വർഷത്തിനുശേഷം പരിശുദ്ധാത്മാവിനെ കൈക്കൊണ്ടപ്പോൾ പത്രോസിന് ഇതെല്ലാം ഓർമ്മ വന്നു. എന്നെ സ്നേഹിച്ച എന്റെ യേശു ആണല്ലോ ഇപ്പോൾ എന്റെ മുന്നിൽ വന്നുനിന്നുകൊണ്ട് "നിങ്ങൾക്ക് സമാധാനം" എന്ന് പറഞ്ഞത്. എന്നെ സ്നേഹിച്ച എന്റെ യേശു ആണല്ലോ എനിക്ക് വാഗ്ദത്തങ്ങൾ നൽകിയത്. നീ ശീമോൻ ആകുന്നു. നീ പത്രോസാകും എന്നുപറഞ്ഞത് ഈ യേശു ആണല്ലോ. ബർയോനാ, ശീമോനേ, നീ ഭാഗ്യവാൻ എന്നുപറഞ്ഞത് ഈ യേശു ആണല്ലോ. എന്നെ സ്നേഹിച്ച് എനിക്ക് വ്യക്തിപരമായി ദൂതുകൾ തന്നത് ഈ യേശു ആണല്ലോ.

ഇന്ന് നിങ്ങൾ കർത്താവിനോട് പറയുക. നിന്റെ ആഗ്രഹം ഞാൻ നിവർത്തിക്കും. എന്റെമേൽ പകർന്ന നിന്റെ ആത്മാവിനെ ഒരിക്കലും ദു:ഖിപ്പിക്കാതെ, ആത്മാവിനെ കെടുത്തിക്കളയാതെ എന്നും ഞാൻ പരിപാവനമായി സൂക്ഷിച്ചുകൊള്ളാം. നിന്നെയും വഹിച്ചുകൊണ്ട് എവിടെ യെല്ലാം നീ എന്നെ നിർത്തുന്നുവോ, അവിടെയെല്ലാം പരിശുദ്ധാത്മാവിന്റെ നിറവിൽ ഞാൻ നിന്നുകൊള്ളാം.

കർത്താവേ, എനിക്ക് നീയല്ലാതെ മറ്റാരുമില്ല. നീയാണെന്റെ ബലം. നീയാണെന്റെ ശക്തി. നീയാണെന്റെ ജീവൻ. നീയാണെന്റെ ആയുസ്സ്, നീയാണെന്റെ സമ്പത്ത്. ഞാൻ നിന്റെ സ്വന്തം. എന്നെ ഞാനിതാ നിനക്ക് തരുന്നു. നിങ്ങൾ ദൈവകരങ്ങളിലേക്ക് ഏൽപ്പിക്കൂ. ദൈവത്തോട് വാക്കു പറയൂ. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ സ്വന്തം.

## രണ്ട്

*“ശിമോൻ പത്രോസും ദിദിമൊസ് എന്ന തോമാസും ഗലീലയിലുള്ള കാനയിലെ നഥനയേലും സെബദിമക്കളും അവന്റെ ശിഷ്യന്മാരിൽ വേറെ രണ്ടുപേരും ഒരുമിച്ചു കൂടിയിരുന്നു. ശിമോൻ പത്രോസ് അവരോട്: ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു; ഞങ്ങളും പോരുന്നു എന്ന് അവർ പറഞ്ഞു. അവർ പുറപ്പെട്ടു പടകു കയറി പോയി; ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.” യോഹന്നാൻ 21 : 2, 3*

പത്രോസ് മറ്റുള്ളവരോടു പറഞ്ഞു: ഞാൻ മീൻ പിടിപ്പാൻ പോകുന്നു. കഴിഞ്ഞ മൂന്നരവർഷം പാഴായിപ്പോയി. കർത്താവ് യിസ്രായേലിനെ വീണ്ടെടുപ്പാനുള്ള നായകനെന്ന് ആശവെച്ചിരുന്നു, പാഴായിപ്പോയി. ഞാൻ പഴയ തൊഴിലിലേയ്ക്കു പോകുകയാണ്.

പത്രോസ് പരിശുദ്ധാത്മാവിനെ കൈക്കൊണ്ട ആളാണ്. കർത്താവ് വ്യക്തമായി പത്രോസിന് പ്രത്യക്ഷനായി സംസാരിച്ചതാണ്. സമാധാനം കൊടുത്തതാണ്. എങ്കിലും ആ കിട്ടിയ സമാധാനം നിലനിന്നില്ല. യഥാസ്ഥാനപ്പെട്ടു എങ്കിലും നിലനിർത്തിയില്ല. പലരും അങ്ങനെയാണ്. ഇടയ്ക്ക് ഒരു അനുതാപം വന്നു. കർത്താവ് യഥാസ്ഥാനപ്പെടുത്തുകയും ചെയ്തു.

മുൻപുണ്ടായിരുന്ന പദവിയിലേക്ക് തിരികെ കൊണ്ടുവന്നു. പഴയ ശുശ്രൂഷകൾ തിരികെ തന്നു. ആത്മവീര്യം തിരികെ

തന്നു. പക്ഷേ, പിന്നെയും തളർന്നു.

ക്രിസ്തീയജീവിതത്തിൽ ups and downs – ഏറ്റക്കുറച്ചിലുകളുണ്ട്. ചിലപ്പോൾ നല്ല പെരുത്ത ഉത്സാഹം. ചിലപ്പോൾ തീരെ തളർന്ന അനുഭവം. തളർന്ന അനുഭവം വരുമ്പോൾ നാം വേലയ്ക്കു പോകുകയല്ല വേണ്ടത്, മാറിയിരുന്നു പ്രാർത്ഥിക്കുക.

കർത്താവേ, എവിടെയോ തളർച്ച പറ്റിയല്ലോ. എന്റെ ആത്മാവിന് ക്ഷീണം പറ്റിയല്ലോ. എന്താണെന്ന് മനസ്സിലാകുന്നില്ലല്ലോ. കർത്താവിന്റെ കൃപ ലഭിച്ചതിനുശേഷം എവിടെയെങ്കിലും തെറ്റുപറ്റിയോ എന്ന് പരിശോധിക്കണം. മനോഭാവത്തിലെവിടെയെങ്കിലും തെറ്റുപറ്റിയോ? പ്രവൃത്തിയിൽ തെറ്റുപറ്റിയില്ല എങ്കിലും എന്റെ ചിന്താഗതിയിൽ തെറ്റുപറ്റിയോ?

അങ്ങനെ ചിന്തിക്കുമ്പോൾ 99 ശതമാനവും നിങ്ങൾക്കു മനസ്സിലാകും. ഒരു ശതമാനം മനസ്സിലാവുകയില്ല. കാരണം, അങ്ങനെ ചിന്തിക്കുമ്പോൾ തന്നെ നിങ്ങൾക്കു ന്യായീകരണമുണ്ട്. ന്യായീകരണം മനസ്സിൽവച്ചുകൊണ്ട് ചിന്തിച്ചാൽ ഒന്നും കിട്ടുകയില്ല. കുറ്റബോധം കിട്ടുമ്പോഴേക്കും ഇന്ന കാരണം കൊണ്ടല്ലേ എനിക്കു തെറ്റുപറ്റിയത് എന്ന ചിന്ത വരും. ആ ചിന്ത വരുന്നതുകൊണ്ട് നിങ്ങൾക്ക് യഥാസ്ഥാനപ്പെടുവാൻ പറ്റാതെ പോകും.

ആത്മാവിൽ മാന്ദ്യം വച്ചുകൊണ്ട് മുന്നോട്ടു പോകരുത്. എവിടെയാണ് തെറ്റു പറ്റിയത് എന്ന് ചിന്തിക്കണം. പ്രത്യേകിച്ച് പാപം ഒന്നും ഓർമ്മ കിട്ടുന്നില്ലെങ്കിൽ യേശു തന്ന നന്മകളെ ഓർക്കണം. ലഭിച്ച അനുഗ്രഹങ്ങൾ ചികഞ്ഞെടുത്ത് സ്തുതിക്കണം. വിദ്യാഭ്യാസം തന്നു. ദുശ്ശാഠ്യം മാറ്റിത്തന്നു. കഞ്ഞി കുടിക്കാൻ മാർഗ്ഗം തന്നു. ബുദ്ധിയുള്ള കുഞ്ഞുങ്ങളെ തന്നു. അങ്ങനെ ഓർത്തോർത്തു സ്തുതിക്കുമ്പോൾ അറിയാതെ നിങ്ങൾ ആത്മാവിലാകും. ക്ഷീണം മാറി ഉള്ളഴിഞ്ഞ് നിങ്ങൾ സ്തുതിക്കാൻ തുടങ്ങും. ആത്മാവിൽ സ്തുതിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ കൃപയിലാകും.

അങ്ങനെ സ്തുതിച്ച് കർത്താവിന്റെ വേല ചെയ്യാം.

താഴ്ചകളും ഉയർച്ചകളും എല്ലാവർക്കുമുണ്ട്. എന്നാൽ തളർന്നിരിക്കരുത്. എത്രയും വേഗം യഥാസ്ഥാനപ്പെടണം. മനുഷ്യരെല്ലാം കുറെയേറെ കാര്യങ്ങളിൽ വാട്ടമുള്ളവരാണ്. അവരവർ ചില പ്രതിസന്ധികൾ നേരിടുമ്പോഴാണ് ക്ഷീണം വരുന്നത്. അതുകൊണ്ട് തളരാതെ കർത്താവിന്റെ സന്നിധിയിലിരുന്ന് പ്രാർത്ഥിക്കണം.

അതിനു പകരം പത്രോസ് കൂട്ടുകാരോട് പറഞ്ഞു: ഞാൻ മീൻ പിടിപ്പാൻ പോകുന്നു. ഒരു പെരുത്ത മീൻകൂട്ടം കിട്ടിയതിനുശേഷം, മൂന്നര വർഷം മുമ്പ് പടകും വലയും വിട്ട് പത്രോസ് കർത്താവിനെ അനുഗമിച്ചതാണ്. നീ ഇനി ആത്മാക്കളെ നേടും എന്ന് കർത്താവ് വാഗ്ദത്തം കൊടുത്തതാണ്. പക്ഷേ, ഇപ്പോൾ പറയുന്നു: വയ്യാ, ഞാൻ മീൻ പിടിപ്പാൻ പോകുന്നു. തളർന്ന സ്വരം!

നാം തളർന്നാൽ അനേകർ തളരും. ഭർത്താവ് തളർന്നാൽ ഭാര്യ തളരും. ഭാര്യ ആത്മീയമായി തളർന്നാൽ ഭർത്താവ് തളരും.

നിങ്ങൾ ഒരു ഗോവണി സങ്കല്പിക്കൂ. ആളുകൾ മുകളിലേക്ക് കയറിക്കൊണ്ടിരിക്കുന്നു. മുകളിൽ ഏറ്റവും അറ്റത്ത് കയറിയിരിക്കുന്ന ആൾ താഴോട്ടു വീണാൽ പിറകെ കയറിവരുന്ന എല്ലാവരേയും വീഴിക്കും. ഒന്നാമത്തെ തട്ടിലോ രണ്ടാമത്തെ തട്ടിലോ വച്ചാണ് വീണതെങ്കിൽ, ആ ഗോവണിയിൽ പോകുന്ന എല്ലാവർക്കും അപകടം വരില്ല.

നാം ഓരോരുത്തരും ദേശത്തിന്റെ കാവൽക്കാരാണ്. നമ്മുടെ ഭവനത്തിന്റെ കാവൽക്കാരാണ്. നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. നീ എന്നെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം നല്ലതുപോലെ മനസ്സിലാക്കി, ആ ഉത്തരവാദിത്വം നിർവ്വഹിക്കാൻ ഞാനിതാ എന്നെ നിനക്ക് തരുന്നു എന്നു നാം സമർപ്പിക്കുമ്പോൾ പോലും നിഗൂഢമായ

ലക്ഷ്യങ്ങളുണ്ട് അതിന്റെ പിന്നിൽ. എന്നെ എല്ലാവരും അംഗീകരിക്കണം. ഞാൻ എല്ലാവരുടേയും മദ്ധ്യത്തിൽ ഒരു നേതാവായി തീരണം. ഞാൻ എല്ലാവരേയും ഭരിക്കുന്ന ആളായിത്തീരണം. ഞാൻ മൂലം മറ്റുള്ളവർക്ക് അനുഗ്രഹം ലഭിക്കണം. ഒരു 'ഞാൻ' അകത്തു നിൽക്കുന്നു.

യഥാസ്ഥാനപ്പെടണമെന്ന് ആഗ്രഹിക്കുമ്പോൾ, എനിക്ക് നഷ്ടപ്പെട്ടത് തിരികെ ലഭിക്കണമെന്ന് ആഗ്രഹിക്കുമ്പോൾ അതിൽ എനിക്കൊരു പ്രശംസയുണ്ട്. 'ഞാൻ' എന്ന വ്യക്തിത്വത്തിൽ ഒരു അഭിമാനവും ആശ്രയവുമുണ്ട്. അത് പാടില്ല.

'ഞാൻ' എന്ന വ്യക്തി അവിടെ തകരണം. 'ഞാൻ' പൂജ്യം. 'ഞാൻ' ഇല്ല. ഇത് ആത്മീയജീവിതത്തിലെ വലിയ പാഠമാണ്. അഹംഭാവം – 'ഞാൻ' എന്ന ഭാവം – ഒരിക്കലും പൊങ്ങിവരാൻ പാടില്ല. എപ്പോഴും ഓർത്തുകൊള്ളണം, 'ഞാൻ' ഒന്നുമില്ലാത്തവൻ.

With Christ, I am a hero. Without Christ, I am a zero. ക്രിസ്തുവിനോടുകൂടെ ഞാൻ ഒരു വീരജേതാവാണ്. പക്ഷേ, ക്രിസ്തുവില്ലെങ്കിൽ ഞാൻ വെറും പൂജ്യം. യേശുക്രിസ്തുവുണ്ടെങ്കിലേ എനിക്ക് എന്തെങ്കിലുമുള്ളൂ എന്ന തോന്നൽ നിങ്ങൾക്കു വന്നിട്ടുണ്ടോ?

നമുക്ക് സ്വയം മതിപ്പുകളുണ്ട്. അതെല്ലാം താഴെ വയ്ക്കുക. ഞാൻ ഒന്നുമില്ല. എന്തെങ്കിലുമുണ്ടെങ്കിൽ യേശുവുള്ളതുകൊണ്ടു മാത്രം. ഇത് നിങ്ങളുടെ ഹൃദയത്തിൽ ആഴത്തിൽ വേരോടിയാൽ നിങ്ങൾക്ക് ജയിക്കാം. നിങ്ങൾക്ക് വളരാം, ഉയരാം.

എന്റെ സാക്ഷ്യം നന്നാവണം, എന്റെ പ്രസംഗം നന്നാവണം, എന്ന ചിന്തയിൽ പോലും ഒരു അഹമുണ്ട്. കർത്താവേ, നിന്റെ ഒരു അടിമ വചനം പറയാൻ നിൽക്കുന്നു. സ്വന്തമായി എനിക്ക് വചനമില്ല. എനിക്കുള്ളതെല്ലാം പാപമാണ്. ഈ കുഴലിൽ കൂടി

നീ ഊതി ജനത്തിനു പാപബോധം കൊടുക്കണമേ. ദൈവവേല ചെയ്യുന്നവരെല്ലാം അത് ഓർത്തിരിക്കണം. എനിക്ക് ഒരു മഹത്വവും വേണ്ട, എല്ലാ മഹത്വവും ക്രിസ്തുവിന്.

പത്രോസ് പറഞ്ഞു: ഞാൻ മീൻ പിടിപ്പാൻ പോകുന്നു. കൂടെയുള്ളവർ പറഞ്ഞു: ഞങ്ങളും പോരുന്നു. ഒരാൾ പഴയതിലേക്കു പോകുമ്പോൾ കൂടെയുള്ളവരും പഴയതിലേക്ക് പോകുന്നു.

നിങ്ങൾ വീണാൽ നിങ്ങളുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ് വീഴാൻ സാദ്ധ്യതയുണ്ട്. അപ്പനും അമ്മയും ഉറച്ചുനിന്നാൽ മാത്രമേ മക്കൾ ഉറച്ചുനിൽക്കുകയുള്ളൂ. ഇന്ന് മക്കളെക്കുറിച്ച് പലർക്കും പരാതികളുണ്ട്. അവർ ചുമതലാബോധമില്ലാത്തവരായി നടക്കുന്നു. പഠിക്കുന്നില്ല. ദൈവവിചാരമില്ലാതെ നടക്കുന്നു. എന്നാൽ അപ്പനും അമ്മയും ശരിയായി നിന്നാൽ മക്കൾ ശരിയായിരിക്കും.

അപ്പനും അമ്മയും മാനസാന്തരപ്പെട്ടവരാണെങ്കിൽ മക്കൾ മാനസാന്തരപ്പെട്ടിരിക്കും. നിങ്ങൾ ഇതൊരു വാഗ്ദത്തമായി എടുക്കണം. നിങ്ങൾ യഥാർത്ഥമായി ദൈവത്തിന്റെ പ്രിയജനമായി നിൽക്കുമെങ്കിൽ മക്കൾ വഴിതെറ്റി പോകുകയില്ല. അഥവാ വഴിതെറ്റി പോയാലും കർത്താവ് അവരെ ഏതെങ്കിലും വിധത്തിൽ മടക്കിക്കൊണ്ടു വരും. ക്ഷാമം കൊടുത്തായാലും മടക്കി കൊണ്ടുവരും.

മുടിയൻ പുത്രൻ തിരിച്ചുവരാൻ കാരണം അവന് ക്ഷാമം വന്നതാണ്. ദേശത്ത് ക്ഷാമം വന്നപ്പോൾ അവന് മുട്ടുണ്ടായി. അവന്റെ കൈയിലെ പൈസ തീർന്നു. ക്ഷാമം വന്നപ്പോൾ അപ്പന്റെ വീടിനെക്കുറിച്ചോർത്തു. നിങ്ങളുടെ ഭാര്യക്ക് അല്ലെങ്കിൽ ഭർത്താവിന് ക്ഷാമം വന്നിട്ടാണെങ്കിലും തിരികെ കൊണ്ടുവരുവാൻ നിങ്ങൾ തീക്ഷ്ണതയോടെ, വിശുദ്ധി യോടെ നിൽക്കുക.

പത്രോസിന്റെ പിൻമാറ്റം മറ്റുള്ളവരെക്കൂടി തെറ്റിക്കുന്നു.

കർത്താവ് എന്താണ് അവരോട് പറഞ്ഞത്?

> *"ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോട്: പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു."*
>
> *യോഹന്നാൻ 20 : 22, 23*

പാപക്ഷമ കൊടുപ്പാനും അതിനെ തടുക്കാനുമുള്ള ആത്മാവിന്റെ അധികാരമാണ് ഏല്പിച്ചത്. കെട്ടാനും അഴിപ്പാനുമുള്ള അധികാരമാണ് അപ്പൊസ്തലന്മാരുടെമേൽ ഭരമേല്പിച്ചത്. എന്നാൽ പത്രോസ് ഒരാൾ വീണപ്പോൾ പത്രോസിന്റെ മേൽ നിന്നു അധികാരം പോയി, കൂടെയുള്ള മറ്റ് ആറുപേരിൽ നിന്നും അധികാരം പോയി.

ഒരാൾ വീണാൽ മറ്റനേകരെ വീഴിക്കും. ഞാൻ വീഴാതെ നിന്നാൽ മാത്രമേ എന്റെ കുടുംബത്തിൽ കർത്താവിനു പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഞാൻ ഒരാൾ വിശുദ്ധിയോടെ നിന്നാൽ മാത്രമേ എന്റെ ദേശത്തിൽ കർത്താവിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

നിങ്ങൾ തീരുമാനിക്കണം, എനിക്ക് നിന്റെ ഹിതം നിറവേറ്റണം. എന്നെ ഏല്പിച്ച വലിയൊരു ശുശ്രൂഷയുണ്ട്. അനേകരുടെ പാപങ്ങൾ അവർക്ക് ബോധം വരുത്തുവാനും അവർ അനുതപിച്ച് അവർക്ക് മാനസാന്തരം വരുവാനും തക്കവണ്ണം നിന്റെ വചനം പറയാൻ നീ എന്നെ ഏല്പിച്ചിരിക്കുന്നു. നിന്റെ വചനം എന്റെ നാവിൽ എഴുതി തന്നിരിക്കുന്നു. ഈ വചനം ഞാൻ പറയുമ്പോൾ ഞാൻ തന്നെ വീണുപോകാതെ നീ എന്നെ കാത്തുകൊള്ളണമേ.

നിങ്ങളുടെ ദേശം നശിച്ചാൽ, നിങ്ങളുടെ സഭ മുടിഞ്ഞാൽ, നിങ്ങളുടെ കുടുംബം മുടിഞ്ഞാൽ നിങ്ങൾ

ഉത്തരവാദികളാണ്. നിങ്ങൾ ഒരു കാരണവശാലും പാപത്തിലേക്ക് തിരിഞ്ഞു പോകരുത്. പാപം അടുത്തുവരാൻ സമ്മതിക്കരുത്.

> *"ശീമോൻ പത്രോസ് അവരോട്: ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു; ഞങ്ങളും പോരുന്നു എന്ന് അവർ പറഞ്ഞു. അവർ പുറപ്പെട്ടു പടകു കയറി പോയി; ആ രാത്രിയിൽ ഒന്നും പിടിച്ചില്ല."* *യോഹന്നാൻ 21 : 3*

യേശുവിന്റെ കൂടെ നടന്നവർ യേശുവിനെ വിട്ടാൽ ഒന്നും കിട്ടുകയില്ല. ഒരിടത്തും രക്ഷ കിട്ടുകയില്ല. നിങ്ങൾ യേശുവിന്റെ കൂടെ നടക്കാൻ തീരുമാനിച്ചതാണെങ്കിൽ നിങ്ങൾ പിന്മാറിപ്പോയാൽ കടുത്ത ശിക്ഷ നിങ്ങളുടെമേൽ വരും.

രാത്രി മുഴുവനും അവർ ഗലീലാക്കടലിൽ അദ്ധ്വാനിക്കുകയാണ്. എന്നാൽ ഒന്നും പിടിച്ചില്ല. തിബര്യാസ്, ഗന്നേസരെത്ത് എന്നെല്ലാം പറയുന്നത് ഗലീലാക്കടലിന്റെ പല ഭാഗങ്ങളാണ്. തിബര്യാസ് കടലിൽ അവർ വല വീശുവാൻ പോയി, ഒന്നും പിടിച്ചില്ല.

ഇത്രയും കാലത്തെ അദ്ധ്വാനംകൊണ്ട് ഒന്നും പിടിക്കാത്തവരില്ലേ? അപ്പന്റെ കാലത്ത് സമ്പാദിച്ചതെല്ലാം കളയുകയും ചെയ്തു.

നിങ്ങൾ ക്രിസ്തുവിനെ വിട്ടുപോയാൽ ഒരിടത്തും ജയം കിട്ടുകയില്ല. നിങ്ങൾ പറയും: ഞാൻ പാപത്തിലേക്കെല്ലാം പോയി എങ്കിലും ഞാൻ പരീക്ഷ പാസ്സായല്ലോ. പക്ഷേ, എല്ലാം താത്ക്കാലികം. ഇപ്പോൾ നിനക്ക് എല്ലാമുണ്ട് എന്ന് തോന്നും. തൽക്കാലം തഴച്ചുവളരും എങ്കിലും എല്ലാം ശൂന്യമായിപ്പോകും.

എല്ലാം കണക്ക് തീർക്കുന്ന നാളുണ്ട്. കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനു ശേഷം ഒരു

ന്യായവിധിയുണ്ട്.

ആ ഒരു ഭയമാണ് സുവിശേഷവേലയുടെ അടിസ്ഥാനം. ക്രിസ്ത്യാനികൾ എന്നു പേരുള്ള അനേകരുണ്ട്. എന്നാൽ ആരുമാരും കർത്താവിനെ അറിയുന്നില്ല. ന്യായവിധിയുണ്ട് എന്നോർക്കുന്നില്ല. കണക്കു തീർക്കുന്ന നാളുണ്ട് എന്ന് ഒരറിവുമില്ല.

ചടങ്ങുപോലെ എല്ലാം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ഞായറാഴ്ച പള്ളിയിൽ പോകുന്നു. എന്താണ് പള്ളി? പള്ളിയിലെ ആരാധനയുടെ അർത്ഥമെന്താണ്? വിശുദ്ധ കുർബ്ബാനയുടെ ആശയമെന്ത്? അതൊന്നും ചിന്തിക്കുന്നില്ല. അതൊന്നും പറഞ്ഞുകൊടുക്കാനുള്ള സംവിധാനങ്ങളില്ല. എന്നാൽ ആരെങ്കിലും പറഞ്ഞുകൊടുക്കാമെന്ന് വച്ചാൽ അവരുടെ വായടച്ച് അതൊന്നും ഞങ്ങളുടെ അടുത്ത് വേണ്ട എന്നുപറയും. എന്നാൽ നാം ഒരിക്കലും നാവടക്കാതെ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുക.

ഞാൻ മാനസാന്തരപ്പെട്ട ആദ്യകാലത്തുതന്നെ വചനം വായിക്കുകയും ഇതെല്ലാം മനസ്സിലാക്കുകയും ചെയ്തു. അതുകൊണ്ട് അന്നുമുതൽ ദൈവത്തിന്റെ വേല ചെയ്യണം എന്ന എരിവുണ്ടായി.

കോളേജ് വിട്ടു വന്നതിനുശേഷം ഞാനും ആലീസും പല ഭവനങ്ങളിൽ കയറി അവിടെ ഏതെങ്കിലും വീട്ടിൽ ഒരു ചെറിയ യോഗം വയ്ക്കും. മൈക്കില്ല, നോട്ടീസില്ല. വിശുദ്ധ സഭയുടെ കൂദാശകളുടെ അർത്ഥം എന്താണെന്ന് മനസ്സിലാക്കിക്കൊടുത്തു. രക്ഷിക്കപ്പെടണം എന്നു പറഞ്ഞു കൊടുത്തു.

നിങ്ങൾ മൗനമായിരിക്കരുത്. വിട്ടുപോരുവിൻ, വിട്ടു പോരുവിൻ. യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ വിശുദ്ധീകരിപ്പിൻ. (യെശയ്യാവ് 52 : 11) കർത്താവിന്റെ വേലയ്ക്കുവേണ്ടി നിങ്ങൾ വരണം.

നിങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. എനിക്ക് വിദ്യാഭ്യാസമില്ല, കഴിവില്ല എന്നു പറയരുത്. എട്ടുംപൊട്ടും തിരിയാത്ത മുക്കുവന്മാരെക്കൊണ്ടാണ് കർത്താവ് സഭയിൽ അത്ഭുതം പ്രവർത്തിച്ചത്.

കർത്താവിന്റെ വേലയ്ക്കായി എഴുന്നേറ്റു വരൂ. ന്യായവിധിയുണ്ട് എന്ന് വിളിച്ചുപറയൂ. എല്ലാവരും അവിടെ ചെന്നു നിൽക്കേണ്ടിവരും. അന്ന് ദുഷ്ടന്മാരും നീതിമാന്മാരും വേർതിരിഞ്ഞു നിൽക്കും. നാം നീതിമാന്മാരുടെ സഭയിൽ നിവർന്നു നിൽക്കണമെങ്കിൽ ഇന്ന് കർത്താവിനെ രക്ഷിതാവായി സ്വീകരിക്കണം.

ആ ദാഹം ഉള്ളിൽ വന്നതുകൊണ്ടാണ് പലരും പുച്ഛിച്ചിട്ടും കിംവദന്തികൾ പരത്തിയിട്ടും ഞാൻ ദൈവത്തിന്റെ വേല ചെയ്യുന്നത്. വേറെ യാതൊരു ഉദ്ദേശ്യവുമില്ല. അനേകർ ദൈവവിശ്വാസമില്ലാതെ നരകത്തിലേക്ക് പോകുന്നു. ഇവരേയും നീ സ്നേഹിക്കുന്നല്ലോ. ഇവർക്കും കൂടി വേണ്ടിയാണല്ലോ നീ ക്രൂശിൽ മരിച്ചത്. ‘എനിക്ക് ദാഹിക്കുന്നു’ എന്ന് നീ ക്രൂശിൽ കിടന്നു പറഞ്ഞത് ഇവർക്കുവേണ്ടിയും കൂടിയാണല്ലോ!

നിന്റെ ദാഹം ഉൾക്കൊണ്ട് ഞാൻ ഓടാം. എനിക്ക് ബലം തരുവോളം ഞാൻ ഓടാം. നിനക്കുവേണ്ടി എന്നെത്തന്നെ വേർതിരിച്ചു വയ്ക്കുന്നു. ഇനി എന്റെ സ്വന്തകാര്യമില്ല. സ്വന്തമായ താത്പര്യമില്ല. സ്വന്തമായ പദ്ധതിയില്ല. ആകെയുള്ളത് നീയും നിന്റെ പദ്ധതിയും മാത്രം.

ഇപ്പോൾ നിങ്ങൾക്ക് തീരുമാനമെടുക്കാൻ പറ്റുമോ? ഇനി യേശു മാത്രം. എന്റെ നാവ് യേശുവിന്റെ നാവ്. എന്റെ കൈകൾ യേശുവിന്റെ കൈകൾ. ഈ കാലുകൾ യേശുവിന്റെ കാലുകൾ. ഞാൻ ഒരു ഭവനത്തിൽ കാല് കുത്തുമ്പോൾ അതിന് ആശ്വാസം വരും. കാരണം, നീയാണ് ചവിട്ടിക്കയറുന്നത്. യേശുവിന്റെ പിന്നാലെ പോകുവാൻ ഒരുങ്ങുക.

യേശുവിനെ എതിരേൽപ്പാൻ ഒരുങ്ങുക. യേശുവിനെ സ്വീകരിച്ചുകൊണ്ട് അവന്റെ വരവിനായി ഒരുങ്ങുക. അവൻ വരുമ്പോൾ അവനെ സ്വീകരിപ്പാൻ തക്കവണ്ണം വിശുദ്ധരായിത്തീരണം. വിശുദ്ധജനമായി നിന്നുകൊണ്ട് യേശുവിന്റെ വരവിനെ വേഗത്തിലാക്കണം. നാം ഒരുങ്ങണം, അനേകരെ ഒരുക്കണം.

> *‘‘പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു; യേശു ആകുന്നു എന്ന് ശിഷ്യന്മാർ അറിഞ്ഞില്ല. യേശു അവരോട്: കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു; ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു.’’*
>
> *യോഹന്നാൻ 21 : 4, 5*

എവിടെയാണോ തളർച്ചയുള്ളത് അവിടെ യേശു ഓടി അണയും. ഉയിർത്തെഴുന്നേറ്റ മിശിഹാതമ്പുരാൻ ദുരിതമുള്ള സ്ഥലത്ത്, ആവശ്യഭാരങ്ങളുള്ള സ്ഥലത്ത് ഓടിച്ചെല്ലും. ഇതൊരു പരമാർത്ഥമാണ്. ഇത് അനുഭവിച്ചറിയുമ്പോൾ നിങ്ങൾ ദൈവത്തെ സ്തുതിക്കും.

അതുകൊണ്ട് ഈ ലോകത്തിൽ പ്രശ്നങ്ങൾ ഇല്ലെന്നല്ല. എനിക്ക് വയ്യല്ലോ എന്നു തോന്നുന്ന ഭാരമേറിയ ചുമടുകൾ അനേകർക്കുമുണ്ട്. മന:ക്ലേശങ്ങളുണ്ട്.

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന് ശിഷ്യന്മാർക്കറിയാം. എന്നിട്ടും എന്തുകൊണ്ടോ മനം മടുത്തുപോയി. ഉയിർത്തെഴുന്നേറ്റ കർത്താവിനെ അവർ കണ്ടു, ശബ്ദം നേരിട്ടു കേട്ടു. എന്നിട്ടും ഒരു സന്ദർഭം വന്നപ്പോൾ അവർക്ക് ഒരു വിഷാദം.

എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിച്ചത്? പ്രതീക്ഷകൾ നശിച്ചുപോയല്ലോ. യിസ്രായേൽ ജനം റോമിലെ ഭരണാധികാരത്തിൻ കീഴെ അടിമപ്പെട്ടിരുന്ന കാലത്ത് ആ ബന്ധനത്തിൽനിന്ന് രക്ഷപ്പെടുത്തുവാനുള്ള ഒരാളായിട്ടാണ്

അവർ യേശുവിനെ കണ്ടിരുന്നത്. ഒരു വലിയ സാമൂഹിക വിപ്ലവകാരി! അത്ഭുത പുരുഷൻ! അതിനപ്പുറം ആത്മാവിന്റെ വീണ്ടെടുപ്പോ നിത്യജീവനോ കണ്ടില്ല. അതാണ് അവർ പിന്മാറിപ്പോകാൻ കാരണം.

നമ്മിൽ പലരും അങ്ങനെയാണ്. രോഗസൗഖ്യത്തിനു വേണ്ടി പ്രാർത്ഥിച്ചു. രോഗം സൗഖ്യമായി, നമുക്ക് സന്തോഷം. പ്രാർത്ഥിച്ചു, പരീക്ഷയെഴുതി, പരീക്ഷ പാസ്സായി, കർത്താവ് പ്രാർത്ഥന കേട്ടു. നല്ല വിവാഹാലോചന വന്നു, വിവാഹം നടന്നു, നന്നായി കാര്യങ്ങൾ പോകുന്നു, ദൈവം നല്ലവൻ.

എന്നാൽ ജീവിതത്തിലെ ചില പ്രതീക്ഷകൾക്കു മങ്ങലേല്ക്കുമ്പോൾ, ചില യാതനകളും വേദനകളും നമ്മെ വലയം ചെയ്യുമ്പോൾ, അപ്പോഴാണ് ദൈവം നല്ലവൻ എന്നു പറയാൻ തോന്നാതെ പോകുന്നത്. അപ്പോഴെല്ലാം നമുക്ക് പരിഭവമോ പ്രയാസമോ തോന്നും. പിൻമാറ്റത്തിന്റെ ആദ്യത്തെ ചുവടാണത്.

കൂട്ടായ്മയിൽ വരുന്ന ആരോടെങ്കിലും ഒരു പരിഭവമുണ്ടോ, നിങ്ങൾ പിൻമാറ്റത്തിന്റെ വഴിയിലാണ്. തെറ്റു ചെയ്യുന്ന ആളോട് ഒരു അസഹിഷ്ണുതയുണ്ടെങ്കിൽ നിങ്ങൾ പിൻമാറ്റത്തിന്റെ വഴിയിലാണ്. അനേകർ പിൻമാറിപ്പോകുന്ന തറിയുന്നില്ല.

വചനം കേൾക്കുമ്പോൾ സന്തോഷം കിട്ടി പക്ഷേ, പിന്നെയും പഴയ മടുപ്പിലേക്കും വിവശതയിലേക്കും മാറിപ്പോവുകയാണ്. വചനം കേൾക്കുമ്പോൾ ഉത്സാഹം കിട്ടി. എന്നാൽ ജീവിതത്തിലെ പ്രശ്നങ്ങളുമായി ഏറ്റുമുട്ടുമ്പോൾ തളർന്നു പോകുന്നു. അങ്ങനെ വരരുത്. അത് പിൻമാറ്റത്തിന്റെ അവസ്ഥയാണ്.

പത്രോസും യാക്കോബും യോഹന്നാനും മറ്റു നാലുപേരും മന:പൂർവ്വം പിന്മാറിപ്പോയതല്ല. മനസ്സിന്റെ ഉള്ളിൽ അവർക്ക്

ഒരു നിരാശ. മൂന്നരക്കൊല്ലം നടന്നത് വ്യർത്ഥമായി പോയല്ലോ.

അതുകൊണ്ടാണ് ഒരിക്കൽ വിട്ട പടകും വലയും എടുത്ത്, ഒരിക്കൽ ഉപേക്ഷിച്ച ഗലീലാകടലിലേക്ക് പത്രോസും കൂടെയുള്ള ആറുപേരും തിരികെ പോയത്. അങ്ങനെ ശിഷ്യന്മാരിൽ ഏഴുപേരും പഴയ തൊഴിലിലേക്ക് മടങ്ങുകയാണ്.

അവർക്ക് യേശുവിൽ വിശ്വാസമില്ലാത്തതുകൊണ്ടല്ല. യേശു അവർക്കു പ്രത്യക്ഷനായി. തോമാശ്ലീഹാക്ക് നേരിട്ട് പ്രത്യക്ഷനായി. പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്ന് എല്ലാവരോടും പറഞ്ഞു. അവരുടെമേൽ ഊതി. ഇതെല്ലാം അവർക്ക് അനുഭവമുണ്ട് പക്ഷേ, അവർ ഇന്ന് പിൻമാറ്റത്തിന്റെ പാതയിലാണ്.

പിൻമാറ്റത്തിന്റെ അനുഭവത്തിലാണോ നിങ്ങൾ? ഒരു തഴമ്പിച്ച അനുഭവം വരുന്നുണ്ടോ? ജീവിതത്തിൽ തളർച്ച വരുന്നുണ്ടോ? കുതിച്ചു ചാടുന്ന അനുഭവമുണ്ടെങ്കിലേ നമുക്ക് വിശ്വാസജീവിതത്തിൽ മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ.

അനേകം പ്രശ്നങ്ങൾ എന്നെ വലയം ചെയ്യുന്നുണ്ടെങ്കിലും ഞാൻ എന്റെ യേശുവിനുവേണ്ടി വേർതിരിക്കപ്പെട്ടവനാണെന്നും, എന്റെ മൂക്കിൽ ജീവശ്വാസമുള്ള കാലത്തോളം യേശുവിനു വേണ്ടി ഞാൻ ഓടുമെന്നും യേശുവിനുവേണ്ടിയാണ് എന്റെ ജീവിതമെന്നും ഒരു ഉറപ്പ് നിങ്ങൾക്കു കിട്ടിയിട്ടുണ്ടോ?

ആത്മീയജീവിതത്തിൽ സങ്കീർണ്ണമായ പ്രശ്നത്തിൽപ്പെട്ട് ഉഴലുന്ന സാഹചര്യത്തിൽ ഞാൻ ഏകനായിരുന്ന് തനിയെ ഒരു വാക്ക് പറഞ്ഞു: കർത്താവേ, ഭൂമിയിലെ മനുഷ്യരാരും വിളിച്ചിട്ടല്ലല്ലോ ഞാൻ മാനസാന്തരപ്പെട്ടത്? ഭൂമിയിലെ മനുഷ്യരാരും വിളിച്ചിട്ടല്ലല്ലോ ഈ കൂട്ടായ്മയിൽ വന്നത്? കർത്താവേ, ഗോഗുൽത്തായിലെ സ്നേഹമാണല്ലോ എന്നെ വിളിച്ചു വേർതിരിച്ചത്. ഞാൻ ആ സ്നേഹത്തെ മുറുകെ പിടിക്കുന്നു. ഒരിക്കലും എന്റെ മനസ്സു വാടാൻ നീ

സമ്മതിക്കരുത്. ഒരിക്കലും വഴിതെറ്റിപ്പോകാൻ നീ സമ്മതിക്കരുത്. ഒരു അബദ്ധം വരാൻ നീ സമ്മതിക്കരുത്. നീ എന്നെ മുറുകെ പിടിച്ചു കൊള്ളണം.

നിങ്ങൾക്കും അങ്ങനെ പറഞ്ഞു നോക്കാം. ഒരു കൂട്ടായ്മയുമല്ല, ദൈവമക്കളുമല്ല എന്നെ വിളിച്ചത്. എന്നെ വിളിച്ചത് ഗോഗുൽത്തായിലെ നിത്യോന്നത സ്നേഹമാണ്. കർത്താവിന്റെ സ്നേഹത്തിലേക്ക് എന്നെ ആകർഷിച്ചത് കർത്താവിന്റെ ചങ്കു പിളർന്നൊഴുകിയ തിരുച്ചോരയിൽ നിന്നു വരുന്ന അത്ഭുതസ്നേഹമാണ്. കർത്താവേ, ഇത് ഞാൻ വിശ്വസിക്കുന്നു. ഇത് നിങ്ങളുടെ ഹൃദയത്തിൽ വന്നാൽ നിങ്ങൾക്ക് രക്ഷ കിട്ടും.

പിന്നെ നിങ്ങൾ ഒരു സഭയെയോ സഭാ നേതാക്കളെയോ കൂട്ടായ്മക്കാരെയോ നോക്കുകയില്ല. ക്രിസ്തുവാണ് എന്നെ വിളിച്ചത്. പിന്നെ മടുപ്പില്ല, വിവശതയില്ല. പരിഭ്രമവും ഭയവുമില്ല. ഇത് നിങ്ങൾ ഉറയ്ക്കുക. യേശുക്രിസ്തു എന്നെ വിളിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ ദിവ്യസ്നേഹം എന്റെ ഹൃദയത്തിൽ നിക്ഷേപിക്കത്തക്കവണ്ണം കർത്താവ് എന്നെ വിലയേറിയവനായി കണ്ടു.

ഞാൻ പാപിയാണ്. ഞാൻ അശുദ്ധനാണ്, ദ്രവ്യാഗ്രഹിയാണ്, സ്വാർത്ഥമതിയാണ്. എന്റെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ എനിക്ക് ലജ്ജിക്കാനേ വകയുള്ളൂ. എന്നാൽ യേശു എന്നെ സ്നേഹിച്ചു.

പത്രോസും കൂടെയുള്ള ആറുപേരും പഴയ പടകും വലയും എടുത്തു മീൻ പിടിപ്പാൻ പോയി. മീൻ പിടിക്കാൻ നല്ല വശമുള്ളവരാണ് ഇവർ ഏഴുപേരും. പക്ഷേ വലയെറിഞ്ഞപ്പോൾ ഒന്നും കിട്ടിയില്ല.

നിങ്ങൾ പരീക്ഷ പാസ്സാകാത്തത് നന്മയ്ക്കാണ്. ഇതുവരെ വിവാഹം നടക്കാത്തത് നന്മയ്ക്കാണ്. പണത്തിനു ഞെരുക്കമുണ്ടാകുന്നത് നന്മയ്ക്കാണ്. യേശുവിനെ കൂടാതെ

യുള്ള ഏത് ഉദ്യമവും പരാജയമായിരിക്കും.

യേശുവിനെകൂടാതെ അവർ പുറപ്പെട്ടു, ഒന്നും കിട്ടിയില്ല.

യേശുവിനും യേശുവിന്റെ ഹിതത്തിനും ഒന്നാം സ്ഥാനം കൊടുക്കണം. ഞാൻ എവിടെയാകുവാൻ യേശു ആഗ്രഹിക്കുന്നുവോ അവിടെ ഞാൻ ആകണം. നിങ്ങളെ ഓരോ ദേശത്ത് കർത്താവ് ആക്കി, ജോലി തന്നു. എന്നാൽ ആ ജോലിയല്ല നിന്റെ ഒന്നാമത്തെ കാര്യം. നീ അവിടെ യേശുവിന്റെ സാക്ഷിയായി ജീവിക്കണം. ഓരോരുത്തരേയും എവിടെയെല്ലാം ആക്കിയിരിക്കുന്നുവോ അതിന് ദൈവത്തിന് ഉദ്ദേശ്യമുണ്ട്.

മകളേ, നീ ഒരു ഭവനത്തിൽ മണവാട്ടിയായി കടന്നു ചെന്നു; അതിന് കർത്താവിന് ഉദ്ദേശ്യമുണ്ട്. മകനേ, നീ ഒരു ഭവനത്തിൽ നിന്ന് വിവാഹം കഴിച്ചു, നിന്നെക്കുറിച്ച് യേശുവിന് പദ്ധതിയുണ്ട്. എവിടെ ചെന്നാലും അവിടെയെല്ലാം യേശുവിനെ കാണിച്ചുകൊടുക്കുക.

നിങ്ങളുടെ പ്രസംഗമല്ല, നിങ്ങളുടെ ജീവിതത്തിലൂടെ യേശു പ്രതിബിംബിക്കട്ടെ. നിങ്ങൾ ഒരു കണ്ണാടിയാണ്. ആ കണ്ണാടിയിലൂടെ നോക്കുമ്പോൾ യേശു അതിലൂടെ പ്രതിബിംബിക്കണം. അതാണ് സുവിശേഷവേല. പറയുന്ന വാക്കുകളല്ല, അതിലും എത്രയോ വലുതാണ് ജീവിതം!

ഒരു സംസ്ക്കാരഭദ്രമായ ജീവിതം കർത്താവ് നമുക്ക് തരും. ഈ കാലഘട്ടത്തിൽ സാക്ഷാത്തായ സംസ്ക്കാരം എന്താണെന്നു തെളിയിക്കുന്ന ജീവിതം കർത്താവ് നമുക്ക് തരും. നന്മയുടെ സംസ്ക്കാരം! സ്നേഹത്തിന്റെ സംസ്ക്കാരം! ഈ കാലഘട്ടത്തിൽ വിശുദ്ധിയുടെ സംസ്ക്കാരമുള്ളവരുടെ എണ്ണം കൂടേണ്ടിയിരിക്കുന്നു. നിങ്ങളെ ഓരോരുത്തരേയുമാണ് കർത്താവ് അതിനുവേണ്ടി കാണുന്നത്. അപ്പോൾ ദൈവനാമം മഹത്വപ്പെടും.

നമ്മൾ പ്രാർത്ഥിക്കുന്നു: സ്വർഗ്ഗസ്ഥനായ പിതാവേ,

നിന്റെ തിരുനാമം മഹത്വീകരിക്കപ്പെടണമേ. എങ്ങനെയാണ് ദൈവനാമം മഹത്വപ്പെടുന്നത്? ദൈവം തന്റെ രക്തം കൊടുത്ത് വിലക്കു വാങ്ങിയ തന്റെ പ്രിയദാസൻ ഒരു ശുദ്ധിമാനായി ജീവിക്കുന്നത് കാണുമ്പോഴാണ് ദൈവനാമം മഹത്വപ്പെടുന്നത്. എങ്ങനെയെല്ലാമോ അഴുക്കിൽ ജീവിച്ച മനുഷ്യൻ ഒരു വിശുദ്ധനായിത്തീർന്നിരിക്കുന്നു! ലോകത്തിന്റെ ദാസനായി ജീവിച്ച മനുഷ്യൻ കർത്താവിന്റെ അടിമയായിത്തീർന്നിരിക്കുന്നു!

എന്നും കലഹവും ബഹളവുമായിരുന്ന വീട്ടിൽ ഈ മകൾ വന്നതിനുശേഷം ആശ്വാസം വന്നിരിക്കുന്നു! അതാണ് നാം ദൈവത്തെ പ്രതിബിംബിക്കുന്നത്.

അവർ പോയി, ഒന്നും കിട്ടിയില്ല. അപ്പോഴാണ് യേശു കടല്ക്കരയിൽ വന്നു നിന്നത്: "കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ?" കർത്താവിന് വലിയൊരു ദാഹം. ഇന്നലെ സന്ധ്യക്ക് കടലിൽ ഇറങ്ങിയതിനുശേഷം ഈ വെളുപ്പാൻ കാലം വരെ അവർ ഒന്നും കഴിച്ചിട്ടില്ല. കർത്താവ് അവർക്കു വേണ്ടി അപ്പം കരുതിക്കൊണ്ടു വന്നിട്ടുണ്ട്. പക്ഷേ, അതിന്റെ കൂടെ കൂട്ടുവാൻ വല്ലതുമുണ്ടോ?

അവരുടെ കൈയിൽ ഒന്നുമില്ല എന്നു കർത്താവിനറിയാം. പിന്നെയെന്തിനാണ് ചോദിക്കുന്നത്? സ്വന്തപരിശ്രമംകൊണ്ട് ഒന്നും സാധിച്ചില്ല എന്ന ബോധം അവർക്കുണ്ടാകണം. ആ nothingness വരുമ്പോഴാണ് ദൈവത്തിന്റെ കൃപ വ്യാപരിക്കുന്നത്.

ഇന്ന് നിങ്ങൾക്ക് പറ്റിയിരിക്കുന്ന അപകടം, ഒന്നുമില്ലായ്മ തോന്നുന്നില്ല. പലതും ഉണ്ട്. പള്ളിയും പെരുന്നാളുമുണ്ട്. റാസയുണ്ട്. ദൈവവേലയ്ക്ക് സംഭാവന കൊടുക്കുന്നുണ്ട്. എന്നാലും ഞാൻ കർത്താവിനുവേണ്ടി ജീവിതം സമർപ്പിച്ചയാളല്ലേ, കർത്താവ് എന്നെ കൈവിടില്ല, എന്റെ കാര്യം എനിക്കറിയാം, ഞാൻ കർത്താവിന്റെ കൂടെ തന്നെയാണ് എന്നുള്ള ധാരണയാണ് ഏറ്റവും വലിയ

അപകടം. അതാണ് പരീശത്വം.

എനിക്കൊന്നുമില്ല എന്നു സമ്മതിക്കുമ്പോൾ മാത്രമേ കർത്താവിന്റെ കരം പ്രവർത്തിക്കുകയുള്ളൂ.

ഞാൻ മഹാരാജാസ് കോളേജിന്റെ മെയിൻ ഹോളിൽ ഇരുന്ന് ലിങ്ക്വിസ്റ്റിക് (Linguistic) പേപ്പർ എഴുതുകയായിരുന്നു. ഫുൾമാർക്ക് കിട്ടുന്ന 10 ഉപചോദ്യങ്ങളുണ്ട്. എനിക്ക് ഒന്നും ഓർമ്മയിൽ വരുന്നില്ല. അവസാനത്തെ 10 മിനിറ്റ് സമയം. മറ്റു ചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതിക്കഴിഞ്ഞു. ഞാൻ പേന ഉത്തരക്കടലാസിനു മീതെ വച്ചിട്ട് ഇങ്ങനെ പറഞ്ഞു: "കർത്താവേ, എനിക്കൊന്നും അറിയില്ല. ഒന്നും മനസ്സിലേക്ക് വരുന്നില്ല." ഇങ്ങനെ ഞാൻ കർത്താവിനെ ഏല്പിച്ചിട്ട് എഴുതിത്തുടങ്ങി. എന്തത്ഭുതം! പത്തും ശരിയായിരുന്നു.

പഠിക്കുന്ന കുട്ടികളോട് ഞാൻ പറയട്ടെ, എനിക്ക് ഒന്നുമില്ല എന്നു പറഞ്ഞ് കർത്താവിന്റെ സന്നിധിയിൽ താഴുവാൻ സാധിക്കുമോ? എങ്കിൽ നിങ്ങൾക്ക് വിജയം കാണാം.

> *"യേശു അവരോട്: കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു; ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു. പടകിന്റെ വലത്തുഭാഗത്ത് വല വീശുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും എന്ന് അവൻ അവരോട് പറഞ്ഞു; അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അത് വലിപ്പാൻ കഴിഞ്ഞില്ല."* *യോഹന്നാൻ 21 : 5, 6*

ഒന്നുമില്ലായ്മ സമ്മതിച്ചപ്പോൾ യേശു വഴികാണിച്ചു കൊടുക്കുന്നു.

നിങ്ങളുടെ ഒന്നുമില്ലായ്മ സമ്മതിച്ചുകൊണ്ട് കർത്താവിന്റെ അടുക്കലേക്ക് വരിക. കഴിവുകേട് സമ്മതിച്ചുകൊണ്ട് കർത്താവിന്റെ അടുക്കലേക്കു വരിക.

കർത്താവേ, എനിക്കു കഴിവില്ല. പ്രാപ്തിയില്ല.

എന്നെക്കൊണ്ട് ഒന്നും സാദ്ധ്യമല്ല. ഇങ്ങനെ നിങ്ങളുടെ ഹൃദയത്തിൽ പറയാമെങ്കിൽ ശൂന്യമായിരിക്കുന്ന സ്ഥലത്തെല്ലാം ദൈവസ്നേഹം വന്നു നിറയും. പരിശുദ്ധാത്മാവിന്റെ ശക്തി വന്നു നിറയും. നമ്മുടെ ഒന്നുമില്ലായ്മയിൽ പരിശുദ്ധാത്മാവ് ശക്തമായി പ്രവർത്തിക്കും.

പരിശുദ്ധാത്മാവ് നമ്മെ ഉണർത്തും. പരിശുദ്ധാത്മാവിന്റെ കൃപ നമ്മെ പൊതിയും. നാം പുതുബലമുള്ളവരായിത്തീരും. നാം ഒരു വാക്ക് പറയുന്നിടത്ത് കർത്താവ് സംസാരിക്കും. യഹോവയുടെ മഹത്വം നമുക്ക് പിൻപടയായിരിക്കും. ഒരു സൈന്യം പോലെ യഹോവയുടെ മഹത്വം നമ്മുടെ പിന്നിൽ ഉണ്ടായിരിക്കും.

“യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.” (സങ്കീർത്തനങ്ങൾ 34:7) ചുറ്റും മാലാഖമാർ കാവൽ നിൽക്കും. നീതി നമുക്കുമുമ്പായി നടക്കും. ഞാൻ ഒറ്റക്കല്ല, യേശുവിന്റെ കൂടെയാണ് എന്ന ഉറപ്പ് നിങ്ങൾക്കു കിട്ടും.

ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ ദൈവത്തോട് ഒരു വാക്കു പറയണം: ഇത്രയും കാലം നിന്നെക്കൂടാതെ ഞാൻ ജീവിച്ചുപോയി. നിന്നെ വേദനിപ്പിക്കുന്ന അനേകം കാര്യങ്ങൾ എന്റെ ജീവിതത്തിൽ വന്നുപോയി. നിന്റെ സ്വഭാവത്തിന് വിരുദ്ധമായി അനേകം ദു:സ്വഭാവങ്ങൾ എന്നിൽ വന്നുപോയി. ഞാൻ വീണുപോയി.

എന്നിൽ തന്നെ ചില സംതൃപ്തികൾ ഉണ്ടായിരുന്നു. അതെല്ലാം തെറ്റാണെന്ന് ഞാൻ സമ്മതിക്കുന്നു. എനിക്ക് തൃപ്തിപ്പെടുവാൻ ഒന്നുമില്ല. എനിക്ക് സന്തോഷിക്കുവാൻ ഒന്നുമില്ല. ആകെയുള്ളത് യേശുക്രിസ്തുവിന്റെ രക്തം എന്നെ വീണ്ടെടുത്തു എന്ന ഒറ്റക്കാര്യം മാത്രം.

എന്റെ ജീവിതം നിന്റെ കരങ്ങളിലേക്ക് വീണ്ടും ഏല്പിക്കുന്നു. നാഥാ, നീ എനിക്കുവേണ്ടി കരുതുന്നല്ലോ. നീ

എന്റെ കാര്യം നോക്കുന്നല്ലോ. എന്റെ വിശപ്പും ദാഹവും നീ അറിയുന്നല്ലോ. എന്റെ ശരീരത്തിന്റെ ക്ഷീണം നീ അറിയുന്നല്ലോ. നിന്റെ സ്നേഹത്തിന്റെ മുമ്പിൽ ഞാൻ ഇതാ, എന്നെത്തന്നെ സമർപ്പിക്കുന്നു. യേശുവേ, ഈ നിമിഷം മുതൽ എന്നിൽ ആശ്രയിക്കാതെ യേശുവിൽ ആശ്രയിച്ചുള്ള ഒരു പുതിയ ജീവിതം ഞാൻ നയിക്കും.

കർത്താവിന്റെ കരം നിങ്ങളുടെ മേൽ വയ്ക്കട്ടെ. കർത്താവിന്റെ കരം നിങ്ങളെ ആശീർവ്വദിക്കട്ടെ. യേശുവിന്റെ കരം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ കരത്തിൽ യേശു പിടിക്കട്ടെ. നിങ്ങളെ ശക്തീകരിക്കട്ടെ. നിങ്ങളുടെ മേൽ തന്റെ ആത്മാവിനെ പകരട്ടെ. പരിശുദ്ധാത്മാവിനെ നിങ്ങളുടെ മേൽ ഊതട്ടെ. പരിശുദ്ധാത്മാവിന്റെ അത്ഭുതപ്രവാഹം നിങ്ങളുടെ മേൽ ഉണ്ടാകട്ടെ. തിരുരക്തം നിങ്ങളുടെ മേൽ തളിക്കട്ടെ. സകല പാപങ്ങളും പോക്കി വിശുദ്ധീകരിക്കട്ടെ.

# മൂന്ന്

*"യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോട്: അത് കർത്താവ് ആകുന്നു എന്നു പറഞ്ഞു; കർത്താവ് ആകുന്നു എന്ന് ശിമോൻപത്രോസ് കേട്ടിട്ട്, താൻ നഗ്നനാകയാൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി. ശേഷം ശിഷ്യന്മാർ കരയിൽനിന്ന് ഏകദേശം ഇരുന്നൂറ് മുഴത്തിൽ അധികം ദൂരത്തല്ലായ്കയാൽ മീൻ നിറഞ്ഞ വല ഇഴച്ചുംകൊണ്ട് ചെറിയ പടകിൽ വന്നു. കരയ്ക്ക് ഇറങ്ങിയപ്പോൾ അവർ തീക്കനലും അതിന്മേൽ മീൻ വച്ചിരിക്കുന്നതും അപ്പവും കണ്ടു. യേശു അവരോട്: ഇപ്പോൾ പിടിച്ച മീൻ ചിലത് കൊണ്ടുവരുവിൻ എന്ന് പറഞ്ഞു. ശിമോൻ പത്രോസ് കയറി നൂറ്റമ്പത്തിമൂന്ന് വലിയ മീൻ നിറഞ്ഞ വല കരയ്ക്കു വലിച്ചു കയറ്റി; അത്ര വളരെ ഉണ്ടായിരുന്നിട്ടും വല കീറിയില്ല. യേശു അവരോട്: വന്നു പ്രാതൽ കഴിച്ചുകൊൾവിൻ എന്നു പറഞ്ഞു." യോഹന്നാൻ 21 : 7 – 12*

വന്നു പ്രാതൽ കഴിച്ചുകൊൾവിൻ! വിശന്നു വലഞ്ഞാണ് ആ ഏഴു ശിഷ്യന്മാർ യുദ്ധം ചെയ്യുന്നതുപോലെ കടലിൽ വല വീശിക്കൊണ്ടിരുന്നത്. എന്നാൽ പെട്ടെന്ന് കാര്യങ്ങൾ തിരിഞ്ഞു വന്നു. യേശു കരയിൽ നിന്നു സംസാരിച്ചു. അപ്പോൾ അവർക്ക് സുഭിക്ഷമായി ആഹാരം കിട്ടി. വല നിറയെ മീൻ കിട്ടി.

അതുവരെ അദ്ധ്വാനിച്ചിട്ട് ഒന്നും കിട്ടാതെ അലയുകയായിരുന്നു. ഒന്നും കിട്ടാത്ത ആ ഭാഗത്തു തന്നെ ഒട്ടേറെ മീനിനെ പിടിക്കാൻ കഴിഞ്ഞു. വല അവർക്ക് ഭാരമുള്ളതായി തീരത്തക്കവണ്ണം അത്രമാത്രം മത്സ്യം വലയിൽ കിട്ടി.

മുന്നോട്ടുള്ള വാതിലുകളെല്ലാം അടഞ്ഞ്, ഒരു സമാധാനവുമില്ലാതെയിരിക്കുന്ന ചിലരെങ്കിലും ഇത് വായിക്കുന്നുണ്ടാകും. യേശു നിൽക്കുന്നിടത്ത് നിങ്ങൾ എത്തിയാൽ, നിങ്ങളുടെ ഒന്നുമില്ലായ്മ യേശുവിന്റെ മുമ്പിൽ തുറന്നു പറഞ്ഞാൽ ശൂന്യമായിപ്പോയ സ്ഥലത്ത് ധാരാളം ആഹാരം തരും. ഇത് അനേകരുടെ അനുഭവമാണ്.

നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി തരുവാൻ ശക്തിയുള്ള ദൈവം നിങ്ങൾക്കു നിറപടിയായി തരും. നിങ്ങളുടെ ജീവിതത്തിൽ പാപം എന്നു പേർ പറയുന്നതൊന്നുമില്ലാതെ വിശുദ്ധിയെ കൈമുതലാക്കിക്കൊണ്ട് നിൽക്കുമെങ്കിൽ നിങ്ങൾക്ക് ഒന്നിനും മുട്ടുണ്ടാകയില്ല.

ദൈവഭയം, അതൊരു സ്വത്താണ്. യേശുക്രിസ്തു ഒരു സ്വത്താണ്. വിശ്വാസം ഒരു സമ്പത്താണ്. ഒരു ദൈവമുണ്ട്, ആ ദൈവം എന്നെ കാണുന്നു. ആ ദൈവം എന്നെ സ്നേഹിക്കുന്നു. യേശു ജീവിക്കുന്നു. എന്റെ ഹൃദയത്തിന്റെ ലാക്കും ലക്ഷ്യവും യേശു കാണുന്നു. എങ്ങനെയും എന്നെ സ്വർഗ്ഗത്തിലെത്തിക്കാൻ യേശു അദ്ധ്വാനിക്കുന്നു.

ഞാൻ ഇതറിയാതെ നിത്യനരകത്തിലേക്ക് പോകുമ്പോൾ യേശുവിന്റെ സ്നേഹം എന്നെ തടഞ്ഞു നിർത്തി എന്നെ നിത്യവചനത്തിലേക്ക് കൊണ്ടുവരുന്നു. യേശു എന്നെ അറിയുന്നു. എന്നെ കാണുന്ന ദൈവത്തെ ഞാൻ വേദനിപ്പിക്കാൻ പാടില്ല.

ഞാൻ നാശത്തിലേക്ക് പോകുന്നത് കർത്താവിന് ദു:ഖമാണ്. ഞാൻ പടുകുഴിയിലേക്ക് വീഴുന്നത്, നരകത്തിന്റെ

തീപ്പൊയ്കയിലേക്ക് പോകുന്നത് കർത്താവിന് അത്യന്തം വേദനയാണ്. അതുകൊണ്ട് കർത്താവിന്റെ വചനം തന്ന് എന്നെ രക്ഷിക്കാൻ ശ്രമിക്കുന്നു. അത് നോക്കാതെ ഞാൻ തിന്മയിലേക്ക് പോകുമ്പോൾ എന്നെ രക്ഷിക്കാനുള്ള കർത്താവിന്റെ പരിശ്രമം തകർന്നുപോകുന്നതുകൊണ്ട് കർത്താവ് വേദനിക്കുന്നു. നിങ്ങൾ ഇന്നു തീരുമാനിക്കൂ: ഞാൻ ദൈവഭയമുള്ളവനായി ജീവിക്കും. പിന്നെ അരുതാത്ത വാക്ക് നാവിൽ വരില്ല. ശാപത്തിന്റെ വാക്ക് വരില്ല. പരദൂഷണ ത്തിന്റെ വാക്ക് വരില്ല. മറ്റുള്ളവരെ വിധിക്കുന്ന വാക്ക് വരില്ല. ദൈവസ്നേഹം വാക്കുകളിൽ പൊതിഞ്ഞു നിൽക്കും.

2016 ആഗസ്റ്റ് മാസത്തിൽ ഞാൻ ലേക്ഷോർ ഹോസ്പിറ്റലിൽ വളരെ പ്രയാസമായ രീതിയിൽ കിടക്കുകയായിരുന്നു. ഞാൻ എഴുന്നേൽക്കുമെന്നോ പ്രസംഗിക്കുമെന്നോ ചിന്തിച്ചിട്ടില്ല. ശബ്ദം തീരെ ഇല്ലായിരുന്നു. എന്നാൽ ദൈവം ആയുസ്സ് നീട്ടിത്തന്നു. എല്ലാം ദാനം. എല്ലാം ഏറ്റെടുക്കുന്ന ക്രിസ്തുവിനെ എനിക്കു കിട്ടി.

യേശുവിനെ നിങ്ങൾ ഹൃദയത്തിലേക്ക് സ്വീകരിക്കൂ. യേശുവുള്ളവരായി ജീവിക്കാൻ നിങ്ങൾ തീരുമാനിക്കൂ. എന്റെ പ്രിയൻ പോയ പാതയിൽക്കൂടി, നിന്ദയുടെയും അപമാനത്തിന്റെയും അവഹേളനത്തിന്റെയും പാതയിൽക്കൂടി ഞാനും എനിക്കു ലഭിച്ചിരിക്കുന്ന കുരിശുവഹിച്ചുകൊണ്ട് പിന്നാലെ വരുന്നു. സ്വർഗ്ഗീയ യെരൂശലേമിലേക്കുള്ള തീർത്ഥയാത്രാസംഘത്തിൽ ഞാനും ചേരുന്നു.

യേശു കൂടെയുണ്ടെങ്കിൽ നിറവാണ്. എന്തെങ്കിലും ഇല്ലെന്നു തോന്നിയാലും ആവശ്യമായ സമയത്ത് എല്ലാം ഉളവായി വരും. തത്വങ്ങൾ അറിഞ്ഞിട്ട് കാര്യമില്ല, നിങ്ങൾ അനുഭവിക്കണം. എങ്ങനെ ഓരോ ദിവസം തള്ളിനീക്കും എന്നോർത്ത് വിഷമിക്കുന്ന എത്രയെത്ര ജീവിതങ്ങൾ! അവർ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല.

ഇത്രയും കാലം അദ്ധ്വാനിച്ചിട്ടും ഒന്നും നേടാത്ത

അനേകരുണ്ട്. നിങ്ങൾ ഒന്നും നേടിയില്ലെങ്കിലും യേശു നിങ്ങൾക്കുവേണ്ടി സമ്പാദിച്ചു തരും.

*"ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല" സങ്കീർത്തനങ്ങൾ 34 : 10*

*"ഞാൻ ബാലനായിരുന്നു; വൃദ്ധനായിത്തീർന്നു; നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല." സങ്കീർത്തനങ്ങൾ 37 : 25*

ക്രിസ്തു തരുന്ന നീതീകരണം അനുഭവിച്ചുകൊണ്ട് നീ ഒരു നീതിമാനായി നിൽക്കുമോ? നിന്റെ ജീവിതത്തിൽ ഇതുവരെ വന്നുപോയ അപാകതകളെല്ലാം മായിച്ചു തരുന്ന ക്രിസ്തുവിനെ സ്നേഹിച്ചുകൊണ്ട് ഒരു നീതിമതിയായി ജീവിക്കുമോ? എങ്കിൽ ഒരിക്കലും നിനക്ക് മുട്ടു വരികയില്ല.

വിശുദ്ധിക്കുവേണ്ടി നിങ്ങളുടെ ജീവിതം ഭരമേല്പിച്ചാൽ കർത്താവ് നിങ്ങളുടെ ജീവിതം ഏറ്റെടുക്കും. ആ തിരുരക്തം പുരണ്ട കരത്തിലേക്ക് നിങ്ങളെ ഏൽപ്പിച്ചാൽ അവൻ നിങ്ങളെ സംരക്ഷിച്ചുകൊള്ളും.

യേശു കടൽക്കരയിൽ നിന്നു. മൂന്നരക്കൊല്ലം തന്റെ കൂടെ നടന്ന ശിഷ്യന്മാർ ഇപ്പോൾ തളർന്നു പോയിരിക്കുകയാണെന്ന് യേശുവിനറിയാം. അവർ പാപമൊന്നും ചെയ്തില്ല. എങ്കിലും അവരുടെ പ്രത്യാശ നഷ്ടപ്പെട്ടുപോയിരിക്കുന്നു. വിശ്വാസം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

കർത്താവ് എന്നാലും അവരെ വിട്ടുപോയില്ല. അവർ തന്നെ മറന്നു എന്നുള്ളതുകൊണ്ട് കർത്താവ് അവരെ മറന്നില്ല. കർത്താവ് അവരെ ഓർത്തുകൊണ്ട് അവർ എവിടംവരെ പോയോ അവിടംവരെയും ചെന്നു.

അതാണ് ഇന്നും നടക്കുന്നത്. നിങ്ങൾ എവിടംവരെ

പോയോ അവിടംവരെയും യേശു നിങ്ങളുടെ പിന്നാലെ നടക്കുകയാണ്. നിങ്ങൾ ഏതെല്ലാം അപകടകരമായ സാഹചര്യത്തിൽ വീണുപോയോ അവിടംവരെയും യേശു നിങ്ങളെ തേടി വരികയാണ്. നിങ്ങൾ അങ്ങോട്ടു ചെല്ലാൻ യേശു ആഗ്രഹിക്കുകയല്ല, യേശു നിങ്ങളെ തേടി വരികയാണ്.

തിബര്യാസ് കടൽക്കരയിൽ യേശു വന്നു നിന്നു. കൂട്ടുവാൻ വല്ലതുമുണ്ടോ എന്നു ചോദിച്ചു. ഒന്നും കിട്ടിയിട്ടില്ല. ജോലി എല്ലാം വ്യർത്ഥമായിപ്പോയി. യേശുവിന്റെ ശബ്ദം കേട്ടു, പത്രോസ് അങ്കി അരയിൽ ചുറ്റി വെള്ളത്തിലേക്കു ചാടി.

പത്രോസ് എല്ലാം ധൃതഗതിയിൽ ചെയ്യുന്നയാളാണ്. സമർപ്പണമെടുക്കുന്നതും തള്ളിപ്പറയുന്നതും ധൃതഗതിയിൽ.

പത്രോസ് കർത്താവിന്റെ അടുക്കലേക്കു ചെന്നു. യേശു ചോദിച്ചു: കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതുമുണ്ടോ? അവരുടെ കൈയിൽ ഒന്നുമില്ല. ഒന്നും കിട്ടിയില്ല.

അവർ ഓരോരുത്തരായി കരയിലേക്കു വന്നു. വെള്ളത്തിന്റെ ഓളങ്ങളിൽ അദ്ധ്വാനിച്ച് ഒരുപക്ഷേ വിയർത്തൊലിച്ചായിരിക്കും വരുന്നത്. നല്ല വിശപ്പും ദാഹവുമുണ്ടായിരിക്കും. അവർ വന്നപ്പോൾ എന്താണ് കണ്ടത്?

> *"യേശു സ്നേഹിച്ച ശിഷ്യൻ പത്രോസിനോട്: അത് കർത്താവ് ആകുന്നു എന്നു പറഞ്ഞു; കർത്താവ് ആകുന്നു എന്ന് ശിമോൻ പത്രോസ് കേട്ടിട്ട്, താൻ നഗ്നനാകയാൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി. ശേഷം ശിഷ്യന്മാർ കരയിൽ നിന്ന് ഏകദേശം ഇരുന്നൂറു മുഴത്തിൽ അധികം ദൂരത്തല്ലായ്കയാൽ മീൻ നിറഞ്ഞ വല ഇഴച്ചുംകൊണ്ട് ചെറിയ പടകിൽ വന്നു. കരയ്ക്ക് ഇറങ്ങിയപ്പോൾ അവർ തീക്കനലും അതിന്മേൽ മീൻ വച്ചിരിക്കുന്നതും അപ്പവും കണ്ടു. യേശു*

*അവരോട്: ഇപ്പോൾ പിടിച്ച മീൻ ചിലത് കൊണ്ടുവരുവിൻ എന്നു പറഞ്ഞു."*

*യോഹന്നാൻ 21 : 7 – 10*

കരക്കിറങ്ങിയപ്പോൾ അപ്പവും മീനും ചൂടോടെ വച്ചിരിക്കുന്നു. പണത്തിന് ഞെരുക്കമുള്ളവർ, ആഹാരത്തിന് പ്രയാസമുള്ളവർ, മക്കളെ പഠിപ്പിക്കാൻ പൈസയില്ലാത്തവർ, മകളുടെ വിവാഹം കഴിച്ചുകൊടുക്കാൻ മാർഗ്ഗമില്ലാത്തവർ, ഒട്ടേറെ പൈസ മുടക്കിയിട്ടും ഒരു പിഞ്ചുകുഞ്ഞിനെ കാണുവാൻ സാധിക്കാത്തവർ, എല്ലാവരും യേശുവിന്റെ മുമ്പിലേക്ക് വരട്ടെ. ഓടിയണയട്ടെ യേശുവിന്റെ പാദപീഠത്തിലേക്ക്.

ആ വലിയ വല നിറയെ മീനുമായിട്ട് അവർ കരയിലേക്ക് വന്നു. എന്തെങ്കിലും നിങ്ങളുടെ കൈയിൽ സമൃദ്ധിയായി ഉണ്ടോ? വിദ്യാഭ്യാസം സമൃദ്ധിയായി ലഭിച്ചവരുണ്ടാകും. വരുമാനം സമൃദ്ധിയായി കിട്ടിയവരുണ്ടാകും. സാഹചര്യം സമൃദ്ധിയായി കിട്ടിയവരുണ്ടാകും. സമൃദ്ധിയായി മറ്റുള്ളവരുടെ ഒത്താശ കിട്ടിയവരുണ്ടാകും. എന്നാൽ അതും യേശുവിന്റെ മുമ്പിലേക്ക് കൊണ്ടുവരിക.

കിട്ടിയ അനുഗ്രഹങ്ങൾ യേശുവിന്റെ മുമ്പിലേക്ക് കൊണ്ടുവരിക. ബുദ്ധിയുള്ള കുഞ്ഞുങ്ങളെ കൊണ്ടുവരിക. കർത്താവ് നിനക്ക് സ്നേഹമുള്ള ഭർത്താവിനെ തന്നു. അദ്ദേഹത്തെയും യേശുവിന്റെ മുമ്പിലേക്ക് കൊണ്ടുവരിക. സ്നേഹമുള്ള ഭാര്യയെ യേശു നിനക്ക് തന്നു. അവളെയും കൊണ്ടുവരിക. അതിന്റെ കൂടെ രോഗഗ്രസ്തനായ കുഞ്ഞിനെയും കൊണ്ടുവരിക.

എല്ലാം കൊണ്ടുവന്നാൽ വാഴ്ത്താൻ, കൊണ്ടുവരുന്നതെല്ലാം അനുഗ്രഹിക്കാൻ യേശുവുണ്ട്.

"ഇപ്പോൾ പിടിച്ച മീൻ ചിലത് കൊണ്ടുവരുവിൻ" എന്ന് യേശു പറഞ്ഞു. ഇന്നത്തെ സാക്ഷ്യമെന്താണ്, അത് കൊണ്ടുവരിക. വർഷങ്ങൾക്കുമുമ്പ് നിനക്ക് സാക്ഷ്യമുണ്ട്.

എന്നാൽ ഈ അടുത്ത ദിവസം ഉണ്ടായ അനുഭവം കൊണ്ടു വരിക. ഒരു വിശ്വാസിക്ക് എന്നുമെന്നും അനുഗൃഹീതമായ അനുഗ്രഹങ്ങളാണ്.

കർത്താവ് കടൽക്കരയിൽ ഇരുന്നു വിളിച്ചു പറഞ്ഞു: "അപ്പവും മീനുമിരിക്കുന്നു. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ." വിശന്നുപൊരിഞ്ഞാണ് അവർ ജോലി ചെയ്തത് എന്ന് യേശുവിനറിയാം.

പത്രോസിന്റെ ഉള്ളിൽ ഒരു ആന്തലുണ്ട്. ഞാൻ പ്രാതൽ കഴിച്ചാലും എന്റെ കഫർന്നഹൂമിലെ ആ ഭവനത്തിൽ പട്ടിണിയാണല്ലോ. കൊണ്ടുചെല്ലാൻ ഒന്നും കിട്ടിയിട്ടില്ലല്ലോ. എന്നാലും കർത്താവ് പറഞ്ഞതല്ലേ, കഴിക്കാം.

അതോടൊപ്പം പത്രോസിന്റെ ഹൃദയത്തിൽ വേറൊരു ചിന്തകൂടി വരുന്നുണ്ട്. എല്ലാവരും കഴിക്കുന്നുണ്ട്. എന്നാൽ എനിക്ക് വാങ്ങാൻ യോഗ്യതയില്ലല്ലോ. മുന്നറിയിപ്പു തന്നിട്ടും ഞാൻ തള്ളിപ്പറഞ്ഞവനല്ലേ? ഞാൻ ഒരു അവിശ്വാസിയായി പ്പോയി. തിബര്യാസ് കടലിലേക്ക് ഇവരെയും വിളിച്ചുകൊണ്ടു വന്നത് ഞാനാണല്ലോ. എനിക്ക് ഇവരുടെ കൂടെയിരിക്കാൻ യോഗ്യതയില്ല. ഞാനാണല്ലോ ഇവരും തെറ്റു ചെയ്യാൻ കാരണക്കാരനായത്. പത്രോസിന് ലജ്ജയുണ്ട്; ഒരു വിഷാദമുണ്ട്.

പത്രോസിന്റെ മുഖത്തെ ആ ഭാവം കർത്താവ് ശ്രദ്ധിച്ചു. ക്രിസ്തുവിനെ വിട്ടുപോയപ്പോഴും ക്രിസ്തു അവർക്കുവേണ്ടി പ്രാതൽ ഒരുക്കി.

Come and dine! "നിങ്ങൾ വന്ന് അത്താഴം കഴിച്ചു കൊൾവിൻ." അവർ സന്ധ്യയ്ക്കുമുമ്പേ കടലിൽ പോയതാണ്. രാത്രിയൊന്നും കഴിച്ചിട്ടില്ല. ഇതൊരു ഡിന്നറാണ്, ബ്രേക്ക് ഫാസ്റ്റുമാണ്.

ഇന്ന് നിങ്ങൾക്കുവേണ്ടി കർത്താവ് പ്രാതൽ ഒരുക്കുകയാണ്. അത്യന്തം ശ്രേഷ്ഠമായ ഭോജനമൊരുക്കി ക്കൊണ്ട് നിങ്ങളെ മാടി വിളിക്കുകയാണ്. വരുവിൻ, നിങ്ങൾ

വെളിച്ചത്തിൽ നടപ്പിൻ. ആശ്വാസം പ്രാപിപ്പിൻ. സമാധാനം പ്രാപിപ്പിൻ.

Come and rest! വന്നു വിശ്രമം പ്രാപിപ്പിൻ! Come and dine! വന്ന് ആഹാരം കഴിപ്പിൻ! Come and learn! വന്ന് പഠിപ്പിൻ!

> *"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം എറ്റുകൊണ്ട് എന്നോട് പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു."*
>
> *മത്തായി 11 : 28 – 30*

ആ നുകത്തിൻ കീഴിലേക്ക് വരുവാൻ നിങ്ങൾക്ക് താത്പര്യമുണ്ടോ? ആ നിയന്ത്രണത്തിൻ കീഴിലേക്ക് വരുവാൻ താത്പര്യമുണ്ടോ? ചെറുപ്രായത്തിൽ അപ്പനും അമ്മയും നിയന്ത്രിച്ചു, നല്ലതാണ്. മാതാപിതാക്കളുടെ നിയന്ത്രണത്തിൻ കീഴിലിരിക്കുന്നത് ഒരു അടിമത്വമാണെന്നു നിങ്ങൾക്ക് തോന്നരുത്. ചെറുപ്പക്കാർക്ക് അങ്ങനെ തോന്നും.

ഇന്ന് യൗവ്വനക്കാരുടെ ഏറ്റവും വലിയ ശത്രു അവരുടെ മാതാപിതാക്കളാണ്. പിന്നെ അദ്ധ്യാപകരും. എല്ലാത്തിലും അവരെ തടങ്കലിടുകയാണ്. അങ്ങോട്ടു നോക്കാൻ പാടില്ല, ഇങ്ങോട്ട് നോക്കാൻ പാടില്ല. ഇങ്ങനെ എപ്പോഴും പിന്നിൽ നിന്ന് നിർബ്ബന്ധിക്കുന്നു.

അനേകർക്കും മാതാപിതാക്കളുടെ നിയന്ത്രണം ഇഷ്ടമല്ല. മാതാപിതാക്കളുടെ ചൊൽപ്പടിക്കു നിൽക്കാൻ പ്രയാസമാണ്. മാതാപിതാക്കൾ പറയുന്നത് അനുസരിക്കാൻ പ്രയാസമാണ്. നഷ്ടമാണെന്ന് അവർ അറിയുന്നില്ല. ചെറുപ്രായത്തിൽ അപ്പനെയും അമ്മയെയും അനുസരിക്കാതിരിക്കുന്നതും

അദ്ധ്യാപകരുടെ മുമ്പിൽ വിനയപ്പെടാതിരിക്കുന്നതും തീരാനഷ്ടമാണ്. ദൈവത്തിന്റെ കരുതൽ മാതാപിതാക്കളിൽക്കൂടി നമുക്കു ലഭിക്കുന്നുണ്ട്. അത് പ്രയോജനകരമാണ്.

ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചുപോയതുകൊണ്ട് എന്റെ അമ്മയാണ് എന്നെ വളർത്തിയത്. ഒരു അദ്ധ്യായമെങ്കിലും വേദപുസ്തകം വായിക്കണമെന്നു നിർബ്ബന്ധമായിരുന്നു. ആ പരിശീലനം മുന്നോട്ടുപോയി. എനിക്ക് യേശുവിനെ നേരിട്ട് കിട്ടിക്കഴിഞ്ഞപ്പോൾ യേശുവിന്റെ വചനം എനിക്ക് മധുരമായിത്തീർന്നു.

തിരുവചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ ചിലപ്പോൾ കരയും. ചിലപ്പോൾ കണ്ണുനീർ വേദപുസ്തകത്തിന്റെ താളിൽ വീഴും. വേദപുസ്തകം പരിപാവനമായി ഞാൻ കരുതുന്നു. വേദപുസ്തകം എനിക്ക് നിധിയാണ്. എനിക്ക് പലതും അറിയാൻ വയ്യ എങ്കിലും എനിക്കിത് നിത്യസത്യങ്ങളാണ്. തേനിലും തേൻകട്ടയിലും മധുരമാണ്.

നിങ്ങൾക്ക് ബൈബിൾ വായിക്കുന്നത് ഇഷ്ടമാണോ? ചെറുപ്പക്കാരോട് ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ അപ്പനും അമ്മയും പറയാതെ നിങ്ങൾ വേദപുസ്തകം വായിക്കുവാൻ തുടങ്ങുമോ? അഭിവൃദ്ധി കിട്ടും. മാതാപിതാക്കളെ അനുസരിക്കുക, ബഹുമാനിക്കുക, ഗുരുജനങ്ങളെ ആദരിക്കുക.

കർത്താവിന്റെ ശിഷ്യന്മാർ ഏഴുപേരും പന്തിയിലിരിക്കുകയാണ്. പക്ഷേ, പത്രോസിന്റെ മുഖത്തൊരു മ്ലാനത. എന്നാലും ഞാൻ തള്ളിപ്പറഞ്ഞവനല്ലേ? എന്റെ പഴയകാല ജീവിതം അങ്ങനെയല്ലേ? എനിക്ക് ഈ കൂട്ടത്തിൽ ഇരിക്കാൻ യോഗ്യതയുണ്ടോ?

സഹോദരങ്ങളേ, നിങ്ങൾ അങ്ങനെ ചിന്തിച്ചാൽ കർത്താവ് ദു:ഖിക്കും. എനിക്ക് തെറ്റ് പറ്റിയതല്ലേ? ഞാൻ ഇവിടെ ഇരുന്നാൽ അനുഗ്രഹം പകരുന്നതിന് തടസ്സമായി വരുമോ? ചിന്തിക്കരുത്. നിങ്ങളുടെ നിരാശകൾ മാറ്റുക.

ചേർന്നു വന്നിരിക്കുക. പത്രോസ് ചേർന്നുവന്നിരുന്നു. പ്രാതൽ കഴിച്ചു.

> *"അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രോസിനോട്: യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിച്ചു."*
>
> *യോഹന്നാൻ 21 : 15*

കർത്താവിനറിയാം ശിമോൻപത്രോസിന്റെ മനസ്സ് തണുത്തുറഞ്ഞ്, വിഷാദിച്ചിരിക്കുകയാണ്. തനിക്ക് ഇവിടെ ഇരിക്കാൻ യോഗ്യതയില്ല എന്ന് ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. കർത്താവ് ശീമോനെ വിളിച്ച് തോളിൽ കൈയിട്ടുകൊണ്ട് കുറച്ചങ്ങ് മാറിപ്പോയി വാത്സല്യത്തോടെ ചോദിച്ചു: ''യോഹന്നാന്റെ മകനായ ശീമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" പത്രോസ് ഞെട്ടിപ്പോയി.

ഒരിക്കലും പരിഭവിക്കാത്ത, ഒരിക്കലും തള്ളിക്കളയാത്ത നിത്യസ്നേഹമാണ് കർത്താവായ യേശുക്രിസ്തു! ജീവനുള്ള ക്രിസ്തു പത്രോസിന്റെ ഹൃദയത്തിലേക്ക് ഉറ്റുനോക്കി ക്കൊണ്ട് ചോദിക്കുകയാണ്: "യോഹന്നാന്റെ മകനായ ശീമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?"

പത്രോസ് ഒന്ന് ചിന്തിച്ചു. സ്നേഹിക്കുന്നു എന്ന് പറയാനുള്ള യോഗ്യത എനിക്കില്ല. അത് സ്വർഗ്ഗീയസ്നേഹമാണ് 'അഗപ്പെ.' എന്നാൽ പത്രോസ് പറഞ്ഞു: "എനിക്ക് നിന്നോട് പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ." 'ഫീലിയോ' എന്നാണ് ആ വാക്കിന്റെ അർത്ഥം.

ദൈവത്തിന്റെ സ്നേഹം, അതാണ് അഗപ്പെ. ആ സ്നേഹമാണ് നമ്മോട് സംസാരിക്കുന്നത്. ആ സ്നേഹമാണ് നമ്മെ ഉണർത്തുന്നത്. ആ സ്നേഹത്തിന്റെ അഗ്നി നമ്മുടെ ഹൃദയത്തിൽ കത്തിയാൽ അത് വലിയൊരു സ്ഫോടനമായി രിക്കും. നാം അനേകം സ്ഥലങ്ങളിലേക്ക് യേശുവിന്റെ വചനം

പറഞ്ഞുകൊണ്ട് ഓടും.

ഓരോരുത്തരോടും യേശുവിനെക്കുറിച്ച് പറയാൻ നമ്മുടെ ഹൃദയം വെമ്പൽകൊള്ളും. എന്നെ കാണിക്കാനല്ല, എന്റെ കൂട്ടായ്മയെ കാണിക്കാനല്ല, എന്റെ യേശുവിനെ കാണിക്കാൻ.

അവൻ പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേർപെട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ! ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കുവേണ്ടിയത് (എബ്രായർ 7 : 26). ആ യേശുവിനെയാണ് നിങ്ങൾ നോക്കേണ്ടത്.

*"അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല."*

*സങ്കീർത്തനങ്ങൾ 34 : 5*

സാക്ഷാൽ സ്നേഹമായ യേശുവിലേയ്ക്ക്, വ്യവസ്ഥയില്ലാത്ത സ്നേഹത്തിലേക്ക് നോക്കുക. സ്നേഹം നിറഞ്ഞൊഴുകുന്ന ക്രൂശിലേക്ക് നിങ്ങൾ നോക്കുക.

Heavenly Love – സ്വർഗ്ഗീയ സ്നേഹം!

Godly Love – ദൈവികസ്നേഹം! അതാണ് 'അഗപ്പെ.'

കർത്താവ് ചോദിച്ചു: നീ എന്നെ സ്നേഹിക്കുന്നുവോ? ഇല്ല കർത്താവേ, സ്നേഹം എന്നു പറയാൻ യോഗ്യതയില്ല. പ്രിയമുണ്ട്. 'ഫീലിയോ.' സ്നേഹത്തിന് പിന്നേയും ചില വാക്കുകളുണ്ട്. 'Storge' - വാത്സല്യം, മാതാപിതാക്കളുടെ സ്നേഹത്തിനു പറയുന്ന വാക്കാണ്.

'Eros' ലൈംഗിക സ്നേഹമാണ്.

പക്ഷേ, ഈ സ്നേഹമൊന്നുമല്ല കർത്താവ് ഉദ്ദേശിച്ചത്. Heavenly Love! യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?

നിങ്ങൾക്ക് കർത്താവിനോട് സ്നേഹമുണ്ടോ? ഞാൻ പാപിയായിരുന്നു എന്നിട്ടും യേശു എന്നെ സ്നേഹിച്ചു. സ്നേഹത്തിനുവേണ്ടി ദാഹിച്ചുകൊണ്ട് യേശു നിങ്ങളുടെ നേരെ ആശയോടെ നോക്കുന്നു.

കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നുള്ള ഒരു വാക്ക് കേൾക്കാൻ യേശു ആഗ്രഹിക്കുന്നു. യേശുവേ, മറ്റെന്തിനേക്കാളും കൂടുതൽ ഞാൻ നിന്നെ സ്നേഹിക്കുന്നു. ഇന്നുമുതൽ യേശുവിനെ സ്നേഹിക്കുന്ന ഒരു പ്രിയപൈതലായി ഞാൻ ജീവിക്കും. പാപത്തെ വെറുത്തുകൊണ്ട് യേശുവിനെ സ്നേഹിക്കുന്ന ഒരു പുതിയ ജീവിതം ഞാൻ നയിക്കും.

# നാല്

യേശു പത്രോസിനെ വേറിട്ടു കൂട്ടിക്കൊണ്ടുപോയി, പത്രോസിന്റെ കണ്ണുകളിലേക്കു നോക്കി. പത്രോസിന്റെ ഹൃദയത്തിലേക്ക് നോക്കി. ഹൃദയത്തെ പിളർക്കുന്ന നോട്ടമായിരുന്നു അത്.

യേശു വിതുമ്പലോടെ അവനോട് ചോദിച്ചു: യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവരിലെല്ലാമധികമായി എന്നെ സ്നേഹിക്കുന്നുവോ? ഇവയിലെല്ലാമധികമായി എന്നെ സ്നേഹിക്കുന്നുവോ? ഈ പ്രിയപ്പെട്ട ശിഷ്യന്മാർ എന്നെ സ്നേഹിക്കുന്നതിലധികമായി എന്നെ സ്നേഹിക്കുന്നുവോ? ഈ പടകിനെക്കാളും വലയെക്കാളും അധികമായി എന്നെ സ്നേഹിക്കുന്നുവോ?

പിന്നീട് പത്രോസിന്റെ ജീവിതകാലത്ത് എന്നും കോഴികൂകുമ്പോൾ ഞെട്ടിയുണരും. യേശുവിനെ തള്ളിപ്പറഞ്ഞതോർത്ത് കരയാൻ തുടങ്ങും. പത്രോസ് കരഞ്ഞു കരഞ്ഞ് ആ കവിളുകളിൽ രണ്ട് ചാലുകൾ ഉണ്ടായി എന്ന് പിതാക്കന്മാർ പറയുന്നു.

ഈ സ്നേഹം നിങ്ങൾ കണ്ടെത്തിയാൽ മക്കളേക്കാൾ, ഭർത്താവിനേക്കാൾ, ഭാര്യയേക്കാൾ കൂടുതലായി കർത്താവിനെ സ്നേഹിച്ചുപോകും. എല്ലാവരേക്കാളുമധികമായുള്ള സ്നേഹം!

ഈ ഭൂമിയിലെ ആളുകളുടെ സ്നേഹത്തിന് പരിമിതികളുണ്ട്. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തിന് അതിരുകളില്ല. ഈ സ്നേഹത്തിന്റെ മാധുര്യം

അനുഭവിച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. എല്ലാം മറക്കുകയും പൊറുക്കുകയും ചെയ്യുന്ന സ്നേഹം! അശുദ്ധനെ വിശുദ്ധനാക്കുന്ന സ്നേഹം! മഹാപാപിയെ പരിശുദ്ധന്മാരിലൊരുത്തനാക്കുന്ന സ്നേഹം!

ആ സ്നേഹം നിങ്ങളുടെ ഹൃദയത്തിൽ വന്ന് മുട്ടുകയാണ്. മകനേ, മകളേ, നിന്റെ ഹൃദയം എനിക്കു തുറന്നു തരാമോ? ഞാനകത്തു പ്രവേശിക്കട്ടെ. നീ സമ്മതിക്കാതെ എനിക്ക് അകത്തേക്ക് വരുവാൻ സാദ്ധ്യമല്ല. നിന്റെ ഹൃദയം തുറന്ന് നീ എന്നെ ക്ഷണിച്ചാൽ ഞാൻ അകത്തേക്കു വരാം. ഞാൻ അകത്തു വന്നാൽ പിന്നെ വിശിഷ്ടഭോജനമാണ്. ശ്രേഷ്ഠമായ അത്താഴമാണ്.

> *"ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."*
>
> *വെളിപ്പാട് 3 : 20*

ഈ വിരുന്നുമേശയിൽ നിങ്ങളിരുന്നിട്ടുണ്ടോ? കടന്നുപോയ വിശുദ്ധന്മാരുടെ കൂടെ ചേർന്നിരുന്ന് കർത്താവിന്റെ സാന്നിദ്ധ്യം അനുഭവിച്ചിട്ടുണ്ടോ? ഒന്നും അവകാശപ്പെടാനും അഭിമാനിക്കാനും വകയില്ല. ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ അപമാനഭാരംകൊണ്ട് ലജ്ജിക്കാനേ വകയുള്ളൂ.

ഈ ഹൃദയത്തിൽ വ്യാജമുണ്ട്, വക്രതയുണ്ട്, കളവുണ്ട്, വഞ്ചനയുണ്ട്, ക്രൂരതയുണ്ട്, അശുദ്ധിയും കൊള്ളരുതായ്മയുമുണ്ട്, ദ്രവ്യാഗ്രഹമുണ്ട്, സ്ഥാനമോഹമുണ്ട്, മറ്റുള്ളവരുടെ പ്രീതിക്കുവേണ്ട ആഗ്രഹമുണ്ട്. ലോകത്തിന്റെ അടിമയായി ജീവിച്ചു.

യേശുവിന്റെ അടുക്കലേക്ക് ഓടിയണഞ്ഞുകൊണ്ട് യേശുവിനോട് പറയുവിൻ: കർത്താവേ, എന്റെ നിസ്സാര

ജീവിതം നിനക്ക് തുറന്നു തരുന്നു. പൂർണ്ണമനസ്സോടെ തരുന്നു. എന്റെ പേരിലുള്ള അക്കൗണ്ട് നിന്റെ പേരിലേക്കും നിന്റെ പേരിലുള്ള അക്കൗണ്ട് എന്റെ പേരിലേക്കും ആക്കിയിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

എന്റെ പാപ്പരായ അക്കൗണ്ട് നിന്റെ പേരിലാക്കിയിട്ട് നിന്റെ സമ്പൽസമൃദ്ധിയുള്ള അക്കൗണ്ട് എന്റെ പേരിലാക്കിയിരിക്കുന്നു. സ്വർഗ്ഗീയ അക്കൗണ്ടിലുള്ള നിധി വിശുദ്ധിയാണ്, സ്നേഹമാണ്. എന്റെ നരകം ഒഴിവാക്കി സ്വർഗ്ഗം എനിക്ക് തരുന്നു. ഇത് കൃപയാണ്.

ഈ അക്കൗണ്ട് ഏറ്റെടുത്തതുകൊണ്ടാണ് യേശു ക്രൂശിൽ മരിച്ചത്. എല്ലാവരുടേയും മുമ്പിൽ നഗ്നനായി യേശു ക്രൂശിൽ കിടന്നു. കുറ്റവാളിയായി എല്ലാവരുടേയും മുമ്പിൽ നിന്നു.

നിങ്ങളുടെ മുമ്പിൽവന്ന് കെഞ്ചുന്ന കരങ്ങളെ നിങ്ങൾ കാണുക. ആ തൃക്കരത്തെ നിങ്ങൾ ഓമനിക്കുക, ചുംബിക്കുക. ആ തൃക്കരത്തിലേക്ക് നിങ്ങളുടെ ജീവിതം വച്ചു കൊടുക്കുക. അവൻ നിങ്ങളെ തൊടട്ടെ. സ്വർഗ്ഗീയ നിക്ഷേപങ്ങൾ തുറന്ന് നിങ്ങളെ അനുഗ്രഹിക്കട്ടെ.

> *"അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രോസിനോട്: യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന് അവൻ: ഉവ്വ്, കർത്താവേ, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേയ്ക്ക എന്ന് അവൻ അവനോട് പറഞ്ഞു." യോഹന്നാൻ 21 : 15*

തള്ളിപ്പറഞ്ഞവനെ വേല ഭരമേല്പ്പിക്കുന്ന സ്നേഹം! തള്ളിപ്പറഞ്ഞവന്റെ കൈയിൽ കുഞ്ഞാടുകളെ ഏല്പിക്കുന്ന സ്നേഹം! കള്ളനും കവർച്ചക്കാരനുമെന്ന് പറയാവുന്നവന്റെ

കൈയിൽ കുഞ്ഞാടുകളെ പിടിച്ചേല്പിക്കുന്ന സ്നേഹം!

നിങ്ങളുടെ കൈയിലേക്ക് ചില ദേശങ്ങളിലെ കുഞ്ഞാടുകളെ ഏല്പിച്ചു തരികയാണ്. ഉടമസ്ഥന്റെ ആലയിൽനിന്ന് തെറ്റിപ്പോയ ചില കുഞ്ഞാടുകൾ. ഇടയന്റെ ആലയിലെ സുഖഭോജനം കഴിച്ചുകൊണ്ടിരുന്ന കുഞ്ഞാടുകളാണ്. എന്നാൽ ഇന്ന് മദ്യവും കഞ്ചാവും കൊള്ളരുതാത്ത ജീവിതവുമായി അലയുന്നു. നല്ല ഭക്ഷണം കിട്ടാതെ വറുതിയിൽ കഴിയുന്ന ചില കുഞ്ഞാടുകൾ. ഇന്ന് നല്ല ഭക്ഷണമെന്ന് പറഞ്ഞു വിളമ്പുന്ന ചില ഭക്ഷണം വിഷമയമാണെന്നറിയാതെ കഴിച്ച് ബോധംകെട്ടു കിടക്കുകയാണ് ചില കുഞ്ഞാടുകൾ.

യേശു പറയുന്നു: എന്നോട് സ്നേഹമുണ്ടെങ്കിൽ എന്റെ കുഞ്ഞാടുകളെ മേയ്ക്കുക. അവർക്ക് മേയാൻ മേച്ചിൽ സ്ഥലങ്ങൾ കാര്യമായിട്ടില്ല. അവർക്ക് സേവിപ്പാൻ യജമാനനില്ല. ഇല്ലാഞ്ഞിട്ടല്ല, അവർ യജമാനനെ വിട്ട് ഓടിയവരാണ്. അവർക്ക് പ്രവർത്തനമേഖലയില്ല. അവർ ചിന്തയില്ലാതിരിക്കുകയാണ്. ആ കുഞ്ഞാടുകളെ നീ മേയ്ക്കുക. അവർക്ക് ഭക്ഷണം കൊടുക്കുക.

ഇതാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് ചെയ്യുന്നത്. കുഞ്ഞാടുകൾക്ക് ആഹാരം കൊടുക്കുന്നു. വചനം പറയാൻ നിൽക്കുന്നതിനുമുമ്പ് ദൈവസന്നിധിയിലിരിക്കുമ്പോൾ: എന്റെ കൈകൾ നിന്റെ അപ്പം കൊണ്ട് നിറയ്ക്കണമേ, എന്റെ നാവിന്മേൽ സ്വർഗ്ഗീയവചനം വരച്ചു തരണമേ, എന്റെ ചുണ്ടിന്മേൽ സ്വർഗ്ഗീയ കനൽ തൊടുവിക്കണമേ എന്നു ഞാൻ പ്രാർത്ഥിക്കാറുണ്ട്.

കുഞ്ഞാടുകൾ ഇന്ന് ഇടയനില്ലാത്ത ആടുകളെപ്പോലെ ഛിന്നഭിന്നമായിപ്പോകുന്നു. ഈ കുഞ്ഞാടുകളെ നോക്കാത്ത ഇടയന്മാരെപ്പറ്റി ബൈബിൾ പറയുന്നത്, 'തുമ്പുകെട്ട ഇടയന്മാരെ'ന്നാണ്. നിങ്ങളാരും തുമ്പുകെട്ട ഇടയന്മാരായിപ്പോകരുത്. ഏല്പിച്ചു കിട്ടിയ കുഞ്ഞാടുകളെ പാലിക്ക എന്ന ഉദ്യോഗം

വിട്ടിട്ട് കുഞ്ഞാടുകളെ കറന്നു പാലെടുത്തു കുടിക്കും, കുഞ്ഞാടുകളെ കൊന്ന് ഇറച്ചി തിന്നും! എത്രയോ ഇടയന്മാർ കുഞ്ഞാടുകളെ കൊന്നുകൊണ്ടിരിക്കുന്നു!

ചിലപ്പോൾ മദ്ബഹായിൽ നിന്നുകൊണ്ടാണ് കുഞ്ഞാടുകളെ കൊല്ലുന്നത്. ആ കൂട്ടായ്മയിൽ പോകരുത് എന്ന് പറയുന്ന ഭീഷണി വാക്കുകളാണ് കുഞ്ഞാടുകളെ ബോധം കെടുത്തുന്നത്. വഴിതെറ്റിപ്പോകുന്ന കുഞ്ഞാടുകൾ അലഞ്ഞു നടക്കുന്നു. ചെന്നായ പിടികൂടുന്നതിനുമുമ്പ് കുഞ്ഞാടിനെ തോളിലേറ്റിക്കൊണ്ടുവന്ന് ഇടയന്റെ ആലയിൽ കൊണ്ടുവന്നു ചേർക്കുക. ഒട്ടും താമസിക്കരുത്.

"നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു." (യോഹന്നാൻ 10:11) ഇടയനും ഉടമസ്ഥനുമല്ലാത്ത കൂലിക്കാർക്ക് ആടുകളെ പുള്ളിപ്പുലി പിടിക്കുന്നതിനെക്കുറിച്ച് ഒരു വേദനയുമില്ല; ആത്മാക്കൾ നശിക്കുന്നതിനെക്കുറിച്ച് ഒരു വേദനയുമില്ല. എന്നാൽ കേസ് നടത്താനുള്ള രൂപയെക്കുറിച്ച് വേദനയുണ്ട്.

ആടുകളെയോർത്ത് കർത്താവിന് സങ്കടമാണ്. അതുകൊണ്ടാണ് യേശു ചോദിച്ചത്: ബർയോനാ ശീമോനേ, നീയെന്നെ സ്നേഹിക്കുന്നുവോ? കർത്താവിനെ സ്നേഹിക്കാതെ ആടുകളെ മേയ്ക്കാൻ സാധിക്കുകയില്ല. ജോലി കിട്ടിയെന്നു പറഞ്ഞ് ആടുകളുടെ പുറകെ പോയിട്ട് കാര്യമില്ല. ഒന്നാമത്തെ യോഗ്യത, എല്ലാറ്റിനേക്കാൾ അധികമായി നീയെന്നെ സ്നേഹിക്കണം. എന്നാൽ നിനക്കെന്റെ ആടുകളെ മേയ്ക്കാം.

തന്നെത്തന്നെ സ്നേഹിച്ചുകൊണ്ട്, തന്നെത്തന്നെ പുഷ്ടിപ്പെടുത്തിക്കൊണ്ട് ആടുകളെ നോക്കുന്ന ഇടയന്മാരുണ്ട്. തന്റെ പേരും പ്രശസ്തിയും ഉയർത്താൻ വേണ്ടി ചെയ്യുന്ന സുവിശേഷ വേലകളുണ്ട്.

നിങ്ങൾക്ക് ഒന്നു തീരുമാനിക്കാമോ? കർത്താവേ, എനിക്ക് വേറെയൊന്നും വേണ്ട. ഒരു പ്രതിഫലവും വേണ്ട.

നിന്റെ സ്നേഹം മാത്രം മതി. നിന്റെ കൃപ മതി. ഒരു വിശുദ്ധനായി ജീവിച്ച് ജീവിതമവസാനിപ്പിക്കാനുള്ള ഭാഗ്യം മാത്രം തന്നാൽ മതി. ഒരു പൂർണ്ണവിശുദ്ധനായി ജീവിച്ച് കർത്താവിന്റെ വേല തികച്ച് നിന്റെ സന്നിധിയിലേക്ക് പറന്നു വരാൻ നീയെന്നെ ഒരുക്കിയാൽ മാത്രം മതി.

ഓരോ ദിവസം ചെല്ലുന്തോറും ഈ സമർപ്പണം പുതുക്കിക്കൊണ്ടിരിക്കണം. പിന്നേയും ആഴത്തിലാഴത്തിൽ തീരുമാനമെടുത്തുകൊണ്ടിരിക്കണം. രക്ഷിക്കപ്പെടുക എന്നത് ഒരിക്കൽ നടക്കുന്ന കാര്യമാണ്; എന്നാൽ വിശുദ്ധനായി തീരുകയെന്നുള്ളത് ഒരു സുദീർഘമായ പ്രക്രിയയാണ്.

നമ്മൾ ദൈവത്തിങ്കലേക്ക് തിരിഞ്ഞാൽ എങ്ങനെയും തകർക്കാനായിട്ട് പിശാച് കാത്തിരിക്കുകയാണ്. നമ്മുടെ ഒരു ബലഹീനവശം എടുത്തു പിടിച്ചുകൊണ്ട് നമ്മെ തകർക്കാൻ, ഈ രംഗത്തുനിന്ന് മാറ്റിക്കളയാൻ നോക്കുകയാണ്.

കൂട്ടായ്മയിൽ സ്ഥിരമായി വരുന്ന ഒരു ദൈവപൈതലിന് കൂട്ടായ്മയിലുള്ള താത്പര്യം കുറഞ്ഞാൽ അതിന്റെ അർത്ഥം പിശാച് പിടികൂടിയെന്നാണ്. ന്യായങ്ങൾ ധാരാളം പറയാനുണ്ടാകും. എന്നും കൂട്ടായ്മയിൽ വരുന്ന ദൈവപൈതലിന് കൂട്ടായ്മയിൽ വരാതെ വീട്ടിലിരിക്കാൻ തോന്നിയാൽ തീർച്ചയായും പിശാച് അവനെ പിടികൂടും, സംശയമില്ല.

നീ രക്തവലയത്തിനകത്തിരുന്നാൽ, ഈ രക്തക്കോട്ടക്കുള്ളിലിരുന്നാൽ നിനക്ക് രക്ഷയുണ്ട്. സ്വർഗ്ഗീയ വേലിക്കെട്ടിനകത്തിരുന്നാൽ നിനക്ക് രക്ഷയുണ്ട്, ആരും അടുക്കയില്ല.

കുഞ്ഞുങ്ങളെ സ്കൂളിലേക്കയയ്ക്കുമ്പോൾ തിരുരക്തത്താൽ അവരെ വലയം ചെയ്തുകൊള്ളണമേ, ദുഷ്ടൻ തൊടാതെ കാത്തുകൊള്ളണമേ, ഒരു കേടും വരാതെ കാത്തുകൊള്ളണമേയെന്ന് പ്രാർത്ഥിക്കണം. നിങ്ങളൊരു യാത്രപോകുമ്പോൾ, കർത്താവേ ഒരാപത്തും അപകടവും

വരാതെ എന്നെ കാത്തുകൊള്ളണമേ എന്ന് പ്രാർത്ഥിക്കണം.

പരീക്ഷയെഴുതുമ്പോൾ മാത്രമല്ല, പഠിക്കാൻ ക്ലാസ്സിലിരിക്കുമ്പോൾ മാത്രമല്ല എപ്പോഴും പ്രാർത്ഥിക്കണം: “കർത്താവേ, നിന്റെ തിരുരക്തക്കോട്ടയിൽ എന്നെ നിർത്തിക്കൊള്ളണമേ.” എപ്പോഴും ദൈവത്തിലൊരാശ്രയം വേണം. എത്ര സൂക്ഷിച്ചാലും തകർക്കാൻ പിശാച് കൂടെയുണ്ട്. തരം കിട്ടുവാൻ, ഒരു പഴുത് കിട്ടുവാൻ നോക്കി നില്ക്കുകയാണ്. ചാടിവീഴും. അവൻ നമ്മെ വധിച്ച് കളയും.

നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, നീയെന്നെ ഇപ്പോൾ എങ്ങനെ കാണുന്നുവോ അങ്ങനെ തന്നെ ഒരു മാറ്റവുമില്ലാതെ എന്നെ കാണുവാൻ കൃപ തരണമേ. അപ്പോഴാണ് ലജ്ജ തോന്നുന്നത്. കർത്താവേ, ഞാൻ ഭക്തനാണെന്ന് വിചാരിച്ചു. ഞാൻ വചനം പറയുന്നവനാണെന്ന് എനിക്ക് തോന്നി. പക്ഷേ, നീയെന്നെ കാണുന്നതുപോലെ ഞാനെന്നെ കാണുമ്പോൾ ലജ്ജിച്ചുപോകുന്നു. നാഥാ, നിന്റെ മുമ്പാകെ വന്നു നില്പാൻ എനിക്ക് യോഗ്യതയില്ല.

കർത്താവ് പിന്നെയും ചോദിച്ചു: “യോഹന്നാന്റെ മകനായ ശിമോനേ, നീയെന്നെ സ്നേഹിക്കുന്നുവോ? കർത്താവ് ഒരു പടികൂടെ താഴോട്ട് വന്നു. ആദ്യം ചോദിച്ചത് “നീ ഇവരിലെല്ലാമധികമായി എന്നെ സ്നേഹിക്കുന്നുവോ?” എന്നാണ് ഇപ്പോൾ ചോദിക്കുന്നത് “നീയെന്നെ സ്നേഹിക്കുന്നുവോ?” ‘ഇവരിലധികമായി’ എന്നുള്ളത് കർത്താവ് വിട്ടുകളഞ്ഞു.

കാരണം, മനുഷ്യൻ അത്രയ്ക്ക് ബലഹീനനാണെന്ന് കർത്താവിനറിയാം. അപ്പോഴും പത്രോസ് പറഞ്ഞു: “നിന്നോടെനിക്ക് പ്രിയമുണ്ടെന്ന് നീയറിയുന്നുവല്ലോ.” ദൈവികസ്നേഹം (Agape) എനിക്കില്ല, മാനുഷിക സ്നേഹമാണ് എനിക്കുള്ളത്.

കർത്താവാഗ്രഹിക്കുന്നത് ദിവ്യസ്നേഹമാണ്. സകലത്തിലു

മുപരിയായി ദൈവത്തെ സ്നേഹിക്കുന്ന സ്നേഹം. നിങ്ങളിപ്പോൾ കർത്താവിനോട് പറയണം: കർത്താവേ, എനിക്കൊരു നിഷ്ക്കളങ്കഹൃദയം, ഒരു നിർമ്മലഹൃദയം തരണമേ; വേറൊന്നും ഞാൻ നിന്നോട് ചോദിക്കുന്നില്ല. സ്നേഹിക്കാനുള്ള ഒരു ഹൃദയം എനിക്ക് തരണമേ.

ഞാനൊരിക്കൽ എന്റെ വേദപുസ്തകത്തിന്റെ അകത്തെ പേജിൽ എഴുതിയിട്ടു: വിശ്വസിക്കാനൊരു മനസ്സ്, സ്നേഹിപ്പാനൊരു ഹൃദയം, സഹിപ്പാനൊരു ശരീരം എനിക്ക് തരണമേ. നിങ്ങൾക്ക് ഈ ഭാഗ്യാവസ്ഥ വേണമോ? യേശുവിന്റെ സാമിപ്യം വേണമോ? യേശുവിന്റെ കൃപ നിങ്ങൾക്കു വേണമോ? നിങ്ങളെ വിശുദ്ധരാക്കുവാൻ യേശു വിളിക്കുന്നു.

മറ്റൊന്നിനും വേണ്ടിയല്ല, സ്വർഗ്ഗരാജ്യം നിങ്ങൾക്കുകൂടി തരാനാണ് കർത്താവ് നിങ്ങളെ വിളിക്കുന്നത്. കർത്താവ് തന്റെ വിശുദ്ധ ദൂതന്മാരുമായി വീണ്ടും വരുമ്പോൾ അവന്റെ സന്നിധിയിലേക്ക് ചേർക്കപ്പെടുന്ന വിശുദ്ധന്മാരുടെ നിരയിലേക്ക് ഉയരുവാനാണ് നിങ്ങളെ വിളിക്കുന്നത്. നിങ്ങൾക്കുവേണ്ടി അഭയയാചന ചെയ്യുന്ന അനേകം വിശുദ്ധന്മാരുണ്ട്. ആ പരിശുദ്ധന്മാരുടെ നിരയിൽ നിങ്ങളെ ചേർക്കാൻ കർത്താവ് അത്യദ്ധ്വാനം ചെയ്യുകയാണ്. പരിശുദ്ധാത്മാവ് പ്രവൃത്തിച്ചുകൊണ്ടിരിക്കുകയാണ്.

കർത്താവ് നിങ്ങളെ എല്ലാവരേയും സ്നേഹിക്കുന്നു. നിങ്ങളേതു സഭയിൽപ്പെട്ടതാണ്, ഏത് സമുദായത്തിൽപ്പെട്ടതാണെന്ന് യേശു ചോദിക്കുന്നില്ല. മനുഷ്യാ, നീയെന്റെ കൈപ്പണിയാകുന്നു, നീയെന്റെ സൃഷ്ടിയാകുന്നു, നിന്നെ ഞാൻ സ്നേഹിക്കുന്നുവെന്ന് കർത്താവ് പറയുന്നു. നിന്നെ സ്നേഹിച്ച് എന്റെ ചുടുരക്തം ചിന്തി നിന്നെ വീണ്ടെടുത്തല്ലോ എന്ന് കർത്താവ് പറയുന്നു. നീയത് വിശ്വസിക്കുക.

ശീമോൻപത്രോസ് കർത്താവിനോട് പറഞ്ഞു: “എനിക്ക്

നിന്നോട് പ്രിയമുണ്ടെന്ന് നീയറിയുന്നുവല്ലോ.” “എന്റെ ആടുകളെ പാലിക്കുക.” ചുമതലയേല്പിക്കുന്നു.

ഇന്ന് ഈ ചുമതല ഏറ്റെടുക്കുവാൻ ആർക്കെല്ലാം മനസ്സുണ്ട്? യേശു തരുന്ന അനുഗൃഹീതമായ ചുമതല ഏറ്റെടുക്കാൻ നിങ്ങൾക്ക് മനസ്സുണ്ടോ? യേശുവിനുവേണ്ടി നിങ്ങളെ വിട്ടുകൊടുത്താൽ നിങ്ങളുടെ കടങ്ങളെ അവൻ ഏറ്റെടുക്കും. നിങ്ങളുടെ രോഗങ്ങളെ, പ്രാരബ്ധങ്ങളെ, പ്രതിസന്ധികളെ കർത്താവ് ഏറ്റെടുക്കും. നിങ്ങളുടെ ആഗ്രഹങ്ങൾ, ആവശ്യങ്ങൾ കർത്താവേറ്റെടുക്കും. നിങ്ങളുടെ മക്കളുടെ കാര്യം ദൈവമേറ്റെടുക്കും.

എല്ലാം യേശുവിന്റെ കൈയിൽ സുരക്ഷിതമായിരിക്കും. ഇപ്പോൾ സ്നേഹിതരേ, നിങ്ങളുടെ മുമ്പിൽ വന്നുനിന്നു കൊണ്ട് യേശു കെഞ്ചുകയാണ്: മകനേ, മകളേ, നിന്റെ ഹൃദയം എനിക്ക് തുറന്ന് തരിക. യേശു തൃക്കരം നീട്ടിയിരിക്കുകയാണ്. നമ്മെ മെനഞ്ഞ, സൃഷ്ടിച്ച, നമ്മെ ഇതുവരേയും വളർത്തിക്കൊണ്ടുവന്ന കരമാണ് നീട്ടിയിരിക്കുന്നത്.

നിങ്ങളുടെ ഭാവി, ദേഹം, ദേഹി, ആത്മാവ് സമസ്തവും ഏല്പിച്ചുകൊടുക്കുവിൻ. യേശുവിനായി ജീവിതം വേർതിരിപ്പിൻ. എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, ഇന്നുമുതൽ ഞാൻ നിന്റേതായിരിക്കും. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ സ്വന്തമായിരിക്കും. ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടിയായിരിക്കും.

## അഞ്ച്

*“അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രോസിനോട്: യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന് അവൻ: ഉവ്വ്, കർത്താവേ, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേയ്ക്ക എന്ന് അവൻ അവനോട് പറഞ്ഞു. രണ്ടാമതും അവനോട്: യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിച്ചു. അതിന് അവൻ: ഉവ്വ്, കർത്താവേ, എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ പാലിക്ക എന്ന് അവൻ അവനോട് പറഞ്ഞു. മൂന്നാമതും അവനോട്: യോഹന്നാന്റെ മകനായ ശിമോനേ, നിനക്ക് എന്നോട് പ്രിയമുണ്ടോ എന്നു ചോദിച്ചു. എന്നോട് പ്രിയമുണ്ടോ എന്ന് മൂന്നാമതും ചോദിക്കയാൽ പത്രോസ് ദു:ഖിച്ചു: കർത്താവേ, നീ സകലവും അറിയുന്നു; എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു എന്ന് അവനോട് പറഞ്ഞു.”* *യോഹന്നാൻ 21 : 15 – 17*

കർത്താവ് ശീമോൻ പത്രോസിനെ യഥാസ്ഥാനപ്പെടുത്തുകയാണ്. ശീമോൻ പത്രോസ് കർത്താവിനെ തള്ളിപറയുമ്പോഴും കർത്താവിന്റെ ഉള്ളത്തിൽ ഒരു

കാഴ്ചയുണ്ട്.

ഏതാനും നാളുകൾക്ക് ശേഷം പത്രോസ് സെഹിയോൻ മാളികയിൽ പെന്തക്കൊസ്ത് നാളിൽ ചെയ്യുന്ന പ്രസംഗം! ആ ഒറ്റ ദിവസത്തെ പ്രസംഗംകൊണ്ട് 3000 പേർ മാനസാന്തരപ്പെടുന്നത്. തബീഥ എന്ന ഒരു പെൺകുട്ടി മരിച്ചുപോയി, പത്രോസ് അവൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ആ പെൺകുട്ടി ഉയിർത്തെഴുന്നേറ്റ് വരുന്നതും കർത്താവ് കാണുന്നുണ്ട്. പത്രോസിനെ കാരാഗൃഹത്തിലിട്ട് ഹെരോദാ രാജാവ് കൊല്ലുവാൻ പരിപാടി തയ്യാറാക്കുമ്പോൾ, രാത്രിയിൽ ദൈവദൂതൻ ചങ്ങലയഴിച്ച് വെളിയിൽ കൊണ്ടുവന്ന് സ്വതന്ത്രനാക്കി പോയ്ക്കൊൾവാൻ പറയുന്നതും കർത്താവ് കാണുന്നുണ്ട്.

ഇന്ന് എന്താണ് എന്നുള്ളതല്ല, നാം എന്തായിത്തീരും എന്നുള്ളതാണ് കർത്താവ് കാണുന്നത്. കർത്താവിന് നമ്മെക്കുറിച്ച് വലിയ പ്രതീക്ഷകളുണ്ട്, വലിയ ആശയുണ്ട്. കർത്താവ് നമ്മെ വിശ്വസിച്ച് പലതും ഏല്പിച്ചിരിക്കുകയാണ്.

നമ്മിലോരോരുത്തരിലും ദൈവത്തിന് വിശ്വാസമുണ്ട്, വലിയ പ്രതീക്ഷകളുണ്ട്. ഈ മകൻ എനിക്കുവേണ്ടി നിന്നുകൊള്ളും, ഈ മകൾ എന്റെ സത്യസാക്ഷിയായി കുടുംബത്തിൽ നിൽക്കും. ഈ വിശ്വാസമുള്ളതുകൊണ്ട് കർത്താവ് വചനം തരുന്നു, നമുക്ക് സ്നേഹം തരുന്നു, ജീവന്റെ ആത്മാവിന്റെ അത്ഭുതകരമായ അനുഭവങ്ങൾ തരുന്നു.

മാനുഷികമായ ബലഹീനതയിൽ നാം ചെയ്തുപോകുന്ന തെറ്റുകൾ ക്ഷമിച്ചു തരുന്നവനാണ് ദൈവം. പിന്നേയും യഥാസ്ഥാനപ്പെടുത്തുന്നവനാണ് ദൈവം. നമ്മൾ വിട്ടുപോന്ന സ്ഥാനത്തേക്ക്, വിട്ടുപോയ പദവിയിലേക്ക്, വിട്ടുപോയ ശുശ്രൂഷയിലേക്ക് തിരികെ കൊണ്ടുവരുന്നവനാണ് ദൈവം. കർത്താവ് ഓരോരുത്തരിലും ആശവച്ചിരിക്കുന്നു; വിശ്വാസം വച്ചിരിക്കുന്നു. പ്രതീക്ഷയോടെ കർത്താവ് നമ്മെ

നയിച്ചുകൊണ്ടു വരികയാണ്.

കർത്താവിന് എന്തോ ഒരു പ്രത്യേക സ്നേഹം പത്രോസിനോടുണ്ട്. അതിന്റെ കാരണം എന്തെന്ന് നമുക്കറിഞ്ഞുകൂടാ. എത്രമാത്രം ആളുകൾ നമ്മുടെ നാട്ടിലുണ്ട്? എത്രപേർക്ക് ഈ വചനം കേൾക്കാനിടയായി? വചനം കേൾക്കുന്നതിന് സാദ്ധ്യതയുണ്ടായി? വചനം കേൾക്കാൻ വരുന്നതിന് മനസ്സുണ്ടായി? ദൈവത്തിന് നമ്മെക്കുറിച്ച് വ്യക്തമായ ചില പ്രതീക്ഷകളുണ്ട്.

നമ്മെക്കുറിച്ചുള്ള ആശകൾ ദൈവം വച്ചുപുലർത്തു മ്പോഴും നാം തെറ്റിപ്പോകുന്നവരാണ്. പത്രോസ് തള്ളിപ്പറഞ്ഞതു പോലെ നാമും പലപ്പോഴും തള്ളിപ്പറഞ്ഞിട്ടുണ്ട്. കൂടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ മുമ്പിൽ ഈ കൂട്ടായ്മയിൽ പോകുന്നവനാണെന്നു പറഞ്ഞാൽ കളിയാക്കുമെന്ന് വിചാരിച്ച് കൂട്ടായ്മയെപ്പറ്റി ഒന്നും പറയാൻ തയ്യാറല്ല. കർത്താവിന്റെ വചനത്തെപ്പറ്റി മിണ്ടാൻ തയ്യാറല്ലാത്ത ആളുകളുണ്ട്.

വിവാഹം ആലോചിക്കുമ്പോൾ ഞാൻ ഇന്ന കൂട്ടായ്മയിൽ പോകുന്നതാണ് എന്നു പറയാൻ ഒരു മടി അല്ലെങ്കിൽ നാണം. പറഞ്ഞാൽ ഈ വിവാഹം നടന്നില്ലെങ്കിലോ എന്നുവിചാരിച്ച് മിണ്ടാതിരിക്കുന്ന ആളുകളുണ്ട്. എല്ലാം ആത്മീയമായ ഭീരുത്വങ്ങളാണ്.

നമ്മൾ ചുറുചുറുക്കോടെ ഊർജ്ജസ്വലരായി നിന്ന് നമ്മുടെ കൂട്ടായ്മയെ സാക്ഷിക്കേണ്ടതാണ്. ഞാൻ സത്യവചനം കിട്ടുന്ന ഒരു കൂട്ടായ്മയിലാണ് പോകുന്നത്, നിങ്ങൾക്ക് മനസ്സിലാവുന്നില്ലെങ്കിൽ എനിക്കൊന്നും പറയാനില്ല എന്നു പറയാനുള്ള ധൈര്യം നമുക്ക് വേണം.

ഒരു സമ്പൂർണ്ണസത്യമുണ്ട്; മരണമുണ്ട്; മരണശേഷമൊരു ജീവിതമുണ്ട്. അതുമാത്രമല്ല, കർത്താവായ യേശുക്രിസ്തു വീണ്ടും വരും. നിത്യരാജ്യമുണ്ട്; നിത്യസ്വർഗ്ഗമുണ്ട്. ഇതൊക്കെ കേൾക്കാനും അനുഭവിക്കാനും ഭാഗ്യം കിട്ടിയത് ഈ

കൂട്ടായ്മയിൽ പോയതുകൊണ്ടാണ്. ഇത് നിങ്ങൾക്ക് മറ്റുള്ളവരോട് പറയാൻ പറ്റുമോ? പക്ഷേ, പലർക്കും പേടിയാണ്. അങ്ങനെ ഭീരുത്വത്തോടും പേടിയോടുംകൂടെ കർത്താവിനെ സാക്ഷിക്കാത്തപ്പോഴും കർത്താവ് നിങ്ങളെ സ്നേഹിക്കുകയാണ്. എന്തൊരത്ഭുതം!

യേശുക്രിസ്തുവിന്റെ സ്നേഹം നമ്മെ തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. വചനം കേൾക്കുന്ന അനേകർക്കും ഈ സ്നേഹത്തെ പിടികിട്ടുന്നില്ല. എല്ലാവരേക്കാൾ കൂടുതലായി യേശു എന്നെ സ്നേഹിക്കുന്നു എന്ന ചിന്ത നിങ്ങൾക്ക് വരുന്നുണ്ടോ?

കരുണയുള്ള കർത്താവ് നമ്മുടെ പല തെറ്റുകളും പുറത്തു കാണിക്കാതെ ഒളിപ്പിച്ച് വയ്ക്കുന്നവനാണ്. മറ്റുള്ളവരുടെ മുമ്പിൽ നാം ചീത്തയാകാതെയിരിക്കാൻ നമ്മുടെ തെറ്റുകളെ മറച്ചു പിടിക്കുന്നവനാണ്. എന്തൊരത്ഭുത സ്നേഹമാണിത്! ഇതാണ് നിർമ്മല സ്നേഹം! ഉദാരമായ, നിസ്തുലമായ ഈ സ്നേഹം പിടികിട്ടിയാൽ ക്രിസ്തീയജീവിതം വിജയിക്കാൻ തുടങ്ങും.

എന്നെ സ്നേഹിക്കാൻ കൊള്ളാകുന്നവനായി ലോകത്ത് ആർക്കും എന്നെക്കുറിച്ച് തോന്നുന്നില്ല. സ്നേഹിക്കാൻ കൊള്ളാകുന്ന ഒരു നന്മയും എനിക്കില്ല. ആർക്കും എന്നോടടുക്കുവാനോ മിണ്ടുവാനോ പറ്റാത്ത ചില മുള്ളുകൾ എന്റെ സ്വഭാവത്തിലുണ്ട്. എന്നാൽ യേശു എന്നെ സ്നേഹിക്കുന്നു. മുള്ളിന്റെ പ്രകൃതിയുള്ള, ആരെയും കുത്തിമുറിവേല്പിക്കുന്ന സംസാരരീതിയുള്ള എന്നെ യേശു സ്നേഹിക്കുന്നു. യേശു എന്നെ വ്യക്തിപരമായി അറിയുന്നു, വ്യക്തിപരമായി സ്നേഹിക്കുന്നു.

ആയുസ്സ് ശേഷിപ്പിക്കുന്നത് കർത്താവിന്റെ കൃപയാണ്. വചനം തരുന്നത് യേശുവിന്റെ കൃപയാണ്. നമ്മെ കഴുകുന്നത്, നമ്മുടെ ആളത്വം വിശുദ്ധീകരിച്ചു തരുന്നത് ദൈവത്തിന്റെ

കൃപ! ഒരർഹതയില്ലാഞ്ഞിട്ടും നമ്മെ സ്വർഗ്ഗത്തിലാക്കുന്നത് ദൈവത്തിന്റ കൃപ! ഒരു യോഗ്യതയില്ലാഞ്ഞിട്ടും നമ്മെ തലോടുന്നത് യേശുവിന്റെ കൃപ! നമ്മൾ കരയുമ്പോൾ നമ്മുടെ കണ്ണീർ തുടച്ചു തരുന്നത്, നാം വേദനിച്ച് പുളയുമ്പോൾ വേദന അമർത്തിത്തരുന്നത് യേശുവിന്റെ കൃപ.

കർത്താവ് പത്രോസിന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചു നോക്കി. ആ നോട്ടം കണ്ണുകളിൽ മാത്രമല്ല പതിഞ്ഞത്, ഹൃദയത്തിലേക്ക് പോയി. "യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവരിലധികമായി എന്നെ സ്നേഹിക്കുന്നുവോ?"

കർത്താവ് അവനെ പത്രോസ് എന്ന് വിളിക്കുന്നില്ല. നിന്റെ അപ്പനായ യോഹന്നാന്റെ മകനാണ് നീ. ജഡത്തിലുള്ള ആ നിലവാരമേ കർത്താവിപ്പോൾ കാണുന്നുള്ളൂ. നീ ശീമോനാകുന്നു നീ പത്രോസാകും എന്ന് യേശു ആദ്യമായി ശീമോനെ കണ്ടപ്പോൾ പറഞ്ഞതാണ്. വളരെ പ്രതീക്ഷയോടെ കർത്താവ് പറഞ്ഞെങ്കിലും വാസ്തവത്തിൽ ആ ബർയോനാ, ശീമോനായി പത്രോസ് ഇപ്പോൾ നില്ക്കുകയാണ്.

പാപം വന്നാൽ നാം പഴയതാകും. ക്രിസ്തുവുണ്ടെങ്കിലാണ് നമുക്ക് ചൈതന്യം. ക്രിസ്തു ഉണ്ടെങ്കിൽ നമുക്കെല്ലാമുണ്ട്. ക്രിസ്തു ഇല്ലെങ്കിലോ നാം പഴയ മനുഷ്യൻ! പഴയ ജഡം!

ക്രിസ്തു നമ്മുടെ ഉള്ളത്തിൽ വന്നുകഴിയുമ്പോൾ, ക്രിസ്തുവിനെ പ്രസാദിപ്പിക്കുമ്പോൾ സ്വർഗ്ഗത്തിന്റെ അവകാശിയായി മാറുന്നു. ക്രിസ്തുവിന്റെ സ്വന്തമായിത്തീരുന്നു. അപ്പോൾ പുതിയപേര് ലഭിക്കുന്നു. ആ പേര് നിലനില്ക്കുന്നു.

അനേകം പേർക്കും പുതിയ പേര് കിട്ടിയെങ്കിലും ആ പേരിലറിയപ്പെടുന്നില്ല. ഇപ്പോഴും പഴയ പേരിലാണ് നില്ക്കുന്നത്. പഴയജീവിതം മാറി ഒരു പുതിയ ജീവിതം ലഭിച്ചതാണ്. കോപം മാറിയവരുണ്ട്; നീരസവും കയ്പ്പും മാറിയവരുണ്ട്; ഓടി നടന്ന് മാപ്പ് ചോദിച്ചവരുണ്ട്. തെറ്റുപറ്റിയതെല്ലാം ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചവരുണ്ട്.

അപ്പന്റേയും അമ്മയുടേയും കാൽക്കൽ മുട്ടുകുത്തി കിടന്ന് കണ്ണീരോടെ മാപ്പ് ചോദിച്ചവരുണ്ട്. ഭാര്യയുടെ കൈയിൽ പിടിച്ച് മാപ്പ് ചോദിച്ചവരുണ്ട്.

അനുഭവങ്ങൾ ഉള്ളവരുണ്ട്. എന്നാൽ ഇന്നോ? ഇന്നലത്തെ അനുഭവം പോരാ ആത്മീയജീവിതത്തിൽ ഇന്ന്. ഇന്നത്തെ അനുഭവം എന്താണ്? മുമ്പ് തീ കത്തിയിരുന്നു. തീ ജ്വലിച്ചിരുന്നു. പക്ഷേ ഇന്ന് തീ കെട്ടുപോയി. ഇന്ന് കരിക്കട്ടയായിപ്പോയി. തീക്കനലായിരുന്നു. ഒരു ദുഷ്ടപ്രാണിക്ക് അടുക്കൽ വരാൻ വയ്യാത്തവിധം തീ കത്തിജ്വലിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരുറുമ്പ് പോലും വരികയില്ലായിരുന്നു. പക്ഷേ, ഇന്ന് ഉറുമ്പ് അരിച്ചുകൊണ്ടേയിരിക്കുന്നു.

സ്നേഹിതരേ, ചിന്തിക്കൂ. ഞാൻ തീക്കട്ടയായി നില്ക്കുകയാണോ? അതോ കരിക്കട്ടയാണോ? കർത്താവിന്റെ കൃപയാൽ വീണ്ടെടുക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്ത ഒരു പൈതലായിരുന്നു. എന്നാൽ ഇന്നെന്റെ അവസ്ഥ എന്താണ്? ഇന്നെന്റെ ജീവിതത്തിന്റെ ലക്ഷ്യമെന്താണ്? ആത്മീയ ജീവിതത്തിന്റെ ലക്ഷ്യമെന്താണ്?

ഒരു പ്രസംഗം പറയുക, പാട്ടുപാടുക അല്ലെങ്കിൽ സാക്ഷ്യം പറയുക എന്നതാണോ എന്റെ ലക്ഷ്യം? അല്ല കർത്താവേ അല്ല. അതെല്ലാം നീ തരുന്ന ശുശ്രൂഷകൾ. എല്ലാം ഞാൻ ചെയ്തു കൊള്ളാം. ഒരടിമയോട് യജമാനൻ പറയുമ്പോൾ ചെയ്യുന്നു. എന്റെ വേലകളെല്ലാം അതുപോലെയാണ് കർത്താവേ.

പക്ഷേ, ഇന്ന് എന്റെ അവസ്ഥ അതല്ലല്ലോ. എനിക്ക് ചില സ്വാർത്ഥതകളുണ്ട്. ഞാൻ വചനം പറയുന്ന ആളാണെന്ന അവകാശവാദങ്ങളുണ്ട്. ഇന്ന് പരിശുദ്ധാത്മാവിനെതിരെ ചോദ്യങ്ങൾ വരുന്നുണ്ട്. എന്റെ ജ്വലിക്കുന്ന പ്രകൃതി പോയി തണുത്ത പ്രകൃതിയായിപ്പോയി.

യേശുക്രിസ്തു ഒന്നേയൊന്നുമാത്രം നമ്മിൽ നിന്നാവശ്യ

പ്പെടുന്നു. 'നീയെന്നെ സ്നേഹിക്കുന്നുണ്ടോ' എന്ന് കർത്താവ് ചോദിക്കുന്നു. വേറൊന്നും ചെയ്യണ്ട, യേശുവിനെ സ്നേഹിക്കുക.

ആത്മീയജീവിതത്തിന്റെ മർമ്മം അതാണ്, ക്രിസ്തുവിനെ സ്നേഹിക്കുക. ക്രിസ്തുവിനെ സ്നേഹിച്ചാൽ ക്രിസ്തുവിന്റെ പ്രിയ മക്കളെയും ക്രിസ്തു സ്നേഹിക്കുന്നതുപോലെ നാം സ്നേഹിച്ചുപോകും. നിങ്ങളുടെ ഉള്ളം ക്രിസ്തുവിനോടുള്ള സ്നേഹംകൊണ്ട് നിറയട്ടെ.

ക്രിസ്തുവിനുവേണ്ടി എന്തു ചെയ്താൽ മതിയാകും എന്ന ചിന്ത വരട്ടെ. എന്റെ ആയുസ്സ് മുഴുവനിതാ ഞാൻ കാണിക്കയായി അർപ്പിക്കുന്നു. ആ സ്നേഹം നമ്മുടെ ഉള്ളിൽ കത്തുമ്പോൾ, നമ്മുടെ ഉള്ളിൽ ജ്വലിക്കുമ്പോൾ നാം ക്രിസ്തുവിന് ഏറ്റവും പ്രിയപ്പെട്ടവരായിത്തീരുന്നു എന്നു മാത്രമല്ല, ആ സ്നേഹം നമുക്കനുഭവിക്കാൻ സാധിക്കുന്നു. സ്നേഹം നമ്മുടെ ഉള്ളത്തിൽ ഉറന്നുറന്ന് വന്നുകൊണ്ടിരിക്കും.

ആത്മീയ ജീവിതത്തിൽ നിങ്ങൾക്ക് എവിടെയെങ്കിലും ധൈര്യക്കുറവ് വരുന്നുണ്ടെങ്കിൽ യേശു നിങ്ങളെ വിട്ടുപോയി എന്ന് മനസ്സിലാക്കണം. യേശുവിന്റെ സ്നേഹം ഉള്ളിൽ കത്തുന്നില്ല, ഉള്ളിൽ ജ്വലിക്കുന്നില്ല.

കർത്താവ് പത്രോസിനോടു പറഞ്ഞു: "എന്റെ കുഞ്ഞാടുകളെ മേയ്ക്കുക" കർത്താവ് ശുശ്രൂഷ ഏല്പിച്ചു. എന്റെ കുഞ്ഞാടുകൾ! ഇടയനില്ലാത്തവരെപ്പോലെ ചിന്നിക്കുഴങ്ങിയ കുഞ്ഞാടുകൾ! ഈ കുഞ്ഞാടുകളെ നീ മേയ്ക്കണം. ഞാനിതാ എന്റെ പിതാവിന്റെ അടുക്കലേക്ക് സ്വർഗ്ഗത്തിലേക്ക് പോവുകയാണ്. ഈ കുഞ്ഞാടുകളെ മേയ്ക്കാനെനിക്ക് ആളുവേണം. വേല, ശുശ്രൂഷ ഭരമേല്പി ക്കുകയാണ്.

നാമോരോരുത്തരും യേശുക്രിസ്തുവിന്റെ കുഞ്ഞാടുകളാണ്. ആരും ആട്ടിടയന്മാരല്ല. ഇടയനൊന്നേയുള്ളൂ, കർത്താവായ യേശുക്രിസ്തു. ഈ ആടുകളെക്കുറിച്ച്

കർത്താവിന് വേദനയുണ്ട്. എന്റെ കുഞ്ഞാടുകൾ വഴി തെറ്റിപ്പോകുന്നു; ചെന്നായ്ക്കൾ പിടിച്ചുകൊണ്ടു പോകുന്നു; തിന്നാനായി അപഹരിച്ചുകൊണ്ടു പോകുന്നു. കുഞ്ഞാടുകൾ വള്ളിപ്പടർപ്പിനുള്ളിൽ കുടുങ്ങിക്കിടക്കുന്നു. എത്രയും വേഗം കുഞ്ഞാടിനെ രക്ഷിക്കുന്നതിനായി നല്ല ഇടയനായ യേശു ക്രിസ്തു ശ്രമിക്കുന്നു.

യേശുക്രിസ്തുവിനോട് ചേർന്നു നിന്ന് നഷ്ടപ്പെട്ട ആടുകളെ വീണ്ടെടുക്കാൻ ആർക്കെങ്കിലും താത്പര്യമുണ്ടോ? അതാണ് സുവിശേഷവേലയുടെ അടിസ്ഥാനം. യേശുവിന്റെ ആലയിൽ ചേർക്കേണ്ട അനേകം കുഞ്ഞാടുകൾ ഇന്ന് വെളിമ്പ്രദേശത്തുകൂടെ ചെന്നായയുടെ കടിയേറ്റ് ചാകാറായി നടക്കുന്നു. ചെന്നായക്കൂട്ടം പിടിച്ചുകൊണ്ടുപോകുമെന്ന ചിന്തയില്ലാതെ ഈ കുഞ്ഞാടുകൾ നടക്കുന്നു. ഈ കുഞ്ഞാടുകളെ കൊണ്ടുവന്ന് ആലയിൽ ചേർക്കാനും കുഞ്ഞാടുകൾക്ക് തീറ്റ കൊടുക്കാനും ആ കുഞ്ഞാടുകളെ ഓമനിക്കാനും ആ കുഞ്ഞാടുകൾക്ക് വെള്ളം കൊടുക്കാനും ഇന്ന് ഇടയന്മാരില്ല.

ഇടയന്മാരില്ലാത്ത ഒരു കൂട്ടം! ഇടയന്മാരില്ലാത്ത ഒരു സമൂഹം! ആത്മാക്കളെക്കുറിച്ചുള്ള ഭാരമാണ് വേലയുടെ അടിസ്ഥാനം. നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെക്കുറിച്ച് ഉള്ളിൽ ഒരു വേദന. അനേകർ പൈശാചികന്റെ കൈയിലായിപ്പോകുന്നല്ലോ. ശത്രു അവരെ പിടിച്ചുകൊണ്ടു പോകുന്നുവല്ലോ. മദ്യത്തിലേക്ക്, കഞ്ചാവിലേക്ക്, മയക്കു മരുന്നിലേക്ക്, ഹാൻസിലേക്ക്, ചരസിലേക്ക്, ചില പ്രണയങ്ങളിലേക്ക്, പ്രേമക്കുരുക്കുകളിലേക്ക് പിശാച് പിടിച്ചുകൊണ്ട് പോകുകയാണ്. സഹോദരങ്ങളേ, ഇന്ന് മോചനം കിട്ടാൻ നിങ്ങൾക്കാഗ്രഹമുണ്ടോ?

സാക്ഷാൽ ഇടയനായ ക്രിസ്തുവിന്റെ ആലയിലേക്ക് വരുവാൻ, അതിന്റെ വില കൊടുക്കാൻ നിങ്ങൾക്കാഗ്രഹ മുണ്ടോ? ഇന്ന് മേഞ്ഞു നടക്കുന്ന പുൽമൈതാനമെല്ലാം

വിടണം. ഇടയന്റെ ആലയിൽ ഒതുങ്ങാൻ നിങ്ങൾക്ക് മനസ്സു വരണം. നിങ്ങളുടെ ഹൃദയം പലതിലേക്കും അലഞ്ഞു തിരിഞ്ഞ് പോയ്ക്കൊണ്ടിരിക്കുകയാണ്. അതെല്ലാം മാറി യേശുവിങ്കലേക്ക് നിങ്ങളുടെ ഹൃദയം തിരിയണം. യേശുവിന്റെ തൊഴുത്തിലേക്ക്, യേശുവിന്റെ വിശുദ്ധ സഭയിലേക്ക്.

അത് യാക്കോബായ സഭയെന്നോ ഓർത്തഡോക്സ് സഭയെന്നോ, കത്തോലിക്കാ സഭയെന്നോ, പെന്തക്കൊസ്ത് സഭയെന്നോ വ്യത്യാസമില്ല. ക്രിസ്തുവിന്റെ വിശുദ്ധി അനുഭവിക്കുന്ന വിശുദ്ധ കൂട്ടത്തിലേക്ക് ചേരുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? എങ്കിൽ നിങ്ങൾ ഓടി വരിക. കർത്താവേ, ഞാനെല്ലാറ്റിനേയും വിട്ട് നിന്റെ അരികിലേക്ക് വരുന്നു. നിന്റെ കൈക്കീഴിലേക്കിതാ വരുന്നു. എന്റെ ജീവിതത്തെ ഞാനർപ്പണം ചെയ്യുന്നു.

പത്രോസ് മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞു, മൂന്നു പ്രാവശ്യം ഏറ്റുപറഞ്ഞു. അപ്പോഴെല്ലാം കർത്താവ് ഒരു കാര്യമാണ് പറയുന്നത്: “എന്റെ കുഞ്ഞാടുകളെ മേയ്ക്കുക.” ആടുകളെക്കുറിച്ചുള്ള അത്യഗാധമായ സ്നേഹമാണ് പത്രോസിനെ യഥാസ്ഥാനപ്പെടുത്താനിടയായത്. നിങ്ങളോരോരുത്തരും നിങ്ങളുടെ വരുതിയിൽ വരുന്ന കുഞ്ഞാടുകളെ പാലിച്ചുകൊള്ളുക. നിങ്ങളുടെ വീട്ടിലുള്ളവരെ ആടുകളായി കണ്ടുകൊണ്ട് കർത്താവിന്റെ ആലയിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കുക. പ്രാർത്ഥിക്കുക, മുട്ടിന്മേലിരുന്ന് കരയുക.

അതുകൊണ്ടാണ് പെന്തക്കൊസ്തു ദിവസം പത്രോസ് എഴുന്നേറ്റ് പ്രസംഗിച്ചപ്പോൾ വലിയ കോലാഹലമുണ്ടായത്. അന്ന് 120 ശിഷ്യന്മാരാണ് കൂടിയിരുന്നത്. അവർ പത്ത് ദിവസം കാത്തിരുന്ന് ഉപവാസത്തോടെ പ്രാർത്ഥിച്ചു. അവരുടെമേൽ കൊടിയ കാറ്റടിക്കുന്നതുപോലെ ശബ്ദമുണ്ടായി.

*“പെന്തെക്കൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്ന്*

*കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീട് മുഴുവനും നിറെച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി." അപ്പൊ. പ്രവൃത്തികൾ 2 : 1 – 4*

നിങ്ങൾ തിരുത്തി ജീവിതം സമർപ്പിക്കുമ്പോൾ പരിശുദ്ധാത്മാവ് വന്ന് നിറയും. പഴയ ഭീരുത്വമെല്ലാം മാറിപ്പോയി. വേലക്കാരിയുടെ മുമ്പിൽ "ഇവനെ ഞാനറിയുന്നില്ല" എന്നുപറഞ്ഞ പത്രോസ് ധീരനായി ഇപ്പോൾ പ്രസ്താവിക്കുകയാണ്: "നിങ്ങൾ ക്രൂശിച്ച ആ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു, ഞങ്ങൾ അതിന് സാക്ഷികൾ." (*അപ്പൊ. പ്രവൃത്തികൾ 2 : 32*).

ഞങ്ങൾ തൊട്ടതും ഞങ്ങളറിഞ്ഞതും ഞങ്ങളനുഭവിച്ച തുമെല്ലാം ഞങ്ങൾക്കോർമ്മയുണ്ട്. ആ യേശു ഇന്ന് ജീവിക്കുന്നു. 3,000 പേർ അന്ന് സഭയോട് ചേർന്നു. സാക്ഷാൽ പരിശുദ്ധാത്മാവിന്റെ വ്യാപാരം വരുമ്പോൾ തെറ്റിനെക്കുറിച്ച് ഓർമ്മ വരും. പരിശുദ്ധാത്മാവിന്റെ അത്ഭുതപ്രവാഹം! ആത്മാവിന്റെ കൊടുങ്കാറ്റടിച്ചു!

ആ തീ ഇന്ന് നിങ്ങളുടെമേൽ വന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ആ കാറ്റ് നിങ്ങളുടെ മേൽ ഊതിയെങ്കിൽ എത്ര നന്നായിരുന്നു! ആ പിളർന്ന നാവുകൾ വന്ന് പതിഞ്ഞാൽ എത്ര നന്നായിരുന്നു! കർത്താവ് നിങ്ങളെ യഥാസ്ഥാന പ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പഴയ പ്രതാപത്തിലേക്ക്, പഴയ കൃപയിലേക്ക്, പഴയ സാക്ഷ്യത്തിലേക്ക് നിങ്ങളെ മടക്കിക്കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്.

നിങ്ങളുടെ ഉള്ള് തകരട്ടെ! ഹൃദയം നുറുങ്ങട്ടെ! കർത്താവിന്റെ സന്നിധിയിൽ താഴുവിൻ! ഒന്നെളിമപ്പെടുവിൻ! അവനോട് വാക്കുപറയുവിൻ: കർത്താവേ, ഞാനോ എളിയവനും നിസ്സാരനുമാകുന്നു. ലോകപ്രകാരം വലിയ ആഡംബരമൊന്നുമില്ല. വലിയ ഭംഗിയൊന്നുമില്ല, പക്ഷേ, എന്റെ യേശുവിന് എന്നെ ഓർമ്മയുണ്ട്.

നിങ്ങൾ യേശുവിനെ ഇപ്പോൾ ഒന്നുകാണുമോ? യേശു ഒരു കാര്യം നിങ്ങളെ ഭരമേല്പിക്കുന്നു. "എന്റെ കുഞ്ഞാടുകളെ മേയ്ക്കുക." വീണ്ടും ഒരു കാര്യം കൂടെ ഭരമേല്പിക്കുന്നു: "എന്നെ അനുഗമിക്ക." മറ്റുള്ളവരുടെ കാര്യം നീ നോക്കണ്ട, നീ എന്നെ സ്നേഹിക്കുക, നീ എന്റെ കുഞ്ഞാടുകളെ പാലിക്കുക, നീ എന്നെ അനുഗമിക്കുക. അനുഗമിക്കാൻ പോന്നവനായി ഒരാളേയുള്ളൂ, അത് കർത്താവായ യേശു ക്രിസ്തുവാണ്.

ഏതെങ്കിലും ലോകനായകന്മാരുടെ കൂടെ പോയാലും നിങ്ങൾക്കൊന്നും ലഭിക്കുകയില്ല. അവർ നിങ്ങളെ തൊഴിച്ചു മാറ്റിയെന്നുവരും. എന്നാൽ സാക്ഷാൽ രക്ഷാധികാരിയായ കർത്താവായ യേശുക്രിസ്തുവിന്റെ അരുമശിഷ്യനാകാൻ ഇടയായാൽ യേശു നിന്നെ വാത്സല്യത്തോടെ കാണും. യേശു തന്റെ വേലകൾ ഭരമേല്പിക്കും; യേശു അവന്റെ പിന്നാലെ പോകുവാൻ തക്കവണ്ണം നിങ്ങളെ യോഗ്യരാക്കിത്തീർക്കും.

പത്രോസ് യഥാസ്ഥാനപ്പെട്ട നിമിഷം പത്രോസിന്റെ മ്ലാനതയെല്ലാം മാറി. ക്ഷീണമെല്ലാം മാറി. വിഷാദമെല്ലാം മാറി. പത്രോസ് ധീരനായി മാറി. ദൈവം ഒരാളെ ധൈര്യപ്പെടുത്താതെ ആർക്ക് ധൈര്യപ്പെടാൻ സാധിക്കും? ദൈവം ധീരത തരാതെ ഒരാൾക്കെങ്ങനെ ധീരനാവാൻ സാധിക്കും?

പത്രോസ് അത്ഭുത കൃപ പ്രാപിച്ചു. പത്രോസ് പിന്നെ പ്രവർത്തിക്കുകയായി. അപ്പൊസ്തലപ്രവൃത്തികൾ 12-ാം അദ്ധ്യായം തീരുന്നതുവരേയും നമുക്ക് പത്രോസിന്റെ

പ്രവർത്തനങ്ങൾ കാണാൻ സാധിക്കും. നമുക്കും കർത്താവിന്റെ കരങ്ങളിലേക്ക് നമ്മെ ഒരു വ്യവസ്ഥയും കൂടാതെ ഏല്പിച്ചുകൊടുക്കാം.

കർത്താവേ, നിന്റെ തിരുരക്തത്തിന്റെ വിലയാണ് ഞാൻ. നിന്റെ രക്തം കൊടുത്ത് വാങ്ങാൻ മാത്രം വിലയേറിയവനായി എന്നെ നീ കണ്ടല്ലോ. അതുകൊണ്ട് എന്റെ നിസ്സാരമായ ഈ ജീവിതം, ഈ ആയുസ്സ് നിന്റെ കരങ്ങളിലേക്ക് കൈമാറുകയാണ്.

എന്റെ ഭാവി, എന്റെ പൈസ, എന്റെ ആരോഗ്യം, എന്റെ കഴിവുകൾ, എന്റെ സമയം, എന്റെ ദേഹവും ദേഹിയും ആത്മാവും എല്ലാം എന്റെ രക്ഷകന്റെ കൈയിലേല്പിക്കുന്നു. നാഥാ, ആ തിരുരക്തത്താൽ എന്നെ അഭിഷേകം ചെയ്യണമേ, തിരുരക്തത്താലെന്നെ പൊതിയണമേ. നിന്റെ തിരുമാറോട് എന്നെ അണയ്ക്കണമേ. അപ്പാ, നിന്റെ രാജ്യത്തിന് ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ.

## ആറ്

*"ഒരിക്കൽ പത്രോസും യോഹന്നാനും ഒമ്പതാം മണിനേരം പ്രാർത്ഥനാസമയത്ത് ദൈവാലയത്തി ലേക്ക് ചെല്ലുമ്പോൾ അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരാളെ ചിലർ ചുമന്നുകൊണ്ടു വന്നു; അവനെ ദൈവാലയത്തിൽ ചെല്ലുന്നവരോട് ഭിക്ഷ യാചിപ്പാൻ സുന്ദരം എന്ന ദൈവാലയ ഗോപുരത്തിങ്കൽ ദിനമ്പ്രതി ഇരുത്തുമാറുണ്ട്. അവൻ പത്രോസും യോഹന്നാനും ദൈവാലയ ത്തിൽ കടപ്പാൻ പോകുന്നത് കണ്ടിട്ട് ഭിക്ഷ ചോദിച്ചു. പത്രോസ് യോഹന്നാനോടുകൂടെ അവനെ ഉറ്റുനോക്കി: ഞങ്ങളെ നോക്കൂ എന്നു പറഞ്ഞു. അവൻ വല്ലതും കിട്ടും എന്നു കരുതി അവരെ സൂക്ഷിച്ചുനോക്കി. അപ്പോൾ പത്രോസ്: വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളത് നിനക്ക് തരുന്നു: നസറായനായ യേശുക്രിസ്തു വിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞു അവനെ വലങ്കൈക്കു പിടിച്ചു എഴുന്നേല്പിച്ചു; ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറച്ച് അവൻ കുതിച്ചെഴുന്നേറ്റു നടന്നു; നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയും കൊണ്ട് അവരോടുകൂടെ ദൈവാലയത്തിൽ കടന്നു. അവൻ നടക്കുന്നതും ദൈവത്തെ പുകഴ്ത്തുന്നതും*

*ജനം ഒക്കെയും കണ്ടു, ഇവൻ സുന്ദരം എന്ന ദൈവാലയഗോപുരത്തിങ്കൽ ഭിക്ഷ യാചിച്ചുകൊണ്ട് ഇരുന്നവൻ എന്നു അറിഞ്ഞു അവനു സംഭവിച്ചതിനെക്കുറിച്ച് വിസ്മയവും പരിഭ്രമവും നിറഞ്ഞവരായ്ത്തീർന്നു."*

*അപ്പൊ. പ്രവൃത്തികൾ 3 : 1 – 10*

അന്ന് വലിയൊരു അത്ഭുതമാണ് നടന്നത്. യെരൂശലേം ദൈവാലയത്തിന്റെ സുന്ദരമെന്ന ഗോപുരവാതിൽക്കൽ ഒരു മുടന്തനായ മനുഷ്യൻ ഇരിക്കുകയായിരുന്നു. ഗർഭം മുതലേ മുടന്തനാണ്. അവൻ എഴുന്നേറ്റ് നടന്നിട്ടില്ല. മറ്റുള്ളവർ നടക്കുന്നത് കണ്ടിട്ടുണ്ട്. പക്ഷേ, എനിക്ക് സാദ്ധ്യമല്ലല്ലോ എന്നോർത്ത് അവൻ വിഷാദിച്ചിട്ടുണ്ടാകും. അവന്റെ ഈ മുടന്ത് ഒരു വിധത്തിൽ പറഞ്ഞാൽ അവന്റെ തൊഴിലായി മാറി.

ആ മുടന്ത് മുതലാക്കിക്കൊണ്ട് ചിലർ അവനെ എടുത്തുകൊണ്ടുവന്ന് ഭിക്ഷയാചിക്കുന്നിടത്ത് ഇരുത്തും. ആളുകൾ അവന്റെ ഭിക്ഷാപാത്രത്തിൽ എന്തെങ്കിലും ഇട്ടുകൊടുക്കും. ഭിക്ഷാപാത്രത്തിൽ കിട്ടുന്നത് മുഴുവനും അവനല്ല, അവനെ എടുത്തുകൊണ്ടുവന്ന് ഇരുത്തുന്നവർക്കാണ് അത് കിട്ടുന്നത്. അതിൽ ഒരംശം അവന് കൊടുക്കും. വാസ്തവത്തിൽ അവന്റെ ആ രോഗം കൊണ്ട് അവർ മുതലെടുപ്പ് നടത്തുകയായിരുന്നു.

എന്നാൽ ഒരു ദിവസം പത്രോസും യോഹന്നാനും ദേവാലയത്തിൽ പ്രാർത്ഥിക്കാൻ പോകുമ്പോൾ അവൻ ഭിക്ഷ യാചിച്ചുകൊണ്ടിരിക്കുന്നത് കണ്ടു. അത് ഒരു അനുഗ്രഹകരമായ അനുഭവമായിരുന്നു. ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് കടന്നുപോകുന്നത് കാണാൻ അവനൊരു ഭാഗ്യമുണ്ടായി.

ജീവനുള്ള ദൈവത്തിന്റെ ആത്മാവ്, അതുവഴിയായി വന്നു. പത്രോസിലും യോഹന്നാനിലും ഊന്നി നിന്നുകൊണ്ട്

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ ജീവനുള്ള ഏക പരിശുദ്ധറൂഹാ! അപ്പൊസ്തലന്മാർ അവനെ നോക്കിയപ്പോൾ വാസ്തവത്തിൽ അവനെ നോക്കിയത് പരിശുദ്ധാന്മാവാണ്.

എല്ലാവരും കടന്നുപോകുമ്പോൾ കൈ നീട്ടി കാണിക്കുന്നതുപോലെ അവൻ കൈ നീട്ടി കാണിച്ചു. വല്ലതും കിട്ടും എന്ന് വിചാരിച്ചു. അവന് ഇപ്പോൾ 40 വയസ്സിലധികം പ്രായമായി.

അവൻ ഇങ്ങനെ ഭിക്ഷയാചിക്കാൻ പോകുമ്പോൾ യേശുക്രിസ്തു ജീവിച്ചിരിക്കുന്ന കാലമാണ്. കാരണം, യേശുക്രിസ്തുവിന്റെ ക്രൂശ്മരണവും ഉയിർപ്പും കഴിഞ്ഞ് അധികം ദിവസമായില്ല ഈ സംഭവം നടക്കുമ്പോൾ. കർത്താവ് മുടന്തനെ സൗഖ്യമാക്കുന്നുണ്ട്, കുരുടന് കാഴ്ച കൊടുക്കുന്നുണ്ട്, കുഷ്ഠരോഗികളെ സൗഖ്യമാക്കുന്നുണ്ട്, അനേകം അത്ഭുതങ്ങൾ ചെയ്യുന്നുണ്ട്. ഇവന് എങ്ങനെയെങ്കിലും സൗഖ്യം കിട്ടണമെന്ന് ഇവനെ ഉപയോഗിക്കുന്നവർ ആഗ്രഹിച്ചിരുന്നു എങ്കിൽ യേശുക്രിസ്തു പോകുന്ന വഴിയോരത്ത്, ക്രിസ്തുവിന്റെ കണ്ണ് അവനിൽ പതിയത്തക്ക വണ്ണം കിടത്തുമായിരുന്നു. എന്നാൽ അവർക്ക് ഇവന് സൗഖ്യം കിട്ടണമെന്ന വിചാരമില്ല. അവന്റെ മുടന്തുകൊണ്ട് ലാഭമുണ്ടാക്കാനാണ് ചിന്ത.

ഇന്ന് പല ആത്മീയ പ്രവർത്തനങ്ങളും മുതലെടുപ്പു കളായി മാറിയിരിക്കുന്നു. സങ്കടകരമാണത്.

ഈ മനുഷ്യന് രോഗം വന്നതുകൊണ്ട് വരുമാനമുണ്ടാ ക്കാനാഗ്രഹിക്കുന്ന ആളുകൾ, വളരെ കൗശലപൂർവ്വം, തന്ത്രപൂർവ്വം ഒരു കാര്യം ചെയ്തിരുന്നു. യേശു പോകുന്ന

വഴിക്കെങ്ങും അവനെ കിടത്തുകയില്ല. യേശു അതിലെ വരുന്നുണ്ടെന്നറിഞ്ഞാൽ ഉടനെ മാറ്റിക്കൊണ്ടുപോകും. യേശുവിന് അവനെ കാണാൻ അവസരം കിട്ടുന്നില്ല. യേശുവിന് ഒരു അവസരം കിട്ടിയിരുന്നെങ്കിൽ അവൻ സൗഖ്യമായേനെ.

ആളുകൾ പലരും പറയുന്നത് അവനും കേട്ട് കാണും. പക്ഷേ അവനും, യേശുവിന്റെ അരികിലേക്ക് എന്നെ കൊണ്ടുപോകൂ എന്ന് പറഞ്ഞുകാണില്ല. വേദപുസ്തകം അതൊന്നും പറയുന്നില്ല. എന്നാൽ നമുക്ക് തീർച്ചയായിട്ടും ഊഹിക്കാം, യേശുക്രിസ്തു കടന്നുപോകുന്ന വഴിയോരത്ത് അവനെയൊന്ന് കിടത്തിയിരുന്നെങ്കിൽ, യേശു കടന്നു പോകുമ്പോൾ അവൻ തന്റെ കൈയൊന്ന് ഉയർത്തിരുന്നെങ്കിൽ അവന് സൗഖ്യം കിട്ടുമായിരുന്നു. ക്രിസ്തുവിന്റെ അരികിലേക്ക് അല്ലെങ്കിൽ ക്രിസ്തു പോകുന്നിടത്തേക്ക് ഇവനെ ആക്കിയാൽ അവൻ രക്ഷപ്പെട്ടു പോകും. രക്ഷപ്പെട്ടാൽ അവർക്കുള്ള വരുമാനം നിന്നുപോകും.

ഇന്ന് ജീവനുള്ള ദൈവത്തിന്റെ വചനം പറയുന്നവരെ ആക്ഷേപിക്കുകയും കുറ്റംപറയുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്നവർ അവരുടെ സ്വകാര്യലാഭം നഷ്ടപ്പെടും എന്നുള്ളതുകൊണ്ടാണ് എതിർക്കുന്നത്.

പ്രിയപ്പെട്ടവരേ, എന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിനുശേഷം, യേശുക്രിസ്തുവിന്റെ ഉയിർത്തെ ഴുന്നേൽപ്പും സ്വർഗ്ഗാരോഹണപ്പെരുന്നാളും പെന്തക്കൊസ്തി പ്പെരുന്നാളും കഴിഞ്ഞ്, ഒരുദിവസം അപ്പൊസ്തലന്മാരായ യോഹന്നാനും പത്രോസുംകൂടെ നടന്ന് പോകുമ്പോൾ ആ മുടന്തനെ കണ്ടു. പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്ന കൂട്ടായ്മയിൽ വന്നാൽ, പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്ന ദൈവമക്കളെ കണ്ടാൽ നല്ലതാണ്.

അവൻ വല്ലതും കിട്ടും എന്ന് കരുതി അവരെ നോക്കി. അവന് സൗഖ്യം കിട്ടുമെന്ന പ്രതീക്ഷയൊന്നുമില്ല; അവൻ ആവശ്യക്കാരനുമല്ല. പക്ഷേ അവൻ കൈനീട്ടി. പത്രോസ് അവനെ ഉറ്റ് നോക്കി, എന്നിട്ട് പറഞ്ഞു: ഞങ്ങളെ നോക്കൂ. നീ ഇങ്ങോട്ട് നോക്ക്, ഭിക്ഷാപാത്രത്തിൽ എന്തു വീഴുമെന്നല്ല നീ നോക്കേണ്ടത്. ഞങ്ങളെ നോക്കൂ.

ദൈവമക്കൾക്ക് പറയാനുള്ള പ്രാഗത്ഭ്യമുണ്ടായിരിക്കണം: എന്നെ നോക്ക്, ഞങ്ങളെ നോക്ക്, ഞങ്ങളുടെ അവസ്ഥ നോക്ക്. എങ്ങനെയുള്ളവരായിരുന്നു ഞങ്ങൾ? എന്നാൽ ഞങ്ങൾ ഇന്ന് എങ്ങനെയാണ്? ഞങ്ങളുടെ മുഖം പ്രസാദപൂർണ്ണമല്ലേ? നിങ്ങൾ കാണുന്നില്ലേ? ഈ സമാധാനം തന്നതിന് ഉത്തരവാദിയാരാണ്? ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തുവാണ്.

"ഞങ്ങളെ നോക്കൂ" എന്നുപറഞ്ഞ് ക്രിസ്തുവിങ്കലേക്ക് ജനത്തെ നടത്തേണ്ടവരാണ് നാം ഓരോരുത്തരും. നമുക്ക് മാതൃകാപരമായ ഒരു ജീവിതം കൂടിയേ കഴിയൂ.

"ഞങ്ങളെ നോക്കൂ" എന്ന് പ്രാഗത്ഭ്യത്തോടെയാണ് അപ്പൊസ്തലൻ പറയുന്നത്. അവൻ നോക്കിയപ്പോൾ പറഞ്ഞു: പൊന്നും വെള്ളിയുമൊന്നും തരാൻ ഞങ്ങളുടെ കൈയിൽ ഇല്ല. നീ പ്രതീക്ഷിക്കുന്ന സ്വത്തൊന്നും തരാൻ ഞങ്ങളുടെ കൈയിൽ ഇല്ല. എന്നാൽ ഞങ്ങൾക്ക് യേശുവിന്റെ നാമമുണ്ട്. യേശുവിന്റെ പരിശുദ്ധാത്മാവുണ്ട്.

> "*വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളത് നിനക്ക് തരുന്നു: നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞു അവനെ വലങ്കൈക്കു പിടിച്ചു എഴുന്നേല്പിച്ചു.*"
>
> *അപ്പൊ. പ്രവൃത്തികൾ 3 : 6, 7*

യേശുവിന്റെ നാമം ഞങ്ങളുടെ നാവിലുണ്ട്. യേശുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്ക എന്ന് അവർ പറഞ്ഞു. അവനെ വലങ്കൈക്ക് പിടിച്ച് എഴുന്നേല്പിച്ചു. ഈ വാക്കുകൾ കേട്ടപ്പോഴേക്കും അവന്റെയുള്ളിലേക്ക് പരിശുദ്ധാത്മാവ് ഇരച്ച് കയറുകയായിരുന്നു. ദൈവത്തിന്റെ വചനം, ദൈവത്തിന്റെ ദാസനായ പത്രോസ്ശ്ലീഹ പറഞ്ഞപ്പോൾ, അവന്റെ ഹൃദയത്തിലേക്ക് പരിശുദ്ധാത്മാവ് ചെന്ന് തൊടുകയായിരുന്നു.

സഹോദരങ്ങളേ, ഈ പാവപ്പെട്ട മുടന്തന് പരിശുദ്ധാത്മാവ് എന്താണെന്നൊന്നും അറിഞ്ഞുകൂടാ. അവന് അതിനെക്കുറിച്ച് വിവരമില്ല. അറിവില്ലാത്തതുകൊണ്ട് അവനിലേക്ക് പരിശുദ്ധാത്മാവ് നിറഞ്ഞ് വന്നു. കുറച്ചൊക്കെ അറിവുള്ളത് വലിയ ദോഷമാണ്. കുറച്ചൊക്കെ അറിവ് കിട്ടുമ്പോഴേക്കും ഫിലോസഫിയും സയൻസും എല്ലാം കൂടി ചേർത്ത് വേദപുസ്തകത്തിലുള്ള ചില കാര്യങ്ങളെല്ലാം ചിന്തിച്ച് കൂട്ടി ചിലത് നിരൂപിച്ച് വയ്ക്കും. അതെല്ലാം തടസ്സമാണ്.

എനിക്ക് ഒരറിവില്ല, ഞാൻ അജ്ഞനാണ്. എനിക്ക് പരിജ്ഞാനമില്ല. നിന്റെ സന്നിധിയിൽ വരാൻ എനിക്ക് യോഗ്യതയില്ല. അനേകമനേകം അനുഗ്രഹിക്കപ്പെട്ട ദൈവമക്കൾ വരുന്നിടത്ത് വരാൻ എനിക്ക് അർഹതയില്ല. പക്ഷേ എങ്ങനെയോ എനിക്കിവിടെ വരാൻ സാധിച്ചു. അതു നിന്റെ കൃപയാണ്. അതുകൊണ്ട് എന്റെ ഈ ശൂന്യതയിൽ എനിക്ക് ആകെ പറയാനുള്ളത് എന്റെ കാലിന്റെ മുടന്താണ്. മറ്റു മനുഷ്യർ നടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവരെപ്പോലെ നടക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, എനിക്ക് നടക്കാൻ സാധിക്കുന്നില്ല. കാരണം, എന്റെ രണ്ടു കാലും മുടന്താണ്.

നിങ്ങളുടെ ശൂന്യാവസ്ഥ തുറന്ന് സമ്മതിക്കണം. നിങ്ങൾ ചിന്തിക്കുന്നത്, എനിക്ക് ഇന്നതെല്ലാമുണ്ട്, അഭിമാനകരമായ

ചില കാര്യങ്ങളുണ്ട്, നല്ല വിദ്യാഭ്യാസമുണ്ട്, നല്ല ആത്മീയ പരിജ്ഞാനമുണ്ട്, വേദപുസ്തക നിശ്ചയമുണ്ട് എന്നെല്ലാമാണ്. ഇതെല്ലാം താഴെ വച്ചാൽ മാത്രമേ പരിശുദ്ധാത്മാവിനെ കിട്ടുകയുള്ളൂ. എന്റേതെന്ന് പറയുന്നതെല്ലാം പാപമുള്ളതാണ്, സ്വയമുള്ളതാണ്. എല്ലാം താഴെ വയ്ക്കുക.

ഈ പാവപ്പെട്ടവന് ഒന്നും ഉണ്ടായിരുന്നില്ല. അവന് ഭിക്ഷ കിട്ടിയാൽ അന്ന് ഭക്ഷണം കഴിക്കാം. നാളെത്തേയ്ക്ക് വേണ്ടി കരുതാനൊന്നും അവനില്ല.

ഒന്നോ രണ്ടോ മാസങ്ങൾക്കു മുൻപ് പത്രോസ്ശ്ലീഹാ കർത്താവിനെ തള്ളിപ്പറഞ്ഞതാണ്. എന്തൊരത്ഭുതം! എത്ര പെട്ടെന്നാണ് കർത്താവ് പത്രോസിനെ മാറ്റിയെടുത്തത്! യഥാസ്ഥാനപ്പെടുത്തിയത്! നിന്നെ ഞാൻ അറിയുന്നില്ല എന്ന് തള്ളിപ്പറഞ്ഞ പത്രോസിനെ കർത്താവ് തന്റെ കരങ്ങളിലെടുത്ത് ഉപയോഗിക്കുകയാണ്.

സ്നേഹിതരേ, നിങ്ങളെ കർത്താവ് ഉപയോഗിക്കും. നിങ്ങളിൽ നിന്നുകൊണ്ട് കർത്താവ് അത്ഭുതങ്ങൾ ചെയ്യും. അനേകം കുടുംബങ്ങൾ സമാധാനം അനുഭവിപ്പാൻ ഇടയാകും. നിങ്ങളുടെ ഒരു വാക്ക് കേട്ട് അനേകർ ദൈവത്തിങ്കലേക്ക് വരാനിടയാകും. തെറ്റിദ്ധരിച്ചിരിക്കുന്നവർ തിരിഞ്ഞ് വരാനിടയാകും.

നിങ്ങളാരും അലസരായിരിക്കരുത്. എത്ര ക്ഷീണമുണ്ടെന്ന് തോന്നിയാലും രോഗമുണ്ടെന്ന് തോന്നിയാലും നിങ്ങൾ അദ്ധ്വാനിച്ചുകൊള്ളണം. നീ എന്നെ ഏൽപ്പിച്ച വേല തികയ്ക്കാതെ എന്നെ ഈ ഭൂമിയിൽനിന്ന് മാറ്റിക്കളയരുതേയെന്ന് പ്രാർത്ഥിക്കണം. വേല തികയ്ക്കാതെയും വിശുദ്ധിയെ തികയ്ക്കാതെയും ഞാൻ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെടരുതേ എന്ന് പ്രാർത്ഥിക്കണം. രോഗം വരുമ്പോഴും അതാണ് പ്രാർത്ഥിക്കേണ്ടത്.

കർത്താവേ, എന്റെ സമയമായോ? ഞാൻ വേല തികച്ചോ? എന്റെ സമയമായെങ്കിൽ, എന്റെ വേല തികച്ചെങ്കിൽ ഞാൻ വരാം. എനിക്ക് ഈ ഭൂമിയിലെ ആയുസ്സുകൊണ്ട് ഒരേയൊരു ലക്ഷ്യമേയുള്ളൂ, നിന്റെ വേല തികയ്ക്കുക. നിന്റെ വിശുദ്ധിയെ തികയ്ക്കുക. നിന്റെ ശുശ്രൂഷയെ തികയ്ക്കുക. കർത്താവേ, അതിന് എനിക്ക് ആയുസ്സ് തരണമേ.

ആ മുടന്തൻ ചാടി എഴുന്നേറ്റു. പരിശുദ്ധാത്മാവിന്റെ ശക്തി അവനിലേയ്ക്ക് കടന്നുവന്നു. ഇതുവരെയും ആടിയിരുന്ന കാലും നരിയാണിയും ഇപ്പോൾ ഉറച്ചു. മുടന്ത് മാറി.

അനേകം ദൈവമക്കളിന്ന് മുടന്തുള്ളവരാണ്. ചലനശേഷി ഇല്ലാത്തവരാണ്. ദൈവമക്കളാണ്, ജീവനുണ്ട്. പ്രാർത്ഥിച്ചു, ഒരു ജീവൻ കിട്ടി; മാനസാന്തരപ്പെട്ടു, ഒരു ജീവൻ കിട്ടി. രക്ഷിക്കപ്പെട്ടു. വീണ്ടെടുക്കപ്പെട്ടു; ഒരനുഭവം കിട്ടി. ചില പാപങ്ങളൊക്കെ മാറി പക്ഷേ, ഇന്നും മുടന്തരാണ്. അവർക്ക് നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെടുത്താൻ സാധിക്കുന്നില്ല. സ്തുതിച്ചു സ്തുതിച്ച് അവരുടെ ഹൃദയത്തിൽ നിന്ന് പരിശുദ്ധാത്മാവിന്റെ ആവേശം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്താൻ സാധിക്കുന്നില്ല. കർത്താവിന്റെ വേല ചെയ്യാൻ സാധിക്കുന്നില്ല. അവർ ഇരുന്നേടത്തിരിക്കും അല്ല, എടുത്തുകൊണ്ടുപോയാൽ വേറൊരിടത്തിരിക്കും. എവിടെ യെങ്കിലും കിടത്തിയാൽ അവിടെ കിടക്കും. അല്ലാതെ സ്വന്തമായിട്ട് എഴുന്നേൽക്കാനുള്ള കെൽപ്പില്ല.

സഹോദരങ്ങളേ, നിങ്ങളെയെല്ലാവരെയും മുടന്ത് മാറ്റി കർത്താവിന്റെ വേലക്കാരാക്കാനാണ് കർത്താവിന് ആഗ്രഹം. നിങ്ങളുടെ മുടന്തുള്ള നടപ്പ് മാറട്ടെ. മുടന്തുമാറി ശരിയായ നടപ്പുള്ളവരായി നിങ്ങൾ തീരട്ടെ. പരിശുദ്ധാത്മാവിനോട് ഇണങ്ങിച്ചേർന്നുള്ള നടപ്പ്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ

ചോദ്യം ചെയ്യാത്ത നടപ്പ്. പരിശുദ്ധാത്മാവിന്റെ വ്യാപാരങ്ങളെ ചോദ്യം ചെയ്യാതെ സ്വീകരിക്കാനുള്ള മനസ്സ്.

നമ്മുടെ കൂട്ടത്തിൽ ഒരാൾ ആത്മാവിൽ നിറഞ്ഞ് ദൈവത്തെ സ്തുതിക്കുമ്പോൾ മറ്റുള്ളവർക്ക് അത് ഒരു ഇഷ്ടക്കേടായി വരാറുണ്ട്. ആത്മനിറവിന്റെ സ്തുതി ചിലർക്ക് ഒരു അലർജിയായി മാറാറുണ്ട്. ദൈവത്തിന്റെ അനന്തമായ സ്നേഹം നമ്മിൽ നിറയുമ്പോൾ, ദൈവത്തിന്റെ ആത്മാവിന്റെ വെള്ളച്ചാട്ടം നമ്മുടെ ഹൃദയത്തിൽ നിറഞ്ഞ് വരുമ്പോൾ നാം ആത്മാവിൽ നിറഞ്ഞ് ദൈവത്തെ സ്തുതിക്കും, ദൈവത്തിന്റെ മഹത്വമുള്ള കൃപകളെ നാം വർണ്ണിക്കും. ദൈവത്തിന് മഹത്വം കരേറ്റും.

പത്രോസ്ശ്ലീഹാ ഇവനെ കൈക്ക് പിടിച്ച് എഴുന്നേൽപ്പിച്ച് കഴിഞ്ഞപ്പോൾ അവൻ നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെടുത്തി. നടന്നു, തുള്ളി, ദൈവത്തെ മഹത്വപ്പെടുത്തി.

ആളുകൾക്ക് തോന്നിക്കാണും, എന്തൊരു വിഡ്ഢിത്തമാണ് ഈ കാണിക്കുന്നത്? ഇത്രയും ആളുകൾ കൂടുന്നിടത്ത് ഇങ്ങനെ തുള്ളുന്നത് എന്തിനാണ്? അവൻ മുടന്തനായിരുന്നു എന്ന് വന്നുകൂടിയ ആളുകൾക്ക് എല്ലാവർക്കും അറിഞ്ഞുകൂടാ. അന്ന് ദേശത്തെല്ലായിടത്ത് നിന്നുമുള്ള എല്ലാ യഹൂദന്മാരും പള്ളിയിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ദൂരദേശത്ത് നിന്നുള്ളവർക്കൊന്നും ഇവൻ മുടന്തനാണെന്ന് അറിഞ്ഞുകൂടല്ലോ.

നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടാണ് മുടന്തൻ ദേവാലയത്തിലേക്ക് പ്രവേശിച്ചത്. ദേവാലയത്തിൽ ഒരിക്കലും കടന്നിട്ടില്ലാത്തവൻ ഇന്ന് ദേവാലയത്തിലേക്ക് വരികയാണ്. സഹോദരങ്ങളേ, ഇന്ന് ഞാൻ നിങ്ങളോട് സ്നേഹത്തോടെ അപേക്ഷിക്കുകയാണ്. നിങ്ങൾ ദേവാലയത്തിലേക്ക്, പരിശുദ്ധാത്മാവിന്റെ മന്ദിരത്തിലേക്ക് കടന്നു വരിക. പരിശുദ്ധാത്മാവിന്റെ കൃപ ഓളം

വെട്ടുന്നിടത്തേക്ക്, പരിശുദ്ധാത്മാവിന്റെ അത്യന്തധനം വിളമ്പുന്നിടത്തേക്ക് നിങ്ങൾ കടന്നുവരിക.

നിങ്ങൾ പറയണം: കർത്താവേ, പരിശുദ്ധാത്മാവ് എന്നെ തൊടണം. പരിശുദ്ധാത്മാവ് എന്നെ സ്പർശിക്കണം. ചില കേടുകൾ എനിക്കുണ്ട്. ജന്മനാതന്നെ ചില ശാപങ്ങൾ എന്റെ വീട്ടിലുണ്ട്. ചില ദുരാത്മവ്യാപാരങ്ങൾ എന്റെ മേലുണ്ട്. എനിക്ക് അടക്കാൻ പറ്റാത്ത കോപം വരുന്നുണ്ട്. നീരസം പുകയുന്നുണ്ട്. അസഹിഷ്ണുത വരുന്നുണ്ട്. എനിക്ക് പലതും ഇഷ്ടപ്പെടുന്നില്ല. എനിക്ക് ഇത് ആത്മീയമാണോ എന്നുപോലും തോന്നിപ്പോകുന്നു.

എന്നാൽ കർത്താവേ, ഇപ്പോൾ ഞാൻ ആയിരിക്കുന്ന പ്രകാരം തിരുമുമ്പാകെ വരികയാണ്. എന്നെ തിരുമുമ്പാകെ സമർപ്പിക്കുകയാണ്. എന്നോട് മനസ്സലിയണമേ. കർത്താവേ, എന്റെ ആഗ്രഹം നീ അറിയുന്നുണ്ടല്ലോ. നീ എന്നെ സ്നേഹിക്കുന്നുണ്ടല്ലോ. ഇപ്പോൾ നിന്റെ പരിശുദ്ധാത്മാവ് എന്നെയൊന്ന് തൊടണമേ. നിന്റെ പരിശുദ്ധാത്മാവ് എന്നെയൊന്ന് സ്പർശിക്കണമേ. നിന്റെ പരിശുദ്ധാത്മാവ് വെള്ളപ്രാവായി പറന്നുവന്ന് എന്റെ ശിരസ്സിൽ ഒന്ന് പൊരുന്നിയിരിക്കണമേ. ആ വെള്ളപ്രാവ്, ഇറങ്ങി വന്ന് എന്റെ ഹൃദയത്തിൽ ഇരിപ്പുറപ്പിക്കണമേ. ശുദ്ധമുള്ള റൂഹായുടെ ശുദ്ധമുള്ള കുടിയിരിപ്പ് ഭവനമാക്കി എന്നെ തീർക്കണമേ, എന്നെ ചമയ്ക്കണമേ.

പരിശുദ്ധാത്മാവിന്റെ തീയിൽ എന്റെ പഴയ ജഡ സ്വഭാവങ്ങൾ കത്തിപ്പോകണമേ. പരിശുദ്ധാത്മാവിന്റെ അഗ്നിയിൽ ഞാൻ ദഹിച്ച് പോകണമേ. പരിശുദ്ധാത്മാവ് എന്റെമേൽ നിറയണമേ. പരിശുദ്ധാത്മാവേ, എഴുന്നള്ളി വരിക. പരിശുദ്ധാത്മാവേ, പ്രകാശം തരിക. പരിശുദ്ധാത്മാവേ, ഹൃദയത്തിലേക്ക് എഴുന്നള്ളി വന്ന് എന്നെ അനുഗ്രഹിക്കുക.

പരിശുദ്ധാത്മാവേ, എന്റെ കേടുകൾ മാറ്റിത്തരിക. എന്നെ വിശുദ്ധീകരിക്കുക. കർത്താവേ എന്നോട് മനസ്സലിയണമേ. നിങ്ങൾ പ്രാർത്ഥിക്കുക.

> "*അപ്പോൾ പത്രോസ്: വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളത് നിനക്ക് തരുന്നു: നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞു അവനെ വലങ്കൈക്കു പിടിച്ചു എഴുന്നേല്പിച്ചു; ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറച്ച് അവൻ കുതിച്ചെഴുന്നേറ്റു നടന്നു; നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയും കൊണ്ട് അവരോടുകൂടെ ദൈവാലയത്തിൽ കടന്നു.*"
>
> *അപ്പൊ. പ്രവൃത്തികൾ 3 : 6 – 8*

പത്രോസിനോടും യോഹന്നാനോടും കൂടെ അവൻ ദേവാലയത്തിലേക്ക് കടന്നു. അവനെ ചുമന്നുകൊണ്ടുവന്ന് ഇരുത്തിയവരോ? അവരാരെയും നാം അവിടെ കാണുന്നില്ല. ഇവിടെ പത്രോസും യോഹന്നാനുമാണ് അവന്റെ വീട്ടുകാർ. യഥാർത്ഥ ദൈവവിശ്വാസിക്ക് അവന്റെ സ്വന്തക്കാർ കൂട്ടായ്മയിലുള്ളവരാണ്.

ഒരു വിശ്വാസിക്ക് അവന്റെ വീട്ടുകാർ, ദൈവാത്മാവുള്ള വരാണ്. അതുകൊണ്ട് ദൈവാത്മാവില്ലാത്തവരെ പുച്ഛിക്കണ മെന്നോ തള്ളിക്കളയണമെന്നോ അല്ല. അവരെ നാം സ്നേഹിക്കണം. പക്ഷേ നമ്മുടെ close relatives എന്ന് പറയുന്നത് കർത്താവിന്റെ ആത്മാവുള്ളവരാണ്. പരിശുദ്ധാത്മാവുള്ളവർ!

നമ്മുടെ ബന്ധുമിത്രാദികൾ ഒരുപക്ഷേ വലിയ സ്ഥാന മാനമുള്ളവരായിരിക്കാം; വലിയ പദവിയുള്ളവരായിരിക്കാം; ധനസമൃദ്ധിയുള്ളവരായിരിക്കാം; നല്ല പ്രതാപശാലി കളായിരിക്കാം. പക്ഷേ വാസ്തവത്തിൽ ദൈവാത്മാവുള്ള

ഒരു ദൈവപൈതലിന്റെ ഏറ്റവും അടുത്ത ബന്ധം കൂട്ടായ്മയിൽ ആത്മാവുള്ളവരുമായിട്ടാണ്.

പത്രോസിന്റെയും യോഹന്നാന്റെയും കൂടെ ഈ പാവപ്പെട്ട 40 വയസ്സുള്ള മുടന്തൻ നിൽക്കുകയാണ്. അവൻ നടക്കുന്നതും ദൈവത്തെ പുകഴ്ത്തുന്നതും ജനമൊക്കെയും കണ്ടു. എല്ലാവരും കാണട്ടെ! നടന്നിട്ടില്ലാത്തവൻ നടക്കുന്നു. സ്തുതിച്ചിട്ടില്ലാത്തവൻ സ്തുതിക്കുന്നു. ദൈവത്തെ ആരാധിച്ചിട്ടില്ലാത്തവർ ആരാധിക്കുന്നു; വലിയോരു മാറ്റം കാണുന്നു. നമ്മിൽ വലിയോരുമാറ്റം മറ്റുള്ളവർ കാണണം.

പലരും പുച്ഛിക്കും. പലരും പരിഹസിക്കും. പക്ഷേ നമുക്കൊന്നും നഷ്ടപ്പെടാൻ പോകുന്നില്ല. ഞാൻ കോളേജിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ പിള്ളേരെന്നെ കളിയാക്കു മായിരുന്നു. ‘ദൈവമേ, സ്തോത്രം, സ്തോത്രം’ എന്നു പറയും. ‘ദൈവമേ, നിനക്കു സ്തുതി’ എന്ന് പറയും. ‘ദൈവ’മെന്നാണ് എന്നെ വിളിച്ചിരുന്നത്! ‘ഇന്ന് ദൈവം വന്നില്ലേ’യെന്നൊക്കെ ചോദിക്കും. എനിക്ക് അതിലൊന്നും ഒരു പ്രയാസവും തോന്നിയില്ല; ഒരു ഭാരവും തോന്നിയില്ല.

കാരണം, ഞാൻ സമർപ്പിച്ചപ്പോൾ എല്ലാം വിട്ടു കൊടുത്താണ് സമർപ്പിച്ചത്. പേരും പെരുമയും എല്ലാം വിട്ടു. ആര് കളിയാക്കിയാലെന്ത്? ആര് പരിഹസിച്ചാലെന്ത്? ഞാൻ എന്റെ കരുണയുള്ള കർത്താവിന്റെ കൂടെയല്ലോ നടക്കുന്നത്! ആ നിധിയല്ലോ എന്റെ ഹൃദയത്തിലുള്ളത്! ആ വലിയ സ്വർഗ്ഗീയനിധി ഈ ഹൃദയത്തിൽ പകരാൻ സ്വർഗ്ഗത്തിലെ ദൈവത്തിന് തിരുമനസ്സായി. പരിശുദ്ധാത്മാവിനെ എനിക്ക് തന്നു. അതുകൊണ്ട് ഞാൻ തികഞ്ഞവനായില്ല.

ഞാൻ കരയാറുണ്ട്, വിതുമ്പാറുണ്ട്, എന്റെ സ്വഭാവത്തിലെ മാലിന്യങ്ങളോർത്ത്. ഭാഗ്യവശാൽ പ്രവൃത്തിയിലോ വാക്കിലോ ഒന്നും വന്നില്ലായിരിക്കാം. പക്ഷേ, എന്റെ സ്വയം

തീർന്നുപോയിട്ടില്ലെന്ന് എനിക്കറിയാം. എന്റെ ജഡമയത്വം തീർന്നുപോയിട്ടില്ല. എന്റെ അഹം (self) മാറിയിട്ടില്ല. പക്ഷേ, എന്നെ വിളിച്ചവൻ വിശ്വസ്തനാണ്, അവൻ അത് നിവർത്തിക്കും.

സഹോദരങ്ങളേ, നിങ്ങൾ ദൈവത്തോട് പറയൂ: കർത്താവേ, എന്റെ സ്വഭാവം ഇത്രയും മലിനമാണെങ്കിലും എന്റെ സ്വഭാവത്തെ മാറ്റി വിശുദ്ധമാക്കാൻ നിനക്കാവുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിന്റെ തിരുരക്തത്തിന്റെ ഒരു തുള്ളിമതി എന്നെ വിശുദ്ധനാക്കി തീർക്കാൻ.

അവൻ നടക്കുന്നതും ദൈവത്തെ പുകഴ്ത്തുന്നതും ജനമൊക്കെയും കണ്ടു. ഇവൻ സുന്ദരം എന്ന ദേവാലയ ഗോപുരത്തിൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്നവനാണ് എന്ന് അവർക്കറിയാം.

അവന്റെ കഴിഞ്ഞകാല ജീവിതമെന്തായിരുന്നു? ഇന്നു രാവിലെയും നാം അവനെ കണ്ടിട്ട് പോന്നതല്ലേ? അവൻ ഭിക്ഷയാചിച്ചുകൊണ്ട് ഇരുന്നവൻ എന്നറിഞ്ഞ് അവന് സംഭവിച്ചതിനെക്കുറിച്ച് അവർ വിസ്മയവും ഭയവും നിറഞ്ഞവരായിത്തീർന്നു.

അവർക്ക് ഒരു അങ്കലാപ്പായി. യേശു ക്രൂശിക്കപ്പെട്ടു, എല്ലാം തീർന്നു എന്നാണ് അവർ കരുതിയിരുന്നത്. പക്ഷേ, തീർന്നില്ല, തുടങ്ങുന്നതേയുള്ളൂ. യേശുവിന്റെ പ്രവൃത്തി തുടരുകയാണ്. നിങ്ങൾ ഏതു സഭയിൽ നിൽക്കുന്നു എന്നുള്ളത് ചിന്താവിഷയമല്ല. നിങ്ങൾ ദൈവത്തിന്റെ മോഹനസൃഷ്ടിയാണ്. നിങ്ങളിൽക്കൂടി ചില അത്ഭുതങ്ങൾ കർത്താവ് ചെയ്യും. നിങ്ങളിൽക്കൂടി ചിലരുടെ ഹൃദയത്തിൽ, ചില ഭവനങ്ങളിൽ ആശ്വാസം പകരും.

ഞാൻ ഹോസ്പിറ്റലിൽ രോഗിയായി അവശനായി കിടക്കുന്ന സമയത്ത് എന്റെ അരികത്തേക്ക് എല്ലാ

ഡിപ്പാർട്ട്മെന്റിലേയും ഡോക്ടേഴ്സ് വന്നുകൊണ്ടിരുന്നു. അവർ വളരെ സഹതാപത്തോടെ നോക്കിക്കൊണ്ടിരിക്കും. എന്റെ പിള്ളേരും ആലീസും ഒക്കെ വരും, സഹതാപത്തോടെ നോക്കിക്കൊണ്ടിരിക്കും. എന്ത് സഹായം ചെയ്യാനും എല്ലാവരും തയ്യാറാണ്. എന്തുവേണമെങ്കിലും ചെയ്തു തരും. പക്ഷേ, എനിക്കൊരു കാര്യം മനസ്സിലായി. ആരെല്ലാം ഉണ്ടെങ്കിലും യേശു ഉണ്ടെങ്കിലേ രക്ഷയുള്ളൂ.

ആരെല്ലാം ഉണ്ടെന്ന് പറഞ്ഞാലും നോക്കി നിൽക്കും. അതിനപ്പുറത്തേക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. എന്റെ മകളുടെ മക്കൾ രണ്ടുപേരും ഡോക്ടേഴ്സാണ്. അവർ രണ്ടു പേരും വന്നു. അവരും വീർപ്പടക്കി നിൽക്കുകയാണ്. അവർ മിണ്ടാൻ വയ്യാതെ നിന്ന് ഏങ്ങലടിക്കുന്നത് ഞാൻ കണ്ടു. വെല്ലൂർ ഹോസ്പിറ്റലിലെ ഡോ. മേരിക്കുട്ടി വന്നു. പക്ഷേ എന്റെ പ്രയാസം കണ്ടിട്ട് വിഷമിച്ച് നിൽക്കുകയാണ്, എനിക്ക് മുഖം കാണുമ്പോഴറിയാം. പക്ഷേ ഒന്നും ചെയ്യാൻ കഴിയുന്നില്ല.

പ്രിയപ്പെട്ടവരേ, ആരെല്ലാം ഉണ്ടെന്നു പറഞ്ഞാലും യേശു നിങ്ങളുടെ ജീവിതത്തിൽ വേണം. യേശുവിനെ കൂടാതെ നിങ്ങൾ പോകരുത്. യേശു നിങ്ങളുടെ അരികത്ത് വന്നിട്ടുണ്ട്. നിങ്ങൾ വിളിക്കൂ. അപേക്ഷിക്കൂ: കർത്താവേ, എന്നെ അനുഗ്രഹിക്കാതെ പോകല്ലേ. വിളിച്ചാൽ വിളികേൾക്കുന്നവനാണ് യേശു. നിർബ്ബന്ധിച്ചാൽ അടുത്ത് വരുന്നവനാണ് യേശു.

> *“അവൻ പത്രോസിനോടും യോഹന്നാനോടും ചേർന്നുനിൽക്കുമ്പോൾ ജനം എല്ലാം വിസ്മയം പൂണ്ടു ശലോമോന്റേത് എന്നു പേരുള്ള മണ്ഡപത്തിൽ അവരുടെ അടുക്കൽ ഓടിക്കൂടി. അതു കണ്ടിട്ട് പത്രോസ് ജനങ്ങളോട് പറഞ്ഞത്: യിസ്രായേൽ പുരുഷന്മാരേ, ഇതിങ്കൽ ആശ്ചര്യ*

*പ്പെടുന്നത് എന്ത്? ഞങ്ങളുടെ സ്വന്തശക്തി കൊണ്ടോ ഭക്തികൊണ്ടോ ഇവനെ നടക്കുമാറാക്കി എന്നപോലെ ഞങ്ങളെ ഉറ്റുനോക്കുന്നതും എന്ത്? അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ നമ്മുടെ പിതാക്കന്മാരുടെ ദൈവം തന്റെ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി; അവനെ നിങ്ങൾ ഏൽപിച്ചു കൊടുക്കയും അവനെ വിട്ടയപ്പാൻ വിധിച്ച പീലാത്തോസിന്റെ മുമ്പിൽ വച്ച് തള്ളിപ്പറകയും ചെയ്തു. പരിശുദ്ധനും നീതിമാനു മായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു, കൊലപാതക നായവനെ വിട്ടുതരേണം എന്ന് ചോദിച്ചു, ജീവനായകനെ കൊന്നുകളഞ്ഞു. അവനെ ദൈവം മരിച്ചവരിൽനിന്ന് എഴുന്നേൽപിച്ചു; അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു."*

*അപ്പൊ. പ്രവൃത്തികൾ 3 : 11 – 15*

പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞവനാണ്. പക്ഷേ ഇപ്പോൾ പറയുകയാണ്, നിങ്ങൾ ദൈവത്തെ തള്ളിപ്പറഞ്ഞു. നിങ്ങൾ പാപം ചെയ്തിരിക്കുന്നു. സ്വന്തം അനുഭവത്തിന്റെ തനിമയിൽ നിന്നുകൊണ്ടാണ് പത്രോസ് പറയുന്നത്. ഞാൻ തള്ളിപ്പറഞ്ഞവനാണ്. പക്ഷേ, യേശു എന്നെ യഥാസ്ഥാന പ്പെടുത്തി. ദൈവം സ്നേഹമാണ്. തള്ളി എങ്കിലും യേശു എന്നെ വിട്ടുകളഞ്ഞില്ല. യേശു എന്നെ ഉപേക്ഷിച്ചു കളഞ്ഞില്ല. യേശുക്രിസ്തു എന്റെ അരികത്തേയ്ക്ക് വന്ന് എന്നെ വീണ്ടും യഥാസ്ഥാനപ്പെടുത്തി.

നിങ്ങളോ, നീതിമാനായവനെ തള്ളിക്കളഞ്ഞു. നിങ്ങൾ അവനെ ക്രൂശിച്ചു. നിങ്ങൾ അവനെ വധിച്ചുകളഞ്ഞു. നിങ്ങൾ ഇതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. ഈ മുടന്തൻ നടക്കു

മാറായത് ഞങ്ങളുടെ സ്വന്ത ശക്തികൊണ്ടല്ല. ഞങ്ങളുടെ സ്വന്തം ഭക്തികൊണ്ടുമല്ല. ഏതെങ്കിലും പ്രത്യേകമായ നൽവരങ്ങളുള്ളതുകൊണ്ടുമല്ല. നിങ്ങൾ തള്ളിക്കളഞ്ഞ, തള്ളിപ്പറഞ്ഞ, നിങ്ങൾ ക്രൂശിച്ച യേശുക്രിസ്തുവാണ് ഇവനെ സൗഖ്യപ്പെടുത്തിയത്.

സാക്ഷാൽ സുവിശേഷപ്രസംഗത്തിന്റെ കാതൽ ഇവിടെ കാണാം. എന്താണ്? തന്നെത്തന്നെ കാണിക്കുന്നില്ല. ഞങ്ങളാരുമല്ല. ഞങ്ങളെന്ത്? ഞങ്ങൾക്ക് സ്വന്ത ശക്തിയുണ്ടോ? ഇല്ല. ഞങ്ങൾക്ക് സ്വന്തമായിട്ട് ഭക്തിയുണ്ടോ? ഇല്ല. ഞങ്ങൾക്ക് ഏതെങ്കിലും കാര്യത്തിൽ പ്രാപ്തിയുണ്ടോ? അതുമില്ല. ഇത് ചെയ്തതാരാണ്? നിങ്ങൾ ഒരിക്കൽ തള്ളിപ്പറഞ്ഞ, നിങ്ങൾ ക്രൂശിച്ച ജീവനായകനാണ് ഈ അത്ഭുതത്തിന് ഉത്തരവാദി. ദൈവത്തിന് മഹത്വം കൊടുക്കുകയാണ്. എന്റേതൊന്നുമല്ല.

പ്രിയപ്പെട്ടവരേ, ഇപ്പോൾ നിങ്ങൾക്ക് കർത്താവിനോട് പറയാൻ പറ്റുമോ? കർത്താവേ, ഇന്ന് എന്റെ ജീവിതത്തിൽ അത്ഭുതം നടക്കണമേ. നീ എന്നെ തൊട്ടു എന്നുള്ള ഒരനുഭവം കിട്ടിക്കൊണ്ടുപോകാൻ എനിക്ക് ഭാഗ്യം തരണമേ. എന്റെ കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എന്നിലുണ്ട് എന്ന് അനുഭവിക്കുവാൻ എനിക്ക് ഭാഗ്യം തരണമേ.

കർത്താവേ ഞാനൊരു പാപിയാണ്. എനിക്കഭിമാനിക്കാൻ ഒന്നുമില്ല. അഹങ്കരിക്കാൻ ഒന്നുമില്ല. എനിക്കാകെയുള്ളത് പാപം മാത്രം. കർത്താവേ, പല കാര്യങ്ങളിൽ സാത്താന് ഇടം കൊടുത്തുപോയിട്ടുണ്ട്. എന്നെ ആളുകൾ സ്നേഹിക്കണമെന്നും ബഹുമാനിക്കണമെന്നുമുള്ള ചിന്ത വന്നുപോയിട്ടുണ്ട്. മനുഷ്യരുടെ മുൻപിൽ വിളങ്ങണം എന്നുള്ള ആഗ്രഹം വന്നുപോയിട്ടുണ്ട്.

വചനം പറയുന്നവരോട്, പറയുന്ന വചനത്തോട് ചേർന്ന് പോകാൻ പറ്റാതെ ചിലപ്പോഴെല്ലാം നീരസവും

മത്സരവും തോന്നിയിട്ടുണ്ട്. എന്റെ കർത്താവേ, ഏറെ തെറ്റുകൾ വന്നുപോയി. നിന്റെ തൃക്കരം എന്റെ ശിരസ്സിൽ വച്ച് നിന്റെ തിരുരക്തം അവിടെയൊന്ന് പുരട്ടണമേ. നാഥാ, നീ തരുന്ന തിരുരക്തത്തിന്റെ അടയാളം നെറ്റിയിൽ വഹിച്ചു കൊണ്ട് പോകുവാൻ എനിക്ക് നീ ഭാഗ്യം തരണമേ.

മേലിൽ ഞാനൊരു പാപവും ചെയ്കയില്ല, ഇനി മുതൽ ഞാനൊരു പുതിയ മനുഷ്യനായിരിക്കുമെന്ന് നിന്നോട് ഞാൻ വാക്ക് പറയുകയാണ്. എന്നോട് മനസ്സലിയണമേ.

യേശുവിങ്കലേക്ക് നോക്കുക. "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല." (സങ്കീർത്തനങ്ങൾ 34 : 5) "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക." (എബ്രായർ 12 : 2) നോക്കുക ക്രൂശിലേക്ക്. നോക്കുക തിരുവിലാവിലേക്ക്. നോക്കുക തിരുമുഖത്തേക്ക്. യേശുവിന്റെ കരുണയൂറുന്ന മുഖത്തേക്ക് നോക്കുക. യേശുവിന്റെ വാത്സല്യമസൃണമായ മുഖത്തേക്ക് നോക്കുക. യേശുവിന്റെ കാരുണ്യക്കടലായ കണ്ണിലേക്ക് നോക്കുക.

യേശുവേ, നീ എന്നെ ഒന്ന് നോക്കണമേ. ഒന്ന് സ്പർശിക്കണമേ. അനുഗ്രഹിക്കണമേ. യേശുവേ, ഞാനിതാ വരുന്നു എന്നെ സ്വീകരിക്കണമേ.

# ഏഴ്

*"അവർ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാൺകയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു; അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്നും അറിഞ്ഞു. സൗഖ്യം പ്രാപിച്ച മനുഷ്യൻ അവരോടുകൂടെ നില്ക്കുന്നത് കണ്ടതുകൊണ്ട് അവർക്ക് എതിർ പറവാൻ വകയില്ലായിരുന്നു."*

*അപ്പൊ. പ്രവൃത്തികൾ 4 : 13, 14*

മുടന്തൻ നടക്കാൻ തുടങ്ങി. നൃത്തം ചെയ്യാൻ തുടങ്ങി. തുള്ളാൻ തുടങ്ങി. അവൻ ദൈവത്തെ മഹത്വപ്പെടുത്താൻ തുടങ്ങി. സ്തുതിച്ചുകൊണ്ട് അപ്പൊസ്തലന്മാരുടെ കൂടെ അവൻ ദൈവാലയത്തിലേക്ക് ചെന്നു. എല്ലാവർക്കും വലിയ അതിശയമായി. 40 വയസ്സ് പ്രായമുള്ള മനുഷ്യൻ! 40 കൊല്ലം നടന്നിട്ടില്ലാത്ത മനുഷ്യൻ, ഇപ്പോൾ നടക്കുന്നു. വലിയ അത്ഭുതമല്ലേ?

ജനമെല്ലാം ഓടിക്കൂടി. അപ്പോഴാണ് ഒരു പുതിയ പ്രശ്നം! പള്ളിയിൽ ഈ കാര്യം അറിഞ്ഞു. 40 വയസ്സുള്ള, പിറവിയിലെ മുടന്തനായ മനുഷ്യൻ ഇപ്പോഴുണ്ട് നടക്കുന്നു, തുള്ളുന്നു, ദൈവത്തെ സ്തുതിക്കുന്നു. എന്തൊരു മാറ്റം! ഈ അത്ഭുതം ചെയ്തത് പത്രോസും യോഹന്നാനും ആണ്. അവർ യേശുവിന്റെ കൂടെ ആയിരുന്നവരാണ്. യേശുവിന്റെ ശിഷ്യന്മാരാണ്.

യേശുവിനെ ക്രൂശിച്ചപ്പോൾ കാര്യം തീർന്നുവെന്നാണ്

വിചാരിച്ചത്. ഈ ശല്യം ഒഴിവായെന്ന് വിചാരിച്ചു. ഇപ്പോൾ ഇതാ, യേശുവിന്റെ ശിഷ്യന്മാർ വന്ന് അതേപോലെയൊക്കെ കാണിക്കുന്നു. ജനം അവരുടെ പിറകെ പോകുന്നു. പെട്ടെന്ന് അവർ ഒരു സന്നിദ്രിംസംഘം കൂടി.

> *"പിറ്റെന്നാൾ അവരുടെ പ്രമാണികളും മൂപ്പന്മാരും ശാസ്ത്രിമാരും യെരൂശലേമിൽ ഒന്നിച്ചുകൂടി; മഹാപുരോഹിതനായ ഹന്നാവും കയ്യഫാവും യോഹന്നാനും അലക്സന്തരും മഹാപുരോഹിത വംശത്തിലുള്ളവർ ഒക്കെയും ഉണ്ടായിരുന്നു."*
>
> *അപ്പൊ. പ്രവൃത്തികൾ 4 : 5, 6*

മഹാപുരോഹിതവംശത്തിലുള്ളവർ എല്ലാവരും വന്നുകൂടി. വലിയൊരു സമ്മേളനം. സന്നിദ്രിംസംഘത്തിലെ അന്നേരം കിട്ടാവുന്ന ആളുകളെ പെട്ടെന്ന് വിളിച്ച് വരുത്തി. എല്ലാവരും കൂടി വലിയൊരു മീറ്റിംഗ്! എന്തിനുവേണ്ടി? നാല്പത് കൊല്ലമായി മുടന്തുണ്ടായിരുന്ന ഒരാൾ നടക്കുന്നു! അതേ പ്രശ്നമുള്ളൂ. വേറെ ആർക്കും ഒരു ദോഷവും വന്നിട്ടല്ല.

പെട്ടെന്നുള്ള സിന്നഡിൽ ആ കാര്യം ചർച്ചയായി. ഈ കാര്യം ഇങ്ങനെ വിട്ടാൽ പറ്റില്ല. ഇതിനെന്തെങ്കിലും അറുതി വരുത്തിയേ പറ്റൂ. ഈ കൂട്ടരിങ്ങനെ മുന്നോട്ട് പോയാൽ നമ്മുടെയെല്ലാം സ്ഥാനം തെറിച്ചുപോകും. പാടില്ല. എന്തെങ്കിലും ഒരു പോംവഴി കണ്ടെത്തിയേ പറ്റൂ. അവരെല്ലാവരും ആലോചിച്ചു. അവസാനം പത്രോസിനെയും യോഹന്നാനെയും വിളിച്ചു വരുത്തി.

ശരിയായ ഒരു സിന്നഡിന്റെ മുൻപിലേക്ക് ഈ മുക്കുവത്തൊഴിലാളികൾ രണ്ടുപേരും കൂടെ വന്നു. ഇവർക്ക് വിദ്യാഭ്യാസമുണ്ടോ? ഇത്ര മഹാന്മാരായ ആളുകളോട് സംസാരിക്കാനുള്ള കഴിവുണ്ടോ? ഒന്നുമില്ലല്ലോ. അവരെല്ലാം ഉന്നത ബിരുദധാരികളും ഉന്നതന്മാരുമായ ആളുകൾ. അവരുടെ അടുക്കൽ ചെന്നാൽ ഈ പാവം പത്രോസിന് എന്തു

പറയാനറിയാം! മീൻ പിടിക്കുന്നതിന്റെ കാര്യങ്ങൾ പറയാനറിയാം. അതല്ലെങ്കിൽ യോഹന്നാന് വല നന്നാക്കുന്ന കാര്യം പറയാൻ പറ്റും. അതല്ലാതെ അതിനപ്പുറമൊന്നും അറിയാൻ പാടില്ല. പക്ഷേ, മഹാപുരോഹിതന്മാർ വിളിച്ചപ്പോൾ അവർ ചെന്നു.

അവർ അവരെ നടുവിൽ നിറുത്തി. എല്ലാവരും ചുറ്റും ഇരിക്കുകയാണ്. പക്ഷേ, പത്രോസും യോഹന്നാനും വിറയ്ക്കുന്നില്ല, പേടിക്കുന്നുമില്ല. കാരണം, അവർ യേശുവിന്റെ തിരുമുഖമാണ് കണ്ടുകൊണ്ടിരിക്കുന്നത്; യേശുവിന്റെ മുഖത്തേക്കാണ് നോക്കിക്കൊണ്ടിരിക്കുന്നത്. യേശുവിന്റെ നാമത്തിലാണ് അവരിതൊക്കെ ചെയ്തത്. സ്വന്തശക്തികൊണ്ടോ സ്വന്തബലംകൊണ്ടോ ഒന്നും ചെയ്തില്ല. ഈ അത്ഭുതങ്ങൾ ചെയ്തുവെന്നുള്ളത് തങ്ങളുടെ ഒരു 'ക്രെഡിറ്റ്' ആണെന്ന് അവർക്ക് തോന്നിയിട്ടുമില്ല.

മരിച്ചുപോയി എന്ന് അവർ വിചാരിക്കുന്ന യേശു ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു. അതിന് തെളിവാണിത്. ക്രിസ്തുവാണ് പ്രവർത്തിച്ചതെന്ന് അവർക്ക് നല്ല ഉറപ്പുണ്ട്. അതുകൊണ്ട് അവർക്ക് ഒരു പേടിയില്ല.

> *"ഇവർ അവരെ നടുവിൽ നിറുത്തി: ഏതു ശക്തികൊണ്ടോ ഏതു നാമത്തിലോ നിങ്ങൾ ഇത് ചെയ്തു എന്നു ചോദിച്ചു."*
>
> *അപ്പൊ. പ്രവൃത്തികൾ 4 : 7*

പിറവിയിലേ മുടന്തനായ മനുഷ്യന് നിങ്ങൾ സൗഖ്യം കൊടുത്തത് എങ്ങനെയാണ്? എങ്ങനെ സാധിച്ചു അത്? ഒന്നു വിശദീകരിക്കൂ. അവരുടെ ചോദ്യം കേട്ടപ്പോൾ പത്രോസ് പരിശുദ്ധാത്മാവ് നിറഞ്ഞു.

> *"പത്രോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി അവരോട് പറഞ്ഞത്:" അപ്പൊ. പ്രവൃത്തികൾ 4 : 8*

എതിർപ്പുകൾ വരുമ്പോൾ, ശക്തിയേറിയ അമർഷത്തോടെ എതിർത്തുകൊണ്ട് ആളുകൾ വരുമ്പോൾ പരിശുദ്ധാത്മാവ് നിറയും. പത്രോസ് ധീരതയോടെ, ഒരു കൂസലുമില്ലാതെ, നല്ല ചങ്കുറപ്പോടെ നിൽക്കുകയാണ്. എന്നാൽ ഈ പത്രോസ് ആരായിരുന്നു? കർത്താവിനെ തള്ളിപ്പറഞ്ഞവൻ!

> *"അവൻ തീവെട്ടത്തിന്നടുക്കെ ഇരിക്കുന്നത് ഒരു ബാല്യക്കാരത്തി കണ്ടു അവനെ ഉറ്റു നോക്കി: ഇവനും അവനോടുകൂടെ ആയിരുന്നു എന്നു പറഞ്ഞു. അവനോ: സ്ത്രീയേ, ഞാൻ അവനെ അറിയുന്നില്ല എന്നു തള്ളിപ്പറഞ്ഞു."*
>
> *ലൂക്കോസ് 22 : 56, 57*

യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാരിൽ യേശു ക്രിസ്തുവിനെ തള്ളിപ്പറഞ്ഞത് പത്രോസാണ്. ആ പത്രോസിനെയാണ് ഇപ്പോൾ കർത്താവ് ധീരതയോടെ നിർത്തുന്നത്. വലിയൊരു മാറ്റം!

ഇന്ന് നാമെല്ലാം ഭീരുക്കളാണ്. പക്ഷേ, നമുക്ക് ധൈര്യം നൽകുന്ന ഒരു പരിശുദ്ധാത്മാവുണ്ട്. ശക്തി പകരുന്ന ഒരാത്മാവുണ്ട്. ഏത് വിഷമസന്ധിയെയും അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനും കഴിവു തരുന്ന കർത്താവുണ്ട്.

നാം സ്വതവേ ഭീരുക്കളായിരിക്കാം. കഴിവില്ലാത്തവരായിരിക്കാം. മറ്റുള്ളവർക്കുള്ളതുപോലെ പ്രാപ്തിയോ ബുദ്ധിയോ പ്രാവീണ്യമോ ഒന്നുമില്ല. പക്ഷേ, നമുക്ക് വാസ്തവത്തിൽ വേണ്ടതും ഉള്ളതും കർത്താവായ യേശുക്രിസ്തുവിന്റെ ആത്മാവാണ്. ക്രിസ്തു എന്നിലുണ്ട് എങ്കിൽ പിന്നെ ഒരു അധൈര്യവും വരികയില്ല. പത്രോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായിത്തീർന്നു.

ആത്മാവ് നിറയും എതിർപ്പുകൾ പെരുകുമ്പോൾ. ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ, പ്രയാസങ്ങൾ വരുമ്പോൾ, ആവശ്യഭാരങ്ങൾ പെരുകുമ്പോൾ, രോഗങ്ങൾ

വരുമ്പോൾ, വേദനകൾ വരുമ്പോൾ, അപ്പോഴാണ് ആത്മനിറവ് ലഭിക്കുന്നത്.

ഹോസ്പിറ്റലിൽ രോഗിയായി കിടന്നപ്പോൾ എപ്പോഴോ ഒരു സമയത്ത് ഞാൻ ആലീസിനോട് പറഞ്ഞു, ഒരു കഷണം കടലാസും പേനയും എടുക്കാൻ. ഉടനെ പിന്നെ ഞാൻ പാടുകയാണ്. എന്റെ ഹൃദയത്തിന്റെ സമർപ്പണമായിരുന്നു അത്. ഈ പാടുപെട്ട്, കഷ്ടപ്പെട്ട് ഇവിടെ ദുരിതമനുഭവിച്ച് ഹോസ്പിറ്റലിൽ കിടക്കുമ്പോഴും ശ്വാസം കിട്ടാതെ വലയുമ്പോഴും ചുമ മാറാതിരിക്കുമ്പോഴും എന്റെ നാവിൽ വന്നത് കർത്താവ് വരച്ചു തന്ന പാട്ടാണ്.

ഒന്നേയെന്നാശ ഒന്നേയെന്നാശ
എനിക്കാശ വേറെ ഒന്നുമില്ലിനി
എനിക്കായ് ക്രൂശിൽ മരിച്ച–എന്റെ
യേശുവിന്റെ സാക്ഷിയാകണം

ഒന്നേയെന്നാശ ഒന്നേയെന്നാശ
എനിക്കാശ വേറെ ഒന്നുമില്ലിനി
എനിക്കായ് ജീവൻ വെടിഞ്ഞ
എന്റെ യേശുവിന്റെ വിശുദ്ധനാകണം

ഒന്നേയെന്നാശ ഒന്നേയെന്നാശ
എനിക്കാശ വേറെ ഒന്നുമില്ലിനി
എനിക്കായ് ക്രൂശു വഹിച്ച–എന്റെ
യേശുവിന്റെ ശിഷ്യനാകണം

ഒന്നേയെന്നാശ ഒന്നേയെന്നാശ
എനിക്കാശ വേറെ ഒന്നുമില്ലിനി
എനിക്കായ് ഉയിർത്തു ജീവിക്കും
എന്റെ യേശുവിന്റെ പിൻപേ പോകണം

ഒന്നേയെന്നാശ ഒന്നേയെന്നാശ
എനിക്കാശ വേറെ ഒന്നുമില്ലിനി

എൻ ജീവിതത്തിൽ വാട്ടം മാറ്റിയ
എന്റെ യേശുവിനെ സ്തുതിച്ചു തീർക്കണം

ഓട്ടം തികയ്ക്കണം വേലയും തികയ്ക്കണം
വേറെ ആശയൊന്നുമില്ലെനിക്കിഹെ
എന്റെ പാപമെല്ലാം കഴുകി മാറ്റിയ
എന്റെ യേശുവിനെ വാഴ്ത്തിപ്പാടണം

അന്ത്യമാം കാഹളം ധ്വനിച്ചിടുമ്പോൾ
പറന്നുയർന്ന് ശുദ്ധരോടൊത്ത്
മദ്ധ്യവാനിൽ എത്തി ഞാനെന്റെ
പ്രാണപ്രിയൻ പാദം ചുംബിക്കും

ദുരിതങ്ങൾ വരുമ്പോൾ നമുക്ക് ആത്മാവിനെ ഇരട്ടിയായിട്ട് തരും. അതിനെ അഭിമുഖീകരിക്കാനുള്ള കൃപ തരും.

പത്രോസ് ധീരനായിരുന്നില്ല. ഒരു മനോഹരമായ പുസ്തകമുണ്ട്, ‘കോവാദീസ്’. വളരെ പ്രസിദ്ധമായ ആ പുസ്തകത്തിൽ പറയുന്നത് വളരെ അനുഭവവേദ്യമായ ഒരു സംഭവമാണ്.

കർത്താവായ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടതിനു ശേഷം റോമൻ കൈസർ, നീറോ ചക്രവർത്തിയുടെ പീഡ തുടങ്ങി. ക്രിസ്ത്യാനി എന്നു പറയുന്ന ‘ഈ മാർഗ്ഗക്കാർ’ എവിടെയുണ്ടോ അവരെ തിരഞ്ഞുപിടിച്ച് കൊല്ലുക, യാതന അനുഭവിപ്പിച്ച് കൊല്ലുക. ഒന്നുകിൽ തിളക്കുന്ന എണ്ണയിലേക്കിടുക. അതല്ലെങ്കിൽ ഘോരമൃഗങ്ങൾക്ക് എറിഞ്ഞു കൊടുക്കുക. അതെല്ലാം കണ്ട് രസിക്കാൻ റോമിലെ ആംഫി തീയറ്ററിൽ അനേകം ആളുകൾ വന്നു കൂടും. ചക്രവർത്തി മാളികമുകളിൽ നിന്നുകൊണ്ട് അതെല്ലാം കണ്ട് രസിക്കും. ക്രിസ്ത്യാനികളെ കുതിരവണ്ടിയുടെ പിറകിൽ കെട്ടിയിട്ടിട്ട് കുതിരവണ്ടി ഓടിക്കും. നിലത്തുകൂടി ഇഴഞ്ഞിഴഞ്ഞ്, ജീവനുള്ള മനുഷ്യൻ ഉരഞ്ഞുരഞ്ഞ് ചാകും.

ഇങ്ങനെ അനേക വിധത്തിലുള്ള പീഡകൾ! പത്രോസിന്റെ ആത്മീയ സഹോദരങ്ങൾ ചിലർ പറഞ്ഞു: പത്രോസിനെ ലക്ഷ്യം വച്ചിട്ടുണ്ട് കേട്ടോ, നിന്നെ കൊല്ലും. നിന്നെ തകർക്കാനാ ചക്രവർത്തിയുടെ ഉദ്ദേശ്യം. അതുകൊണ്ട് നീ ഓടിപ്പൊയ്ക്കോ. "അയ്യോ നിങ്ങളങ്ങനെയെന്നോട് പറയരുത്. നിങ്ങളെയെല്ലാവരേയും വിട്ട്, കർത്താവിന്റെ വചനവും വിട്ട് ഞാൻ പോകുന്നത് ശരിയല്ല. ഞാൻ പോകുന്നില്ല." പത്രോസ് പറഞ്ഞു.

അവർ പറഞ്ഞു: "നമ്മുടെ കൂട്ടായ്മ നിലനിൽക്കേണ്ടത് ആവശ്യമാണ്. നമ്മുടെ ഈ പ്രവർത്തനങ്ങൾ ഇനിയും തുടരണം. നീ അതിന് ജീവിച്ചിരിക്കണം. നീ പെട്ടെന്ന് വധിക്കപ്പെടാൻ ഇടയാകരുത്. അതുകൊണ്ട് ഒരു കാര്യം ചെയ്യ്, നീ ഇവിടന്ന് പോയ്ക്കോ." അങ്ങനെ നഗരം വിട്ട് പത്രോസ് ഒരു അനുചരനുമായിട്ട് ഒരുമിച്ച് നടന്നുപോവുകയാണ്.

കുറെയങ്ങോട്ട് ചെന്നപ്പോൾ പത്രോസ് ഒരാളെ കാണുന്നു. കൂടെ ഉണ്ടായിരുന്ന ആൾ അതു കണ്ടില്ല. "അയ്യോ, ഇതെന്റെ കർത്താവല്ലേ?" യേശുക്രിസ്തു എതിരെ നടന്നുവരുന്നു. പത്രോസ് നിലംവരെയങ്ങ് കുനിഞ്ഞു താണു. കർത്താവേ നീ എവിടെപോകുന്നു? "കോവാദീസ്?" നീ എങ്ങോട്ട് പോകുന്നു? കർത്താവ് പറഞ്ഞു: "ഞാൻ പീഡ അനുഭവിക്കാൻ പോകുന്നു. പീഡ വേണ്ടായെന്നു വിചാരിച്ച് നിങ്ങൾ പോകുമ്പോൾ, അവിടെ ആ പാവപ്പെട്ട ജനത്തിനുവേണ്ടി പീഡ അനുഭവിക്കാൻ ഞാൻ പോയി ഒന്നുകൂടി ക്രൂശിക്കപ്പെടാം. അതിനുവേണ്ടി ഞാൻ പോവുകയാണ്."

പത്രോസിന്റെ അനുചരനായി കൂടെയുണ്ടായിരുന്നയാൾക്ക് ഇതൊന്നും കേൾക്കാൻ പറ്റുന്നില്ല. പക്ഷേ, പത്രോസ് ഇങ്ങനെ സംസാരിച്ചു: "കർത്താവേ, അയ്യോ, നീ പോകല്ലേ. എന്റെ യേശുവേ, നീ പോകണ്ട, ഞാൻ പോയ്ക്കൊള്ളാം." പത്രോസ് വേഗം പുറകോട്ട് തിരിഞ്ഞ് നടന്നു തുടങ്ങി.

അനുചരൻ ചോദിച്ചു: “എന്താ ഇത്? നമ്മൾ പോയ്ക്കൊണ്ടിരിക്കുകയായിരുന്നല്ലോ.” “അല്ല, ഞാൻ തിരികെ പോവുകയാണ്.” അപ്പോൾ അനുചരൻ ചോദിച്ചു: “നീയെങ്ങോട്ടാ പോകുന്നത്?” “കോവാദീസ്?” അനുചരൻ അതുതന്നെ ചോദിച്ചു. ഉടനെ പത്രോസ് പറഞ്ഞു: “ഞാൻ യെരൂശലേമിലേക്ക് പീഡയനുഭവിക്കാൻ പോവുകയാണ്.”

ഒരു സമയത്ത് ഒരു പൊട്ടപ്പെണ്ണിന്റെ മുൻപിൽ യേശുവിനെ തള്ളിപ്പറഞ്ഞ പത്രോസ് ഇപ്പോൾ ധീരനായി യേശുവിനുവേണ്ടി മരിക്കാൻ പോവുകയാണ്. പത്രോസിനെ ചക്രവർത്തിയുടെ കിങ്കരന്മാർ പിടികൂടി. ക്രൂശിക്കാൻ കൊണ്ടുപോയപ്പോൾ പത്രോസ് പറഞ്ഞു: “എനിക്ക് ഇങ്ങനെ ക്രൂശിക്കപ്പെടാനുള്ള യോഗ്യതയില്ല. എന്റെ നാഥന്റെ പാദം ചുംബിച്ചുകൊണ്ട് ക്രൂശിക്കപ്പെടാനാണ് എന്റെ ആഗ്രഹം. അതുകൊണ്ട് എന്നെ തലകീഴായി ക്രൂശിക്കാമോ?” അങ്ങനെ പത്രോസിനെ അവർ തലകീഴായി ക്രൂശിച്ചു.

പത്രോസ്, ധീരത പ്രാപിക്കുകയാണ്.

> *“അവർ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാൺകയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു; അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്നും അറിഞ്ഞു. സൗഖ്യം പ്രാപിച്ച മനുഷ്യൻ അവരോടുകൂടെ നിൽക്കുന്നത് കണ്ടതുകൊണ്ട് അവർക്ക് എതിർ പറവാൻ വകയില്ലായിരുന്നു.”*
>
> *അപ്പൊ. പ്രവൃത്തികൾ 4 : 13, 14*

മഹാപുരോഹിതന്മാരും ആ ജനത്തിന്റെ പ്രമാണിമാരും പള്ളിയിലെ നേതാക്കൻമാരും പത്രോസിന്റേയും യോഹന്നാന്റേയും ധൈര്യം കണ്ടു. ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്ന് അവർ ഗ്രഹിച്ചു.

അവർക്ക് ഒന്നും എതിർത്ത് പറയാൻ നിർവ്വാഹമില്ല. സൗഖ്യം പ്രാപിച്ച മനുഷ്യൻ അവരോടുകൂടെ നിൽക്കുകയാണ്. ഇത്രയും കാലം മുഴുവൻ മുടന്തി നടന്ന മനുഷ്യൻ ഇപ്പോൾ നിവർന്ന് ധീരതയോടെ നിൽക്കുന്നു. അവനൊരു കൂസലുമില്ല.

പത്രോസും യോഹന്നാനുമാണെങ്കിൽ നല്ല ധൈര്യത്തോടെ നിൽക്കുന്നു. ആർക്കും ഒരു ഭയപ്പാടില്ല, ഭീതിയില്ല. ആരെയും ഭയപ്പെടാതെ ക്രിസ്തുവിനെ മാത്രം ധ്യാനിച്ചുകൊണ്ട് അവർ നിൽക്കുകയാണ്. അവർ അതുകണ്ട് ആശ്ചര്യപ്പെട്ടു. എന്നിട്ട് അവർ പറയുകയാണ്:

*"പിന്നെ അവരെ വിളിച്ചിട്ട്: യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത്, ഉപദേശിക്കയും അരുത് എന്ന് കല്പിച്ചു."*

*അപ്പൊ. പ്രവൃത്തികൾ 4 : 18*

പുതിയൊരു കല്പന. എല്ലാ സ്ഥലത്തേക്കും അയയ്ക്കുന്ന ഒരു കല്പന. എന്താണ്? ഇനി യേശുവിന്റെ നാമത്തിൽ സംസാരിക്കരുത്, ഉപദേശിക്കയും ചെയ്യരുത്! ജനത്തിൽ അധികം പരക്കാതിരിപ്പാൻ അവർ യാതൊരു മനുഷ്യനോടും ഈ നാമത്തിൽ ഇനി സംസാരിക്കരുതെന്ന് അവരെ തർജ്ജനം ചെയ്യണമെന്ന് അവർ പരസ്പരം കൂടിയാലോചിച്ചു.

പക്ഷേ, അങ്ങനെ മനുഷ്യർ വായടച്ചാൽ അടയുന്നതല്ലല്ലോ ക്രിസ്തു തുറന്ന വായ്. ക്രിസ്തു പറയുന്നു:

*"നിന്റെ വായ് വിസ്താരത്തിൽ തുറക്ക; ഞാൻ അതിനെ നിറയ്ക്കും."* *സങ്കീർത്തനങ്ങൾ 81 : 10*

സഹോദരങ്ങളേ, ഒരു വലിയ സമർപ്പണത്തിലേക്ക് നിങ്ങൾക്ക് വരാൻ പറ്റുമോ? കർത്താവേ, എന്ത് പീഡ സഹിച്ചും എന്റെ യേശുവിനോടു കൂടെ ഒട്ടി നിൽക്കാൻ ഞാൻ ഇതാ എന്നെ സമർപ്പിക്കുന്നു. ജീവിതത്തിൽ എന്തെല്ലാം ദുരിതം വന്നാലും കുടുംബത്തിൽ കലഹമുണ്ടായാലും ഭർത്താവ്

എതിർത്താലും ഭാര്യ കലമ്പലുണ്ടാക്കിയാലും ഞാൻ നിന്നോടുകൂടെ നിൽക്കുവാൻ ആഗ്രഹിക്കുന്നു. മക്കൾ എതിർത്ത് പല പ്രശ്നങ്ങൾ ഉണ്ടാക്കിയാലും യേശുവേ, ഞാൻ ഒരാൾ നിന്റെ കൂടെ നിൽക്കും.

ഒരു ചുരുങ്ങിയ ആയുസ്സല്ലേ ഉള്ളൂ. വളരെ ചുരുങ്ങിയ ഒരു കാലം. ഈ കാലം യേശുവിനുവേണ്ടി നമുക്ക് പൂർണ്ണമായി ചെലവഴിക്കണം. യേശുക്രിസ്തുവിന്റെ കരങ്ങളിലേക്ക് നമ്മെ ഏല്പിച്ചുകൊടുത്തുകൊണ്ട് നമ്മുടെ ജീവിതത്തിൽ വ്യക്തമായ ഒരു സമർപ്പണമെടുക്കണം.

എന്റെ ഭാവി മുഴുവനായും നിന്റെ കരങ്ങളിലേക്ക് ഞാൻ തരുന്നു. നിങ്ങളുടെ ഹൃദയത്തിൽ അത് വരുന്നുണ്ടോ? എങ്കിൽ നിങ്ങൾ ഹൃദയത്തിൽ പറയൂ: കർത്താവേ, ഞാനും എനിക്കുള്ളതെല്ലാം നിന്റേത്. ഞാനൊരിക്കലും അധൈര്യപ്പെടുകയില്ല. ഞാൻ ഭീരുവാകയില്ല. ഞാനൊരിക്കലും പിന്മാറിപ്പോവുകയില്ല. നിന്നോടുകൂടെ അന്ത്യത്തോളം എന്തു പീഡ സഹിക്കേണ്ടി വന്നാലും ഞാൻ പോകും. കർത്താവേ നീയെന്നെ കാത്തുകൊള്ളണമേ.

# എട്ട്

*"അതിന് പത്രോസും യോഹന്നാനും: ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല എന്ന് ഉത്തരം പറഞ്ഞു. എന്നാൽ ഈ സംഭവിച്ച കാര്യംകൊണ്ട് എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തുകയാൽ അവരെ ശിക്ഷിക്കുന്നതിന് ജനം നിമിത്തം വഴി ഒന്നും കാണായ്കകൊണ്ട് അവർ പിന്നെയും തർജ്ജനം ചെയ്തു അവരെ വിട്ടയച്ചു."*

*അപ്പൊ. പ്രവൃത്തികൾ 4 : 19 – 21*

ദൈവത്തെക്കാൾ കൂടുതൽ നിങ്ങളെ അനുസരിക്കണമെന്നാണോ നിങ്ങൾ പറയുന്നത്? ദൈവം കല്പിച്ചിട്ടാണ് ഞങ്ങളിതൊക്കെ ചെയ്യുന്നത്. ഞങ്ങളുടെ കൂടെ ദൈവമുണ്ട്. ഞങ്ങളുടെ കൂടെ യേശുവുണ്ട്. ഞങ്ങളുടെ കൂടെ ദൈവത്തിന്റെ ആത്മാവുണ്ട്. ദൈവത്തിന്റെ കല്പന പ്രകാരമാണ് ഞങ്ങളിതെല്ലാം ചെയ്യുന്നത്. നിങ്ങൾ ന്യായമാണോ ഈ പറയുന്നത്?

ഞങ്ങൾ കണ്ട കാര്യങ്ങൾ, കേട്ട കാര്യങ്ങൾ പറയാതിരിക്കാൻ നിർവ്വാഹമില്ല. അതെല്ലാവരും കേൾക്കെ പറയേണ്ടതാണ്. എല്ലാവരും ആ മഹാഭാഗ്യം അനുഭവിക്കുവാൻ

ഞങ്ങളാൽ സാധിക്കുംവിധം പ്രവർത്തിക്കേണ്ടതാണ്. അവർ ധീരമായി സംസാരിച്ചു.

എന്തും വന്നുകൊള്ളട്ടെയെന്നാണ് അവരുടെ ചിന്ത. അവരുടെ വാക്കുകളിൽ നല്ല ദൃഢമായ ധൈര്യമുണ്ട്. "യഹോവാഭക്തന് ദൃഢധൈര്യമുണ്ട്." ശക്തമായിട്ടാണ് അവർ പറയുന്നത്.

വിശ്വാസത്തിന്റെ കാര്യത്തിൽ, ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ഒരിക്കലും നാം അല്പം പോലും വിട്ടുകൊടുക്കരുത്; വഴിവിട്ടുപോകരുത്; തളർന്നുപോകരുത്. അല്പം പോലും ചഞ്ചലപ്പെട്ടുപോകരുത്. അയ്യോ, ഇന്ന ആളാണല്ലോ, ഉന്നതനായ ഒരാളാണല്ലോ പറഞ്ഞത്, മദ്ബഹായിൽ നിന്നാണല്ലോ പറഞ്ഞത്, പേടിക്കേണ്ട. വിശ്വാസസംബന്ധമായ കാര്യത്തിൽ, നിങ്ങളുടെ ആത്മാവിന്റെ കാര്യത്തിൽ ആരെന്തെല്ലാം പറഞ്ഞാലും ഭയപ്പെടേണ്ട. നിങ്ങൾ ധീരതയോടെ, ധൈര്യത്തോടെ നിൽക്കണം.

ജനമെല്ലാം നോക്കി നിൽക്കുന്നു. അത്ഭുതം സംഭവിച്ച മനുഷ്യൻ അടുക്കൽ നില്ക്കുന്നു. നല്ല വ്യക്തമായ സാക്ഷ്യ ത്തോടെ സൗഖ്യം പ്രാപിച്ച് നിൽക്കുകയാണ്. എന്തുചെയ്യാൻ പറ്റും? സൗഖ്യം പ്രാപിച്ച മനുഷ്യൻ ഇവരുടെ കൂടെയുണ്ട്. ജനം ഒരുപക്ഷേ, ഇളകിയാലോ? ജനം അവരെ കല്ലെറിഞ്ഞാലോ? അതുകൊണ്ട് അപ്പോൾ അവരെ വേറൊന്നും പറഞ്ഞില്ല. തർജ്ജനം ചെയ്ത് വിട്ടയച്ചു. ഞങ്ങൾ പറഞ്ഞത് കേട്ടല്ലോ. ഞങ്ങളുടെ കല്പന മനസ്സിലായല്ലോ. ഈ കല്പന അനുസരിച്ചില്ലെങ്കിൽ ഞങ്ങൾ ശിക്ഷിച്ചിരിക്കും. അത്ര വ്യക്ത മായിട്ടാണ് പറഞ്ഞത്. അങ്ങനെ പേടിപ്പിച്ച് പറഞ്ഞുവിട്ടു.

> *"വിട്ടയച്ചശേഷം അവർ കൂട്ടാളികളുടെ അടുക്കൽ ചെന്നു മഹാപുരോഹിതന്മാരും മൂപ്പന്മാരും തങ്ങളോടു പറഞ്ഞത് എല്ലാം അറിയിച്ചു. അതു*

*കേട്ടിട്ട് അവർ ഒരുമനപ്പെട്ടു ദൈവത്തോട് നിലവിളിച്ചു പറഞ്ഞത്: ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ നാഥനേ, "ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായത് നിരൂപിക്കുന്നതും എന്ത്? ഭൂമിയിലെ രാജാക്കന്മാർ അണിനിരക്കുകയും അധിപതികൾ കർത്താവിന്ന് വിരോധമായും അവന്റെ അഭിഷിക്തന് വിരോധമായും ഒന്നിച്ചു കൂടുകയും ചെയ്തിരിക്കുന്നു" എന്നു നിന്റെ ദാസനായ ദാവീദ് മുഖാന്തരം പരിശുദ്ധാത്മാവിനാൽ അരുളിച്ചെയ്തവനേ, നീ അഭിഷേകം ചെയ്ത യേശു എന്ന നിന്റെ പരിശുദ്ധദാസനു വിരോധമായി ഹെരോദാവും പൊന്തിയൊസ് പീലാത്തോസും ജാതികളും യിസ്രായേൽ ജനവുമായി ഈ നഗരത്തിൽ ഒന്നിച്ചുകൂടി, സംഭവിക്കേണം എന്ന് നിന്റെ കൈയും നിന്റെ ആലോചനയും മുന്നിയമിച്ചത് ഒക്കെയും ചെയ്തിരിക്കുന്നു സത്യം."*

*അപ്പൊ. പ്രവൃത്തികൾ 4 : 23 – 28*

വിട്ടയച്ചശേഷം അവർ മറ്റ് ശിഷ്യന്മാരുടെ അടുക്കലേക്ക് ചെന്നു. എല്ലാം ഒന്നൊഴിയാതെ പറഞ്ഞു.

എതിർപ്പുകളെല്ലാം വരുമെന്ന് അവർക്കറിയാം. കാരണം, കർത്താവത് മുൻകൂട്ടി പറഞ്ഞതാണ്. ദൈവത്തെ വിളിച്ച് അവരും സ്തുതിക്കുകയാണ്. ദൈവത്തോട് പ്രാർത്ഥിക്കുക യാണ്. എല്ലാം അവിടുന്ന് കല്പിച്ചതുപോലെ തന്നെ സംഭവിച്ചിരിക്കുന്നുവല്ലോ.

അനേകപീഡകൾ വരും, നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും എന്ന് ശിഷ്യന്മാർക്ക് കർത്താവ് മുൻകൂട്ടി അറിയിപ്പു കൊടുത്തിരുന്നു.

*“നിങ്ങൾ ഇടറിപ്പോകാതിരിപ്പാൻ ഞാൻ ഇത് നിങ്ങളോട് സംസാരിച്ചിരിക്കുന്നു. അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും; അത്രയുമല്ല നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിന് വഴിപാട് കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു.” യോഹന്നാൻ 16 : 1, 2*

നിങ്ങളെ കൊന്നാൽ ദൈവത്തിന് പ്രസാദമാണെന്ന് ചിന്തിക്കുന്ന നാളുകൾ വരുന്നു. അങ്ങനെ തെറ്റായ രീതിയിൽ നിങ്ങളുടെ ഹൃദയത്തെ വശീകരിക്കാൻ ശ്രമിക്കുന്ന ദുഷ്ടശക്തികൾ വരുന്നു.

പ്രിയപ്പെട്ടവരേ, ഇന്ന് നാം ഓരോരുത്തരും ജീവിക്കുന്ന ഈ സമൂഹത്തിൽ വളരെ ഗുരുതരമായി ചിന്തിക്കേണ്ട കാര്യമാണത്. എന്തെല്ലാം വന്നാലും ഏത് അധീശശക്തികൾ എതിർത്തുവന്നാലും ഒരു കാരണവശാലും നമ്മുടെ വിശ്വാസം ത്യജിക്കരുത്. നമ്മുടെ വിശ്വാസം കൈമോശം വന്നുപോകരുത്. നമ്മുടെ നിൽപ്പ് സ്ഥിരതയുള്ളതായിരിക്കണം; കരുത്തുള്ളതായിരിക്കണം. നമ്മുടെ പിടി യേശുവിലായിരിക്കണം. ഞാൻ യേശുവിന്റെ വലങ്കൈയിൽ പിടിച്ചിരിക്കുന്നു എന്നുള്ള ഉറപ്പ് നിങ്ങൾക്ക് വേണം.

അനേകർ യേശുവിനെ ക്രൂശിക്കുമ്പോൾ, അനേകർ യേശുവിനെ തെറ്റിദ്ധരിക്കുമ്പോൾ, യേശുവിനെ ഭ്രാന്തനെന്ന് വിളിക്കുമ്പോൾ, ബെയെത്സബൂൽ എന്ന് വിളിക്കുമ്പോൾ, അനേകർ യേശുവിനെ ചതിയനെന്ന് വിളിക്കുമ്പോൾ, യേശു രക്ഷകനാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ ചേർന്നു നില്ക്കും.

ആരെല്ലാം തെറ്റിദ്ധരിപ്പിച്ചാലും ഞാൻ തെറ്റിദ്ധരിക്കുകയില്ല. ഞാനെന്റെ യേശുവിനോട് ചേർന്നുനിൽക്കും. ഉറപ്പേറിയ നിർണ്ണയം നമുക്കുണ്ടായിരിക്കണം. നാമോരോരുത്തരും നിൽക്കുന്ന സഭയിൽ തന്നെ എതിർപ്പുകൾ വന്നു എന്നു

വരാം. സഭയിലെ പാപം വിട്ടുമാറാത്ത ആളുകൾക്ക്, പാപം വിട്ടുമാറണമെന്ന് നാം പറയുന്നതുകൊണ്ട് എതിർപ്പുണ്ടായി എന്നു വരാം. അവരുടെ ജീവിതത്തിലെ അഹങ്കാരവും അഹന്തയും സ്ഥാനമോഹവും വിട്ടുപോകാതെ അവരിന്നും അസൂയാലുക്കളായി ജീവിക്കുന്നതുകൊണ്ട് നമ്മെ ഉപദ്രവിക്കാൻ മുതിർന്നുവെന്ന് വരാം. പക്ഷേ ഭയപ്പെടേണ്ട.

ആരെല്ലാം എതിർത്തുവന്നാലും ജീവനുള്ള ക്രിസ്തുവിനെ ആർക്കും എതിർക്കുവാൻ സാധിക്കുകയില്ല. ചക്രവർത്തി കിരീടങ്ങൾ വളരെ ബദ്ധപ്പെട്ടു നോക്കി, അനേകം ചക്രവർത്തിമാരുടെ സിംഹാസനങ്ങൾ അത്യദ്ധ്വാനം ചെയ്തു നോക്കി, യേശുവിനെയൊന്ന് തളച്ചു നിർത്താൻ. മഹാന്മാരായ തത്ത്വചിന്തകന്മാർ യേശുവിനെ തളച്ചു നിറുത്തുവാൻ നോക്കി.

അനേകം ബുദ്ധിജീവികൾ കർത്താവായ യേശുവിന്റെ സിംഹാസനത്തിനെതിരായി, കർത്താവിന്റെ രാജ്യത്തിനെതിരായി വാളോങ്ങിയിട്ടുണ്ട്. എതിർപ്പുകൾ പ്രകടിപ്പിച്ചിട്ടുണ്ട്. പക്ഷേ, യേശുവിന്റെ സുവിശേഷം കെട്ടുപോയില്ല, തീർന്നുപോയില്ല. ഇന്നും സുവിശേഷം വിശ്വാസികളുടെ ഹൃദയത്തിൽ ജീവിക്കുന്നു.

കർത്താവിന് വഴി ഒരുക്കുവിൻ. അവന്റെ പാത നിരപ്പാക്കുവിൻ. ഇപ്പോൾ നിങ്ങൾ കർത്താവിന് വഴി ഒരുക്കണം. അവിടെ പടർന്ന് പന്തലിച്ചു കിടക്കുന്ന ചെടികളും പുല്ലുകളും എല്ലാം വെട്ടിമാറ്റണം. വഴിയിലുള്ള കുഴികൾ നികത്തണം. കല്ലുകൾ പെറുക്കിക്കളയണം. കർത്താവിന് നടന്നുവരുവാൻ, രാജാധിരാജന്റെ പരിപാവനമായ പാദങ്ങൾ വച്ചു വരുവാൻ നിങ്ങളുടെ ഹൃദയത്തിലേക്കുള്ള വഴി നിങ്ങൾ ഒരുക്കണം.

ഇപ്പോൾ തന്നെ വഴി ഒരുക്കാൻ തുടങ്ങാം. ഹൃദയത്തിൽ

പല ദുഷ്ടതയുമുണ്ട്. പല ചതിയുമുണ്ട്. വക്രതയുണ്ട്. ചില വളഞ്ഞമാർഗ്ഗങ്ങളുണ്ട്. പലതരത്തിലുള്ള തിന്മകളുണ്ട്. സുവിശേഷവേലയെ എതിർത്തിട്ടുണ്ട്. സുവിശേഷകന്മാരെ കളിയാക്കിയിട്ടുണ്ട്; പുച്ഛിച്ചിട്ടുണ്ട്. കർത്താവേ, തെറ്റുകൾ ഏറെയാണ്. അനേകമനേകം പാതകങ്ങൾ വന്നുപോയി.

എന്റെ കുടുംബത്തിൽ ഞാൻ കലഹമുണ്ടാക്കിയിട്ടുണ്ട്. ഞാനൊരാൾ മൂലം അനേകർ കരയാനിടയായിട്ടുണ്ട്. എന്റെ ഒരാളുടെ പ്രവൃത്തിമൂലം അനേകരിന്ന് ദു:ഖിച്ച് കരയുന്നുണ്ട്. കർത്താവേ, ഞാനൊരാളാണ് കാരണം. എന്റെ ദൈവമേ, ഞാൻ വചനം കേൾക്കാൻ അല്പം പോലും ചെവികൊടുത്തിരുന്നില്ല. എനിക്ക് വചനം ഒരു വിലയുള്ളതായിരുന്നില്ല.

എന്നാൽ ഇപ്പോൾ എനിക്ക് കാര്യം മനസ്സിലാകുന്നു. എന്റെ കഴിഞ്ഞകാല ജീവിതം പാഴായിപ്പോയി. യേശുവിന് കടന്നുവരാൻ ഞാൻ വഴിയൊരുക്കിയില്ലായിരുന്നു. ഇപ്പോൾ മുതൽ ഞാൻ വഴിയൊരുക്കാൻ തുടങ്ങുകയാണ്. നാഥാ, നിനക്കുവേണ്ടി വഴിയൊരുക്കാൻ, എന്റെ ഹൃദയത്തിലേക്കുള്ള പാത നിരപ്പാക്കുവാൻ ഞാനിതാ ഉദ്യമിച്ചു തുടങ്ങുകയാണ്.

ശിഷ്യന്മാർ ദൈവത്തെ സ്തുതിച്ചു. പീഡയുണ്ടായെന്ന് കേട്ടപ്പോൾ അപ്പൊസ്തലന്മാരെ തർജ്ജനം ചെയ്ത് ശാസിച്ച്, ഇനി മിണ്ടിപ്പോകരുത് എന്ന് പറഞ്ഞുവിട്ടപ്പോൾ പേടിക്കുകയല്ല, ദൈവത്തെ സ്തുതിക്കുകയാണ്.

> *“തിരുനാമത്തിനു വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ട് ന്യായാധിപ സംഘത്തിന്റെ മുമ്പിൽനിന്നു പുറപ്പെട്ടുപോയി.”*
>
> *അപ്പൊ. പ്രവൃത്തികൾ 5 : 41*

നിന്ദിക്കപ്പെടാൻ യോഗ്യരായി എണ്ണപ്പെട്ടു.

നമ്മെ കുറ്റം വിധിക്കുന്നവരും നമ്മെ നിരൂപണം

ചെയ്യുന്നവരും വിമർശിക്കുന്നവരും പറയുന്നതിൽ എന്തെങ്കിലും സത്യമുണ്ടെങ്കിൽ നാം ഭയപ്പെടണം. പക്ഷേ, സത്യമല്ലാത്ത കാര്യങ്ങൾകൊണ്ടാണ് ആരെങ്കിലും നമ്മളെ വിമർശിക്കുന്നതെങ്കിൽ, കുറ്റം പറയുന്നതെങ്കിൽ, ലജ്ജാകരമായ രീതിയിൽ അവഹേളിക്കുന്നതെങ്കിൽ ഒട്ടും ഭയപ്പെടേണ്ട.

> *''എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നേ ഉപദ്രവിച്ചുവല്ലോ."*
>
> *മത്തായി 5 : 11, 12*

പത്രോസ് വേറൊരു വലിയ അത്ഭുതം ചെയ്തു. മരിച്ചുപോയ തബീഥയെ ഉയിർത്തെഴുന്നേല്പിച്ചു. എന്തൊരത്ഭുതം! മരിച്ചുപോയിരുന്നു. അവൾ നല്ല ഭക്തിയുള്ള, വിശ്വാസിയായ ഒരു കുട്ടിയായിരുന്നു.

> *"യോപ്പയിൽ പേടമാൻ എന്നർത്ഥമുള്ള തബീഥാ എന്നു പേരുള്ളോരു ശിഷ്യ ഉണ്ടായിരുന്നു; അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നവളായിരുന്നു. ആ കാലത്ത് അവൾ ദീനം പിടിച്ചു മരിച്ചു; അവർ അവളെ കുളിപ്പിച്ചു ഒരു മാളികമുറിയിൽ കിടത്തി. ലുദ്ദ യോപ്പെക്കു സമീപമാകയാൽ പത്രോസ് അവിടെ ഉണ്ടെന്ന് ശിഷ്യന്മാർ കേട്ടു: നീ താമസിയാതെ ഞങ്ങളുടെ അടുക്കലോളം വരേണം എന്നു അപേക്ഷിപ്പാൻ രണ്ട് ആളെ അവന്റെ അടുക്കൽ അയച്ചു. പത്രോസ് എഴുന്നേറ്റു അവരോടുകൂടെ ചെന്നു."* *അപ്പൊ. പ്രവൃത്തികൾ 9 : 36 – 39*

പത്രോസ് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് രണ്ടാൾ വന്ന് പറയുന്നത്: "യോപ്പയിൽ വളരെ ഭക്തിയുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു. ആ കൂട്ടായ്മയിലെ വളരെ നല്ല ഒരു കുട്ടി. നല്ല വിശ്വാസവും പ്രാർത്ഥനയും എല്ലാമുള്ള ഒരു കുട്ടി. ഞങ്ങൾ അങ്ങയോട് പറയുന്നത് വേദനാകരമായ കാര്യമാണ്. അവൾ മരിച്ചുപോയി. അവൾ പല രീതിയിൽ ഉപകാരം ചെയ്യാൻ കഴിവുള്ളതും അതിന് മനസ്സുള്ളതുമായ ഒരു പെൺകുട്ടിയായിരുന്നു." പത്രോസ് എഴുന്നേറ്റു.

1973 - ൽ ഒരിക്കൽ ഞാനീ ഭാഗം വായിച്ചുകൊണ്ടിരുന്നപ്പോൾ "പത്രോസ് എഴുന്നേറ്റു" എന്ന ഭാഗം വായിച്ചു. അന്ന് പെട്ടെന്നൊരു ചിന്ത വന്നു, "നീ എഴുന്നേൽക്കുക."

എഴുന്നേൽക്കണം. കിടക്കുന്നേടത്തുനിന്ന് എഴുന്നേൽക്കണം. നീ ഇപ്പോൾ ആയിരിക്കുന്നേടത്തുനിന്ന് എഴുന്നേൽക്കണം. അതിനുമുൻപ് ഞങ്ങളുടെ പള്ളിയിൽ വികാരിയായിരുന്നത് ഇപ്പോഴത്തെ ശ്രേഷ്ഠ ബസ്സേലിയോസ് തോമസ്സ് പ്രഥമൻ ബാവായാണ്. സി.എം. തോമസ്സച്ചൻ. ഞാനന്ന് അച്ചനോട് പറഞ്ഞു: അച്ചാ, നമ്മളൊക്കെ എഴുന്നേൽക്കണം. നമുക്ക് എഴുന്നേൽക്കാം. വല്ലതും പ്രവർത്തിക്കേണ്ട സമയമാണിപ്പോൾ. ഞങ്ങൾ ഒരുമിച്ച് പ്രാർത്ഥിച്ചു.

പ്രിയപ്പെട്ടവരേ, ഞാനെന്തിനാണിത് പറയുന്നതെന്നറിയാമോ? നാമിന്നിരിക്കുന്ന ഇരിപ്പിൽനിന്ന് എഴുന്നേറ്റേ പറ്റൂ. അല്ലെങ്കിൽ നാം കിടപ്പിലായിപ്പോകും. നമ്മളെക്കൊണ്ട് ഒരു പ്രയോജനവും കിട്ടുകയില്ല.

> *"പത്രൊസ് എഴുന്നേറ്റു അവരോടുകൂടെ ചെന്നു. എത്തിയപ്പോൾ അവർ അവനെ മാളികമുറിയിൽ കൊണ്ടുപോയി; അവിടെ വിധവമാർ എല്ലാവരും കരഞ്ഞുകൊണ്ടും തബീഥാ തങ്ങളോടുകൂടെ*

*ഉള്ളപ്പോൾ ഉണ്ടാക്കിയ കുപ്പായങ്ങളും ഉടുപ്പുകളും കാണിച്ചുകൊണ്ടും അവന്റെ ചുറ്റും നിന്നു. പത്രോസ് അവരെ ഒക്കെയും പുറത്തിറക്കി മുട്ടുകുത്തി പ്രാർത്ഥിച്ചു ശവത്തിന്റെ നേരെ തിരിഞ്ഞു: തബീഥായേ, എഴുന്നേൽക്ക എന്നു പറഞ്ഞു; അവൾ കണ്ണു തുറന്നു പത്രോസിനെ കണ്ടു എഴുന്നേറ്റു ഇരുന്നു. അവൻ കൈകൊടുത്തു അവളെ എഴുന്നേല്പിച്ചു, വിശുദ്ധന്മാരെയും വിധവമാരെയും വിളിച്ചു അവളെ ജീവനുള്ള വളായി അവരുടെ മുമ്പിൽ നിറുത്തി. ഇത് യോപ്പയിൽ എങ്ങും പ്രസിദ്ധമായി, പലരും കർത്താവിൽ വിശ്വസിച്ചു. പിന്നെ അവൻ തോല്ക്കൊല്ലനായ ശിമോൻ എന്ന ഒരുത്തനോടു കൂടെ വളരെനാൾ യോപ്പയിൽ പാർത്തു."*

*അപ്പൊ. പ്രവൃത്തികൾ 9 : 39 – 43*

പാവപ്പെട്ട സ്ത്രീകൾ എല്ലാവരും തബീഥാ, തുന്നി ഉണ്ടാക്കിയ ഉടുപ്പുകൾ കാണിച്ചുകൊണ്ട് പത്രോസിന്റെ ചുറ്റും നിൽക്കുകയാണ്. പത്രോസ് എല്ലാവരോടും പറഞ്ഞു: നിങ്ങൾ കുറച്ചു നേരത്തേക്ക് ഒന്ന് മാറിയിരിക്കൂ, ആരും ഇപ്പോൾ ഈ മുറിയിൽ വേണ്ട. എല്ലാവരും പുറത്തേക്ക് മാറി. പത്രോസ് ശവത്തിന് നേരെ തിരിഞ്ഞു: "തബീഥയേ, എഴുന്നേല്ക്ക" എന്നുപറഞ്ഞു. പേർചൊല്ലി വിളിക്കുകയാണ്. അവൾ കണ്ണു തുറന്നു പത്രോസിനെ കണ്ടു എഴുന്നേറ്റിരുന്നു.

പത്രോസ് കൈനീട്ടിക്കൊടുത്തു, അവളെ പിടിച്ച് എഴുന്നേൽപ്പിച്ചു. മാറിനിന്നിരുന്ന വിധവമാരെയും അവിടെയുള്ള സ്ത്രീകളെ എല്ലാവരേയും അകത്തേക്കു വിളിച്ചു. എണ്ണിപ്പെറുക്കി കരഞ്ഞുകൊണ്ടിരുന്ന വിധവമാരും സ്ത്രീകളുമെല്ലാം അകത്തേക്ക് വന്നു. അവരുടെ കൈയിലേക്ക് തബീഥയെ ഏല്പിച്ചുകൊടുത്തു.

ആ പ്രദേശത്തെങ്ങും ഈ കാര്യം പ്രസിദ്ധമായി. പലരും കർത്താവിൽ വിശ്വസിച്ചു. യഥാസ്ഥാനപ്പെട്ടപ്പോൾ പത്രോസിന് കിട്ടിയ മേന്മ! കർത്താവ് യഥാസ്ഥാനപ്പെടു ത്തിയപ്പോൾ പത്രോസിന് കിട്ടിയ ആത്മീയമായ അധികാരം! യഥാസ്ഥാന പ്പെടുത്തിയപ്പോൾ മരണത്തെ ജീവനാക്കി മാറ്റാനുള്ള അധികാരം, മരിച്ച മനുഷ്യനെ ഉയിർപ്പിക്കാനുള്ള അധികാരം ലഭിച്ചു.

നിങ്ങളാരും ചലനമറ്റിരിക്കരുത്. ചിന്തയില്ലാതെ പ്രവർത്തനരഹിതരായിട്ടിരിക്കരുത്. ഓരോരുത്തരും ഇന്ന് കർത്താവിനോട് പറയണം: കർത്താവേ, മരിച്ച തബീഥ എഴുന്നേറ്റതുപോലെ ഞാനുമിതാ എഴുന്നേൽക്കുകയാണ്. അന്ന് നിന്റെ ദാസനായ പത്രോസ് തബീഥയുടെ വലങ്കൈയിൽ പിടിച്ചതുപോലെ അവിടുന്നു തന്നെ എഴുന്നള്ളി വന്ന് എന്റെ വലങ്കൈയിൽ ഒന്ന് പിടിച്ചുകൊള്ളണമേ. നീ എന്നെയൊന്ന് എഴുന്നേൽപ്പിക്കണമേ.

## ഒൻപത്

*"മറ്റുള്ളവരിൽ ആരും അവരോട് ചേരുവാൻ തുനിഞ്ഞില്ല; ജനമോ അവരെ പുകഴ്ത്തിപ്പോന്നു. മേൽക്കുമേൽ അനവധി പുരുഷന്മാരും സ്ത്രീകളും കർത്താവിൽ വിശ്വസിച്ചു ചേർന്നുവന്നു. രോഗികളെ പുറത്തുകൊണ്ടുവന്നു, പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴൽ എങ്കിലും അവരിൽ വല്ലവരുടെയുംമേൽ വീഴേണ്ടതിന് വീഥികളിൽ വിരിപ്പിന്മേലും കിടക്കമേലും കിടത്തും. അതുകൂടാതെ യെരൂശലേമിന്ന് ചുറ്റുമുള്ള പട്ടണങ്ങളിൽനിന്നും പുരുഷാരം വന്നുകൂടി രോഗികളെയും അശുദ്ധാത്മാക്കൾ ബാധിച്ചവരെയും കൊണ്ടുവരികയും അവർ എല്ലാവരും സൗഖ്യം പ്രാപിക്കയും ചെയ്യും."*

*അപ്പൊ. പ്രവൃത്തികൾ 5 : 13 – 16*

അപ്പൊസ്തലനായ പത്രോസിന്റെ ജീവിതത്തിൽ ക്രിസ്തു ഇറങ്ങിനിന്ന് ചില അത്ഭുതങ്ങൾ ചെയ്യുകയാണ്. ഒരിക്കൽ ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ ആളാണ് പത്രോസ്. ഇവനെ എനിക്ക് പരിചയമില്ലായെന്ന് പറഞ്ഞതാണ്.

*"നിങ്ങൾ പറയുന്ന മനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന് അവൻ പ്രാകുവാനും ആണയിടുവാനും തുടങ്ങി."* *മർക്കൊസ് 14 : 71*

തള്ളിപ്പറഞ്ഞ് കർത്താവിനെ നിഷേധിച്ച, കർത്താവിനെ വിട്ടുകളഞ്ഞ ആ ശീമോൻപത്രോസിനെയാണ് ഇപ്പോൾ

അനേകം രോഗികൾക്ക് സൗഖ്യം കൊടുക്കുവാൻ കർത്താവ് ഉപയോഗിക്കുന്നത്.

പള്ളിക്കാരും പള്ളിപ്രമാണിമാരും ചേർന്നുവന്നില്ല. അപ്പൊസ്തലന്മാരോട് ചേരാൻ മറ്റുള്ളവരാരും തയ്യാറായില്ല. കാരണം, സമൂഹത്തിൽ ഒറ്റപ്പെട്ടുപോകും. സമൂഹത്തിൽ വിലകെട്ടുപോകും. സത്യവിശ്വാസികൾക്ക് സമൂഹത്തിൽ വിലയുണ്ടാവില്ല. എല്ലാവരും പരിഹസിക്കും.

പലരും ഉപദ്രവിക്കും. പ്രതികരണശേഷിയില്ലാത്തവർ എന്ന് നമ്മെക്കുറിച്ച് ആളുകൾ പറയാറുണ്ട്. ശരിയാണ്, നമുക്ക് നമ്മെ പരിഹസിക്കുന്നവരോടോ കുറ്റം പറയുന്നവരോടോ ഉപദ്രവിക്കുന്നവരോടോ പ്രതികരണ മനോഭാവമില്ല. ഒരിക്കലും നാമതിനെ ചെറുക്കാൻ സാധാരണ ഗതിയിൽ നോക്കുകയില്ല. അത് ലോകത്തിലെ മനുഷ്യർ മുത ലെടുക്കുന്നുണ്ട്. എന്നാൽ നമുക്കുവേണ്ടി വാദിക്കാനും നമുക്കുവേണ്ടി പ്രവർത്തിക്കുവാനും ക്രിസ്തുവുണ്ട്. ആ ഒരു വിശ്വാസമാണ് നമുക്കുള്ളത്.

ജനസമൂഹം മുഴുവൻ കർത്താവിൽ വിശ്വസിച്ചു പോരുകയാണ്. കാരണം, അവർക്ക് അനുഭവമുണ്ട്. അവർ അവശരാണ്, നിസ്സാരന്മാരാണ്. അവർ പാവപ്പെട്ടവരാണ്. രോഗികളാണ്. ആലംബഹീനരാണ്. ആശ്രയമറ്റ ആ പാവപ്പെട്ട ജനം, അവർക്ക് യേശുക്രിസ്തുവിന്റെ അരികിൽ വരുമ്പോൾ ലഭിക്കുന്ന മഹാസന്തോഷം, യേശുക്രിസ്തുവിന്റെ ആത്മാവ് വസിക്കുന്ന പത്രോസ്ശ്ലീഹായുടെ അരികിലും കിട്ടുന്നുണ്ട്. പത്രോസ്ശ്ലീഹായുടെ വസ്ത്രത്തിൽ ഒന്ന് തൊട്ടാൽ സൗഖ്യം വരുന്ന ആളുകൾ! പത്രോസ്ശ്ലീഹാ കടന്നുപോകുമ്പോൾ, കടന്നുപോകുന്ന നിഴലിൽ നിന്നാൽ രക്ഷ പ്രാപിക്കുന്ന ആളുകൾ! സൗഖ്യം പ്രാപിക്കുന്ന ആളുകൾ! എന്തൊരു വലിയ വ്യത്യാസം! അതാണ് യഥാസ്ഥാനപ്പെടുക എന്ന് പറയുന്നത്.

ഏതാനും നാളുകൾക്ക് മുൻപ് തള്ളിപ്പറഞ്ഞ പത്രോസിതാ വലിയൊരു ധീരനും വീരനുമായി മാറി. ശക്തനായി മാറി. കാരണം, പത്രോസിന് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ അത്ഭുതകൃപ ലഭിച്ചു. പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ചു. പരിശുദ്ധാത്മാവിന്റെ നിറവ് ലഭിച്ചു.

സഹോദരങ്ങളേ, നിങ്ങൾക്ക് ഏതെല്ലാം തെറ്റുകൾ പറ്റിയവരാണെങ്കിലും കർത്താവിനെ ദു:ഖിപ്പിച്ചവരാണെങ്കിലും കർത്താവിനെ ക്രൂശിച്ചവരാണെങ്കിലും നിങ്ങളുടെ വാക്കുകളാൽ, നിങ്ങളുടെ പ്രവൃത്തികളാൽ, നിങ്ങളുടെ കൂരമ്പുപോലത്തെ ചില വാഗ്വാദങ്ങളാൽ കർത്താവിനെ നിരസിച്ചവരാണെങ്കിൽപോലും നിങ്ങളെ ആത്മാവിൽ നിറച്ച് തന്റെ മഹത്വമുള്ള സാക്ഷിയാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നുണ്ട് എന്നുള്ള സദ്വർത്തമാനമാണ് ഞാൻ നിങ്ങളെ അറിയിക്കുന്നത്. നിങ്ങൾക്ക് സാധിക്കും. നിങ്ങൾ ക്രിസ്തുവിന്റെ മുൻപിലൊന്ന് വിനയപ്പെട്ടാൽ മതി.

പത്രോസ്ശ്ലീഹ, ഭൂമിയിൽ ജീവിക്കുന്നെങ്കിലും എല്ലാം മറന്നു. ആത്മാവ് ഉള്ളത്തിൽ വന്നപ്പോഴേക്കും സകല ദുരിതങ്ങളും ആക്ഷേപങ്ങളും അപമാനങ്ങളും സകല അവഹേളനങ്ങളും മറന്നു. ഇപ്പോൾ ഒരു ലക്ഷ്യം മാത്രം: എന്റെ യേശുവിന്റെ സാക്ഷിയായി എനിക്ക് ജീവിക്കണം. മരിക്കുമ്പോൾ യേശുവിന്റെ സാക്ഷിയായി മരിക്കണം.

നിങ്ങളുടെ ജീവിതത്തിൽ ദുരിതങ്ങളുണ്ട്, യാതനകളുണ്ട്, രോഗങ്ങളുണ്ട്, പ്രശ്നങ്ങളുണ്ട്. ഉള്ളുപുകയുന്ന അനുഭവങ്ങളുണ്ട്. എന്നാൽ ദുരിതപൂരിതമായ ജീവിതാനുഭവങ്ങളിൽ താങ്ങും തണലുമായി യേശു എന്റെ കൂടെയുണ്ട് എന്നുള്ള ഒരുറപ്പ് കിട്ടുന്നതാണ് ഏറ്റവും വലിയ ഭാഗ്യം.

നമ്മുടെ ഭാരങ്ങളിൽ അപ്പോഴപ്പോൾ നീക്കുപോക്കു തന്ന്, പോക്കുവഴി തന്ന് ദൈവം നമ്മെ നടത്തും.

*“മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു*

*കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും." 1 കൊരിന്ത്യർ 10 : 13*

പാത മുഴുവൻ മുള്ളാണ്. കടന്നുപോകാൻ പ്രയാസമാണ്. എങ്കിലും അതിന്റെ ഇടയിൽക്കൂടി കടന്നുപോകാൻ ഓരോ പഴുത് കർത്താവ് കാണിച്ചുതരും. കാലിൽ മുള്ള് കൊള്ളാതെ, കാല് കല്ലിൽ തട്ടി കാലിന് കേടുവരാതെ അതിന്റെ ഇടയിൽക്കൂടിയെല്ലാം കടന്നുപോവാൻ കർത്താവൊരു വഴി തെളിച്ചു തരും.

അപ്പൊസ്തലപ്രവൃത്തി അഞ്ചാം അദ്ധ്യായത്തിൽ നാം വായിക്കുന്ന വേറൊരു ഭാഗമുണ്ട്. അത് മാരകമായ ഒരത്ഭുത മായിരുന്നു!

പത്രോസ്ശ്ലീഹായുടെ അടുക്കൽ അനന്യാസ് എന്ന ഒരു ദൈവദാസനും അനന്യാസിന്റെ ഭാര്യ സഫീറയും കുറെ ദ്രവ്യം കൊണ്ടുവന്നു. അന്ന് എല്ലാം പൊതുവകയെന്ന് എണ്ണുന്ന കാലമായിരുന്നു. ശിഷ്യന്മാർ എല്ലാവരും സ്വത്തുകളെല്ലാം സ്വരൂപിച്ച് പൊതുവകയായിട്ട് കൂട്ടിവയ്ക്കുന്നു. വളരെ ഉന്നതമായ ഒരു കാഴ്ചപ്പാടിലായിരുന്നു ആദിമസഭ. അവിടെ ചെറിയവരും വലിയവരുമില്ല. ധനികരും ദരിദ്രരുമില്ല. കുറച്ചാളുകളേ ഉള്ളൂ. പക്ഷേ അവർ, എല്ലാം കർത്താവിന്റെ കാൽക്കൽ വയ്ക്കുന്നതിൽ അത്യന്തം ഉത്സുകരായിരുന്നു.

അനന്യാസും സഫീറയും അവരുടെ നിലം വിറ്റു, കുറച്ചു രൂപ കിട്ടി. അവർ രണ്ടുപേരുംകൂടി ആലോചിച്ചു: ഈ കൂട്ടായ്മ തുടങ്ങിയിട്ട് അധികം നാളുകളായിട്ടില്ല. മൂന്നര ക്കൊല്ലം കഴിഞ്ഞപ്പോഴേക്കും യേശുക്രിസ്തു ക്രൂശിക്കപ്പെട്ടു. പിന്നെ ഈ പത്രോസും ഒക്കെയല്ലേ; എത്രനാൾ നിലനിൽക്കും, ആർക്കറിയാം? പക്ഷേ, കൂട്ടായ്മയിൽ നിൽക്കുന്നതുകൊണ്ട് നമ്മളും നിലം വിറ്റ് കൊടുത്തില്ലെങ്കിൽ മോശമല്ലേ?

അവരാലോചിച്ചു. ഒരു കാര്യം ചെയ്താലോ? എങ്ങാനും ഈ കൂട്ടായ്മ തകർന്നുപോയാൽ നമ്മൾ വിഡ്ഢികളാകരുതല്ലോ. കുറച്ച് രൂപ മാറ്റി വച്ചേക്കാം. ഈ പറഞ്ഞ ചിന്താഗതിയൊന്നും തെറ്റല്ല. പക്ഷേ, അവിടെയൊരു വ്യാജഭാവം വന്നു. അവിടെയാണ് അപകടം പറ്റിയത്.

അനന്യാസ് രൂപകൊണ്ടുവന്ന് പത്രോസിന്റെ കാൽക്കൽ വച്ചു. സത്യം പറഞ്ഞാൽ മതിയായിരുന്നു. പത്രോസ് ചോദിച്ചു: “ഇത്രയ്ക്കാണോ വിറ്റത്? ഈ രൂപയേ കിട്ടിയുള്ളോ?” “അതെ. ഇത്രയ്ക്കുതന്നെ.” പത്രോസിനോടാണു പറയുന്നത്. പക്ഷേ, പത്രോസിന്റെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന പരിശുദ്ധാത്മാവാണ് കേട്ടത്. പരിശുദ്ധാത്മാവ് പെട്ടെന്നത് വിവേചിച്ചു. Discern ചെയ്തു: “പറയുന്നത് കളവാണ്, സത്യമല്ല.”

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ദൈവത്തിന്റെ പ്രിയശിഷ്യനിൽ നിന്നുകൊണ്ട് ഒരാളുടെ നേരെ നോക്കിക്കൊണ്ട് ചോദിക്കുകയാണ്: “നീ ഇത്രയ്ക്കോ നിലം വിററത്?” അതുവളരെ കൃത്യമായിട്ടുള്ള ചോദ്യമായിരുന്നു. അപ്പോൾ വളരെ തുറന്ന ഹൃദയത്തോടെ പറഞ്ഞാൽമതി: “ഞങ്ങൾക്ക് കുറച്ചുകൂടി രൂപ കിട്ടിയായിരുന്നു. അത് മുഴുവൻ കൊണ്ടുവന്നിട്ടില്ല. കാരണം, ഞങ്ങൾക്ക് ചില സംശയങ്ങളും ഭയങ്ങളും ഒക്കെയുണ്ട്. ഭാവിയെക്കുറിച്ചുള്ള ചില ആശങ്കകളുണ്ട്. ഇതെല്ലാം ഏതെങ്കിലും വിധത്തിൽ തകർന്നുപോയാൽ ഞങ്ങൾക്ക് ജീവിക്കാൻ മാർഗ്ഗമുണ്ടാവില്ലല്ലോ എന്ന് ഓർത്തുപോയി. അതുകൊണ്ട് ക്ഷമിക്കണം. ഞങ്ങൾ ഇത്രയ്ക്കേ കൊണ്ടു വന്നുള്ളൂ. കുറച്ചു രൂപ വീട്ടിൽ വച്ചിട്ടുണ്ട്.” പറയാമായിരുന്നു. അവിടെ സത്യസന്ധതയുണ്ട്. പക്ഷേ, വ്യാജഭാവം വന്നു.

വ്യാജഭാവം ദൈവത്തെ ദു:ഖിപ്പിക്കുക മാത്രമല്ല, ദൈവത്തിന്റെ കോപം ജ്വലിപ്പിക്കുന്ന ഒന്നാണ്. വ്യാജം പിശാചിന്റേതാണ്. തന്ത്രവും കൗശലവും പിശാചിന്റേതാണ്.

ഉപായവും സൂത്രവും പിശാചിന്റേതാണ്.

"എനിക്ക് കുറച്ച് രൂപയ്ക്കാവശ്യമുണ്ട്. കുറച്ച് രൂപ തരാമോ" ഒരാൾ ചോദിക്കുന്നു. "അയ്യോ എന്റെ കൈയിൽ രൂപയില്ലല്ലോ." അത് കളവാണ്. അത് വ്യാജമാണ്. "എനിക്ക് രൂപയുണ്ട്, ഇല്ലാഞ്ഞിട്ടല്ല. പക്ഷേ, ഇപ്പോൾ നിങ്ങൾക്ക് തരാൻ നിർവ്വാഹമില്ല." തീർന്നു. പറയാൻ ബുദ്ധിമുട്ടുണ്ട്. അങ്ങനെ സത്യസന്ധമായിട്ടും നേരോടെയും പറയാൻ സാധിക്കുമ്പോഴാണ് നാം വിജയിക്കുന്നത്.

വ്യാജം വരരുത്. ഏതെങ്കിലും തരത്തിൽ, സത്യമാണെന്ന് തോന്നത്തക്കവിധത്തിൽ, വ്യാജം അർദ്ധസത്യങ്ങളായി നിങ്ങൾ കൊണ്ടുവരാൻ ഇടവരരുത്. അനന്യാസിന് പരിശുദ്ധാത്മാവിനെ മനസ്സിലായില്ല. അനന്യാസ് കാണുന്നത് മുക്കുവനായ പത്രോസിനെയാണ്. ഇപ്പോൾ കർത്താവിന്റെ വേല ചെയ്യുന്നു, ചില അനുഗ്രഹങ്ങളൊക്കെ ഉള്ള ആളാണ് എന്നല്ലാതെ, പരിശുദ്ധാത്മാവ് നിറഞ്ഞു നിൽക്കുന്ന പത്രോസിലുള്ള ആത്മവ്യാപാരത്തിന്റെ അത്ഭുതകരമായ ശക്തി എന്താണെന്ന് അനന്യാസിന് മനസ്സിലായില്ല.

> *"എന്നാൽ അനന്യാസ് എന്നു പേരുള്ള ഒരു പുരുഷൻ തന്റെ ഭാര്യയായ സഫീരയോടുകൂടെ ഒരു നിലം വിറ്റു. ഭാര്യയുടെ അറിവോടെ വിലയിൽ കുറെ എടുത്തുവച്ചു ഒരംശം കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാല്ക്കൽ വച്ചു. അപ്പോൾ പത്രോസ്: അനന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറെ എടുത്തുവയ്പ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയത് എന്ത്? അത് വില്ക്കും മുമ്പെ നിന്റേതായിരുന്നില്ലയോ? വിറ്റശേഷവും നിന്റെ കൈവശം അല്ലാഞ്ഞുവോ? ഈ കാര്യത്തിന് നീ മനസ്സുവച്ചത് എന്ത്? മനുഷ്യരോടല്ല ദൈവത്തോടത്രേ നീ വ്യാജം*

*കാണിച്ചത് എന്നു പറഞ്ഞു."*

*അപ്പൊ. പ്രവൃത്തികൾ 5 : 1 – 4*

പത്രോസ്ശ്ലീഹ വ്യക്തമായിട്ട് പറഞ്ഞു: നീ പാവം എന്നെയാണു കാണുന്നത്. ഞാൻ പഴയ പത്രോസുതന്നെ, വ്യത്യാസമൊന്നുമില്ല. പക്ഷേ, എന്നിലുള്ളൊരു ദൈവത്തിന്റെ ആത്മാവുണ്ട്. ആ ദൈവാത്മാവ് വിവേചനത്തിന്റെ ആത്മാവാണ്.

Discerning power ഉണ്ട് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്. പരിശുദ്ധാത്മാവ് വിവേചിക്കുന്നു, സത്യമേത്, ശരിയേത് എന്ന് തിരിച്ചറിയുന്നു.

അപ്പൊസ്തലനായ പത്രോസിന്റെ ശുശ്രൂഷയിൽ മികവോടെ നിൽക്കുന്ന ഒരു വലിയ അനുഗ്രഹമാണ് വിവേചനത്തിന്റെ ആത്മാവ്. പൗലോസ്ശ്ലീഹാ ലേഖനം എഴുതുമ്പോൾ 1 കൊരിന്ത്യർ 12–ാം അദ്ധ്യായത്തിലും റോമർ 12–ാം അദ്ധ്യായത്തിലും ഈ കൃപാവരത്തെക്കുറിച്ച് പറയുന്നുണ്ട്.

അത് ദൈവത്തിന്റെ ആത്മാവ് തന്റെ ജനത്തിനുവേണ്ടി തരുന്ന കൃപയാണ്. ഈ കൃപാവരം മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയല്ല. സ്വയം പുകഴാൻ വേണ്ടിയല്ല. സ്വയം അഭിമാനിക്കാൻ വേണ്ടിയല്ല. അനേകരെ ആത്മീയ വഴിയിൽ നടത്താൻ വേണ്ടിയാണ്. ദൈവം തരുന്ന ഒരു ശുശ്രൂഷയുമാണത്. ഈ കൃപാവരം പത്രോസ് ശ്ലീഹായിലുള്ളതുകൊണ്ട് പത്രോസ്ശ്ലീഹാ ഉടനെ വിവേചിച്ചറിഞ്ഞു, കൃത്യമായിട്ട് പറഞ്ഞു, ഇത് വ്യാജമാണ്.

"നീയും നിന്റെ ഭാര്യയും കൂടി ആലോചിച്ച് കുറച്ച് അങ്ങനെ മാറ്റി വച്ചിട്ട് ഇങ്ങനെ വ്യാജം കാണിക്കുന്നത് എന്താണെന്നെനിക്ക് മനസ്സിലായില്ലല്ലോ മോനേ? നീ ഈ ചെയ്തത് അബദ്ധമായിപ്പോയല്ലോ."

*"ഈ വാക്കു കേട്ടിട്ട് അനന്യാസ് വീണു പ്രാണനെ വിട്ടു; ഇതു കേട്ടവർക്ക് എല്ലാവർക്കും മഹാഭയം*

*ഉണ്ടായി.”* *അപ്പൊ. പ്രവൃത്തികൾ 5 : 5*

കാര്യം ഗൗരവമാണ്. പരിശുദ്ധാത്മാവിനോട് വ്യാജം കാണിക്കുകയെന്നു പറഞ്ഞാൽ ആത്മാവ് മരിച്ചുപോകും, ഉറപ്പാണ്. എപ്പോഴും ഓർത്തുകൊള്ളണം പരിശുദ്ധാത്മാവിന്റെ മുൻപിൽ വ്യാജമോ സൂത്രമോ കൗശലമോ കാണിക്കുന്നത് അപായകരമായ കാര്യമാണ്. ഒരിക്കലും സംഭവിക്കരുത്.

നാം ഒരു പാപം ചെയ്തു. നമ്മുടെ ശരീരംകൊണ്ട് പുക വലിച്ചു, തെറ്റാണ്. നാം നമ്മുടെ വായിൽ മദ്യം പകർന്നു, തെറ്റാണ്. അതല്ലെങ്കിൽ വീട്ടിൽ ഭാര്യയുമായിട്ട് ചെറിയൊരു കലമ്പൽ ഉണ്ടായി, തെറ്റുതന്നെയാണ്. പക്ഷേ, മാനസാന്തരപ്പെടാനും രൂപാന്തരംവരാനും പ്രയാസമില്ല; കരഞ്ഞാൽ മോചിച്ചു കിട്ടും.

പക്ഷേ, മോചിക്കാത്ത ഒരു പാപമാണ്, ആത്മാവ് മരിക്കുന്ന പാപമാണ് ആത്മാവിനെതിരായ പാപം. പരിശുദ്ധാത്മാവിനെതിരായ ഒരു പാപം വരികയെന്നു പറഞ്ഞാൽ എത്രയോ ഭയാനകമാണ്! അതാണ് അനന്യാസിന് വന്നത്.

> *“സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മന:പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായോരു പ്രതീക്ഷയും എതിരികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളു. മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവന് കരുണ കൂടാതെ രണ്ടു മൂന്ന് സാക്ഷികളുടെ വാമൊഴി കേട്ട് മരണശിക്ഷ കല്പിക്കുന്നുവല്ലോ. ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്ന് നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ*

*എത്രകഠിനമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്നു വിചാരിപ്പിൻ. "പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം വീട്ടും" എന്നും: "കർത്താവ് തന്റെ ജനത്തെ ന്യായം വിധിക്കും'' എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നത് ഭയങ്കരം."* *എബ്രായർ 10 : 26 – 31*

ഒരിക്കലും ആത്മാവിനെതിരായ ഒരു ചിന്ത നിങ്ങളുടെ ഹൃദയത്തിൽ വരാതെ നോക്കണം. അവിശ്വാസ ചിന്ത വരരുത്. വ്യാജം വരരുത്. പരിശുദ്ധാത്മാവിനെ കബളിപ്പിക്കാൻ നോക്കരുത്.

അനന്യാസ് പ്രാണനെ വിട്ടു. അവനറിഞ്ഞില്ല ഗൗരവമെന്താണെന്ന്. കൊച്ചുകുട്ടിക്ക് അറിയാൻ വയ്യായിരുന്നു, live wire ആണ് കിടക്കുന്നതെന്ന്. ഈ ഇലക്ട്രിക് വയർ കിടക്കുന്നതിൽ ഇലക്ട്രിസിറ്റി പാസ്സുചെയ്യുന്നുണ്ടെന്ന് കുട്ടിക്ക് അറിയാൻ പാടില്ലായിരുന്നു. കൊച്ചുകുട്ടിയല്ലേ? പക്ഷേ തട്ടി, കുട്ടിയുടെമേൽ ആ wire ഒന്ന് തൊട്ടു, കുട്ടി മരിച്ചുവീണു. ശ്ശോ, എന്റെ കൊച്ച് അറിഞ്ഞില്ലായിരുന്നല്ലോ എന്നു പറഞ്ഞിട്ടു കാര്യമില്ല. അറിയില്ല എങ്കിലും ഇലക്ട്രിക്സിറ്റി പാസ്സ് ചെയ്യുന്ന ഒരു വയറിൽ നാം തൊട്ടാൽ മരിച്ചുപോകും. അവിടെ കൊച്ചുകുട്ടിയാണോ മൃഗമാണോ മനുഷ്യനാണോ ഇതൊന്നും നോട്ടമില്ല.

പിന്നെ സഫീറ വന്നപ്പോൾ പത്രോസ് ചോദിച്ചു: "ഇത്രയ്ക്കോ നിങ്ങൾ നിലം വിറ്റത്?" "അതെ ഇത്രയ്ക്കു തന്നെ." രണ്ടു പേരും കൂടി ആലോചിച്ചാണ് ഈ നുണ സ്വരൂപിച്ചു വച്ചത്. ഇങ്ങനെ പറഞ്ഞാൽ മതി എന്ന് രണ്ടുപേരും കൂടി തീരുമാനിച്ചു.

*"ഏകദേശം മൂന്നു മണിനേരം കഴിഞ്ഞപ്പോൾ അവന്റെ ഭാര്യ ഈ സംഭവിച്ചത് ഒന്നും അറിയാതെ*

*അകത്തുവന്നു. പത്രോസ് അവളോട്: ഇത്രയ്ക്കോ നിങ്ങൾ നിലം വിറ്റത്? പറക എന്നു പറഞ്ഞു; അതേ, ഇത്രയ്ക്കു തന്നേ എന്നു അവൾ പറഞ്ഞു. പത്രോസ് അവളോട്: കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ ഒത്തത് എന്ത്? ഇതാ, നിന്റെ ഭർത്താവിനെ കുഴിച്ചിട്ടവരുടെ കാൽ വാതില്ക്കൽ ഉണ്ട്; അവർ നിന്നെയും പുറത്തുകൊണ്ടുപോകും എന്നു പറഞ്ഞു. ഉടനെ അവൾ അവന്റെ കാല്ക്കൽ വീണു പ്രാണനെ വിട്ടു." അപ്പൊ. പ്രവൃത്തികൾ 5 : 7 – 10*

പ്രിയപ്പെട്ടവരേ, അപ്പൊസ്തലനായ പത്രോസ്, കർത്താവിനെ തള്ളിപ്പറഞ്ഞ പത്രോസ് ആത്മാവിന്റെ നിറവിലേക്ക് വന്നു. യഥാസ്ഥാനപ്പെട്ടപ്പോൾ ആത്മാവിന്റെ അഭിഷേകത്തിലേക്ക് വന്നു. ആത്മാവിന്റെ കൃപാവരങ്ങൾ നിറഞ്ഞവനായിത്തീർന്നു.

സ്നേഹിതരേ, നിങ്ങൾ ഇന്ന് ഈ വാക്കുകളെ വായിച്ചു കൊണ്ടിരിക്കുമ്പോൾ ദയവായി ചിന്തിക്കൂ; കർത്താവേ, എനിക്ക് തെറ്റുകൾ പറ്റിയിട്ടുണ്ട്. വ്യാജഭാവങ്ങൾ വന്നിട്ടുണ്ട്. സൂത്രവും കൗശലവും വന്നിട്ടുണ്ട്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ഞാൻ കബളിപ്പിച്ച് പോയിട്ടുണ്ട്. ഞാൻ വ്യാജം പറയുകയും വ്യാജം ചെയ്യുകയും ചെയ്തു പോയിട്ടുണ്ട്.

കരുണയുള്ള കർത്താവേ, എന്നോട് മനസ്സലിയണമേ. ഒരിക്കലും തീരാത്ത ഈ പാപത്തിന്റെ ഭയാനകമായ ദൂഷ്യഫലങ്ങളിൽ നിന്നെനിക്കൊരു മോചനം തരണമേ. നിത്യശിക്ഷയിലേക്ക് ഞാൻ പോകാതെ എന്നെ കാക്കണമേ. കഴിഞ്ഞകാലങ്ങളിൽ വന്നുപോയ പാപങ്ങൾ നീ എന്നോട് ക്ഷമിച്ച് എനിക്ക് മാപ്പ് തരണമെ.

നഷ്ടങ്ങൾ വന്നുപോയല്ലോ. വ്യാജങ്ങൾ വന്നുപോയല്ലോ.

പരിശുദ്ധാത്മാവിനെ തിരിച്ചറിയാതെ ഞാനെന്തെല്ലാമോ പറഞ്ഞുപോയല്ലോ. നിരൂപിച്ചുപോയല്ലോ. എന്റെ സ്വന്ത ബുദ്ധിയിൽ എന്തെല്ലാമോ കണക്കുകൂട്ടിപ്പോയല്ലോ. പരിശുദ്ധാത്മാവിനെ ഞാൻ തിരിച്ചറിഞ്ഞില്ല. ഞാൻ പരിശുദ്ധാത്മാവിനെ മാനിച്ചില്ല. കർത്താവേ, നീ എന്നോട് ക്ഷമിക്കണമേ.

നിങ്ങൾ പ്രാർത്ഥിക്കൂ, നിങ്ങളുടെ ഹൃദയം സമർപ്പിക്കൂ. കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കൂ. ആശ്വാസകരമായ ഒരു വലിയ കാര്യമാണ്, നമുക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെതിരായ പാപം വന്നാൽ പോലും ക്ഷമിച്ചു തരാൻ ഈ കൃപയുടെ കാലത്ത് കർത്താവിന്റെ കൃപ നമ്മുടെമേൽ ഉണ്ട് എന്നുള്ളത്.

ഇന്ന് ദൈവത്തെ ദു:ഖിപ്പിക്കുകയും ദൈവത്തെ വേദനിപ്പിക്കുകയും ദൈവത്തെ നിരസിക്കുകയും ചെയ്ത പാപം നമ്മുടെ ജീവിതത്തിൽ ഉണ്ടെങ്കിലും അതെല്ലാം ക്ഷമിക്കാൻ ക്രിസ്തുവിന്റെ സ്നേഹം സന്നദ്ധമാണ്. അതാണ് ആശ്വാസം. കർത്താവ് വീണ്ടും വീണ്ടും യഥാസ്ഥാനപ്പെടു ത്തിത്തരും.

# പത്ത്

*"അതിന് പത്രോസും ശേഷം അപ്പൊസ്തലന്മാരും: മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു. നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു; യിസ്രായേലിന് മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കൈയാൽ ഉയർത്തിയിരിക്കുന്നു. ഈ വസ്തുതയ്ക്ക് ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്ക് നല്കിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു എന്ന് ഉത്തരം പറഞ്ഞു."*

*അപ്പൊ. പ്രവൃത്തികൾ 5 : 29 – 32*

ഉന്നതന്മാരായ പള്ളിപ്രമാണിമാരുടെ മുൻപാകെ പത്രോസ് ഒരു കൂസലുമില്ലാതെയാണ് നിൽക്കുന്നത്. കൊല്ലുന്നെങ്കിൽ കൊല്ലട്ടെ. പത്രോസിന് ഒരു പേടിയുമില്ല.

എന്തു സംഭവിച്ചാലെന്താണ്? പത്രോസ് ശ്ലീഹാ അവരോട് പറയുകയാണ്. മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു. നിങ്ങൾ മനുഷ്യരാണ്. നിങ്ങളെയല്ല, ഞങ്ങൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്.

കർത്താവായ യേശുക്രിസ്തു കടന്നുപോകുന്നതിന് മുൻപ് ഞങ്ങൾക്ക് ചില അനുഗൃഹീതങ്ങളായ അനുഭവങ്ങളും വാഗ്ദത്തങ്ങളും തന്നിട്ടാണ് പോയത്.

നിങ്ങൾ മരത്തിന്മേൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു. യിസ്രായേലിന് മാനസാന്തരവും പാപമോചനവും നൽകുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കൈയാൽ ഉയർത്തിയിരിക്കുന്നു.

യേശു തീർന്നുവെന്ന് നിങ്ങൾ വിചാരിച്ചു. യേശുവിനെ നിങ്ങൾ ക്രൂശിച്ചു. മരത്തിന്മേൽ തൂക്കിക്കൊന്നു. എന്നാൽ ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചു. ഞങ്ങൾ അതിന് സാക്ഷികൾ ആണ്. ഈ അവസ്ഥക്ക് ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്ക് നല്കിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു എന്ന് ഉത്തരം പറഞ്ഞു. എന്തൊരു ധൈര്യമാണ്! ഒരിക്കൽ തള്ളിപ്പറഞ്ഞ ആളല്ലേ പത്രോസ്?

പ്രിയപ്പെട്ടവരേ, തീർത്തും ഭീരുക്കളായ ആളുകൾക്ക് പരിശുദ്ധാത്മാവ് നിറഞ്ഞുവരുമ്പോൾ നല്ല ധൈര്യമുണ്ടാകും. ആത്മാവിന്റെ കാര്യം വരുമ്പോൾ നല്ല ധീരതയുണ്ടാകും. അല്ലെങ്കിൽ ഭീരുക്കളാണ്. ഒന്നിനും കഴിവില്ലാത്തവരാണ്. നാമും അങ്ങനെയല്ലേ? ഒരു കാര്യപ്രാപ്തിയുള്ളവരെന്ന് പറയാൻ അത്രയധികം പേരൊന്നും ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഞാനും അല്ല.

നാവിൽ വചനം കർത്താവ് വരച്ചുതന്നതുകൊണ്ട് ഞാൻ പറയുന്നു; എന്റേതല്ലത്. എന്റെ കർത്താവിന്റെ കൃപയാൽ ആ സ്വർഗ്ഗത്തിന്റെ തീക്കനൽ ഈ ചുണ്ടിന്മേൽ തൊടുവിച്ചതു കൊണ്ട് പറയുന്നു. സ്വർഗ്ഗത്തിന്റെ തീക്കനൽ തൊട്ടില്ലായിരുന്നെങ്കിൽ എനിക്കൊരക്ഷരം മിണ്ടാൻ പറ്റില്ലായിരുന്നു. പ്രിയപ്പെട്ടവരേ, നാമെല്ലാം ഭീരുക്കളാണ്. പക്ഷേ, കർത്താവിന്റെ കാര്യം വരുമ്പോൾ നാം ധീരരാകും. ഇല്ല, എന്റെ കർത്താവിന്റെ കാര്യത്തിൽ തൊടാൻ ഞാൻ സമ്മതിക്കുകയില്ല. പാടില്ല. എനിക്ക് കേൾക്കണ്ട പരിശുദ്ധാത്മാവിനെതിരായ വാക്കുകൾ. എനിക്കിവിടെ നിൽക്കണ്ട.

ഹോസ്റ്റൽ മുറിയിലിരുന്ന് മറ്റുപിള്ളേരെല്ലാം പരിഹസിക്കുന്നു, കളിയാക്കുന്നു, കൂട്ടായ്മയെ പരിഹസിക്കുന്നു, ദൈവവചനത്തെ പരിഹസിക്കുന്നു. വേദപുസ്തകത്തിലെ വാക്യങ്ങളെയിട്ട് പന്താടുന്നു. അപ്പോൾ അനുഗ്രഹിക്കപ്പെട്ട ദൈവപൈതൽ, ധീരനായി പറയുന്നു: ക്ഷമിക്കണം, ഞാനിറങ്ങി പോവുകയാണ്. നിങ്ങളുടെ ഈ പരിപാടി കഴിഞ്ഞിട്ട് ഞാൻ വരാം. അത്ര എളുപ്പമല്ല. പക്ഷേ, അത് ധീരതയാണ്.

എനിക്ക് പാപം വരാൻ പാടില്ല. എന്റെ തലമുറകൾക്ക് ശാപം വരുന്ന വാക്കുകൾ എനിക്ക് കേൾക്കണ്ട. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെതിരായ വാക്കുകൾ ഞാൻ കേൾക്കുകയില്ല. എന്റെ ഈ കാതുകൾ യേശുവിന്റെ വചനം കേൾക്കാൻ ഞാൻ വിട്ടുകൊടുത്തുപോയി. ഈ കാതുകൾ ദൂഷ്യം കേൾക്കാനും ദൂഷണം കേൾക്കാനും ഞാൻ വിട്ടുകൊടുക്കയില്ല.

ഹോസ്റ്റൽ മുറിയിൽ ടി.വി.യിൽ നഗ്നചിത്രങ്ങളും മറ്റും കാണിച്ചു കൊണ്ടുള്ള ചില പടങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അനുഗൃഹീതനായ ദൈവദാസൻ പറയുന്നു: ക്ഷമിക്കണം, ഞാൻ പോവുകയാണ്. എനിക്കിത് കണ്ടുകൊണ്ടിരിക്കാൻ വയ്യ. എന്റെ കണ്ണ് ഒരിക്കൽ യേശുവിന് കൊടുത്തുപോയി. ഈ കണ്ണ് യേശുവിന് വിറ്റുപോയി. ഇത് യേശുവിന്റെ വകയാണ്. ഈ ചീത്ത ചിത്രം യേശു കാണുകയില്ല. പറ്റുമോ പ്രിയപ്പെട്ടവരേ, പറയാൻ പറ്റുമോ? അവിടെയാണ് വിജയം. അവിടെയാണ് ധീരത. പത്രോസ് നല്ല ധീരനായിത്തീർന്നു.

വളരെ കൃത്യമായും ധീരമായും ശക്തമായും അപ്പൊസ്തലനായ പത്രോസ് സംസാരിച്ചു. ഒരിക്കൽ തള്ളിപ്പറഞ്ഞവനായ പത്രോസ് ഇപ്പോൾ ആത്മാവിന്റെ വീര്യം പ്രാപിച്ചു.

ഞാൻ നിങ്ങളോടൊരാശ പറയട്ടെ. നിങ്ങളിൽ ചിലർ

തെറ്റ് ചെയ്തവരാണ്. പാപത്തിൽ വീണവരാണ്. പിശാച് നിങ്ങളെ വലയിൽ കുടുക്കിയതാണ്. അവന്റെ ഇഷ്ടത്തി നൊത്ത് താളം തുള്ളിയവരാണ് നിങ്ങളിൽ പലരും. എന്നാൽ ഇങ്ങനെയെല്ലാം ആണെങ്കിലും നിങ്ങളുടെ പാപങ്ങളൊക്കെയും ക്ഷമിച്ച് എല്ലാ പാപങ്ങളും തിരുരക്തത്താൽ കഴുകി നിങ്ങളെ പാപമോചനത്തിന്റെ സൗഭാഗ്യത്തിലേക്ക് എത്തിക്കാൻ യേശുക്രിസ്തു ഇന്ന് കടന്നു വന്നിട്ടുണ്ട് എന്നുള്ള ആശയം നിങ്ങൾക്ക് മനസ്സിലാകുമോ? നിങ്ങൾ വിശ്വസിക്കുമോ?

എന്തെല്ലാം തെറ്റുകൾ നിങ്ങൾക്ക് വന്നുപോയിട്ടുണ്ടെ ങ്കിലും ഏതെല്ലാം അനർത്ഥങ്ങളിൽ നിങ്ങൾ വീണുപോയിട്ടു ണ്ടെങ്കിലും ഏതെല്ലാം കിരാതമാർഗ്ഗങ്ങളിലൂടെ നിങ്ങൾ സഞ്ചരിച്ചിട്ടുണ്ടെങ്കിലും കാട്ടാള പ്രകൃതിയോടുകൂടെ നിങ്ങൾ എന്തെല്ലാം ചെയ്തുപോയിട്ടുണ്ടെങ്കിലും പറഞ്ഞുപോയിട്ടു ണ്ടെങ്കിലും എല്ലാം ക്ഷമിച്ചുതരുവാൻ യേശുക്രിസ്തുവിന് മനസ്സാണ്.

യേശുക്രിസ്തുവിന്റെ തിരുരക്തം എല്ലാം കഴുകിത്തരും. നിങ്ങളെ യഥാസ്ഥാനപ്പെടുത്തും. ഇതാണ് സൗഭാഗ്യകരമായ ഒരു സന്ദേശം. നിങ്ങൾക്ക് ജീവിതം കർത്താവിന്റെ കരങ്ങളിലേക്ക് പൂർണ്ണമായി വിട്ടുകൊടുക്കാൻ പറ്റുമോ? അരുതാത്തതെല്ലാം ഞാൻ വിടുന്നുവെന്ന് കർത്താവിനോട് പറയാൻ പറ്റുമോ?

പിന്നെ പത്രോസിനെ നാം കാണുന്നത് 8-ാം അദ്ധ്യായത്തിലാണ്.

> *"അനന്തരം യെരൂശലേമിലുള്ള അപ്പൊസ്തല ന്മാർ, ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നു കേട്ട് പത്രോസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്ന്, അവർക്കു പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന്*

*അവർക്കായി പ്രാർത്ഥിച്ചു."*

*അപ്പൊ. പ്രവൃത്തികൾ 8 : 14, 15*

അപ്പൊസ്തലനായ പത്രോസ് സഞ്ചരിക്കുകയാണ്. ശമര്യയിലേക്ക് ചെന്നു. കാരണം, സ്തെഫാനോസിനെ കല്ലെറിഞ്ഞ് കൊന്നപ്പോൾ, അതിനെ തുടർന്ന് ക്രിസ്ത്യാനികളെ കഠിനമായി പീഡിപ്പിച്ചു. എല്ലാവരും ചിതറിപ്പോയി. ദേശം വിട്ട് ഓടിപ്പോയി. പക്ഷേ ഓടിപ്പോയവർ നിശ്ശബ്ദരായിട്ടിരുന്നില്ല.

ചിതറിപ്പോയവർ വചനം സുവിശേഷിച്ചുകൊണ്ട് ദേശത്തെമ്പാടും സഞ്ചരിച്ചു. ഇന്നത്തേതുപോലുള്ള കൂടിവരവുകളൊന്നും അന്നില്ല. യോഗങ്ങളില്ല. പ്രസംഗമില്ല. ഓരോരുത്തരോട് വ്യക്തിപരമായി സംസാരിച്ച് ക്രിസ്തുവിങ്കലേക്ക് നടത്തി. കാരണം, ആ ചിതറിപ്പോയവരുടെ ഉള്ളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവുണ്ടായിരുന്നു. അവരിൽക്കൂടെ ദൈവം അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു. അശുദ്ധാത്മാവ് ബാധിച്ചിരുന്നവരിൽ നിന്ന് ദുരാത്മാക്കൾ വിട്ടുപോയി. അവർ സുബോധമുള്ളവരായിത്തീർന്നു.

അങ്ങനെ ശമര്യയിൽ ചെന്നപ്പോൾ ശീമോനെന്ന് പേരുള്ളൊരു പുരുഷൻ ആ പട്ടണത്തിൽ ആഭിചാരം ചെയ്യുന്നവനായിരുന്നു. ചില മന്ത്രവിദ്യകൾ, കൂടോത്രം, ക്ഷുദ്രപ്രയോഗം ചെയ്യുന്നു. മഹാപാപമാണ്. അത് ക്ഷമിക്കാൻ പറ്റാത്ത അപരാധമാണ്. എങ്കിലും ശീമോൻ ആഭിചാരം ചെയ്ത് താൻ ഒരു മഹാനാണെന്ന് നടിച്ച് ശമര്യജാതിയെ ഭ്രമിപ്പിച്ച് പല അത്ഭുതങ്ങളും ചെയ്തുകൊണ്ടിരുന്നു.

മന്ത്രവാദം ചെയ്യുന്നതും മന്ത്രവാദം ചെയ്യിക്കുന്നതും കൂടോത്രം ചെയ്യുന്നതും കൂടോത്രം ചെയ്യിക്കുന്നതും പാപമാണ്. ഏത് ദശാന്ത്യദോഷമുണ്ടെന്ന് പറഞ്ഞാലും കേതുർദശയോ ശനിദശയോ ശനിയുടെ അപഹാരമോ

ആദിത്യദശയോ രാഹുദശയോ എന്നു പറഞ്ഞാലും ആരും പേടിക്കണ്ട. ആരോ നിങ്ങൾക്കെതിരായി മന്ത്രവാദം ചെയ്തുവെന്ന് പറഞ്ഞാലും നിങ്ങൾ പേടിക്കണ്ട.

ആരെങ്കിലും നിങ്ങൾക്ക് കൈവിഷം തന്നു എന്നു പറഞ്ഞാലും പേടിക്കണ്ട. സകലത്തിന്റെയും അധിപതിയായവൻ നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് പിന്നെ എന്തിന് ഭയം?

സർവ്വഗ്രഹങ്ങളെയും നിർമ്മിച്ചവൻ, സകലത്തിന്റെയും സ്രഷ്ടാവായ ദൈവം നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്നുവെങ്കിൽ നിങ്ങൾ എന്തിന് ഭയപ്പെടണം? ഏതെല്ലാം അനർത്ഥങ്ങൾ നിങ്ങൾക്കുണ്ടെങ്കിലും എല്ലാം മാറും. ഒരു പിശാചിനും അടുക്കാൻ സാധിക്കുകയില്ല. കർത്താവിന്റെ ആത്മാവ് നിങ്ങളിൽ ഉണ്ടെങ്കിൽ ഒരു ശത്രുവിനും നിങ്ങളെ തൊടാൻ സാധിക്കുകയില്ല.

പ്രിയപ്പെട്ടവരേ, നിങ്ങൾ പ്രാർത്ഥിക്കണം: യേശുവേ, ഞാനീ ഭവനത്തിൽ നിന്റെയൊരു പ്രതിനിധിയായിട്ട്, നിന്റെയൊരു സ്ഥാനാപതിയായിട്ട് നിൽക്കുകയല്ലേ? അതുകൊണ്ട്, നീ എന്നിൽ നിൽക്കുന്നതുകൊണ്ട് അന്ധകാരശക്തി അടുക്കാതവണ്ണം ഈ പരിസരത്തെ മുഴുവൻ നീ വിശുദ്ധീകരിക്കണമേ. ഈ ഭവനം മാത്രമല്ല, ഭവനത്തിന്റെ പരിസരം കൂടി നീ വിശുദ്ധീകരിക്കണമേ.

യേശുനാഥാ, നീ എന്റെ ഭവനത്തിലേക്ക് വന്ന് ഈ ഭവനത്തിന്റെ എല്ലാ മുറികളിലും നടന്ന്, ഈ ഭവനത്തിൽ സുഗന്ധം വീശണമേ. യേശുക്രിസ്തുവിന്റെ വിശുദ്ധിയുടെ സുഗന്ധം! യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെ പരിമളം! അങ്ങനെ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കർത്താവിന്റെ കൃപ അവിടെ വരും. കർത്താവിനോട് നിങ്ങൾ പറയണം: കർത്താവേ, എന്റെ ഈ ആയുഷ്ക്കാലത്ത് ഇനിയുള്ള ഓരോ

നിമിഷവും ഞാൻ നിന്റെ ക്രൂശിന്റെ സാക്ഷിയായിക്കൊള്ളാം. യേശുവേ, ഞാൻ നിന്നെ സാക്ഷിക്കും.

ഞാൻ നിന്റെ സ്വഭാവമുള്ളവനായി ഈ ഭൂമിയിൽ നിൽക്കും. യേശുവിന്റെ ഭാവമുള്ളവനായി നിൽക്കും. യേശുവിന്റേതല്ലാത്ത യേശു പ്രസാദിക്കാത്ത എന്തെല്ലാമുണ്ടോ എല്ലാം ഞാനിതാ ഉപേക്ഷിക്കുന്നു. ഞാൻ അന്യായമായി സമ്പാദിച്ച പൈസയുണ്ടോ, കൈക്കൂലി വാങ്ങിയ പൈസയുണ്ടോ, എല്ലാം ഞാൻ ഉപേക്ഷിക്കുന്നു.

പിശാചിന് അവകാശമുള്ളതെന്തെങ്കിലും നിങ്ങളുടെ വീട്ടിലുണ്ടെങ്കിൽ എല്ലാം എടുത്ത് എറിഞ്ഞുകളഞ്ഞു കൊള്ളണം. എല്ലാം നശിപ്പിച്ചുകളഞ്ഞുകൊള്ളണം. പത്തു പൈസപോലും പിശാചിന് അവകാശമുള്ളത് ഉണ്ടായിരിക്കരുത്.

അന്യായമായി സമ്പാദിച്ചിട്ടുണ്ടോ? അത് നിങ്ങൾക്ക് മാരകമായ ദോഷമാണ്. തലമുറകൾക്ക് ദോഷമാണ്. പിശാച് കടന്നുവരാൻ അവന് ഇടം കിട്ടുന്ന ഒന്നും ഉണ്ടാവരുത്. മഹാസർപ്പമായ സാത്താൻ നിങ്ങളുടെ ഭവനത്തിലേക്ക് കടന്നു വരാൻ ഇടവരരുത്.

സാത്താന് കടന്നുവരാൻ ഇടയില്ലാതവണ്ണം കർത്താവിന്റെ രക്തത്താൽ പൊതിഞ്ഞു നിൽക്കണം. കർത്താവിന്റെ തീയാൽ മതിൽ കെട്ടി നിൽക്കണം. തീയുടെ മതിൽ! അനേകം പേർ കുടുംബത്തിൽ ഛിദ്രമുള്ളവരുണ്ട്. കുടുംബത്തിൽ വഴക്കുള്ളവരുണ്ട്. പ്രകടമായ വഴക്കൊന്നും ഇല്ല എങ്കിലും ഏതോ ഒരു അസംതൃപ്തി ഹൃദയത്തിലിങ്ങനെ പുകഞ്ഞു കൊണ്ടിരിക്കുന്നു. എല്ലാം പൈശാചികന്റെ തന്ത്രങ്ങളാണ്. അതിലൊന്നിലും കുടുങ്ങാതെ നിങ്ങൾക്ക് രക്ഷപ്പെടാം. ഒന്നേയൊന്നു മാത്രം മതി. നിത്യപ്രകാശമായ യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് വിളിക്കുക.

യേശു വന്ന് ഈ ഹൃദയത്തിൽ വസിക്കട്ടെ. യേശു

വാഴുമ്പോൾ എല്ലാ ശാപങ്ങളും ദോഷങ്ങളും മാറിപ്പോകും. ഒരു ശത്രുവിനും അടുത്തുവരാൻ സാധിക്കുകയില്ല. പിശാചിന്റെ സകല തന്ത്രങ്ങളെയും ജയിപ്പാൻ നമുക്ക് കർത്താവ് കൃപ നൽകിയിരിക്കുകയാണ്.

> *"പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചിവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു; ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല."*
>
> *ലൂക്കോസ് 10 : 19*

ചെറുപ്പക്കാരായ പലരുടെയും ഹൃദയത്തിൽ ചില പ്രേമക്കുരുക്കുകൾ കിടപ്പുണ്ട്. ചില പെൺകുട്ടികൾ ചില ആൺകുട്ടികളുടെ ഹൃദയത്തിൽ കയറിയിരുപ്പുണ്ട്. അല്ലെങ്കിൽ പെൺകുട്ടിയുടെ ഫോട്ടോ ഹൃദയത്തിലുണ്ട്. ഒരുപക്ഷേ, ഒരു birthday celebration-ന് നിങ്ങൾക്ക് ഏതെങ്കിലുമൊരു ആൺകുട്ടി, ഒരു യുവാവ് തന്ന ഒരു സമ്മാനമുണ്ടായിരിക്കും. അതിന്റെ പിന്നിലൊരു പ്രേമത്തിന്റെ ഭയങ്കരമായ ആക്രമണമുണ്ട്. എന്തിന് ഇതിനൊക്കെ പോകുന്നു?

ഞാനൊരു പഴഞ്ചനാണെന്ന് നിങ്ങൾ വേണമെങ്കിൽ പറഞ്ഞേക്കാം. പക്ഷേ, പറഞ്ഞുതരാം. നിങ്ങളുടെ മാതാപിതാക്കൾ ആലോചിച്ച്, ആശീർവ്വദിച്ച് തരുന്ന വിവാഹങ്ങളാണ് നിങ്ങൾ നടത്തേണ്ടത്. നിങ്ങളുടെ അഭിപ്രായം വേണമെങ്കിൽ പറയാം. അല്ലാതെ നിങ്ങൾ സ്വന്ത ഇഷ്ടപ്രകാരം ആരെയും തിരഞ്ഞെടുത്ത് നാശത്തിലേക്കും നിത്യ അപകടത്തിലേക്കും പോകരുത്.

ആർക്കെങ്കിലും കൊടുക്കാനുള്ളത് കൊടുത്തു തീർക്കാത്തതുണ്ടോ? വല്ല സാധനങ്ങളോ രൂപയോ കൊടുക്കാനുണ്ടോ? വേഗം തീർത്തോളണം. ഒരു നിമിഷം വൈകരുത്.

പ്രിയപ്പെട്ടവരേ, രൂപ കൈവശമില്ലെങ്കിൽ വിനയപൂർവ്വം

പറയണം: ക്ഷമിക്കണം. പൈസ കൈയിൽ വന്നിട്ടില്ല. എന്നോട് പൊറുക്കണം. അല്പമൊന്ന് ക്ഷമിക്കൂ. ഇനി എന്റെ ജീവിതത്തിലെ ഒന്നാമത്തെ കാര്യം ഈ കടം തീർക്കുക എന്നുള്ളതായിരിക്കും. നിങ്ങളൊന്ന് പറഞ്ഞു നോക്കൂ.

നീയൊരു ദൈവപൈതലാണെങ്കിൽ, ക്രിസ്തുവിന്റെ രാജ്യത്തിൽ പോകണമെങ്കിൽ, ദൈവരാജ്യത്തിലെത്തണ മെങ്കിൽ അതിവേഗം എല്ലാ ന്യായീകരണങ്ങളും മാറ്റിവച്ച്, കൊണ്ടുപോയി കൊടുത്ത് നിന്റെ ബന്ധനം അഴിക്കുക. നിന്റെ ശാപം മാറ്റുക.

ആഭിചാരം ചെയ്ത് എല്ലാവരുടെയും മുൻപിൽ മഹാനെന്ന് നടിച്ച് വലിയ വീരനായി ആളുകളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ട ശീമോൻ എന്ന ആഭിചാരകൻ, അവനും സുവിശേഷം കേട്ടു. ഫിലിപ്പോസ് പറഞ്ഞ വചനം കേട്ട് മാനസാന്തരപ്പെട്ടു. പക്ഷേ, അവന്റെ ഉള്ളം നേരുള്ള തായിരുന്നില്ല.

അവനും അപ്പൊസ്തലന്മാരോട് ചേർന്നുനിന്നു. അവനുമുണ്ട് കൂട്ടായ്മയിൽ. പക്ഷേ, അകത്ത് മാനസാന്തരം വന്നില്ല. ഉള്ളിൽ മാനസാന്തരം വരാതെ കൂട്ടായ്മയിൽ ചേർന്നു നടക്കുന്നവരുടെ അവസ്ഥ എത്രയോ ഭയാനകമാണ്!

നിങ്ങളുടെ ഹൃദയത്തിന്റെ കാഠിന്യം മാറ്റി നിങ്ങൾ വിനയപ്പെടുക. എന്നിൽ ബന്ധനങ്ങളുണ്ട്. ഞാൻ പ്രാർത്ഥനായോഗത്തിന് വന്നാലും കൂട്ടായ്മയിൽ സംബന്ധിച്ചാലും ഞാൻ വചനം പ്രസംഗിച്ചാലും എന്നിൽ ബന്ധനങ്ങളുണ്ട്. എന്റെ കർത്താവേ, ഈ ബന്ധനങ്ങൾ മാറാതെ ഇനി അടുത്ത സെക്കന്റിലേക്ക് എനിക്ക് നീങ്ങണ്ട.

കർത്താവേ, അടുത്ത നിമിഷത്തിലേക്ക് നീങ്ങുന്നതിനു മുമ്പ് മാരകമായ ബന്ധനങ്ങളെല്ലാം എന്നിൽനിന്നും അഴിച്ചുമാറ്റി എന്നെ നീ സ്വതന്ത്രനാക്കണമേ എന്ന് നിങ്ങൾ

പ്രാർത്ഥിക്കൂ.

സ്വാതന്ത്ര്യം തരുവാൻ ക്രിസ്തു വന്നിട്ടുണ്ട്. യേശുക്രിസ്തു നിങ്ങളുടെ ഇടയിലൂടെ നടക്കുന്നുണ്ട്. നീ ഹൃദയം കടുപ്പിച്ചിരിക്കരുത്. എനിക്ക് ബന്ധനമൊന്നും ഇല്ലായെന്ന് പറഞ്ഞുകൊണ്ടിരിക്കരുത്.

നിന്റെ ബന്ധനങ്ങളെല്ലാം ഏറ്റുപറഞ്ഞുപേക്ഷിക്കുക. കർത്താവേ, തെറ്റുപറ്റിപ്പോയി. മൂഢവിശ്വാസത്തിന് അടിമയായിപ്പോയി. പൈശാചികന്റെ തന്ത്രങ്ങളിൽ കുടുങ്ങി ഭോഷ്ക്കിന്റെ അടിമയായിത്തീർന്നുപോയി. തെറ്റുകളേറെ സംഭവിച്ചുപോയി. എന്നാൽ ഇന്ന് ഞാനിതാ തിരുമുമ്പാകെ വരുന്നു. എന്നോട് മനസ്സലിഞ്ഞ് എന്നെ നീ വിടുവിക്കണമേ. ഈ ബന്ധനത്തിൽനിന്ന് എനിക്ക് മോചനം തരണമേ. എന്റെ മേൽ നിന്റെ തൃക്കരം വയ്ക്കണമേ. എന്നെ അനുഗ്രഹിക്കണമേ.

## പതിനൊന്ന്

*"അനന്തരം യെരൂശലേമിലുള്ള അപ്പൊസ്തലന്മാർ, ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നു കേട്ടു പത്രോസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്നു, അവർക്ക് പരിശുദ്ധാത്മാവ് ലഭിക്കേണ്ടതിന് അവർക്കായി പ്രാർത്ഥിച്ചു. അന്നുവരെ അവരിൽ ആരുടെമേലും ആത്മാവ് വന്നിരുന്നില്ല; അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നതേയുള്ളൂ. അവർ അവരുടെമേൽ കൈവച്ചപ്പോൾ അവർക്കു പരിശുദ്ധാത്മാവ് ലഭിച്ചു. അപ്പൊസ്തലന്മാർ കൈവച്ചതിനാൽ പരിശുദ്ധാത്മാവ് ലഭിച്ചത് ശിമോൻ കണ്ടാറെ അവർക്ക് ദ്രവ്യം കൊണ്ടുവന്നു: ഞാൻ ഒരുത്തന്റെമേൽ കൈവച്ചാൽ അവന് പരിശുദ്ധാത്മാവ് ലഭിപ്പാൻ തക്കവണ്ണം ഈ അധികാരം എനിക്കും തരേണം എന്നു പറഞ്ഞു. പത്രോസ് അവനോട്: ദൈവത്തിന്റെ ദാനം പണത്തിന് വാങ്ങിക്കൊള്ളാം എന്ന് നീ നിരൂപിക്കകൊണ്ട് നിന്റെ പണം നിന്നോടുകൂടെ നശിച്ചുപോകട്ടെ. നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്കകൊണ്ട് ഈ കാര്യത്തിൽ നിനക്ക് പങ്കും ഓഹരിയുമില്ല. നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ട് കർത്താവിനോട് പ്രാർത്ഥിക്ക; പക്ഷേ, നിന്റെ ഹൃദയത്തിലെ*

*നിരൂപണം ക്ഷമിച്ചു കിട്ടുമായിരിക്കും. നീ കയ്പ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്നു ഞാൻ കാണുന്നു എന്നു പറഞ്ഞു." അപ്പൊ. പ്രവൃത്തികൾ 8 : 14 – 23*

ശമര്യയിൽ സുവിശേഷം കൊണ്ടുചെന്നത് ഫിലിപ്പൊസാണ്. ജനം മാനസാന്തരപ്പെട്ടു എങ്കിലും അവരുടെമേൽ പരിശുദ്ധാത്മാവിന്റെ പ്രവാഹം ഉണ്ടായില്ല. The power of the Holy Spirit! അതുകൊണ്ട് അവരെല്ലാവരും കൂടി വന്നപ്പോൾ പത്രോസ് ശ്ലീഹാ അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അവരുടെ മേൽ പരിശുദ്ധാത്മാവ് വന്നു.

ആഭിചാരം ചെയ്ത് ജനങ്ങളെ പരിഭ്രമിപ്പിച്ചുപോന്ന ആഭിചാരകനായ ശിമോൻ, ഇതെല്ലാം കണ്ടു. പത്രോസ് ശ്ലീഹാ ഒരാളുടെമേൽ കൈവയ്ക്കുമ്പോൾ ആ ആൾ വിവിധ ഭാഷകളിൽ സംസാരിക്കുന്നു. ആത്മാവിന്റെ നിറവിലാകുന്നു. ശിമോന് തോന്നി, ഇത് നല്ല കാര്യമാണല്ലോ. ഞാനും നാട്ടിലൊരു പ്രമാണിയാണല്ലോ. ഞാനും ഒരാളുടെമേൽ കൈ വച്ചാൽ ഈ കൃപാവരം വരത്തക്കവണ്ണം എനിക്കതു ലഭിക്കണം. ഞാൻ കുറച്ചു രൂപ കൊടുത്താൽ എനിക്കത് തരും. അങ്ങനെ പണം കൊടുത്ത് കൃപാവരം വാങ്ങാമെന്ന് അവൻ വിചാരിച്ചുപോയി.

പത്രോസ്ശ്ലീഹാ അവനെ ശാസിച്ചു: നീ ദൈവത്തിന്റെ ദാനം പണത്തിന് വാങ്ങിക്കൊള്ളാമെന്ന് വിചാരിക്കുന്നത് എന്ത്? നിന്റെ പ്രൗഢിയോ, പ്രതാപമോ, ധനസമൃദ്ധിയോ നിന്റെ ഈ ഭൂമിയിലുള്ള ഏതെങ്കിലും ബഹുമാന്യതകളോ ഒന്നും നോക്കിയല്ല ദൈവത്തിന്റ കൃപാവരം ലഭിക്കുന്നത്.

അത് ദൈവത്തിന്റെ കൃപ. ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിച്ചവർക്ക് മാത്രം കിട്ടുന്ന പരിശുദ്ധാത്മാവിന്റെ നൽവരമാണ് കൃപാവരങ്ങളെല്ലാം. നീയൊരു വഷളനായിപ്പോയല്ലോ. നീ വഷളത്തം വിടുക.

പത്രോസ് ശ്ലീഹാ അവനോട് പറഞ്ഞു: "നീ കയ്പ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു വെന്ന് ഞാൻ കാണുന്നു. അതുകൊണ്ട് നിനക്കീ കാര്യത്തിൽ പങ്കും ഓഹരിയും ഇല്ല. നീ കർത്താവിനോട് പ്രാർത്ഥിക്ക, പക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു കിട്ടുമായിരിക്കും." അവൻ അമ്പരപ്പിലായി. അവന് വെപ്രാളം പിടിച്ചു: "അയ്യോ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ" എന്നു പറഞ്ഞു.

ആത്മാവിന്റെ കൃപാവരം ജ്വലിക്കുകയാണ് പത്രോസ് ശ്ലീഹായിൽ. ഏതാനും നാളുകൾക്ക് മുൻപ് യേശു ക്രിസ്തുവിനെ എനിക്ക് പരിചയമില്ലായെന്ന് പറഞ്ഞ ആ പത്രോസാണ് ഇപ്പോൾ യേശുക്രിസ്തുവിന്റെ കൃപയാൽ പരിശുദ്ധാത്മാവിന്റെ നൽവരം പ്രാപിച്ച് ചൈതന്യവത്തായ, ശ്രേഷ്ഠമായ സ്വർഗ്ഗീയ വചനം പ്രസ്താവിക്കാൻ എഴുന്നേറ്റു നിൽക്കുന്നത്.

> *"നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോട് പ്രാർത്ഥിക്ക; പക്ഷെ, നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു കിട്ടുമായിരിക്കും. നീ കയ്പ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരി ക്കുന്നു എന്നു ഞാൻ കാണുന്നു എന്നു പറഞ്ഞു."*
>
> *അപ്പൊ. പ്രവൃത്തികൾ 8 : 22, 23*

ക്ഷമിച്ചു കിട്ടുമെന്ന് പറയുന്നില്ല. ക്ഷമിച്ചു കിട്ടുമായി രിക്കും. പരിശുദ്ധാത്മാവിനെതിരായ പാപം ക്ഷമിച്ചു കിട്ടുക എന്നു പറയുന്നത് അത്ര നിസ്സാര കാര്യമല്ല. കിട്ടുമായിരിക്കു മെന്നേ ശ്രേഷ്ഠനായ പത്രോസ്ശ്ലീഹാ പോലും പറയുന്നുള്ളൂ.

പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെയോ പരിശുദ്ധാത്മാ വിന്റെ വചനത്തെയോ ഒരിക്കലും നാം ചോദ്യം ചെയ്യരുത്. പരിശുദ്ധാത്മാവ് ഇറങ്ങിനിൽക്കുന്ന ദൈവമക്കളെ നാം വിമർശിക്കരുത്. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷകളെ നാം

ചോദ്യം ചെയ്യരുത്, സംശയിക്കരുത്, അവിശ്വസിക്കരുത്. പരിശുദ്ധാത്മാവ് നമുക്ക് ഇഷ്ടം പോലെ പറയാവുന്നതും ചിന്തിക്കാവുന്നതുമായ ഒരാളല്ല. പരിശുദ്ധാത്മാവ് തീയുടെ ആത്മാവാണ്. ജ്വലിക്കുന്ന ആത്മാവാണ്.

പരിശുദ്ധാത്മാവിനെതിരായ പാപം നമുക്കുണ്ടെന്ന് നാം കണ്ടുപിടിച്ചാൽ ഉടനെ തിരുത്തിക്കൊൾക. വേഗം അനുതപിച്ചു കൊൾക. എന്റെ ദൈവമേ, നിന്റെ ആത്മാവിനെക്കുറിച്ച് പറയാനോ ചിന്തിക്കാനോ എനിക്ക് യാതൊരു യോഗ്യതയു മില്ല. ഞാനൊരു നിസ്സാരനായ മനുഷ്യനാണ്.

എനിക്ക് ആത്മീയമായ പക്വതയും പരിജ്ഞാനവും ഇല്ല. ഞാൻ വിവേകമില്ലാതെ എന്തെല്ലാമോ ചിന്തിച്ചുപോയി, അല്ല പറഞ്ഞുപോയി. അത് പരിശുദ്ധാത്മാവിനെതിരായിപ്പോയി. പരിശുദ്ധാത്മാവ് ഇറങ്ങി നിൽക്കുന്ന ദൈവമക്കൾ ക്കെതിരായി ഞാൻ ചിലതെല്ലാം സംസാരിച്ചുപോയി. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയെ ഞാൻ വിമർശിച്ചുപോയി. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലേക്ക് പോകുന്നവരെ ഞാൻ തടുത്തുപോയി. എന്നോടു ക്ഷമിക്കണമേ.

പരിശുദ്ധാത്മാവിനെതിരായ പാപം ഭയാനകമാണ്. മനുഷ്യരോട് അവരുടെ സകല ദൂഷണങ്ങളും ക്ഷമിക്കും, പരിശുദ്ധാത്മാവിന് നേരെ ദൂഷണം പറയുന്നവനോടോ ഇഹത്തിലും പരത്തിലും ക്ഷമിക്കയില്ലായെന്നാണ് കർത്താവ് പറഞ്ഞത്.

അറിയാൻ പാടില്ലാത്ത കാര്യങ്ങളിൽ ഓരോ അഭിപ്രായം പറഞ്ഞു കഴിഞ്ഞാൽ അപകടമായിരിക്കും. അഭിപ്രായം ഹൃദയത്തിൽ നിരൂപിച്ചാലും കർത്താവ് കാണും. പരിശുദ്ധാത്മാവെല്ലാം വിവേചിക്കും. ഹൃദയത്തിലൂടെ പോകുന്നതെല്ലാം കർത്താവറിയും.

ഏറ്റവും അനുഗ്രഹകരമായ കാര്യമെന്താണ്? തള്ളിപ്പറ ഞ്ഞവനെയാണ് കർത്താവ് ഇതിനെല്ലാം ഉപയോഗിക്കുന്നത്!

എല്ലാ കൃപാവരങ്ങളും കൊടുത്ത്, എല്ലാ ആത്മീയ നൽവരങ്ങളും കൊടുത്ത്, ഒരിക്കൽ തന്നെ തള്ളിപ്പറഞ്ഞവനെ കർത്താവ് അനുഗ്രഹിക്കുന്നു.

ഏതെങ്കിലും കാര്യങ്ങളിൽ നിങ്ങൾക്ക് തെറ്റുപറ്റിയിട്ടുണ്ടോ, എവിടെയെങ്കിലും നിങ്ങൾക്ക് അനർത്ഥം പറ്റിയിട്ടുണ്ടോ ഇനിയും നിങ്ങൾക്ക് അനുഗ്രഹം വാങ്ങാം.

> *"കൈസര്യയിൽ ഇത്താലിക എന്ന പട്ടാളത്തിൽ കൊർന്നേല്യൊസ് എന്നു പേരുള്ളോരു ശതാധിപൻ ഉണ്ടായിരുന്നു. അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിന് വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോട് പ്രാർത്ഥിച്ചും പോന്നു. അവൻ പകൽ ഏകദേശം ഒമ്പതാം മണിനേരത്ത് ഒരു ദർശനത്തിൽ ഒരു ദൈവദൂതൻ തന്റെ അടുക്കൽ അകത്തു വരുന്നത് സ്പഷ്ടമായി കണ്ടു; കൊർന്നേല്യൊസേ, എന്നു തന്നോട് പറയുന്നതും കേട്ടു. അവൻ അവനെ ഉറ്റുനോക്കി ഭയപരവശനായി: എന്താകുന്നു കർത്താവേ എന്നു ചോദിച്ചു. അവൻ അവനോട്: നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു."*
>
> *അപ്പൊ. പ്രവൃത്തികൾ 10 : 1 – 4*

ഒമ്പതാം മണി, ഉച്ചകഴിഞ്ഞ് മൂന്നുമണി സമയം. ആ സമയത്ത് കൊർന്നേല്യൊസ് താൻ പാർക്കുന്നേടത്തിരുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ പെട്ടെന്നൊരു ദർശനം കണ്ടു. ഒരു ദൈവദൂതൻ തന്റെ അടുക്കൽ വരുന്നു. ദൈവദൂതൻ 'കൊർന്നേല്യൊസേ'യെന്ന് പേർ ചൊല്ലി വിളിക്കുന്നു. ദൈവദൂതന്റെ തേജോമയമായ രൂപം കണ്ട് അവൻ ഭയപരവശനായി, "എന്താകുന്നു കർത്താവേ?" എന്നു ചോദിച്ചു. ദൂതൻ പറഞ്ഞു: "നിന്റെ പ്രാർത്ഥനയും ധർമ്മ പ്രവൃത്തികളുമെല്ലാം സ്വർഗ്ഗത്തിൽ എത്തിയിരിക്കുന്നു.

യോപ്പയിലേക്ക് ആളയച്ച് പത്രോസ് എന്നു മറുപേരുള്ള ശിമോനെ വിളിപ്പിക്കൂ."

നമ്മുടെ ജീവിതത്തിലെ ഓരോ കാര്യവും സ്വർഗ്ഗത്തിലെത്തും. നല്ല കാര്യങ്ങളും ചീത്തകാര്യങ്ങളും എല്ലാമെത്തും. ഒരു സാധുവിന് നാമൊരു സഹായം ചെയ്താൽ അത് ദൈവസന്നിധിയിൽ ചെല്ലും. ഒരു പാവപ്പെട്ടവനെ നാമൊരു നല്ല വാക്കുകൊണ്ടാശ്വസിപ്പിച്ചാൽ ദൈവസന്നിധിയിൽ ചെല്ലും.

ഒരു അഗതിക്ക് നാം ഏതെങ്കിലും വിധത്തിലൊരു സഹായം ചെയ്താൽ ദൈവസന്നിധിയിൽ ചെല്ലും. നാം നന്മപ്രവൃത്തികൾക്കുവേണ്ടി നിയമിക്കപ്പെട്ടവരാണ്. ആർക്കെല്ലാം എന്തെല്ലാം നന്മ ചെയ്യണമോ, അതെല്ലാം ചെയ്യാൻ കർത്താവ് നമുക്ക് അവസരങ്ങൾ തന്നിരിക്കുകയാണ്. അതിനുള്ള മാർഗ്ഗങ്ങൾ തന്നിരിക്കുകയാണ്.

നമ്മുടേതായിട്ട് ഒന്നുമില്ല. ദൈവത്തിന്റെ ധനം തല്ക്കാലത്തേക്ക് സൂക്ഷിക്കുവാൻ നമ്മളെ ഏല്പിച്ചു. നമുക്ക് പത്തു രൂപയുണ്ടെങ്കിൽ അത് നമ്മുടേതല്ല, ദൈവത്തിന്റെയാണ്. ദൈവം എന്നെ സൂക്ഷിക്കാൻ ഭരമേല്പിച്ചത് ഞാൻ വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണം. ഇല്ലെങ്കിൽ എനിക്ക് അപകടമാണ്.

ദൈവം തരാതെ വല്ലതും നിങ്ങളുടെ കൈയിലെങ്ങാനുമുണ്ടോ? ദൈവം പ്രസാദിക്കാത്ത ഏതെങ്കിലും, കൈക്കൂലി വാങ്ങിയതോ, കള്ളക്കച്ചവടം നടത്തിയതോ, കൊള്ളലാഭം നടത്തിയതോ, അങ്ങനെ ഏതെങ്കിലും കാര്യങ്ങൾ നിങ്ങളുടെ കൈയിൽ വന്നിട്ടുണ്ടോ?

ആരുടെയെങ്കിലും പൈസയോ സാധനങ്ങളോ നിങ്ങൾ അപഹരിച്ചിട്ടുണ്ടോ? അതെല്ലാം നമുക്ക് ആപത്താണ്. ഈ ഭൂമിയിൽ തന്നെ ആപത്താണ്. ഈ കേടെല്ലാം ഈ ഭൂമിയിൽ വച്ചുതന്നെ നാം ഒഴിവാക്കിയെടുക്കണം.

കൊർന്നേല്യോസ് വളരെ ധർമ്മസ്വഭാവമുള്ളവനായി

രുന്നു.

*“അവൻ അവനോട്: നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു. ഇപ്പോൾ യോപ്പയിലേക്ക് ആളയച്ച്, പത്രൊസ് എന്ന് മറുപേരുള്ള ശിമോനെ വരുത്തുക. അവൻ തോല്ക്കൊല്ലനായ ശിമോൻ എന്നൊരുവനോടു കൂടെ പാർക്കുന്നു. അവന്റെ വീട് കടല്പുറത്ത് ആകുന്നു എന്നു പറഞ്ഞു. അവനോട് സംസാരിച്ച ദൂതൻ പോയ ശേഷം അവൻ തന്റെ വേലക്കാരിൽ രണ്ടുപേരെയും തന്റെ അടുക്കൽ അകമ്പടി നിൽക്കുന്നവരിൽ ദൈവഭക്തനായോരു പടയാളിയേയും വിളിച്ചു സകലവും വിവരിച്ചു പറഞ്ഞു യോപ്പയിലേക്ക് അയച്ചു.”*

*അപ്പൊ. പ്രവൃത്തികൾ 10 : 4 – 8*

കൊർന്നേല്യൊസ് തലേദിവസം ഒൻപതാം മണിനേരം – യാമപ്രാർത്ഥനയുള്ള ആളാണ് – പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, പത്രോസെന്ന് മറുപേരുള്ള ശിമോനെ വരുത്തുക എന്നു കേട്ടു. എന്നാൽ പത്രോസ് ശ്ലീഹാക്കും ഒരു വലിയ ദർശനം ലഭിച്ചു.

*“പിറ്റെന്നാൾ അവർ യാത്ര ചെയ്തു പട്ടണത്തോട് സമീപിക്കുമ്പോൾ പത്രൊസ് ആറാം മണിനേരത്ത് പ്രാർത്ഥിപ്പാൻ വെണ്മാടത്തിൽ കയറി. അവൻ വളരെ വിശന്നിട്ടു ഭക്ഷിപ്പാൻ ആഗ്രഹിച്ചു; അവർ ഒരുക്കുമ്പോഴേക്ക് അവന് ഒരു വിവശത വന്നു. ആകാശം തുറന്നിരിക്കുന്നതും വലിയോരു തുപ്പട്ടിപോലെ നാലുകോണും കെട്ടിയിട്ട് ഭൂമിയിലേക്ക് ഇറക്കിവിട്ടോരു പാത്രം വരുന്നതും അവൻ കണ്ടു. അതിൽ ഭൂമിയിലെ സകലവിധ നാല്ക്കാലിയും ഇഴജാതിയും ആകാശത്തിലെ പറവയും ഉണ്ടായിരുന്നു. പത്രൊസേ, എഴുന്നേറ്റ്*

*അറുത്തു തിന്നുക എന്ന് ഒരു ശബ്ദം ഉണ്ടായി. അതിന് പത്രോസ്: ഒരിക്കലും പാടില്ല, കർത്താവേ, മലിനമോ അശുദ്ധമോ ആയതൊന്നും ഞാൻ ഒരുനാളും തിന്നിട്ടില്ലല്ലോ. ആ ശബ്ദം രണ്ടാം പ്രാവശ്യം അവനോട്: ദൈവം ശുദ്ധീകരിച്ചത് നീ മലിനമെന്നു വിചാരിക്കരുത് എന്നു പറഞ്ഞു. ഇങ്ങനെ മൂന്നുപ്രാവശ്യം ഉണ്ടായി; ഉടനെ പാത്രം തിരികെ ആകാശത്തിലേക്കു വലിച്ചെടുത്തു."*

*അപ്പൊ. പ്രവൃത്തികൾ 10 : 9 – 16*

ആകാശം തുറന്നിരിക്കുന്നു. തുപ്പട്ടിപോലെ വലിയോരു പാത്രം ഇറങ്ങിയിറങ്ങി വന്നു. ആ പാത്രത്തിൽ പലതരം മൃഗങ്ങൾ, പക്ഷികൾ, ഇഴജാതികൾ എല്ലാമുണ്ട്. ദൈവാത്മാവ് പത്രോസിനോട്: "നീ അറുത്തു തിന്നുക" എന്നു പറഞ്ഞു. അയ്യോ, കർത്താവേ, മലിനമോ അശുദ്ധമോ ആയതൊന്നും ഞാൻ തിന്നുകയില്ലല്ലോ. ഇപ്പോൾ ഇത് തിന്നാൻ പറയുന്നത് എന്താണ്? പത്രോസ് ചോദിച്ചു.

"ദൈവം ശുദ്ധീകരിച്ചത് നീ മലിനമെന്ന് വിചാരിക്കരുത്." മൂന്നു പ്രാവശ്യം ഈ വാക്കുകൾ പറഞ്ഞു.

ദൈവം ഒരാളെ ശുദ്ധീകരിച്ചുകഴിഞ്ഞാൽ പിന്നെ ആ ആളുടെ പാപങ്ങൾ കർത്താവ് കാണുന്നില്ല. എന്നാലും ഇവനിത് ചെയ്തതല്ലേ, ഇന്നതല്ലേ അവന്റെ പാപം എന്ന് നാം ചിന്തിച്ചുപോകരുത്. നമ്മുടെ മനസ്സിൽ അങ്ങനെയൊരു അവഗണനയോ തുച്ഛീകരണമോ വന്നുപോകരുത്. ഒരിക്കലും അവമതിപ്പോടെ നാം കാണരുത്. എപ്പോഴും ഓർത്തു കൊള്ളണം, കർത്താവ് ശുദ്ധീകരിച്ചു. ആ മനുഷ്യന്റെ പാപം കർത്താവാണ് കഴുകിയത്. ആ മനുഷ്യനെ അശുദ്ധനെന്ന് ഞാൻ വിചാരിക്കാൻ പാടില്ല.

പാപം ഏറ്റുപറഞ്ഞത് കേട്ടയാൾ ഒരു അഭിഷിക്തനാകട്ടെ, ഒരു ദൈവദാസനാകട്ടെ വേറെ ആരോടും പറയരുതെന്ന് മാത്രമല്ല അത് ഒരിക്കലും പ്രസിദ്ധമാക്കരുത്. ദൈവം

ശുദ്ധീകരിച്ചതിനെ നീ മലിനമെന്ന് ചിന്തിച്ചുപോകരുത്.

ആരുടെയെങ്കിലും പാപങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടെങ്കിൽ, അറിയാമെങ്കിൽ ഒരിക്കലും നിങ്ങളുടെ നാവിൽ നിന്നത് പുറത്തു വരരുത്. ഏതെങ്കിലും മനുഷ്യന്റെ പാപം നിങ്ങൾ കേട്ടുപോയി, അറിഞ്ഞുപോയി. പക്ഷേ, അത് നിങ്ങൾ ഒരിക്കലും ആരോടും പറയരുത്. സത്യമായിരിക്കാം പക്ഷേ, അത് ഏഷണി പറയലാണ്. ആരെക്കുറിച്ചെങ്കിലും നാം ശരിയായ കാര്യമാണെങ്കിൽ പോലും കുറ്റം പറയുന്നത് ഏഷണിയാണ്. അത് വാവിഷ്ഠാണമാണ്.

കൊർന്നേല്യോസ് പത്രോസിന്റെ അടുക്കൽ ആളയച്ചു, പത്രോസ് കൊർന്നേല്യോസിന്റെ ഭവനത്തിൽ ചെന്നു. കൊർന്നേല്യോസ് കുറെ ആളുകളെ കൂട്ടി പത്രോസ് വരാൻ കാത്തിരിക്കുകയാണ്.

കൊർന്നേല്യോസ്, പത്രോസ് വന്നപാടെ കാല്ക്കൽ വീണു.

> *"പിറ്റെന്നാൾ കൈസര്യയിൽ എത്തി; അവിടെ കൊർന്നേല്യോസ് ചാർച്ചക്കാരെയും അടുത്ത സ്നേഹിതന്മാരെയും കൂട്ടിവരുത്തി, അവർക്കായി കാത്തിരുന്നു. പത്രൊസ് അകത്തു കയറിയപ്പോൾ കൊർന്നേല്യോസ് എതിരേറ്റു അവന്റെ കാല്ക്കൽ വീണു നമസ്കരിച്ചു. പത്രൊസോ: എഴുന്നേല്ക്ക, ഞാനും ഒരു മനുഷ്യനത്രേ എന്നു പറഞ്ഞു അവനെ എഴുന്നേല്പിച്ചു."*
>
> *അപ്പൊ. പ്രവൃത്തികൾ 10 : 24 – 26*

കൊർന്നേല്യോസിനെ പത്രോസ് ചാടിപ്പിടിച്ചു. ഞാൻ നിങ്ങളെപ്പോല സാധാരണ മനുഷ്യനാണ്. ഞാൻ ദൈവമൊന്നുമല്ല. ജനനേതാവുമല്ല. ഞാനൊരു സാധാരണ വിശ്വാസിയാണ് എന്നു പറഞ്ഞ് അവനെ എഴുന്നേല്പിച്ചു. എന്നിട്ട് അകത്തു ചെന്നു.

*“ക്ഷണത്തിൽ ഞാൻ നിന്റെ അടുക്കൽ ആളയച്ചു: നീ വന്നത് ഉപകാരം. കർത്താവ് നിന്നോട് കല്പിച്ചതൊക്കെയും കേൾപ്പാൻ ഞങ്ങൾ എല്ലാവരും ഇവിടെ ദൈവത്തിന്റെ മുമ്പാകെ കൂടിയിരിക്കുന്നു എന്നു പറഞ്ഞു.”*

*അപ്പൊ. പ്രവൃത്തികൾ 10 : 33*

കൊർന്നേല്യൊസ് പറയുകയാണ്: എനിക്ക് ദൈവത്തിന്റെ അരുളപ്പാടുണ്ടായി. അതുകൊണ്ടാണ് ഞാൻ നിന്നെ വിളിച്ചത്. നിന്റെ കൈയിൽ കർത്താവിന്റെ സന്ദേശം എന്തെങ്കിലുമുണ്ടോ? കർത്താവിന്റെ ദൂത് എന്തെങ്കിലുമുണ്ടോ? അത് കേൾക്കാൻ ഞങ്ങൾ വന്നിരിക്കുകയാണ്. ഞങ്ങൾ മനുഷ്യശബ്ദം കേൾപ്പാൻ വന്നവരല്ല. നിന്റെ നാവിൽ ക്രിസ്തുവിന്റെ വചനമുണ്ടെന്ന് ഞങ്ങൾക്കറിയാം. നിന്നെ ഞങ്ങൾ വിളിച്ചത് ദൈവദൂതൻ ഞങ്ങളോട് പറഞ്ഞതു കൊണ്ടാണ്. നീ വന്നത് ഉപകാരം.

പത്രോസ് പ്രസംഗിച്ചുതുടങ്ങിയപ്പോഴേക്കും അവിടെ യിരുന്ന എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നു. സഹോദരീ സഹോദരന്മാരേ, ഇന്ന് നിങ്ങൾ വായിക്കുന്നത് ക്രിസ്തുവിന്റെ വചനമാണ്. ആരെയും പൂജിക്കരുത്. ആരെയും നിങ്ങൾ ആരാധിക്കരുത്. ആദരിക്കാം, ബഹുമാനിക്കാം. ആരാധനയ്ക്ക് യോഗ്യനായവൻ ക്രിസ്തു മാത്രം. ക്രിസ്തുവിനെ നമസ്ക്കരിപ്പിൻ. ക്രിസ്തുവിനെ വണങ്ങുവിൻ. ക്രിസ്തുവിനോട് നിങ്ങൾ പ്രാർത്ഥിപ്പിൻ. ക്രിസ്തുവിങ്കൽ മാത്രം ആശ്രയിപ്പിൻ.

## പന്ത്രണ്ട്

*"ഈ വാക്കുകളെ പത്രോസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ പത്രോസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നത് കണ്ടു വിസ്മയിച്ചു."*

*അപ്പൊ. പ്രവൃത്തികൾ 10 : 44 – 46*

എന്തൊരു ഭാഗ്യം! വചനം കേട്ടു. അധികനേരമൊന്നും പത്രോസ് പ്രസംഗിച്ചില്ല. എന്നാൽ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവ് വന്നു.

ലഭിക്കാവുന്ന ഏറ്റവും വലിയ ഒരു ഭാഗ്യമാണ് പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നത്. അതിന് സഭാഭേദമില്ല. ഇവിടെ നാം വായിക്കുന്നു, ജാതികളുടെമേലും പരിശുദ്ധാത്മാവ് പകർന്നു.

പുറജാതികളായി വന്ന ആളുകളുണ്ടായിരുന്നു. യഹൂദന്മാരുണ്ടായിരുന്നു. യവനന്മാരുമുണ്ടായിരുന്നു. എന്നാൽ എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നു.

ഈ മഹാഭാഗ്യം ഇന്ന് നമുക്ക് ലഭിക്കണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വരുമ്പോൾ എന്തൊരു ശാന്തിയാണ്! എന്തൊരു

സമാധാനമാണ്! നമ്മുടെ പാപങ്ങളെല്ലാം കഴുകപ്പെടുകയാണ്. പരിശുദ്ധാത്മാവ് തീയാണ്. തീകൊണ്ടുള്ള കഴുകൽ നമുക്ക് ലഭിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു.

വചനം കേൾക്കുമ്പോൾ പുതിയ തീരുമാനങ്ങളുണ്ടാകുന്നു, പുതിയ സമർപ്പണങ്ങളുണ്ടാകുന്നു, പുതിയ പ്രതിഷ്ഠകളുണ്ടാകുന്നു, പുതിയ വേർതിരിവുകളുണ്ടാകുന്നു. എല്ലാറ്റിൽ നിന്നും ഒരു detachment വരുന്നു. ഇന്ന് പലതിനോടും നാം attached ആണ്. പലതിനോടും ഒട്ടിച്ചേർന്നിരിക്കുകയാണ്. ലോകകാര്യങ്ങളോട്, ലോകത്തിലെ പല സംഭവങ്ങളോട്, ലോകത്തിലെ സ്നേഹിതരോട്, ലോകത്തിലെ നമ്മുടെ പദവികളോട്, സ്ഥാനമാനങ്ങളോട്, പണത്തോട്, ലോകത്തിലെ ബന്ധങ്ങളോട്, ലൗകിക ജീവിതത്തോട് ഓരോരുത്തരും ബന്ധപ്പെട്ടിരിക്കുകയാണ്.

അരുതാത്ത ബന്ധങ്ങളല്ല, നല്ല ബന്ധങ്ങൾ. പക്ഷേ, അതെല്ലാം നമ്മിൽനിന്ന് ഊർന്നൂർന്ന് പോയിട്ട് നമ്മുടെ അന്തരാത്മാവ് സ്വാതന്ത്ര്യം പ്രാപിച്ച് വലിയൊരു സമാധാനം നമുക്ക് കിട്ടുന്നു. പത്രോസ്ശ്ലീഹാ വചനം സംസാരിച്ചപ്പോഴേക്കും വന്നുകൂടിയിരുന്ന എല്ലാവരുടെമേലും പരിശുദ്ധാത്മാവ് പകർന്നു.

ഇന്ന് നിങ്ങൾ യഥാസ്ഥാനപ്പെടുമെങ്കിൽ, ഇന്ന് നിങ്ങൾ വിശ്വാസജീവിതത്തിന്റെ പദവിയിലേക്ക് കയറിവരുമെങ്കിൽ, വിശുദ്ധ ജീവിതത്തിന്റെ അത്യത്ഭുതകരമായ അനുഭവം നിങ്ങൾ പ്രാപിക്കുമെങ്കിൽ തീർച്ചയായും പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരും. നിങ്ങൾ പരിശുദ്ധാത്മാവ് നിറഞ്ഞവരായിത്തീരും. നിങ്ങളിൽനിന്ന് പരിശുദ്ധാത്മാവിന്റെ തീ അനേകരിലേക്ക് പകർന്നു പകർന്ന് ആളിക്കത്താനിടയാകും.

പത്രോസ് സംസാരിച്ചപ്പോൾ പ്രധാനമായും ഒരു കാര്യമാണ് പറഞ്ഞത്.

*"അപ്പോൾ പത്രോസ് വായ് തുറന്നു പറഞ്ഞു*

*തുടങ്ങിയത്: ദൈവത്തിനു മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവൃത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു.” അപ്പൊ. പ്രവൃത്തികൾ 10 : 34, 35*

നിങ്ങൾ പലജാതിയിലുള്ളവർ വന്നിട്ടുണ്ട്. എന്നാൽ ദൈവത്തിനാരോടും മുഖപക്ഷമില്ല. നിത്യനായ ദൈവം ഏതെങ്കിലുമൊരു ജാതിയുടെയോ മതത്തിന്റെയോ ദൈവമല്ല. ഏതെങ്കിലും ഒരു മതസ്ഥാപകനുമല്ല. യേശുക്രിസ്തു എല്ലാവരുടെയും രക്ഷിതാവാണ്. യേശുവിന് മതഭേദമില്ല, ജാതി വ്യത്യാസമില്ല, സഭാഭേദമില്ല, സമുദായഭേദവുമില്ല.

പാപിയായ മനുഷ്യന്റെ ഹൃദയം മാറണം. ഹൃദയത്തിന്റെ മുഷിച്ചിലുകൾ മാറണം. ഹൃദയത്തിലുള്ള വൈരാഗ്യങ്ങൾ മാറണം. സ്വാർത്ഥതകൾ മാറണം. പ്രശംസക്കുവേണ്ടിയുള്ള ആഗ്രഹങ്ങൾ മാറണം. തിന്മകൾ മാറണം. ദുഷ്ടത മാറണം. അശുദ്ധി മാറണം, അത്യാഗ്രഹം മാറണം, ദുരാഗ്രഹം മാറണം, ഹൃദയത്തിലുള്ള സ്ഥാനമോഹം മാറണം.

എല്ലാം മാറ്റി, ഹൃദയത്തെ ശുദ്ധീകരിക്കാൻ തീ അയയ്ക്കുന്നു. ഇപ്പോൾ നിങ്ങൾ ഒരു വാക്ക് കർത്താവിനോട് പറയണം: കർത്താവേ, ഇത് സത്യമാണെങ്കിൽ ആ തീയൊന്ന് എന്നെ സ്പർശിക്കണം. ആ സ്വർഗ്ഗത്തിലെ തീ എന്റെ മേലൊന്ന് വീഴണം. സ്വർഗ്ഗത്തിലെ തീ എന്റെ തലമേൽ കത്തണം. എന്റെ ഹൃദയത്തിൽ കത്തണം. സ്വർഗ്ഗീയ അഗ്നിയിൽ ഞാൻ കത്തിജ്ജ്വലിക്കണം.

നിനക്ക് മുഖപക്ഷമില്ലല്ലോ നാഥാ! ഇന്ന് നിന്റെ സ്വർഗ്ഗീയ തീ എന്നിൽ കത്തി എന്നെയൊന്ന് രൂപാന്തരപ്പെടുത്തണം. എന്നെ ഞാനല്ലാതാക്കി മാറ്റണം. ഒരു പുതിയ ഹൃദയം എനിക്ക് തരണം. പുതിയ ആത്മാവ് എന്റെ മേൽ പകരണം. പുതിയ ശക്തി, പുതിയ വീക്ഷണഗതി എനിക്കു തരണം.

പുതിയ ദർശനം, പുതിയ കാഴ്ചപ്പാടുകൾ എനിക്കു തരണം. നാഥാ, ഇപ്പോൾ തന്നെ നീ എഴുന്നള്ളി വരണമേ.

> *''അവൻ എല്ലാവരുടെയും കർത്താവായ യേശുക്രിസ്തുമൂലം സമാധാനം സുവിശേഷിച്ചു കൊണ്ട് യിസ്രായേൽ മക്കൾക്ക് അയച്ച വചനം, യോഹന്നാൻ പ്രസംഗിച്ച സ്നാനത്തിന്റെ ശേഷം ഗലീലയിൽ തുടങ്ങി യെഹൂദ്യയിൽ ഒക്കെയും ഉണ്ടായ വർത്തമാനം, നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തും പിശാച് ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലോ.''*
>
> *അപ്പൊ. പ്രവൃത്തികൾ 10 : 36 – 38*

വേറൊരു വിഷയമില്ല പത്രോസിന് പ്രസംഗിക്കാൻ. യേശുക്രിസ്തുമാത്രം. പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഹൃദയത്തിൽ ക്രിസ്തു തെളിഞ്ഞു നിൽക്കട്ടെ! ക്രിസ്തു നിങ്ങളുടെ മുന്നിൽ പ്രകാശിച്ചു നിൽക്കട്ടെ! രോഗങ്ങൾ വരുമ്പോൾ, വേദനകൾ വരുമ്പോൾ, രോഗക്കിടക്കയിൽ ഞരങ്ങിയും മൂളിയും കിടക്കുമ്പോൾ, സഹിക്കാൻ വയ്യാത്ത വേദനയിൽ പുളഞ്ഞുകൊണ്ടിരിക്കുമ്പോൾ യേശുക്രിസ്തു നിങ്ങളുടെ അരികത്ത് നിൽക്കുന്നതും തന്റെ തൃക്കരം നിങ്ങളുടെ നേരെ ഉയർത്തുന്നതും നിങ്ങൾ കാണുക. അവൻ നിങ്ങളെ സ്നേഹിക്കുന്നു. ആകുലവേളകളിൽ, ആപത്തു കാലങ്ങളിൽ കൂടെ നിൽക്കുന്ന നല്ല സ്നേഹിതനാണേശു.

കർത്താവായ യേശുക്രിസ്തുവിന്റെ മൂന്നരവർഷത്തെ പരസ്യശുശ്രൂഷ ഇവിടെ ഒറ്റ വാക്യത്തിൽ ഉൾക്കൊള്ളി ച്ചിരിക്കുകയാണ്. മൂന്നരവർഷം കർത്താവ് പ്രവർത്തിച്ചു. ഗലീല നാടുകളിലൊക്കെയും സഞ്ചരിച്ചു. ഒരു ഇരുന്നൂറു

നാഴികയിൽ കൂടുതൽ വിസ്താരത്തിൽ കർത്താവ് പോയിട്ടില്ല.

അവിടെ തുടങ്ങിയ സുവിശേഷം ഇന്ന് ദിഗന്തങ്ങളിൽ മാറ്റൊലിക്കൊണ്ടുകൊണ്ടിരിക്കുന്നു. അനേകരെ രൂപാന്തര പ്പെടുത്തിക്കൊണ്ടിരിക്കുന്നു.

എത്രയോ പേരെ യേശു ആകർഷിച്ചു! യേശുവിനെ പിൻതുടരാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? ഒരു പുതിയ ജീവിതം തുടങ്ങാൻ നിങ്ങൾക്ക് താത്പര്യമുണ്ടോ? യേശു നിങ്ങളുടെ അരികത്ത് വന്നത്, നിങ്ങളെ തൊട്ടത്, നിങ്ങളുടെ തലമേൽ തന്റെ കരം വച്ചത് നിങ്ങൾ അറിഞ്ഞോ? നിങ്ങളുടെ തലയിൽ ഒരു നനവു കിട്ടിയോ? അല്ല, നിങ്ങളുടെ തലയിലൊരു തീജ്ജ്വാലയുടെ ചൂടേറ്റ അനുഭവം കിട്ടിയോ?

ഹൃദയം ചൂടുപിടിച്ചോ? ഇവിടെയുള്ളതെല്ലാം മായയാണ്. മാറാത്തത് യേശു മാത്രമാണെന്ന് മനസ്സിലായോ? നിങ്ങളുടെ പാപമെല്ലാം കഴുകി മാറ്റി അവൻ നിങ്ങൾക്ക് ശോഭനമായ ഭാവി തരുമെന്ന് മനസ്സിലായോ? നിങ്ങൾക്ക് ഈ യേശുവിനെ വേണമോ? അവൻ അരികത്ത് വന്നിട്ടുണ്ട്. നിങ്ങൾ ഒരു വാക്കു പറഞ്ഞാൽ മതി. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

> *“ആ കാലത്തു ഹെരോദാരാജാവു സഭയിൽ ചിലരെ പീഡിപ്പിക്കേണ്ടതിന്നു കൈനീട്ടി. യോഹ ന്നാന്റെ സഹോദരനായ യാക്കോബിനെ അവൻ വാൾകൊണ്ടു കൊന്നു. അത് യഹൂദന്മാർക്കു പ്രസാദമായി എന്നു കണ്ട് അവൻ പത്രോസി നെയും പിടിച്ചു. അപ്പോൾ പുളിപ്പില്ലാത്ത അപ്പ ത്തിന്റെ പെരുന്നാൾ ആയിരുന്നു. അവനെ പിടിച്ച ശേഷം പെസഹ കഴിഞ്ഞിട്ടു ജനത്തിന്റെ മുമ്പിൽ നിറുത്തുവാൻ ഭാവിച്ചു തടവിലാക്കി അവനെ കാപ്പാൻ നന്നാലു ചേവകർ ഉള്ള നാലു കൂട്ട ത്തിന്നു ഏല്പിച്ചു. ഇങ്ങനെ പത്രോസിനെ തട വിൽ സൂക്ഷിച്ചുവരുമ്പോൾ സഭ ശ്രദ്ധയോടെ*

*അവന്നുവേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചു പോന്നു.”* *അപ്പൊ. പ്രവൃത്തികൾ 12 : 1 – 5*

അപ്പൊസ്തലനായ പത്രോസിനെ കർത്താവ് യഥാസ്ഥാനപ്പെടുത്തിയതിന്റെ പരിണിതഫലങ്ങളാണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. യഥാസ്ഥാനപ്പെട്ടാൽ ചില അത്ഭുത കാര്യങ്ങൾ സംഭവിക്കും. നമ്മുടെ ജീവിതത്തിൽ അനുതാപത്തോടെ തെറ്റുപറ്റിയെന്നുള്ള ബോധ്യത്തോടെ കരുണയ്ക്കുവേണ്ടി പ്രാർത്ഥിച്ചാൽ കർത്താവ് നമ്മെ യഥാസ്ഥാനപ്പെടുത്തും. തെറ്റുകൾ ക്ഷമിച്ചുതരും, നമുക്ക് പുതിയ ദിശാബോധം തരും, പുതിയ അനുഭവം തരും. കർത്താവ് നമ്മെ അനുഗ്രഹിക്കും.

നമ്മെ എല്ലാവരേയും യഥാസ്ഥാനപ്പെടുത്താൻ, നാം എവിടെനിന്നു വീണുവോ ആ സ്ഥാനത്തേയ്ക്ക് നമ്മെ ഉയർത്തിയെടുക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. പ്രിയപ്പെട്ടവരേ, നാം മുകളിലത്തെ തട്ടിലെ കസേരയിൽ ആയിരുന്നു. ഇപ്പോൾ താഴത്തെ തട്ടിലേക്ക് വീണുപോയി. ആ കസേര നഷ്ടപ്പെട്ടിട്ടില്ല, അവിടെത്തന്നെയുണ്ട്.

കർത്താവ് പറയുന്നു: മോനേ, നീ മടങ്ങിവരിക. നിന്നെ ആക്കിയിരുന്ന ശ്രേഷ്ഠമായ സ്ഥാനത്തേയ്ക്ക് നീ മടങ്ങിവരിക. മോളേ, നിന്നെ ആക്കിയിരുന്ന ആ പരിശുദ്ധമായ ഇരിപ്പിടത്തിലേക്ക് നീ മടങ്ങിവരിക.

പത്രോസ് മടങ്ങിവന്നു. പത്രോസ് പ്രസംഗിച്ചു. പത്രോസ് പരിശുദ്ധാത്മാപൂർണ്ണനായിത്തീർന്നു. പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിച്ചു. ആത്മാവിന്റെ കൃപാവരങ്ങൾ ലഭിച്ചു. വിവേചനവരം, ഓരോരുത്തരുടേയും ആത്മാവിന്റെ അവസ്ഥ എന്തെന്ന് കാണാനുള്ള വരം ലഭിച്ചു.

ഇതെല്ലാം ദൈവം പത്രോസിനെക്കൊണ്ട് ചെയ്യിച്ചു. നിങ്ങൾ യഥാസ്ഥാനപ്പെട്ടാൽ, യഥാർത്ഥമായി ദൈവം ആഗ്രഹിക്കുന്ന സ്ഥാനത്തേക്ക് മടങ്ങിവന്നാൽ നിങ്ങളെക്കൊണ്ട്

ചില അത്ഭുതങ്ങൾ കർത്താവ് പ്രവർത്തിക്കും. നിങ്ങളിൽ നിന്നുകൊണ്ട് കർത്താവ് നിങ്ങളുടെ മക്കളെ വീണ്ടെടുക്കും. നിങ്ങളുടെ ഭാര്യയെ അല്ലെങ്കിൽ ഭർത്താവിനെ വീണ്ടെടുക്കും. നിങ്ങളുടെ വൃദ്ധരായ മാതാപിതാക്കളെ വീണ്ടെടുക്കും.

കഴുതമേൽ കയറി വാഹനമേറിപ്പോയവൻ നമ്മിൽ വാഹനമേറുമ്പോൾ അത്ഭുതങ്ങൾ സംഭവിക്കും. അപ്പോൾ കുഞ്ഞുങ്ങൾ പുഷ്പങ്ങൾ വിതറും. പുഷ്പവൃഷ്ടിയുണ്ടാകും. വഴിയിൽ വസ്ത്രം വിരിക്കും. എല്ലാവരും ഹോശന്നാ പാടും. ഇതെല്ലാം  ഈ കഴുതയ്ക്കുവേണ്ടിയല്ല; കഴുതമേൽ ഇരിക്കുന്നവൻ താഴെ പോയാൽ കഴുതയ്ക്കൊരു വിലയുമില്ല.

ഹെരോദാരാജാവ് ആ കാലത്ത് യാക്കോബിനെ കൊന്നു. ദൈവമക്കളെ പിടിച്ചുകൊന്നു. ഭയങ്കരമായ ശിക്ഷകൾ വരികയാണ്, ക്രിസ്ത്യാനിയായി എന്നുള്ളതുകൊണ്ട്, ക്രിസ്തുവിനെ അനുഗമിക്കുന്നവർ എന്നുള്ളതുകൊണ്ട്. ‘ഈ മാർഗ്ഗക്കാർ’ എന്നാണ് അന്ന് ക്രിസ്ത്യാനികളെ വിളിച്ചിരുന്നത്. ഈ മാർഗ്ഗത്തിലേക്ക് പോയി എന്നുള്ളതുകൊണ്ട് വലിയ ഉപദ്രവങ്ങൾ, പീഡകൾ അവർക്കു നേരിട്ടു.

യാക്കോബിനെ കൊന്നത് യഹൂദന്മാർക്ക് സന്തോഷമായതുകൊണ്ട് ഹെരോദാവ് ധൈര്യപ്പെട്ട് പത്രോസിനെ പിടിച്ച് വധിക്കാനായിട്ട് കാരാഗൃഹത്തിൽ ഇട്ടു. നന്നാലു ചേവകരുടെ കൈയിലേക്ക് കൊടുത്തു. നാല് കൂട്ടം പടയാളികൾ. പത്രോസിന്റെ കൈയിലും കാലിലും ചങ്ങലയിട്ടു. ഒരു കാരണവശാലും ഓടിപ്പോകരുത്. ഒരു കാരണവശാലും വിട്ടുപോകരുത്.

പത്രോസിനെ സൂക്ഷിപ്പാൻ പതിനാറു പടയാളികളെ ആക്കി. കാരാഗൃഹത്തിന് പല വാതിലുകൾ ഉണ്ട്. ആ വാതില്ക്കൽ ഒന്നിൽ നിന്ന് കടന്നാൽ അടുത്തതിൽ, അവിടുന്നു കടന്നാൽ അടുത്തത്, ഇങ്ങനെ നാലു ഭാഗങ്ങളുണ്ട്. ഓരോന്നോരോന്നു കടന്നുവേണം വെളിയിലോട്ടുപോകാൻ. ഒരിടത്തു

നിന്ന് എങ്ങനെയെങ്കിലും പത്രോസ് രക്ഷപ്പെട്ടുപോയാൽ അടുത്ത നാലുപേർ പിടികൂടും. അവിടുന്നു രക്ഷപ്പെട്ടാൽ അടുത്ത നാലുപേർ. ഇങ്ങനെ നന്നാലു ചേവകരുള്ള നാലു കൂട്ടത്തിന്നു ഏല്പിച്ചു. ശക്തമായ ബന്തവസായിരുന്നു. ഒരിക്കലും രക്ഷപ്പെട്ടുപോകരുത്. കൈയിലും കാലിലും ചങ്ങല.

പത്രോസ് രാത്രിയിൽ കിടന്നുറങ്ങുകയാണ്. എങ്ങനെ ഉറങ്ങാൻ പറ്റും? കൈയോ, കാലോ അനക്കാൻ പറ്റാതെ കിടക്കുകയാണ്. യാക്കോബിനെ കൊന്നതുപോലെ എന്നെയും കൊല്ലും. പക്ഷേ, പത്രോസിന് ഒരു കാര്യം ഓർമ്മയുണ്ട്. അന്ന് പത്രോസിനെ യഥാസ്ഥാനപ്പെടുത്തിയപ്പോൾ കർത്താവ് ഒരു വാക്ക് പറഞ്ഞു.

> *"ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: നീ യൗവ്വനക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ അര കെട്ടി ഇഷ്ടമുള്ളേടത്തു നടന്നു; വയസ്സനായ ശേഷമോ നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അര കെട്ടി നിനക്കു ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ കൊണ്ടുപോകയും ചെയ്യും എന്നു പറഞ്ഞു."*
> *യോഹന്നാൻ 21 : 18*

നിനക്ക് വയസ്സനായി ജീവിക്കുന്ന ഒരു ജീവിതമുണ്ട്. ഒരായുസ്സുണ്ട്. നീ അത്ര പെട്ടെന്നങ്ങു കടന്നുപോകുകയില്ല. അത്രപെട്ടെന്ന് നിന്നെ ഈ ഭൂമിയിൽനിന്ന് മാറ്റിക്കളയുകയില്ല. നീ വയസ്സനാകുന്ന ഒരു കാലം വരും. ആ വചനം പത്രോസിന്റെ ഉള്ളിലുണ്ട്. ഇവിടെ എന്നെ കാരാഗൃഹത്തിൽ ഇട്ടിരിക്കുന്നെങ്കിലും ഇപ്പോൾ എന്നെ കൊല്ലുകയില്ല. എന്തുകൊണ്ട്? എനിക്ക് കർത്താവ് ഒരു വാക്കു തന്നിട്ടുണ്ട്. "നീ വയസ്സനായശേഷം" ഇപ്പോൾ വാർദ്ധക്യമായിട്ടില്ല.

പ്രിയപ്പെട്ടവരേ, നിങ്ങളിൽ ചിലർക്ക് വാഗ്ദാനങ്ങൾ കിട്ടിയിട്ടുണ്ട്. ദിവ്യദർശനങ്ങളിൽക്കൂടി ചില അരുളപ്പാടുകൾ കിട്ടിയിട്ടുണ്ട്. നിങ്ങൾ അതെല്ലാം പൊന്നുപോലെ സൂക്ഷി

ക്കണം. രത്നംപോലെ സൂക്ഷിക്കണം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് തന്ന വാഗ്ദാനങ്ങൾ!

ഞാൻ 1973-ൽ പപ്പായുടെ അടുത്ത് പ്രാർത്ഥിക്കുമ്പോൾ അന്നൊരു ദർശനം കിട്ടി. എനിക്കുതന്ന ദൂത് ഇതായിരുന്നു: "നീ ലോകത്തിന്റെ അറ്റത്തോളം എന്റെ സാക്ഷിയാകും." ഞാനന്ന് കേരളത്തിൽത്തന്നെ അധികം സ്ഥലങ്ങളിലൊന്നും പോയിട്ടില്ല. ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നു എന്റെ സുവിശേഷവേല.

എന്നാൽ ആ വാഗ്ദത്തം നിറവേറുകയായിരുന്നു. 1997-ൽ ഞാൻ ഒറ്റയ്ക്ക് ഇംഗ്ലണ്ടിലും അമേരിക്കയിലും പോയി. 1997-ൽത്തന്നെ ഞാൻ ഷാർജയിൽ പോയി. ഭൂമിയുടെ അറ്റത്തോളം നീ എന്റെ സാക്ഷിയാകും എന്നുപറഞ്ഞത് അങ്ങനെ കുറേശ്ശെ കുറേശ്ശെ നിറവേറുകയായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ എവിടെയെല്ലാം സഞ്ചരിച്ചു! ആരെയെല്ലാം കണ്ടു! ഏതെല്ലാം വീടുകളിൽ താമസിച്ചു!

1975-ൽ എനിക്ക് ഒരു വാഗ്ദാനം തന്നു. എന്റെ ഡിപ്പാർട്ടുമെന്റ് റൂമിൽ ഇരിക്കുമ്പോഴാണ് അന്ന് പരിശുദ്ധാത്മാവ് പറഞ്ഞത്: "നിനക്ക് നേരെ എതിർവശത്തെ റൂമിൽ പോയി ഇരിക്കണ്ടേ" എന്ന്. എന്താണെന്ന് എനിക്ക് അന്നു മനസ്സിലായില്ല. നേരെ എതിർവശത്ത് പ്രിൻസിപ്പാളിന്റെ റൂം ആണ്. 1975-ൽ തന്ന വാഗ്ദത്തം 1995-ൽ ആണ് നിറവേറിയത്.

എല്ലാം അറിയുന്ന ഒരു ദൈവമുണ്ട്. നിങ്ങൾ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ വിശ്വസിക്കുക. നിങ്ങൾക്കുതന്ന, നിങ്ങൾക്കുവേണ്ടി മാത്രമുള്ള വാഗ്ദാനങ്ങൾ നിങ്ങൾ വിശ്വസിക്കുക. ആ വാഗ്ദാനങ്ങളിൽ ആശ്രയിച്ചുകൊണ്ട് നിങ്ങൾ ധൃതഗതിയിൽ മുന്നേറുക.

ജീവനുള്ള ക്രിസ്തു ഇപ്പോഴും നമ്മോടു സംസാരിക്കുന്നുണ്ട്. നമ്മുടെ ഇടയിലൂടെ സഞ്ചരിക്കുന്നുണ്ട്. നമുക്ക് വചനം തരുന്നുണ്ട്. നമ്മെ എല്ലാവരേയും അവൻ സ്നേഹി

ക്കുന്നുണ്ട്.

ആ നിത്യസ്നേഹമായ യേശുവിനെ നിങ്ങളുടെ നാഥനായി നിങ്ങൾ സ്വീകരിപ്പാൻ വൈകരുത്.

പത്രോസിന് ദൈവവാഗ്ദത്തത്തിൽ വിശ്വാസമുണ്ടായിരുന്നു. പത്രോസ് വളരെ ശാന്തമായിട്ട് ഒരങ്കലാപ്പും കൂടാതെ, ഒരു പ്രയാസവും കൂടാതെ തടവിൽ കിടക്കുകയാണ്. പത്രോസിനറിയാം, ഞാൻ എന്റെ യേശുവിന്റെ കൂടെയാണ്. യേശു എന്റെ അരികത്തുണ്ട്. യേശു എന്നോടുകൂടെയുണ്ട്.

എന്നാൽ പിന്നെ സംഭവിച്ചതെന്താണ്?

*"ഹെരോദാവ് അവനെ ജനത്തിന്റെ മുമ്പിൽ നിറുത്തുവാൻ ഭാവിച്ചതിന്റെ തലേരാത്രിയിൽ പത്രോസ് രണ്ടു ചങ്ങലയാൽ ബന്ധിക്കപ്പെട്ടവനായി രണ്ടു പടയാളികളുടെ നടുവിൽ ഉറങ്ങുകയായിരുന്നു."* *അപ്പൊ. പ്രവൃത്തികൾ 12 : 6*

അപ്പോൾ പതിനാറു പേരല്ല, പതിനെട്ടുപേരായി. രണ്ടു പടയാളികൾ പത്രോസിന്റെ അടുത്തുതന്നെയുണ്ട്. തൊട്ടടുത്ത് അവരുടെയിടയിൽ പത്രോസ് കിടന്ന് ഉറങ്ങുകയാണ്. എങ്ങനെയായിരിക്കും ആ ഉറക്കം? കൈ രണ്ടും ആമത്തിലിട്ട് പൂട്ടിയിരിക്കുന്നു. കാൽ രണ്ടും ബന്ധിച്ചിരിക്കുന്നു. എങ്ങനെ ഉറങ്ങും? വാതിലിന്റെ മുമ്പിൽ കാവൽക്കാർ കാരാഗൃഹം കാത്തുകൊണ്ടിരുന്നു.

*"പെട്ടെന്ന് കർത്താവിന്റെ ദൂതൻ അവിടെ പ്രത്യക്ഷനായി, അറയിൽ ഒരു വെളിച്ചം പ്രകാശിച്ചു. അവൻ പത്രോസിനെ വിലാപ്പുറത്തു തട്ടി: വേഗം എഴുന്നേൽക്ക എന്നുപറഞ്ഞ് അവനെ ഉണർത്തി; ഉടനെ അവന്റെ ചങ്ങല കൈമേൽ നിന്ന് വീണുപോയി."* *അപ്പൊ. പ്രവൃത്തികൾ 12 : 7*

മാലാഖയെ ദൈവം സ്വർഗ്ഗത്തിൽ നിന്നയച്ചു, ഭൂമിയി

ലേക്ക് മാലാഖ വന്ന് പത്രോസിന്റെ വിലാപ്പുറത്തു തട്ടി. വേഗം എഴുന്നേൽക്ക എന്നുപറഞ്ഞു. ഇന്ന് നിങ്ങളെ വന്നു തട്ടുന്ന മാലാഖ ദു:ഖിതനായി പോകരുത്. നിങ്ങളെ ഓരോരുത്തരേയും ഈ മാലാഖ വന്നു തട്ടുന്നുണ്ട്: "മോളേ, എഴുന്നേൽക്ക്, നിന്റെ നിരാശയിൽനിന്ന് വേഗം എഴുന്നേൽക്ക്. നിന്റെ ആകുലങ്ങളിൽ നിന്ന്, നിന്റെ ഭയപ്പാടിൽ നിന്ന്, ഹൃദയത്തിന്റെ കരച്ചിലിൽ നിന്ന് നീ വേഗം എഴുന്നേൽക്ക്. മോനേ, നിന്റെ രോഗാവസ്ഥയിൽ നിന്ന് നീ വേഗം എഴുന്നേൽക്ക്." മാലാഖയാണ് തട്ടുന്നത്. മാലാഖയാണ് വിളിക്കുന്നത്.

ചങ്ങല തന്നത്താൻ അഴിഞ്ഞുപോയി. അടുക്കൽ രണ്ടു പടയാളികളുണ്ട്. അവർ ഇതൊന്നും അറിയുന്നില്ല. മാലാഖ വന്നതോ പത്രോസിനോട് സംസാരിക്കുന്നതോ അവർ കേൾക്കുന്നില്ല.

നിങ്ങൾ ആ രംഗം മനസ്സിൽ വിചാരിച്ചുകൊണ്ട് കർത്താവിനോടു പറയണം: "കർത്താവേ, ആ മാലാഖ പത്രോസിനെ തട്ടി ഉണർത്തിയതുപോലെ നാഥാ! നിന്റെ കൃപ എന്നെ ഒന്നു തട്ടി ഉണർത്തണമേ. എന്റെ മയക്കത്തിൽ നിന്ന് എന്നെ ഉണർത്തണമേ. എനിക്ക് ഒരു നവജീവൻ തരണമേ. എന്റെ മേൽ നിന്റെ കൃപയുടെ ശക്തി പ്രസരിക്കണമേ. എന്റെ സിരകളിലൂടെ നിന്റെ കൃപ ഒഴുകി നടക്കണമേ. ഞാൻ ഈ പ്രാർത്ഥിക്കുന്ന സമയം നീ എന്റെ അരികത്തുവന്ന് പത്രോസിന്റെ കൈമേൽ നിന്നും കാലിൽ നിന്നും ബന്ധനം അഴിച്ചതുപോലെ എന്റെ ആളത്വത്തിലുള്ള ബന്ധനങ്ങളെല്ലാം അഴിച്ചുതരണമേ.

ചില ബാധകൾ എനിക്കുണ്ട്. ചില അശുദ്ധബന്ധനങ്ങൾ എനിക്കുണ്ട്. അഴുക്കായ ചില കാര്യങ്ങൾ എന്റെ ജീവിതത്തിലുണ്ട്. കർത്താവേ, വേറെ ആർക്കും അറിഞ്ഞുകൂടാ. എന്റെ ഭാര്യയ്ക്കറിഞ്ഞുകൂടാ. എന്റെ ഭർത്താവിനറിഞ്ഞുകൂടാ. എന്റെ മക്കൾക്കറിഞ്ഞുകൂടാ. എന്റെ മാതാപിതാക്കൾക്കറിഞ്ഞുകൂടാ. പക്ഷേ, യേശുവേ, നീ എല്ലാം അറിയുന്നുവല്ലോ.

നീ ഒന്നു തൊട്ടാൽ എല്ലാം അഴിഞ്ഞുപോകും, ഉറപ്പാണ്.

എന്റെ ആളത്വത്തിൽ എനിക്ക് മനസ്സിലാകാത്ത വിധത്തിൽ അകത്ത് ഒളിഞ്ഞിരിക്കുന്ന ചില ബന്ധനങ്ങളുണ്ട്. ആന്തരികമായ ബന്ധനങ്ങൾ! മനോഭാവത്തിലുള്ള ബന്ധനങ്ങൾ! എന്റെ സ്വാർത്ഥത! എന്റെ അവിശ്വാസം! പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളോട് ചേരാൻ പറ്റാത്ത വിധത്തിലുള്ള എന്റെ ഹൃദയത്തിന്റെ മറുതലിപ്പ്! പുറത്തുപറയാൻ കൊള്ളാത്ത ചില ബന്ധങ്ങൾ!

ഭാര്യ അറിയാതെ മറ്റു സ്ത്രീകളിലേക്കുള്ള ആസക്തി പൂണ്ട് ഫോൺസന്ദേശങ്ങൾ; ലാപ്ടോപ്പിൽക്കൂടെയോ, വാട്സാപ്പ് മുഖേനയോ ഉള്ള മെസ്സേജുകൾ; ഹൃദയത്തിൽ ഒളിഞ്ഞിരിക്കുന്ന ചില ദു:ശീലങ്ങൾ. മനുഷ്യർക്കാർക്കും അറിഞ്ഞുകൂടാ, എന്നാൽ നിനക്കറിയാം. ആ ബന്ധനങ്ങളെല്ലാം ദൈവത്തോടു പറയണം.

ബന്ധനങ്ങൾ അഴിയുന്നത് മഹാഭാഗ്യമാണ്. അത് ചില ശാപങ്ങളായിരിക്കാം. പൂർവ്വികരുടെ കാലത്ത്, നമ്മുടെ പിതാക്കന്മാരുടെ കാലത്ത് ഒരുപക്ഷേ സംഭവിച്ചുപോയ ചില കാര്യങ്ങൾ മൂലം തലമുറകളായി ബാധിച്ചുവരുന്ന വിട്ടുപിരിയാൻ പാടില്ലാത്ത ചില ശാപങ്ങളുണ്ട്. നാം ചിന്തിക്കുകപോലും ചെയ്യാത്ത ചില കാര്യങ്ങൾ ജീവിതത്തിലേക്ക് വരുന്നു. ഒട്ടും ആഗ്രഹിക്കാത്ത ചില ചിന്തകൾ നാവിന്റെ അറ്റത്തുവന്ന് വാക്കുകളായി പുറപ്പെടാൻ തുടങ്ങുന്നു. പറയുന്നില്ല എങ്കിലും അത് നാവിന്റെ അറ്റത്തുവന്നുപോകുന്നു.

നിയന്ത്രിക്കാൻ പറ്റാത്ത വിധത്തിൽ ചില വികാരങ്ങൾ ഉണർന്നുവരുന്നു. ഓരോന്നും നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, എന്റെ ബന്ധനങ്ങളെല്ലാം മായിച്ചുതരാൻ, അഴിച്ചുതരാൻ നിനക്കുമാത്രമേ സാധിക്കുകയുള്ളൂ. അനേകം ബാധകളിൽ ഞാൻ കുടുങ്ങിക്കിടക്കുകയാണ്. എന്റെ കുടുംബം അനേകം ബാധകളിൽ കുടുങ്ങിക്കിടക്കുകയാണ്.

കാരണവന്മാരുടെ കാലം മുതലുള്ള ചില ബാധകളും ബന്ധനങ്ങളും എന്റെ ഭവനത്തിലുണ്ട്.

അതുകൊണ്ടാണ് കുഞ്ഞുങ്ങൾ ജനിക്കാത്തത്. അതുകൊണ്ടാണ് രോഗം മാറാത്തത്; ആപത്ത് വിടാതെ പിന്തുടരുന്നത്; എപ്പോഴും നിരാശ വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് എപ്പോഴും മനസ്സിന് സ്വസ്ഥത ഇല്ലാതിരിക്കുന്നത്, എപ്പോഴും ഉള്ളിൽ നിന്ന് ഒരു ആന്തൽ വന്നുകൊണ്ടിരിക്കുന്നത്. ഒന്നിലും ഒരു തൃപ്തിയില്ലാതിരിക്കുന്നത് അതുകൊണ്ടാണ്.

നാഥാ! നീ തൃക്കൺ പാർത്ത് നിന്റെ തൃക്കരം  എന്റെ മേൽ നീട്ടി എന്നെ ഒന്നു തൊടണമേ. എന്റെ ബന്ധനങ്ങൾ നീ മാറ്റിത്തരണമേ. ഈ ബന്ധനങ്ങളെല്ലാം മാറ്റി എനിക്ക് സ്വാതന്ത്ര്യം തരണമേ.  സ്വതന്ത്രനായി നിന്നെ സ്തുതിപ്പാൻ എനിക്കൊരു ഭാഗ്യം തരണമേ. നിന്റെ നാമത്തെ സ്തോത്രം ചെയ്യേണ്ടതിന്ന് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമേ.

കർത്താവേ, എന്റെ ജീവിതത്തിൽ അനേകം ബാധകളും ബന്ധനങ്ങളും ശാപങ്ങളുമുണ്ട്. അതുകൊണ്ടാണ് നാളുകളായി ഞാൻ ആഗ്രഹിച്ചിട്ടും ഒരു വിവാഹം നടക്കാത്തത്. അതുകൊണ്ടാണ് ഒരു നല്ല ആലോചന വരാത്തത്. അതുകൊണ്ടാണ് എന്റെ കുടുംബത്തിന് ഐശ്വര്യം കിട്ടാത്തത്. എത്ര രൂപ കിട്ടിയാലും അതിനേക്കാൾ കൂടുതൽ ചെലവ് വരുന്നത് അതുകൊണ്ടാണ്. ശമ്പളം കൂടിക്കൂടി കിട്ടുന്നുണ്ട്; പക്ഷേ, ജീവിതത്തിലെ ഞെരുക്കം മാറുന്നില്ല. വറുതി മാറുന്നില്ല. എന്റെ കൈയിൽ ഒന്നും തങ്ങുന്നില്ല. എന്റെ കൈ ചോർന്നുപോകുന്നു. കൈയിൽ കിട്ടുന്ന രൂപയെല്ലാം ചോർന്നുപോകുന്നു. ഒന്നും കൈയിൽ തങ്ങുന്നില്ല.

ദുരാത്മാക്കൾ എന്നെ വേട്ടയാടുന്നു. എന്നെ കൊല്ലാൻ, എന്നെ നശിപ്പിക്കാൻ വരുന്നു. അനേകർ എന്നെ നിത്യാഗ്നിയിലേക്കു നയിച്ചുകൊണ്ടുപോകുന്നു. എല്ലാവരുടേയും കൈയിൽ

നിന്ന് എന്നെ വിടുവിക്കേണമേ.

എല്ലാ കെട്ടുകളും പൊട്ടിക്കുന്ന ക്രിസ്തുവിന്റെ അരികിലേക്ക് നിങ്ങൾ ഇപ്പോൾ ഓടിവന്ന് കർത്താവേ, എന്റെ ബന്ധനങ്ങൾ അഴിക്കണമേ, എന്റെ ബാധകൾ മാറ്റണമേ, ശാപങ്ങളും ദോഷങ്ങളും എന്നിൽ നിന്ന് നീക്കണമേ എന്നു പ്രാർത്ഥിക്കൂ. കർത്താവിന്റെ കരങ്ങളിലേക്ക് ഭാവി ഏല്പിച്ചുകൊടുക്കൂ.

എത്ര വികൃതമാണെങ്കിലും അവൻ കൈക്കൊള്ളും. എത്ര വിരൂപമാണെങ്കിലും മ്ലേച്ഛമാണെങ്കിലും മകനേ, അവന്റെ കരങ്ങളിലേക്ക് കൊടുക്കൂ. യേശു നിങ്ങളുടെ ബാധകൾ മാറ്റി നിങ്ങളെ വിശുദ്ധീകരിച്ച് നിങ്ങളുടെ ബന്ധനം അഴിച്ച് നിങ്ങളെ സ്വതന്ത്രരാക്കിത്തീർക്കും.

## പതിമൂന്ന്

*"പെട്ടെന്ന് കർത്താവിന്റെ ദൂതൻ അവിടെ പ്രത്യക്ഷനായി, അറയിൽ ഒരു വെളിച്ചം പ്രകാശിച്ചു. അവൻ പത്രോസിനെ വിലാപ്പുറത്തു തട്ടി: വേഗം എഴുന്നേൽക്ക എന്നു പറഞ്ഞു അവനെ ഉണർത്തി; ഉടനെ അവന്റെ ചങ്ങല കൈമേൽ നിന്നു വീണുപോയി."*

*അപ്പൊ. പ്രവൃത്തികൾ 12 : 7*

സത്യപ്രഭയാകുന്ന നിത്യനായ ദൈവത്തിന്റെ പ്രകാശം ആ ഇരുട്ടറയിൽ പ്രകാശിച്ചു. അടുത്തു കിടന്ന രണ്ടുപേരും ഇതറിയുന്നില്ല. പടയാളികൾ കണ്ണുതുറന്ന് ഇരിക്കുകയാണ്. വെളിച്ചം വന്നതവരറിയുന്നില്ല.

ദൂതൻ പത്രോസിനെ വിലാപ്പുറത്തു തട്ടി വേഗം എഴുന്നേൽക്ക എന്നുപറഞ്ഞ് അവനെ ഉണർത്തി. പത്രോസിന്റെ ബന്ധനം അഴിഞ്ഞുപോയി.

*"ദൂതൻ അവനോട്: അരകെട്ടി ചെരിപ്പ് ഇട്ടു മുറുക്കുക എന്നുപറഞ്ഞു. അവൻ അങ്ങനെ ചെയ്തു; നിന്റെ വസ്ത്രം പുതച്ച് എന്റെ പിന്നാലെ വരിക എന്നുപറഞ്ഞു."* *അപ്പൊ. പ്രവൃത്തികൾ 12 : 8*

അതിവേഗം പുറത്തേക്കു പോകാൻ തക്കവണ്ണം നീ അര മുറുക്കുക. ചെരിപ്പിട്ടു മുറുക്കുക. നീ അതിവേഗം പുറപ്പെടുക. ചെരിപ്പ് സുവിശേഷത്തിന്റെ സൂചനയാണ്.

"നന്മ സുവിശേഷിക്കുന്നവരുടെ കാൽ പർവ്വതങ്ങളിൽ

എത്ര മനോഹരം.”

“നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരുപ്പാക്കിയും.” എഫെസ്യർ 6:14.

ചെരുപ്പ് സുവിശേഷത്തിനുള്ള ഒരുക്കമാണ്. നീ ചെരിപ്പിട്ടു മുറുക്കുക, അര മുറുക്കുക. നീ വസ്ത്രം ധരിക്കുക, വസ്ത്രം മുറുക്കി ഉടുക്കുക. നീ ആകെയുള്ള ആ പുതപ്പും പുതച്ചുകൊണ്ട് പിന്നാലെ വരിക.

> *“അവൻ പിന്നാലെ ചെന്നു, ദൂതൻമുഖാന്തരം സംഭവിച്ചത് വാസ്തവം എന്നു അറിയാതെ താൻ ഒരു ദർശനം കാണുന്നു എന്നു നിരൂപിച്ചു.”*
>
> *അപ്പൊ. പ്രവൃത്തികൾ 12 : 9*

ഇതൊന്നും വാസ്തവമാണെന്ന് പത്രോസിന് മനസ്സിലായില്ല. ഏതോ ഒരു ദർശനം കാണുന്നു എന്നേ വിചാരിച്ചുള്ളൂ. പത്രോസിന് ഇതിനുമുമ്പ് ദർശനം കിട്ടിയിട്ടുണ്ട്. കാരാഗൃഹത്തിൽ കിടക്കുമ്പോൾ കർത്താവ് തനിക്ക് ഒരു ദർശനം തരുന്നതായിരിക്കും എന്ന് വിചാരിച്ചു.

> *“അവർ ഒന്നാം കാവലും രണ്ടാമത്തേതും കടന്നു പട്ടണത്തിൽ ചെല്ലുന്ന ഇരിമ്പുവാതില്ക്കൽ എത്തി. അത് അവർക്കു സ്വതവെ തുറന്നു; അവർ പുറത്തിറങ്ങി ഒരു തെരുവു കടന്നു, ഉടൻ ദൂതൻ അവനെ വിട്ടുപോയി.”*
>
> *അപ്പൊ. പ്രവൃത്തികൾ 12 : 10*

ഇതൊന്നും കാവൽക്കാർ കാണുന്നില്ല; അറിയുന്നില്ല. പൂട്ടിയിരുന്ന ഇരുമ്പു വാതിൽ സ്വതവെ തുറന്നു.

ഗുൽഷാൻ എസ്ഥേർ എന്നുപറയുന്ന അനുഗൃഹീത ദൈവദാസി എഴുതിയ ഒരു പുസ്തകമുണ്ട്, ‘ചീന്തിയ മൂടുപടം.’ അവർ വലിയ പുരാതനമായ മുസ്ലീം കുടുംബ

ത്തിൽപ്പെട്ട ആഭിജാത്യമുള്ള സ്ത്രീയായിരുന്നു. പക്ഷേ, ക്രിസ്തുവിന്റെ വചനം കേട്ടു വിശ്വസിച്ചു. അപ്പോൾ വീട്ടുകാരെല്ലാം തള്ളി. ആർക്കും ഒരു വിലയില്ലാതായി.

ഒരു ദിവസം അവരുടെ സ്വന്തപ്പെട്ട ഒരു വീട്ടിൽ ഒരു വിരുന്നിൽ സംബന്ധിക്കാൻ ചെന്നു. ആരും അവളെ ഗൗനിച്ചില്ല. ആരും മാനിച്ചുമില്ല. അവൾക്കു പോകേണ്ട സമയമായി. ആരോടോ അവൾ പറഞ്ഞു: രാത്രി പതിനൊന്നു മണിക്ക് ട്രെയിൻ പോകും. എനിക്ക് ലാഹോറിൽ എത്തേണ്ടിയിരിക്കുന്നു. അവിടെ ചെല്ലാൻ ഞാൻ വാക്കു കൊടുത്തിട്ടുണ്ട്. ആരും ഗൗനിച്ചില്ല. അവൾ വളരെ തിടുക്കത്തിൽ നടന്നു റോഡിലെത്തി. റെയിൽവേ സ്റ്റേഷനിലെത്താൻ കുറെ ദൂരമുണ്ട്.

ഗുൽഷാൻ എസ്ഥേർ അവിടെ നിന്നു പ്രാർത്ഥിച്ചു: കർത്താവേ, ഞാൻ എന്താണ് വേണ്ടത്? ഞാൻ അവിടെ ചെല്ലാമെന്ന് വാക്ക് പറഞ്ഞതല്ലേ? അവർ എന്നെ പ്രതീക്ഷിച്ചിരിക്കുമല്ലോ. കർത്താവേ, ആയിരക്കണക്കിന് മൈൽ ദൂരെ ലാഹോറിൽ ഞാൻ എങ്ങനെ എത്തും? അവർ വിഷമിച്ചു പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുമ്പോൾ ഒരു ഓട്ടോറിക്ഷ വന്നു നിർത്തി. അവർ അതിൽ കയറി. ഡ്രൈവർ ഒന്നും മിണ്ടുന്നില്ല. റെയിൽവേസ്റ്റേഷനിലേക്കാണെന്നു പറഞ്ഞു. ഓട്ടോറിക്ഷ റെയിൽവേസ്റ്റേഷന്റെ ഗേറ്റിലെത്തി, രൂപ കൊടുത്തു. തിരിഞ്ഞുനോക്കിയപ്പോൾ ഓട്ടോറിക്ഷയും ഡ്രൈവറേയും കാണുന്നില്ല. അവൾക്ക് മനസ്സിലായി, എന്റെ ആവശ്യം കാണുന്ന കർത്താവ് എനിക്കുവേണ്ടി ഒരു വാഹനം ഒരുക്കി. അത് ഭൂമിയിലാരുമായിരുന്നില്ല. ഈ നാളുകളിലും അത്ഭുതങ്ങൾ നടക്കുന്നുണ്ട്.

ജീവിതത്തിൽ അത്ഭുതങ്ങൾ നടക്കും. ദൈവം വിശ്വസ്തനാണ്. വാക്കുപറഞ്ഞാൽ മാറാത്തവനാണ്. നിങ്ങളോട് ഒരു വാക്കുപറഞ്ഞെങ്കിൽ അത് കർത്താവ് നിവർത്തിക്കുക തന്നെ ചെയ്യും.

*"പത്രോസിനു സുബോധം വന്നിട്ട് കർത്താവ് തന്റെ ദൂതനെ അയച്ചു ഹെരോദാവിന്റെ കൈയിൽനിന്നും യഹൂദാജനത്തിന്റെ സകല പ്രതീക്ഷയിൽനിന്നും എന്നെ വിടുവിച്ചു എന്നു ഞാൻ ഇപ്പോൾ വാസ്തവമായി അറിയുന്നു എന്ന് അവൻ പറഞ്ഞു." അപ്പൊ. പ്രവൃത്തികൾ 12 : 11*

പത്രോസ് തനിയെ പറയുകയാണ്: ദൈവം തന്റെ ദൂതനെ അയച്ചു എന്നെ വിടുവിച്ചു. ഹെരോദാരാജാവിന്റെ കൈയിൽനിന്നും എന്നെ കൊല്ലുവാൻ കാത്തിരിക്കുന്ന യഹൂദാജാതിയുടെ ഗൂഢാലോചനയിൽ നിന്നും എന്നെ വിടുവിച്ചു. കർത്താവ് എത്ര വിശ്വസ്തൻ!

കരുണയുള്ള കർത്താവ് തന്നെ വിടുവിച്ചു എന്ന് പത്രോസിന് മനസ്സിലായി. കർത്താവാണ് എന്നെ ബന്ധനങ്ങളഴിച്ച് കൊണ്ടുവന്നത്. ഒരൊറ്റ ബന്ധനംപോലും ബാക്കിവയ്ക്കാതെ എല്ലാം അഴിച്ചു തരാൻ കർത്താവ് തയ്യാറാണ്.

അവൻ വന്നത് വിടുവിക്കാനാണ്, രക്ഷിക്കാനാണ്, ബാധ മാറ്റാനാണ്, നിന്റെ ഹൃദയത്തിലെ ദുഷ്ടത മാറ്റാനാണ്. നിന്റെ കുടുംബത്തിലെ ദോഷവശങ്ങൾ എല്ലാം മാറ്റാനാണ്. യേശു വന്നത് നിന്നെ അനുഗ്രഹിക്കാനാണ്.

ഇത് ദൈവം തന്ന വലിയോരത്ഭുതകരമായ അനുഭവമാണെന്ന് പത്രോസിന് മനസ്സിലായി. ദൈവം തന്നെ സ്നേഹിക്കുന്നു, ആ സ്നേഹം ഇപ്പോൾ പ്രദർശിപ്പിച്ചിരിക്കുന്നു, ദൈവം തന്നെ വിടുവിച്ചിരിക്കുന്നു.

*"ഇങ്ങനെ ഗ്രഹിച്ചശേഷം അവൻ മർക്കോസ് എന്നു മറുപേരുള്ള യോഹന്നാന്റെ അമ്മ മറിയയുടെ വീട്ടിൽ ചെന്നു. അവിടെ അനേകർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു."*

*അപ്പൊ. പ്രവൃത്തികൾ 12 : 12*

മർക്കോസിന്റെ ദയറായിലെത്തി. അതാണ് സെഹിയോൻമാളിക. മർക്കോസിന്റെ അമ്മ മറിയ താമസിക്കുന്ന വീട്. അവിടെ എല്ലാവരും കൂടിയിരുന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. യാക്കോബിനെ കൊന്നു, ഇപ്പോൾ പത്രോസിനേയും കൊണ്ടുപോയല്ലോ കർത്താവേ. നീ പത്രോസിനെ രക്ഷിക്കണേ എന്നു വിശ്വാസികൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് ഉറക്കമില്ല. ഉറങ്ങാൻ തോന്നുന്നില്ല.

> *"അവൻ പടിപ്പുര വാതിൽക്കൽ മുട്ടിയാറെ രോദാ എന്നൊരു ബാല്യക്കാരത്തി വിളി കേൾപ്പാൻ അടുത്തുവന്നു പത്രോസിന്റെ ശബ്ദം തിരിച്ചറിഞ്ഞു, സന്തോഷത്താൽ പടിവാതിൽ തുറക്കാതെ അകത്തേയ്ക്ക് ഓടി, പത്രോസ് പടിപ്പുരയ്ക്കൽ നില്ക്കുന്നു എന്ന് അറിയിച്ചു."*
>
> *അപ്പൊ. പ്രവൃത്തികൾ 12 : 13, 14*

ആ പെൺകുട്ടി വന്നു വാതിൽ തുറന്നു. പത്രോസിനെ ആരോഗ്യത്തോടെ കണ്ടപ്പോൾ അതിശയിച്ചു, സന്തോഷിച്ചു. ഈ പത്രോസിനുവേണ്ടിയാണല്ലോ പ്രാർത്ഥിച്ചുകൊണ്ടിരുന്നത്. അവൾ സന്തോഷത്താൽ, വാതിൽ തുറക്കാതെ, അകത്തുള്ളവരെ അറിയിക്കാൻ ഓടി. പത്രോസ് പടിപ്പുരയ്ക്കൽ നിൽക്കുന്നു എന്നറിയിച്ചു.

> *"അവർ അവളോട്: നിനക്ക് ഭ്രാന്തുണ്ട് എന്നുപറഞ്ഞു; അവളോ: അല്ല, ഉള്ളതു തന്നേ എന്ന് ഉറപ്പിച്ചുപറയുമ്പോൾ അവന്റെ ദൂതൻ ആകുന്നു എന്ന് അവർ പറഞ്ഞു."*
>
> *അപ്പൊ. പ്രവൃത്തികൾ 12 : 15*

പത്രോസിനെ കാരാഗൃഹത്തിൽ ഇട്ടിരിക്കയല്ലേ? നന്നാലു ചേവകരുള്ള നാലു കൂട്ടത്തിനു ഏല്പിച്ച് രണ്ടു ചങ്ങലയിൽ കുടുക്കിയിട്ട് രണ്ടു പടയാളികൾ കാത്തുനില്ക്കുകയല്ലേ? ആ പത്രോസ് ഈ അർദ്ധരാത്രിയിൽ എങ്ങനെ വരും? പത്രോ

സിന്റെ ദൂതനായിരിക്കും.

*"പത്രോസ് മുട്ടിക്കൊണ്ടിരുന്നു; അവർ തുറന്ന പ്പോൾ അവനെ കണ്ടു വിസ്മയിച്ചു."*

*അപ്പൊ. പ്രവൃത്തികൾ 12 : 16*

എന്തൊരത്ഭുതം! പത്രോസിനെ അവർ കണ്ടു. വിസ്മ യിച്ചു.

ബന്ധനത്തോടുകൂടി ഇന്ന് നിങ്ങൾ ഇരിക്കുന്നു. നിങ്ങൾ എല്ലാവരും പല ബാധകളുള്ളവരായിട്ട് ഇരിക്കുന്നു. നിങ്ങളുടെ ബാധകൾ മാറിക്കാണുമ്പോൾ മറ്റുള്ളവർ അതിശയിക്കും. കോപം മാറിയിരിക്കുന്നു, വൈരാഗ്യം മാറിയിരിക്കുന്നു, പകയും വിദ്വേഷവും മാറിയിരിക്കുന്നു. എപ്പോഴും സൗമ്യത മാത്രം. എപ്പോഴും സ്നേഹം മാത്രം. പരിഭവമില്ല, പരാതിയില്ല, ശുണ്ഠി യില്ല, ഒരു മർക്കടമുഷ്ടിയുമില്ല. എല്ലാം മാറിയിരിക്കുന്നു. ഒരി ക്കലും ദേഷ്യം വരാൻ സാധിക്കുന്നില്ല. എന്തു സ്വഭാവവ്യ ത്യാസം!

പത്രോസിൽ വന്നിരിക്കുന്ന മാറ്റം! ചങ്ങലക്കെട്ടിലുണ്ടാ യിരുന്ന പത്രോസിപ്പോൾ ചങ്ങലകളെല്ലാം അഴിഞ്ഞ് സ്വതന്ത്ര നായി വന്നിരിക്കുന്നു.

*"അവർ മിണ്ടാതിരിപ്പാൻ അവൻ ആംഗ്യം കാട്ടി, കർത്താവു തന്നെ തടവറയിൽ നിന്ന് പുറപ്പെടു വിച്ച വിവരം പറഞ്ഞു കേൾപ്പിച്ചു."*

*അപ്പൊ. പ്രവൃത്തികൾ 12 : 17*

എല്ലാം വിശദീകരിച്ചുകേൾപ്പിച്ചു. കർത്താവ് എന്നെ തട വിൽനിന്നു വിടുവിച്ചു. "നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നി ല്ലേ? നിങ്ങളുടെ പ്രാർത്ഥന കർത്താവു കേട്ടു. കർത്താവ് എന്നെ തടവിൽ നിന്നു വിടുവിച്ചു. കർത്താവാണ് ചെയ്തത്."

ഇപ്പോൾത്തന്നെ നിങ്ങൾക്ക് പറയാം: കർത്താവേ, അങ്ങനെ ഒരനുഭവം കർത്താവിന്റെ ശിഷ്യനുണ്ടായെങ്കിൽ ആ

അനുഭവം എനിക്കും തരണമേ. എന്നെത്തന്നെ ഞാൻ നിനക്കു തരുന്നു. നീ എന്റെ അരികത്തേയ്ക്ക് ഒന്നു വരണമേ. യേശുവേ, നീ എന്റെ സമീപത്തൊന്നു വരണമേ. നീ എന്നെ ഒന്നു തലോടണമേ. എന്റെ ഹൃദയത്തിൽ ഏറെ ദു:ഖഭാരങ്ങ ളുണ്ട്. ചില പ്രാർത്ഥനാവിഷയങ്ങളുണ്ട്. ചില ആകുല ങ്ങളുണ്ട്. ഇപ്പോൾ നാഥാ! നീ എന്റെ അരികത്തേക്ക് ഒന്നു വര ണമേ.

നിങ്ങളുടെ അരികത്തേക്ക് വരുന്ന ക്രിസ്തുവിനെ നിങ്ങൾ ഉള്ള് തുറന്ന് കാണുക. യേശുവേ, നീ ഇപ്പോൾ എന്റെ അരികത്തുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു: നീ എന്നെ സ്നേഹിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

നിന്റെ തൃക്കരം എന്റെമേൽ വയ്ക്കുമ്പോൾ സാത്താന്റെ ബന്ധനങ്ങളെല്ലാം അഴിഞ്ഞ് സാത്താന്റെ പ്രവൃത്തികളെല്ലാം എന്നിൽ നിന്ന് വിട്ടുപോകുമെന്ന് ഞാൻ വിശ്വസിക്കുന്നു. എല്ലാ സംശയവും മാറിപ്പോകുമെന്ന്, അവിശ്വാസങ്ങൾ ദൂരീ കരിക്കപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു. യേശുവേ, തൃക്കരം ഒന്നു നീട്ടണമേ.

ആ തൃക്കരം തൊടാൻ എനിക്കു യോഗ്യതയില്ല. നാഥാ! ഞാൻ ഇപ്പോൾ ഏളിമയോടെ ഈ കാര്യം ഏറ്റുപറഞ്ഞു കൊണ്ട് നിന്റെ തൃക്കരം ചുംബിക്കുന്നു. ആ തൃക്കരം ഞാൻ മുത്തുന്നു.

> *"കർത്താവ് തന്നെ തടവിൽ നിന്ന് പുറപ്പെടുവിച്ച വിവരം പറഞ്ഞുകേൾപ്പിച്ചു; ഇത് യാക്കോബി നോടും ശേഷം സഹോദരന്മാരോടും അറിയിപ്പിൻ എന്നുപറഞ്ഞു."* *അപ്പൊ. പ്രവൃത്തികൾ 12 : 17*

യാക്കോബ് അപ്പൊസ്തലനാണ്. യാക്കോബിനോട് പറ ഞ്ഞുകേൾപ്പിക്കൂ എന്നുപറഞ്ഞു. കാരണം, അന്ന് അവരുടെ ആ കൂട്ടത്തിൽ എല്ലാം നിയന്ത്രിക്കാൻ ഒരു ലീഡർ ഉണ്ടായി രുന്നു. പതിനഞ്ചാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ യെരൂ

ശലേം സുന്നഹദോസ് നടത്തുന്നത് പത്രോസല്ല, അദ്ധ്യക്ഷം വഹിക്കുന്നത്, യാക്കോബാണ്.

വേഗം നിങ്ങൾ കണ്ടതൊക്കെ സാക്ഷിക്ക്. ചെന്ന് മറ്റു ദൈവമക്കളെയൊക്കെ അറിയിക്ക്. ഒരത്ഭുതം നടന്നു എന്ന്, എന്നെ കാരാഗൃഹത്തിൽ നിന്ന് വിടുവിച്ചു എന്ന്, ഹെരോദാവ് ഉദ്ദേശിച്ച സമയത്ത് എന്നെ കൊല്ലാൻ പറ്റുകയില്ല എന്ന്, എന്നെ കൊല്ലാൻ ഹെരോദാവിന് സാധിച്ചില്ല എന്ന്, ദൈവം എന്നെ വിടുവിച്ചു എന്ന് ചെന്നു പറയുക.

വിടുതൽ കിട്ടിയെന്ന് അനേകരോട് സാക്ഷിക്കുക. നിങ്ങൾക്ക് സ്വാതന്ത്ര്യം കിട്ടിയെന്ന് അനേകരെ വിളിച്ചറിയിക്കുക. അനേകരോട് പറയുക. സ്വന്തപ്പെട്ട വീടുകളിൽ പോയി പറയുക. ഒരാളുടെ ബന്ധനമഴിഞ്ഞാൽ ദേശങ്ങൾ ഉണരും. ദേശങ്ങൾ അനുഗ്രഹിക്കപ്പെടും.

നിങ്ങൾ ഈ ഭാഗ്യം നേടുമോ? ബന്ധനങ്ങളഴിയുന്ന മഹാഭാഗ്യം. നമുക്കു പ്രാർത്ഥിക്കാം, നിത്യോന്നതനും മഹാപരിശുദ്ധനുമായ ഞങ്ങളുടെ വാഴ്ത്തപ്പെട്ട കർത്താവേ, അവിടുത്തെ തിരുസാന്നിദ്ധ്യം ദാനമായി തന്നതിനാൽ സ്തോത്രം. അടിയങ്ങൾ അർഹിക്കാത്ത അനുഗ്രഹങ്ങൾ പകർന്നതിനാൽ സ്തോത്രം. ഞങ്ങൾ അയോഗ്യരെങ്കിലും അവിടുന്ന് ഞങ്ങളെ സന്ദർശിച്ചതിനാൽ സ്തോത്രം. യേശുവേ, നിത്യശോഭനതീരത്തേക്കെത്തുവാൻ ഞങ്ങളെ ഒരുക്കണമേ. എല്ലാവരേയും തലോടണമേ. ഓരോരുത്തരുടേയും കണ്ണുനീർ തുടയ്ക്കണമേ. രോഗികൾക്ക് സൗഖ്യം നൽകണമേ. ഭാരങ്ങൾ അകറ്റണമേ. ബന്ധനങ്ങൾ അഴിക്കണമേ. സമാധാനം നൽകണമേ. കുടുംബശാന്തി അരുളണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധമായ നാമത്തിൽത്തന്നേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത
136. സ്നേഹത്തിന്റെ തീജ്ജ്വാല
137. പ്രത്യാശയുടെ നറുനാമ്പുകൾ
138. യഥാസ്ഥാനപ്പെടുവിൻ

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ
# പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| രണ്ടാം ശനിയാഴ്ച (മാസം തോറുമുള്ള പ്രധാന യോഗം) | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |